ജനകീയാസൂത്രണം


വാല്യം 137


**മാനന്തവാടി ബ്ലോക്ക്**

*(വയനാട് ജില്ല)*

1. മാനന്തവാടി
2. വെള്ളമുണ്ട
3. തിരുനെല്ലി
4. തൊണ്ടർനാട്
5. എടവക
6. തവിഞ്ഞാൽ
7. പനമരം



# മാനന്തവാടി ഗ്രാമപഞ്ചായത്ത്

# സമഗ്രവികസനരേഖ

137-1



# ഉള്ളടക്കം


1. ആമുഖം
2. പഞ്ചായത്ത് പൊതുവിവരം
3. സാമൂഹ്യ സാംസ്കാരിക ചരിത്രം
4. ഭൂപ്രകൃതി, ജനപ്രകൃതി, ജലവിഭവം
5. സാമൂഹിക സാമ്പത്തിക മേഖലകൾ
    - 5(1) കൃഷി, ജലസേചനം
    - 5(2) മൃസംരക്ഷണം, മത്സ്യബന്ധനം
    - 5(3) വ്യവസായം
    - 5(4) വിദ്യാഭ്യാസം
    - 5(5) കുടിവെള്ളം, പൊതുജനാരോഗ്യം
    - 5(6) ഗതാഗതം, ഊർജ്ജം, മാർക്കറ്റ്
    - 5(7) പാർപ്പിടം, സാമൂഹ്യക്ഷേമം
    - 5(8) സംസ്കാരം
    - 5(9) വനിത
    - 5(10) സഹകരണം
    - 5(11) പട്ടികജാതി പട്ടിക വർഗ്ഗം
    - 5(12) വിഭവസമാഹരണം

6 ഉപസംഹാരം


മുഖചിത്രം : പഴശ്ശികുടീരം

അണിയറയിൽ
പ്രവർത്തിച്ച
ഡോ.സുകുമാരൻ,
ഡോ.വാസുദേവൻ,
ടി.കേശവൻ നായർ,
പി.രാമചന്ദ്രൻ,
ഡോ.പി.നാരായണൻ നായർ,
വി.കെ.തുളസീദാസ്,
ഇ.കെ.ഹരീഷ്
ടി.ഗോപിനാഥ്
മേരി. പി.ഐ.
സി.പുരുഷോത്തമൻ മാസ്റ്റർ
പി.സി.ജോയി
വി.ആർ.മണി
ഗോപാലകൃഷ്ണൻ
പി.ഡി.മധുമാസ്റ്റർ
പി.മഹാദേവൻ
എം.ഹരിദാസ്
എൻ.കെ.ബാലകൃഷ്ണൻ
തോമസ് ജോസഫ്
ബാബു ഫിലിപ്പ്
ആര്യപ്പള്ളി ടോമി
പി.വി.മാത്യു
എം.കരുണാകരൻ മാസ്റ്റർ
പി.വി. സുരേന്ദ്രൻ
പി.ജി.വിജയൻ
കെ.പി.ബാലകൃഷ്ണൻ
കെ.പി.വിജയൻ
ഗിരിജാ ബാലകൃഷ്ണൻ
നിഷാകുമാരി
സണ്ണി ജോർജ്ജ്
കെ.ടി.വിനു
ചന്ദ്രിക
പി.സുധീന്ദ്രലാൽ
കെ.സി.നാരായണൻ,
പഞ്ചായത്ത് ജീവനക്കാർ,
കോഴിക്കോട്ടെ ദേശാഭിമാനി മുദ്രാലയത്തിലെ ജീവനക്കാർ,
കോംടെക്,
എം.എസ്.സി,
കമ്പ്യൂട്ടർ വേൾഡ്,
എന്നീ ഡി.ടി.പി. കേന്ദ്രങ്ങളിലെ പ്രവർത്തകർ,
വിവരങ്ങൾ നൽകി സഹായിച്ചവർ,
മാത്രമല്ല
ഈ രേഖയുടെ ഒരുക്കൂട്ടലിന്റെ
ഓരോ ഘട്ടത്തിലും നിർദ്ദേശങ്ങളും
സഹായങ്ങളും നൽകിയവർ
***എല്ലാവർക്കും ഒരുപാട് നന്ദി***

***പത്രാധിപസമിതി***

പി.രാജൻ(പത്രാധിപർ)

എസ്.അജയകുമർ
എം.ആർ.പങ്കജാക്ഷൻ
അഡ്വ: എൻ.കെ.വർഗ്ഗീസ്
പി.ടി.സുരേഷ്
സി.എം.ശശിമാസ്റ്റർ
പി.സുരേഷ്ബാബു
ടി.ഐ.ഐസക്
ഉണ്ണികൃഷ്ണൻ
മേരി കുര്യൻ
മാർഗരറ്റ് തോമസ്സ്
മറിയംജോസഫ്
ഇ.എം.ശ്രീധരൻ മാസ്റ്റർ

*കവറും ചിത്രങ്ങളും വരച്ചത് - ജോസഫ്.എം.വർഗ്ഗീസ്*

# പഞ്ചായത്ത് ഭരണസമിതി



ഇ.എം.ശ്രീധരൻ മാസ്റ്റർ

പ്രസിഡണ്ട്



മറിയാം ജോസഫ്

വൈ.പ്രവിഡണ്ട്



എ.എം.സത്യൻ

സ്റ്റാൻഡിങ്ങ് കമ്മറ്റി ചെയർമാൻ

അംഗങ്ങൾ

പി.വി.ജോൺ

സഫിയാമൊയ്തീൻ

സിസിലി മണിത്തൊട്ടിയിൽ

കെ.ശ്രീധരൻ മാസ്റ്റർ

എ.ജെ. ജൂലി

കടവത്ത് മുഹമ്മദ്

തോമസ് ആര്യപ്പള്ളി

ജോസ് മുണ്ടിയാങ്കൻ

വനജാക്ഷി ടീച്ചർ

പി.ആർ മാധവൻ

എം.ഗോപി

## ഭരണസമിതി



ഇരിക്കുന്നവർ ഇടത്തുനിന്ന് വനജാക്ഷി ടീച്ചർ, സിസിലി മണിത്തൊട്ടിയിൽ, എ.എം.സത്യൻ,
ഇ.എം.ശ്രീധരൻ മാസ്റ്റർ, മറയം ജോസഫ്, സഫിയാ മൊയ്തീൻ, എ.ജെ.ജൂലി,
നിൽക്കുന്നവർ: കെ.ശ്രീധരൻ മാസ്റ്റർ, ജോസ് മുണ്ടിയാങ്കൻ, തോമസ് ആര്യപ്പള്ളി, കടവത്ത് മുഹമ്മദ്,
പി.വി.ജോൺ, എം.ഗോപി, പി.ആർ മാധവൻ.

# 1
# ആമുഖം



ഭാരതം സ്വതന്ത്രയായി 49 വർഷം പിന്നിട്ടിരിക്കുന്നു. നാടിന്റെ നാനാഭാഗത്തും നടന്ന നൂറ് കണക്കിന് സമരങ്ങളിൽ പതിനായിരങ്ങൾ നമ്മുടെ സ്വാതന്ത്ര്യസമ്പാദനത്തിനായി ജീവത്യാഗം ചെയ്തിട്ടുണ്ട്. സർവ്വവും ത്യജിച്ച് സ്വാതന്ത്ര്യസമരത്തിൽ ആവേശപൂർവ്വം അണിനിരന്ന ജനതയ്ക്ക് രാജ്യത്തിന്റെ ഭാവിയെക്കുറിച്ച് ഒട്ടേറെ സ്വപ്നങ്ങളുണ്ടായിരുന്നു. ദാരിദ്ര്യം, തൊഴിലില്ലായ്മ, നിരക്ഷരത, പാർപ്പിടം തുടങ്ങിയ പ്രശ്നങ്ങൾക്ക് ത്വരിതഗതിയിൽ പരിഹാരം കാണാൻ സ്വാതന്ത്ര്യാനന്തര ഭരണ സംവിധാനങ്ങൾക്ക് കഴിയുമെന്ന് അവർ പ്രതീക്ഷിച്ചു. ഈ ലക്ഷ്യം വെച്ചുകൊണ്ടാണ് പഞ്ചവത്സരപദ്ധതികൾ വിഭാവനം ചെയ്യപ്പെട്ടത്. ഇതിനകം ഏഴ് പഞ്ചവത്സര പദ്ധതികൾ നാം പിന്നിട്ടു കഴിഞ്ഞു. എട്ടാം പഞ്ചവത്സര പദ്ധതി പൂർത്തിയാക്കുവാൻ പോകുകയാണ്. എന്നാൽ നാളിതുവരെ നടന്ന വികസനപ്രവർത്തനങ്ങൾ കൊണ്ട് ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞിട്ടില്ല.

പദ്ധതികൾ കേന്ദ്രീകൃതവും, ജനപങ്കാളിത്തമില്ലാത്തതുമായിരുന്നു എന്നതാണ് പ്രധാന പോരായ്മ. വിഭവസാദ്ധ്യതകളൊ, പ്രാദേശിക സാഹചര്യങ്ങളൊ കണക്കിലെടുക്കാതെ പദ്ധതികളാസൂത്രണെ ചെയ്തതും വിവിധ വകുപ്പുകൾ തമ്മിൽ പരസ്പരധാരണയില്ലാതെ പ്രവർത്തിച്ചതും പദ്ധതികളുടെ പരാജയത്തിന് കാരണങ്ങളായി. ലക്ഷ്യത്തെക്കാൾ ഇടത്തട്ടുകാരുടെ മടിശ്ശീല വീർപ്പിക്കുന്നതിനുതകുന്ന നടത്തിപ്പു രീതി

സ്വീകരിക്കുക വഴി അഴിമതിയും, ധൂർത്തും കൊടികുത്തി വാഴുകയും പദ്ധതികൾക്കായി വിനിയോഗിക്കേണ്ട വിഭവങ്ങൾ ഗതിമാറിയൊഴുകുകയും ചെയ്തു. എല്ലാറ്റിനുമുപരിയായി അധികാര വികേന്ദ്രീകരണം നടപ്പിലാക്കാൻ അറച്ചു നിൽക്കുക വഴി വികസന പ്രവർത്തനങ്ങളുടെ പൊതുധാരയിലേക്ക് ജനങ്ങളെ ആകർഷിക്കാൻ കഴിയാതെ വന്നത് പദ്ധതികളുടെ പരാജയത്തിൽ ചെന്ന് ഭവിച്ചു. രാഷ്ട്രപിതാവിന്റെ 'ഗ്രാമസ്വരാജ്' എന്ന സ്വപ്നം 40 വർഷക്കാലം ഭരണഘടനയുടെ മാർഗ്ഗനിർദ്ദേശകതത്വങ്ങളിൽ മാത്രമാണ് ഒതുങ്ങിനിന്നത്. ഇതിന്റെയെല്ലാം ഫലമായി കഴിഞ്ഞ ഏഴ് പഞ്ചവത്സരപദ്ധതികളിലൂടെ ചെലവഴിച്ച തുകയുടെ കേവലം 15 ശതമാനം മാത്രമെ ഗുണഭോക്താക്കളിലെത്തിയുള്ളു എന്നാണ് സമീപകാല ഔദ്യോഗിക പഠനങ്ങൾ വ്യക്തമാക്കുന്നത്.

1997 ഏപ്രിൽ ഒന്നിന് 9ാം പഞ്ചവത്സരപദ്ധതിക്ക് നാം തുടക്കം കുറിക്കുകയാണ്. കഴിഞ്ഞ പദ്ധതികളുടെ അനുഭവപാഠങ്ങൾ ഉൾക്കൊണ്ട് ജനപങ്കാളിത്തത്തോടെ വികേന്ദ്രീകരണ ജനകീയാസൂത്രണ പദ്ധതിയായി 9ാം പദ്ധതി നടപ്പാക്കാനാണ് കേരള സർക്കാർ ലക്ഷ്യമിട്ടിരിക്കുന്നത്. അധികാര വികേന്ദ്രീകരണം എല്ലാ അർത്ഥത്തിലും പ്രായോഗികമാകണമെങ്കിൽ പദ്ധതികളുടെ രൂപീകരണത്തിലും, ആസൂത്രണത്തിലും നടത്തിപ്പിലും ജനപങ്കാളിത്തം ഉറപ്പാക്കേണ്ടതുണ്ട്. അധികാര വികേന്ദ്രീകരണത്തിന്റെ അടിത്തറയായ ഗ്രാമസഭകൾ വികസന പ്രശ്നങ്ങളും, പരിഹാര നിർദ്ദേശങ്ങളും ചർച്ച ചെയ്യുകയും ഉയർന്നുവരുന്ന നിർദ്ദേശങ്ങൾ വിദഗ്ദ സഹായത്തോടെ പദ്ധതികളാക്കി ജനപങ്കാളിത്തത്തോടെ നടപ്പിലാക്കുകയും ചെയ്യുക എന്നതാണ് 9ാം പദ്ധതി ജനകീയാസൂത്രണ പദ്ധതിയായി നടപ്പിലാക്കുക വഴി കേരളസർക്കാർ വിഭാവനം ചെയ്തിരിക്കുന്നത്.

ഇത് ഫലപ്രദമായി നടപ്പാക്കുന്നതിന് മുൻകാലങ്ങളിൽ നിന്നും വ്യത്യസ്തമായി പദ്ധതി വിഹിതത്തിന്റെ 35 മുതൽ 40 ശതമാനത്തോളം വരുന്ന ത്രിതല പഞ്ചായത്തുകൾക്ക് നൽകുവാനാണ് കേരള സർക്കാർ തീരുമാനിച്ചിട്ടുള്ളത്. ഇതിനുപുറമെ ജനകീയ സംഭാവനകൾ (പണം, വിഭവങ്ങൾ, അദ്ധ്വാനം) ഉപയോഗപ്പെടുത്തി സർവ്വതോൻമുഖമായ വികസന പ്രവർത്തനങ്ങളേറ്റെടുത്ത് നടത്താൻ പുതിയ ജനകീയാസൂത്രണ പദ്ധതിക്ക് കഴിയും. ഇത് കേരളത്തിന്റെ വികസന ചരിത്രത്തിൽ ഒരു നാഴികക്കല്ലായിരിക്കും. മറ്റു പലതിലുമെന്നപോലെ വികസന പ്രവർത്തനങ്ങൾക്കും കേരളം ഇതുവഴി പുത്തൻ മാതൃക സൃഷ്ടിക്കുകയാണ്.

വികേന്ദ്രീകരണാസൂത്രണം നമ്മുടെ പഞ്ചായത്തിൽ ഫലപ്രദമായി നടപ്പാക്കുന്നതിനുള്ള എളിയ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുവാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. പരിശീലനം ലഭിച്ച പഞ്ചായത്ത് തല പ്രവർത്തകരുടെ സഹായത്തോടെ 14 വിശേഷാൽ ഗ്രാമസഭകളും ചേർന്നു. ജില്ലയിൽ ഏറ്റവും കൂടുതൽ ജനപങ്കാളിത്തത്തോടെ നടന്ന ഗ്രാമസഭകൾ നമ്മുടെ പഞ്ചായത്തിലാണ്.

പട്ടിക

| പഞ്ചായത്ത് വാർഡ് | ഗ്രാമസഭയിൽ പങ്കെടുത്തവരുടെ എണ്ണം | | |
|---|---|---|---|
| | സ്ത്രീ | പു. | ആകെ |
| I | 6 | 168 | 174 |
| II | 185 | 326 | 511 |
| III | 152 | 275 | 427 |
| IV | 74 | 231 | 305 |
| V | 100 | 109 | 209 |
| VI | 80 | 178 | 258 |
| VII | 70 | 224 | 294 |
| VIII | 90 | 214 | 304 |
| VIII | 154 | 301 | 455 |
| VIII | 88 | 198 | 286 |
| VIII | 81 | 195 | 276 |
| VIII | 52 | 272 | 324 |
| VIII | 128 | 435 | 563 |
| VIII | 53 | 110 | 163 |
| | 1313 | 3236 | 4549 |

വികസന പ്രശ്നങ്ങളെക്കുറിച്ചുള്ള സമഗ്ര മായ ചർച്ച ഗ്രാമസഭകളിൽ നടന്നിട്ടുണ്ട്. ഉയർന്നു വന്ന നിർദ്ദേശങ്ങൾ അന്യത്ര ചർച്ച ചെയ്യുന്നുണ്ട്. വികസനരേഖ തയ്യാറാക്കുന്നതിന് സഹായിക്കുന്ന വിധത്തിൽ പ്രാഥമികതല ത്തിലും ദ്വിതീയതല ത്തിലും സ്ഥിതി വിവര ങ്ങൾ സ്ക്വാഡ് വർക്കി ലൂടെ ശേഖരിച്ചിട്ടുണ്ട്.

ഭൂപ്രകൃതി, മണ്ണിന്റെ ഘടന, ജലലഭ്യത തുടങ്ങിയ കാര്യങ്ങൾ മനസ്സിലാക്കുന്നതിന് കുടൽ കടവ് മുതൽ ഒഴക്കോടി വരെയും, ജെസ്സി മുതൽ കരിന്തിരി കടവ് വരെയും പഞ്ചായത്തിന്റെ തലങ്ങും വിലങ്ങും പഠനപര്യടനം നടത്തി വിവരങ്ങൾ ശേഖരിച്ചിട്ടുണ്ട്. ഗ്രാമസഭാ നിർദ്ദേശങ്ങ ളുടെയും, സ്ഥിതിവിവര ക്കണക്കുകളു ടെയും പഠനങ്ങളുടെയും അടിസ്ഥാനത്തിൽ നമ്മുടെ പഞ്ചായത്തിന്റെ സമഗ്രമായ വികസന ത്തിനാവശ്യമായ ചർച്ചക്ക് സഹായിക്കുന്ന രീതിയിൽ ഈ വികസനരേഖ തയ്യാറാക്കാൻ പരമാവധി പരിശ്രമിച്ചിട്ടുണ്ട്. ഈ പ്രവർത്തന ങ്ങളിൽ കക്ഷിരാഷ്ട്രീയ പരിഗണനകൾക്കതീ തമായി എല്ലാവരുടെയും സഹായസഹകരണ ങ്ങൾ ലഭിച്ചു എന്നത് സന്തോഷകരമാണ്. മാമൂൽ സമീപനങ്ങൾ കൈവെടിഞ്ഞ് വർത്തമാന ചരിത്ര ത്തിന്റെ വെല്ലുവിളി ഏറ്റെടുക്കുവാൻ ബഹുജന ശക്തി കെട്ടഴിച്ചുവിടാനുള്ള യജ്ഞത്തിൽ പങ്കാളി കളാവുമെന്ന് പ്രതിജ്ഞ ചെയ്തുകൊണ്ട് അതിനുള്ള പ്രവർത്തനങ്ങൾക്കുള്ള പ്രാഥമിക അടിത്തറയെന്ന നിലയ്ക്ക് ഈ വികസനരേഖ യെ കൂടുതൽ സമഗ്രമാക്കാൻ നിങ്ങളോരോരു ത്തരും തയ്യാറാവണ മെന്നഭ്യർത്ഥിക്കുന്നു.



# പഞ്ചായത്ത് പൊതുവിവരം

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | : | മാനന്തവാടി ഗ്രാമപഞ്ചായത്ത് |
| ഉൾപ്പെടുന്ന റവന്യൂ വില്ലേജുകൾ | : | |
| അംശം | : | മാനന്തവാടി |
| ദേശം | : | 1) വേമം<br>2) ആറാട്ടുതറ<br>3) ഒഴക്കോടി |
| അംശം | : | പയ്യംപള്ളി |
| ദേശം | : | 1) വേമം |
| ബ്ലോക്ക് പഞ്ചായത്ത് | : | മാനന്തവാടി |
| താലൂക്ക് | : | മാനന്തവാടി |
| അസംബ്ലി മണ്ഡലം | : | 16 വടക്കെ വയനാട് അസംബ്ലി നിയോജക മണ്ഡലം. |
| പാർലമെന്റ് മണ്ഡലം | : | 2 കണ്ണൂർ |
| വിസ്തീർണ്ണം | : | 8010 ച.കി.മീ. |
| അതിരുകൾ | : | |
| വടക്ക് | : | തിരുനെല്ലി ഗ്രാമപഞ്ചായത്ത് |
| തെക്ക് | : | കബനി നദി |
| പടിഞ്ഞാറ് | : | തവിഞ്ഞാൽ ഗ്രാമപഞ്ചായത്ത് |
| കിഴക്ക് | : | കബനി നദി |
| ജനസംഖ്യ | : | 37,836 1991ലെ സെൻസസ്. |
| പുരുഷൻമാർ | : | 19076 |
| സ്ത്രീകൾ | : | 18760 |
| പട്ടികജാതി | : | 1374 |
| പട്ടികവർഗ്ഗം | : | 5514 |
| ജനസാന്ദ്രത | : | 432 |
| അക്ഷരാഭ്യാസമുള്ളവർ | : | 27817 |
| വോട്ടർമാർ | : | 25094 |
| പുരുഷൻമാർ | : | 12710 |
| സ്ത്രീകൾ | : | 12384 |
| വാർഡുകൾ | : | 14 |
| പ്രസിഡണ്ട് | : | ഇ.എം. ശ്രീധരൻ മാസ്റ്റർ |
| വൈസ് പ്രസിഡണ്ട് | : | മറിയം ജോസഫ് |
| സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ | : | എ.എം.സത്യൻ |
| പഞ്ചായത്ത് രൂപീകരിച്ച വർഷം | : | 1935 |

(ഉത്തരവ് നമ്പർ13693/35 തിയ്യതി 15-8-1935 ILB മദ്രാസ്.)



3

# സാമൂഹ്യ സാംസ്കാരിക ചരിത്രം

ചരിത്രം കഴിഞ്ഞ കാല സത്യങ്ങളെ വരുംതലമുറയ്ക്ക് ഉപകാരപ്രദമായി രീതിയിൽ സംരക്ഷിച്ചു വയ്ക്കുന്ന ഉപാധിയാണ്. ഈ പ്രവൃത്തിയിലേർപ്പെടുന്ന വ്യക്തിയുടെ അറിവും ലോകപരിചയവും പ്രസ്തുത സത്യത്തെ പ്രത്യക്ഷമോ ആയ രീതിയിൽ പൂർണ്ണമോ അപൂർണ്ണമോ ആക്കി തീർക്കാം. പ്രത്യേകിച്ചും ചരിത്രം രൂപപ്പെടുത്തുന്നതിന് ആധികാരിക രേഖകളില്ലാത്ത അവസരത്തിൽ സമാനമെന്ന് തോന്നാവുന്ന കാര്യങ്ങളുടെ നിജസ്ഥിതി മനസ്സിലാക്കാതെ മറ്റും ഇവരുടെ അംഗീകാരവും പരിഗണനയും നേടിയെടുക്കാനുള്ള വ്യഗ്രതയിൽ ചരിത്രം എക്കാലത്തും വികലമാക്കപ്പെട്ടിട്ടുണ്ട്. അടിമ ഉടമ ബന്ധങ്ങളും, ഉള്ളവരും ഇല്ലാത്തവരും തമ്മിലുള്ള അന്തരവും, പ്രത്യേക ആശയഗതികൾക്കനുസരണമായി വികൃതമാക്കുകയോ സത്യത്തിൽ നിന്ന് അകറ്റുകയോ ചെയ്യാറുണ്ട്. ഇതിന്റെ ഫലമായി പില്ക്കാല തലമുറയ്ക്ക് യഥാർത്ഥവസ്തുക്കൾ കണ്ടെത്തുന്നതിന് ഇരുട്ടിൽ തപ്പേണ്ടി വരിക പതിവാണ്.

നവീന ശിലായുഗം മുതൽക്കുതന്നെ സംസ്ക്കാര സമ്പന്നമായ ഒരു ജനത വയനാട്ടിലുണ്ടായിരുന്നു എന്നു അനുമാനിക്കുന്നതിൽ തെറ്റില്ല. ഇവിടെ കാണപ്പെടുന്ന പല ആദിവാസി വിഭാഗങ്ങളും അവരുടെ മിത്തുകളിലൂടെയും ഐത്യഹ്യങ്ങളിലൂടെയും വെളിവാക്കുന്ന പ്രാക് ചരിത്രം ഇതിന് സാക്ഷ്യം വഹിക്കുന്നു. പണിയൻ, മുള്ളക്കുറുമൻ, ഊരാളിക്കുറുമൻ, കാട്ടുനായ്ക്കൻ, അടിയാൻ, കുറിച്യർ എന്നിവർ വയനാട്ടിന്റെ വിവധ ഭാഗങ്ങളിലായി കാണപ്പെടുന്നുണ്ട്. ഇവരെ കേവലം അപരിഷ്കൃതരെന്നും ആദിവാസികളെന്നും പറഞ്ഞ് നമ്മുടെ ജീവിതത്തിന്റെ മുഖ്യധാരയിൽ നിന്നകറ്റി നിർത്തുന്നത് ശരിയല്ല. ഇപ്പിമലയിലെ സ്ഥിരവാസികളായിരുന്ന പണിയരും, വേടവംശത്തിലെ പ്രതാപികളായ മുള്ളക്കുറുമരും 'നഗമക്ക'ളായ ഊരാളിക്കുറുമരും, കീയൊരുത്തിയുടെയും മേലൊരച്ചവന്റേയും പിൻമുറക്കാരായ അടിയാനും ശ്രദ്ധേയമായ സാസ്ക്കാരിക പാരമ്പര്യമുള്ളവരാണ്. ഇതിൽ അടിയാൻ വിഭാഗം തിരുനെല്ലി കഴിഞ്ഞാൽ ഏറ്റവും കൂടുതൽ കാണപ്പെടുന്നത് മാനന്തവാടിയിലാണ്. തിരുനെല്ലിയും പാക്കവുമായി ബന്ധപ്പെട്ട അടിയാൻ വിഭാഗത്തിന്റെ മിത്ത് ബന്ധിപ്പിക്കപ്പെടുന്ന പ്രദേശം മാനന്തവാടിയോടടുത്ത ചില പ്രദേശത്ത്. ഇവരുടെ സമൃദ്ധമായ കഥാഗാന പാരമ്പര്യം അവരെ അപരിഷ്കൃതരെന്ന് പറഞ്ഞ് തള്ളിക്കളയാൻ സമ്മതിക്കുകയില്ല. പാലക്കാട് മുതൽ മലപ്പുറം വരെ വിവിധ ഭാഗങ്ങളിലായി കാണപ്പെടുന്ന പണിയൻ വിഭാഗത്തിന്റെ സങ്കേതങ്ങളും മാനന്തവാടിയിലുണ്ട്. വള്ളിയൂർക്കാവുമായി ബന്ധപ്പെട്ട് ആ ക്ഷേത്രത്തിൽ ഇവർക്കുള്ള പ്രത്യേക സ്ഥാനം കല്പിക്കപ്പെട്ടിരിക്കുന്നതും ശ്രദ്ധേയമാണ്. ആദിവാസി വിഭാഗങ്ങളിലെ കരകൗശല വിദഗ്ദരായ ഊരാളിക്കുറുമർ മാനന്തവാടിയിൽ ചാലിഗദ്ദ, മുള്ളന്തറ എന്നിവിടങ്ങളിലാണുള്ളത്. മനുഷ്യ സമൂഹത്തിന് പ്രാഥമികമായി വേണ്ട എല്ലാ ഉപകരണങ്ങളും, വസ്തുക്കളും ഇവർ സ്വയം നിർമ്മിക്കുന്നു. പഴശ്ശി രാജാവിന്റെ സന്തത സഹചാരികളായ കരുതപ്പെടുന്ന കുറിച്യർ ഇന്നും പല സവിശേഷതകൾ കൊണ്ടും ശ്രദ്ധേയരായി തന്നെ വർത്തിക്കുന്നു.

വയനാടിന്റെ ചരിത്ര പഠനം ഇപ്പോഴും ആധികാരികമായ ചരിത്രരേഖകളുടെ അഭാവത്തിൽ ശൈശവദശയിൽ തന്നെയാണുള്ളത്. സംസ്ക്കാര സമ്പന്നരായ ജനതയുടെ സങ്കേത

മാണ് വയനാടെന്ന് എടക്കൽ ഗുഹയിലെയും തൊവരിമലയിലെയും ചിത്രങ്ങൾ സൂചിപ്പിക്കുന്നു. സംസ്കാരത്തിന്റെ ആദ്യകാല രൂപങ്ങൾ വയനാട്ടിലെ നദീതീരത്ത് നിന്ന് കണ്ടെടുത്തിട്ടുള്ള മരംകൊണ്ടുണ്ടാക്കിയ ചക്രം തുടങ്ങിയവയുടെ തെളിവിലൂടെ വ്യക്തമാണ്. മരങ്ങൾ വട്ടത്തിൽ ഉരുളാക്കി മുറിച്ചെടുത്ത് രണ്ട് ചക്രങ്ങളായി അക്ഷത്തിന് മേൽ പിടിപ്പിച്ച് വാഹനം കണ്ടുപിടിച്ച് ഉപയോഗിച്ച് മനുഷ്യ സംസ്കാരം വളർന്നുവന്ന ഇന്ത്യയിലെ ചുരുക്കം ചില കേന്ദ്രങ്ങളിലൊന്നാണ് വയനാട്. എടക്കൽ ഗുഹയിലെ ക്രിസ്തുവർഷം അഞ്ചാംശതകത്തിലെ വിഷ്ണുശർമ്മന്റെ ഒരു പൂർണ്ണ ലിഖിതം കാണപ്പെടുന്നുണ്ട്. അതുകൊണ്ടുതന്നെ വയനാടിന്റെ മിക്ക പ്രദേശങ്ങൾക്കും തനതായി ചരിത്ര സാസ്ക്കാരിക പാരമ്പര്യമുണ്ട്.

ചരിത്രാതീത കാലത്ത് നൂറ്റാണ്ടുകളോളെ വയനാടിന്റെ ആസ്ഥാനമായിരുന്നു മാനന്തവാടി. ജൈനമതത്തിന്റെ ശക്തി പ്രബലമാക്കിയിരുന്ന കാലത്ത് പ്രത്യേകിച്ച് തിരുനെല്ലി, മാനന്തവാടി, പനമരം, ബത്തേരി എന്നീ പ്രദേശങ്ങളിൽ അതിന്റെ സവിശേഷതകളോടുകൂടിയ പേരുകൾ ഒരേ പ്രദേശത്തിനും പതിഞ്ഞിട്ടുണ്ട്. മഹാ ആനന്ദവാടിയാണ് മാനന്തവാടി ആതതെന്നും വാദഗതികൾ ഉയർത്തുന്നവരുണ്ട്. 'മാനെഎയ്തവാടി' എന്ന വാദഗതിക്ക് ഉപോദ്ബലകമായി അമ്പുകുത്തി എന്ന സ്ഥപ്പേരും അവർ ഉയർത്തികാണിക്കുന്നു. പന്ത്രണ്ടാം നൂറ്റാണ്ടിൽ മൈസൂർ ഭരിച്ചിരുന്ന ഹൊയ്തസാള രാജാക്കൻമാർ ജൈനമതം പ്രോത്സാഹിപ്പിച്ചിരുന്നു. മധ്യകാലഘട്ടമായപ്പോഴേക്കും ശൈവവൈഷ്ണവ മതങ്ങളുടെ ആക്രമണ്ണമുണ്ടാവുകയും ചില ജൈനകുടുംബങ്ങൾ വയനാട്ടിലേക്ക് ഓടിപ്പോരികയും ചെയ്തു. 9 മുതൽ 14 വരെ നൂറ്റാണ്ടുകളിൽ വയനാട്ടിൽ ജൈനമതം ശക്തി പ്രാപിച്ചു. വരദൂരിലെ അനന്തനാഥസ്വാമി ക്ഷേത്രത്തിൽ സൂക്ഷിച്ചിട്ടുള്ള ചെമ്പിൽ പണിയിച്ചിട്ടുള്ള ജലധാരാഫലകത്തിന്റെ അടിഭാഗത്തു കാണുന്ന കർണ്ണാടക ലിപിയിലുള്ള ശാസനത്തിൽ മാനന്തവാടിയെ 'ഹൊസെങ്കാടി' എന്നാണ് പരാമർശിച്ചിട്ടുള്ളത്. ജൈനമതത്തിന്റെ സ്വാധീനം വെളിവാക്കുന്നതാണ് ഒണ്ടയങ്ങാടി, പയ്യമ്പള്ളി, ഊർപ്പള്ളി എന്നീ സ്ഥലനാമങ്ങൾ. ആദിവാസി വിഭാഗങ്ങൾക്കിടയിൽ മാന്തൊടി എന്ന പേരിലാണ് സ്ഥലം പരാമർശിക്കപ്പെടുന്നത്. പഴശ്ശിയുടെ കാലഘട്ടത്തിൽ ഇളംകൂർ നാട്ടിലുൾപ്പെട്ടതായിരുന്നു വേമോം എന്ന മാനന്തവാടി. ബ്രിട്ടീഷുകാരുടെ കാലത്ത് മാനൻടോഡി (Manantody) എന്നും വയനാട് ബസാർ (Wayanad Bazar) എന്നുമാണ് കാണുന്നത്. മഹോദയപുര രാജാക്കന്മാരുടെ പതനത്തിനുശേഷം നഗരമായി തീർന്ന തിരുച്ചലരിയുടെയും, മുത്തുകൾ വാങ്ങുകയും വിൽക്കുകയും ചെയ്യുന്ന പുത്തനങ്ങാടിയുടെയും, ഇടക്കു ഉയർന്നു വന്നതാകാം ഈ ഹൊസെങ്കാടി അഥവാ പുതിയങ്ങാടി. അടുത്തകാലഘട്ടങ്ങളിൽ മാനന്തവാടി ചെട്ടിത്തെരുവായും, എരുമത്തെരുവായും, അഞ്ചാം പീടികയായും അറിയപ്പെടുന്നു.

എടക്കൽ ഗുഹയിൽ നിന്നു ലഭിച്ച ശിലാലിഖിതമനുസരിച്ച് വയനാടിന്റെ പ്രാചീനകാലഘട്ടത്തിൽ, ഗിരിവർഗ്ഗക്കാർ തന്നെയാണ് ഭരണം നടത്തിയിരുന്നത്. ഒരേവംശത്തിൽപ്പെട്ട രണ്ടു കുടുംബക്കാരായ അരിപ്പാനും വേടനുമായിരുന്നു ആ വിഭാഗത്തിലെ അവസാന നാടുവാഴികൾ. പനമരം ദേശത്തിന് വടക്കോട്ടുള്ള പ്രദേശങ്ങളെയെല്ലാം അരിപ്പാൻ എന്ന രാജാവിന്റെ കീഴിലായിരുന്നു. കുമ്പള മായ്പ്പാടി രാജാവിന്റെ ചതിയിലൂടെയാണ് ഈ രാജവംശത്തിലെ വേടൻ രാജാവ് ഏതാണ്ട് നാമവശേഷമായത്. 12-11-1810 ലെ മലബാർ ജില്ലാക്കോടതിയുടെ ഉത്തരവനുസരിച്ച് വയനാടിന്റെ ചരിത്രം വായ്മൊഴിയായി ശേഖരിച്ച് രേഖപ്പെടുത്തിയിട്ടുണ്ട്. മെക്കൻസിയുടെ കൈയെഴുത്ത് രേഖകളിലും ഇത് കാണാം. വേട രാജാക്കന്മാരെ നശിപ്പിച്ചിതിനുശേഷം പാറയ്ക്കുമീത്തൽ എന്ന മാടമ്പടിയുടെ അവകാശം കൂടി തട്ടിയെടുത്ത് കൊണ്ട് കോട്ടയം രാജാവ് വയനാട് ഭരിക്കുവാൻ തുടങ്ങി. ഹൈദരലിയുടെ ആക്രമണകാലത്ത് കോട്ടയം രാജാവായ രവിവർമ്മ കുടുംബസമേതം തിരുവിതാംകൂർ അഭയം പ്രാപിച്ചു. മൈസൂറിന്റെ രണ്ടാം ആക്രമണകാലത്ത് രവിവർമ്മ സൈന്യശേഖരവുമായെത്തി വയനാടിന്റെ അവകാശം വീണ്ടെടുത്തു. യുദ്ധത്തിനു

ശേഷം വയനാടിന്റെ പലനാടുകളായി തിരിച്ചു. അതിൽ ഇളംകൂർ നാട്ടിൽപ്പെട്ടതാണ് ഇന്നത്തെ മാനന്തവാടി. വേമോത്ത് നമ്പ്യാരായിരുന്നു ഇവിടുത്തെ മാടമ്പി (നാടുവാഴി).

1792 മാർച്ച് 18ാം തീയ്യതി ഈസ്റ്റിന്ത്യാ കമ്പനിയും ടിപ്പുവും തമ്മിൽ നടത്തിയ സമാധാനസന്ധി പ്രകാരം മലബാറിന്റെ പരമാധികാരം ബ്രിട്ടീഷുകാർക്ക് കൈമാറ്റം ചെയ്യപ്പെട്ടു. രാജാധികാരം നാട്ടുരാജാക്കന്മാർക്ക് വിട്ടുകൊടുക്കാമെന്ന വ്യവസ്ഥ കമ്പനി പാലിക്കാതിരുന്നതിനാൽ പഴശ്ശി ഇതിനെതിരെ ശക്തമായ നിലപാട് സ്വീകരിച്ചു. കമ്പനിക്കെതിരെ ജനങ്ങളെ തിരിക്കുന്നതിൽ സമർത്ഥമായി വിജയിച്ച പഴശ്ശിയെ അമർച്ച ചെയ്യുന്നതിന് ബ്രിട്ടീഷ് ഭരണാധികാരികൾ തന്ത്രങ്ങൾ ആവിഷ്കരിച്ചു. പഴശ്ശിയുടെ നിധിയുൾപ്പെടെ ദ്രവ്യങ്ങൾ കവർച്ച ചെയ്തു. വയനാട്ടിലേക്ക് കയറി. പഴശ്ശിക്കെതിരെ പേരിയയിലേക്ക് കമ്പനി സൈന്യത്തെ അയച്ചതും അദ്ദേഹത്തെ കോപാകുലനാക്കി. 1802 ഒക്ടോബർ 6ാം തീയ്യതി എടച്ചനകുങ്കൻ കുപ്പത്തോട് (പനമരം) ദേശത്തെ കുറിച്യരെ സ്വാധീനിച്ച് ബ്രിട്ടീഷുകാർക്കെതിരായ പ്രവർത്തനം നടത്തി. ഇതോടൊപ്പം മാനന്തവാടിക്കടുത്തുള്ള വള്ളിയൂർക്കാവിലും പഴശ്ശിക്കുവേണ്ടി പടയൊരുക്കങ്ങൾ നടത്തി. എന്നാൽ സർവ്വെ വൈഷമ്യങ്ങളെയും തരണം ചെയതുകൊണ്ട് കമ്പനിപ്പട മാനന്തവാടിയിലെത്തി. മുപ്പൈനാട്ടിലെ സമ്മതമായ പാലോറയേമാന്റെ പ്രവർത്തനം പഴശ്ശിപടയ്ക്ക് ഉണർവ്വ് നൽകി. 1804 ജനുവരിയിൽ കളക്ടർ മി. തോമസ് വാർഡന്റെ നേതൃത്വത്തിൽ കമ്പനി സേന ശക്തമായി എതിരിടാൻ തുടങ്ങി. 1805ൽ ഏപ്രിൽ അവസാനത്തോടെ പഴശ്ശിക്ക് പിടിച്ചു നിൽക്കാൻ വയ്യാതായി. മലബാർ സബ്കളക്ടർ ടി.എച്ച് ബാബർ കമ്പനിസേനയുടെ നേതൃത്വം ഏറ്റെടുക്കുന്നതോടു കൂടി പഴശ്ശിയുടെ നില പരുങ്ങലിലായി. 1805 നവംബർ 30ന് പുല്പള്ളിയിലെ മാവിലാന്തോട്ടത്തിൽ അദ്ദേഹം വീരമൃത്യു വരിച്ചു. അദ്ദേഹത്തിന്റെ മൃതദേഹം അടുത്തദിവസം സുശക്തമായ കാവലോടെ മാനന്തവാടിയിൽ കൊണ്ടുവരികയും ബ്രാഹ്മണ കാർമ്മികത്വത്തിൽ താഴെയങ്ങാടിയിൽ സംസ്ക്കരിച്ച് ഭൗതികാവശിഷ്ടം ആശുപത്രിയിൽ അടക്കം ചെയ്യുകയും ചെയ്തു. ബ്രിട്ടീഷുകാർ നിർമ്മിച്ച കല്ലറയും അതിന്മേൽ വളർന്ന വൃക്ഷവും ചരിത്രസാക്ഷികളായി ഇന്നും നിലകൊള്ളുന്നു. പോരാട്ടങ്ങളുടെ സ്മരണകൾ നിലനിർത്തിക്കൊണ്ട്, വെടിമരുന്ന് സൂക്ഷിക്കുന്നതിനുവേണ്ടി ബ്രിട്ടീഷുകാർ നിർമ്മിച്ച 'മരുന്നറ' ചൂട്ടക്കടവിന് സമീപം കാലം ഏൽപ്പിച്ച പരിക്കുകളേറ്റുവാങ്ങി ഇന്നും നിലകൊള്ളുന്നു. 47ാം വയസ്സിലാണ് പഴശ്ശി വീരമൃത്യു വരിച്ചത്. പഴശ്ശിയുടെ പതനത്തോടെ കുറിച്യപ്പട ശോഷിച്ചു. തോമസ് വാർഡന്റെ നേതൃത്വത്തിൽ ബ്രിട്ടീഷു പട്ടാളം കുറിച്യരുടെ വീടുകളിൽ കയറി പീഡനവും മറ്റ് ആക്രമണങ്ങളും നടത്തിപ്പോന്നു. നികുതി വർദ്ധിപ്പിക്കുകയും കുറിച്യരുടെ ഭവനങ്ങളിൽ നിന്ന് കിണ്ടി മറ്റു വിലകൂടിയ പാത്രങ്ങൾ എന്നിവ കവർച്ച ചെയ്യപ്പെട്ടു. ഇത്തരം ആക്രമങ്ങൾക്കെതിരെ കുറിച്യർ അമ്പും വില്ലും ഉപയോഗിച്ചും മുറിച്ചെടുത്ത കമ്പിക്കഷണങ്ങൾകൊണ്ടും ബ്രിട്ടീഷ് പട്ടാളത്തെ എതിരിട്ടു. എന്നാൽ ബ്രിട്ടീഷുകാരുടെ അജയ്യമായ ശക്തിക്കുമുന്നിൽ കുറിച്യർക്ക് പരാജയം സമ്മതിക്കേണ്ടിവന്നു. 1812ൽ നടന്ന ഈ കലാപത്തെ 'കുറിച്യർലഹള' എന്നാണ് വിശേഷിപ്പിക്കപ്പെട്ടിട്ടുള്ളത്.

തോമസ് വാർഡൻ എന്ന ഈ സബ്കളക്ടർ തന്നെയാണ് വയനാട്ടിന്റെ റവന്യൂസെറ്റിൽമെന്റിന് തുടക്കം കുറിച്ചതെന്നു 1882ലെ എച്ച്.എസ് ഗ്രാവെയുടെ റിപ്പോർട്ടിൽ പറയുന്നു. 1857ൽ മലബാർ ആക്ടിങ്ങ് കലക്ടർ ഡബ്ല്യൂ റോബിൻസൺ വയനാടിനെക്കുറിച്ച് 'History Conditions and prospects of wayanad' എന്ന രേഖ പ്രസിദ്ധീകരിച്ചു. വയനാട്ടിൽ നിന്ന് ആളുകൾ അമൂല്യമായ വസ്തുക്കൾ കടത്തിക്കൊണ്ടുപോകുന്നത് തടയമെന്ന് ഈ റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ട്. അന്ന് വയനാട്ടിൽ 22659 ജനങ്ങളും 49629 രൂപ വാർഷികവരുമാനവുമുണ്ടായിരുന്നു.

1856ൽ റോബിൻസൺ തയ്യാറാക്കിയ റിപ്പോർട്ട് അനുസരിച്ച് മാനന്തവാടി ഉൾപ്പെട്ടിരുന്ന ഇളംകൂർനാട് ഡിവിഷൻ പുതിയ അംശങ്ങളായി വിഭജിച്ചു. അതിൽ വേമോം, തിരുനെല്ലി

എന്നിവ പെടുന്നു. 1830 ആയപ്പോഴേയ്ക്കും സ്വകാര്യകാപ്പിതോട്ടങ്ങൾ മാനന്തവാടി പരിസരത്ത് ഉണ്ടായെങ്കിലും 1835നോടടുപ്പിച്ച് സിലോൺകാരനായ പ്യൂഗ് ആണ് മാനന്തവാടിയിൽ കാപ്പിപ്ലാന്റേഷൻ ആരംഭിച്ചത്.

മാനന്തവാടിയിൽ തമ്പടിച്ചിരുന്ന പട്ടാളക്കാർക്ക് വിശ്രമജോലി എന്ന നിലക്കാണ് കാപ്പിത്തോട്ടനിർമ്മാണം ആരംഭിച്ചത്. 1854ൽ തന്നെ തേയില പ്ലാന്റേഷൻ ചിറക്കരയിലും ജെസ്സിയിലും ആരംഭിക്കുകയുണ്ടായി. 1892 ഓടെ പ്യാരി&കമ്പനി ഇക്കാര്യത്തിൽ വ്യാപകമായി പ്രവർത്തനം നടത്തി.

1887ൽ വില്യം ലോഗൻ മലബാർ മാന്വലിൽ വിവരിക്കുന്ന മാനന്തവാടിയിൽ മജിസ്ട്രേറ്റിന്റെ അധികാരമുള്ള, ഡെപ്യൂട്ടി കലക്ടർ, പോലീസ് ഇൻസ്പെക്ടർ, സബ്രജിസ്ട്രാർ, സബ് അസിസ്റ്റന്റ് കൺസർവേറ്റർ എന്നിവർക്കു ഓഫീസ് ഉണ്ടായിരുന്നു. മാനന്തവാടിയിൽ സർക്കാർ നിയന്ത്രണത്തിലുള്ള മിഡിൽ സ്ക്കൂളും പോസ്റ്റ് ഓഫീസും ഉണ്ടായിരുന്നു. 1886ന് മുൻപ് മാനന്തവാടിയിലെ മെഡിക്കൽ ആഫീസർമാർ വെള്ളക്കാരായിരുന്നു. യൂറോപ്യന്മാരുടെ ക്ലബ്ബ് ഉള്ള ഇപ്പോഴത്തെ ക്ലബ്ബ്കുന്നും അതിനോടനുബന്ധിച്ച് അവർക്കാവശ്യമുള്ള സാധനങ്ങൾ വിൽക്കുന്ന കാന്റീനും ഉണ്ടായിരുന്നു. ഈസ്റ്റിന്ത്യാകമ്പനിയുടെ ഭരണത്തിന്റെ തുടക്കത്തിൽ മാനന്തവാടി തലശ്ശേരി സബ്കലക്ടറുടെ കീഴിലായിരുന്നെങ്കിലും ബ്രിട്ടീഷ് സർക്കാറിന്റെ ഭരണകാലത്ത് ഒരു പ്രത്യേക ഡെപ്യൂട്ടി കലക്ടറുടെ കീഴിലായിരുന്നു. 1859 മുതൽ 1879 വരെ മാനന്തവാടി ഡപ്യൂട്ടി കലക്ടർക്ക് സിവിൽ അധികാരങ്ങൾ ഉണ്ടായിരുന്നു.

1859ൽ വനം വകുപ്പ് രൂപീകൃതമായതോടെ ഹണ്ടർ എന്ന ഉദ്യോഗസ്ഥൻ വയനാടൻ വനങ്ങളുടെ സംരക്ഷകനായി. തുടർന്ന് 1860ൽ 'ഗബ്ബി'നെ ജില്ലാ ഫോറസ്റ്റ് ഓഫീസറായി നിയമിക്കപ്പെട്ടു. പുനം കൃഷിനടത്തുന്നതിന് നിയന്ത്രണം ഏർപ്പെടുത്തുകയും ആനവേട്ട നിരോധിക്കുകയും ചെയ്തു. 1878 മുതൽ തേക്ക് സ്വകാര്യ വ്യക്തികൾ മുറിക്കുന്നതിന് നിരോധിച്ചു. വയനാടൻ വനങ്ങൾ 14 ബ്ലോക്കുകളായി തിരിച്ചു. ഒരു ഫോറസ്റ്റ് ഓഫീസർ, ഒരു സബ് അസിസ്റ്റന്റ് കൺസർവേറ്റർ 20 ഫോറസ്റ്റേഴ്സ് എന്നിവരെയാണ് ജില്ലാ വനപരിപാലനത്തിന് നിയോഗിച്ചിരുന്നത്. ഇതിൽ സബ് അസിസ്റ്റന്റ് കൺസർവേറ്ററുടെ ഓഫീസ് മാനന്തവാടിയിലായിരുന്നു.

20-ാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ ദേശീയ സ്വാതന്ത്ര്യസമരം ശക്തിപ്പെട്ടതോടുകൂടി ബ്രിട്ടീഷ് അധികാരികൾക്ക് വേണ്ടത്ര പ്രവർത്തന സ്വാതന്ത്ര്യം ലഭിക്കുകയുണ്ടായില്ല. ഇക്കാലത്ത് മാനന്തവാടിയിലെ പുത്തൻ വീട്ടിൽ കൃഷ്ണൻനമ്പ്യാരുടെ വീട്ടിൽ താമസിച്ചുകൊണ്ട് എ.കെ.ജി കൃഷ്ണഭട്ട് എന്നിവർ സജീവമായി രാഷ്ട്രീയ പ്രവർത്തനം നടത്തുകയുണ്ടായി. തദ്ദേശീയരായ സ്വാതന്ത്ര്യ സമര പ്രവർത്തകരിൽ ശ്രദ്ധേയൻ പരേതനായ ടി.രാമവാര്യരാണ്.

1935-ൽ മാനന്തവാടി പഞ്ചായത്ത് രൂപീകരിച്ചുകൊണ്ട് ഉത്തരവായി. കണിയാരം, ഒഴക്കോടി പ്രദേശങ്ങൾ ഒഴിവായിട്ടായിരുന്നു പഞ്ചായത്ത്. ഏതാണ്ട് ഇരുപത് ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണമേ അന്ന് ഉണ്ടായിരുന്നുള്ളൂ. ഐ.സി വീരരാഘവലുനായിഡു ആയിരുന്നു പ്രസിഡന്റ്. അദ്ദേഹം 17 വർഷം പ്രസിഡന്റായി തുടർന്നു. സ്ഥലത്തെ പ്രധാനപ്പെട്ട വ്യക്തികളെ കൈപൊക്കി തെരഞ്ഞെടുക്കുകയായിരുന്നു രീതി. തുടർന്ന് കുഞ്ഞിരാമവാര്യക്കും, അതിനു ശേഷം കൃഷ്ണൻ വൈദ്യരും ഈ പഞ്ചായത്തിന്റെ പ്രസിഡണ്ടുമാരായി. 1963-ൽ ശ്രി.എം.ജെ വർക്കി പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെടുകയും 1979 വരെ അത് തുടർന്നു പോവുകയും ചെയ്തു. 1979 മുതൽ പതിനൊന്ന് വാർഡുകൾ ആവുകയും ചെയ്തു. 1955 മുതൽക്കാണ് എക്സിക്യൂട്ടീവ് ആഫീസർമാരെ നിയമിച്ച് തുടങ്ങിയത്. ശ്രീ.പി രാജഗോപാലപണിക്കരാണ് ആദ്യത്തെ എക്സിക്യൂട്ടീവ് ആഫീസർ. പഞ്ചായത്തിന്റെ തുടക്കത്തിൽ പ്രധാന പ്രവർത്തനങ്ങൾ ഒന്നുംതന്നെയില്ലായിരുന്നു. ലൈസൻസ് ഫീസ്, കെട്ടിടനികുതി എന്നിവയായിരുന്നു പഞ്ചായത്തിന്റെ വരുമാന മാർഗ്ഗങ്ങൾ. എടുത്തുപറയത്തക്ക സവിശേഷത 1962 വരെ നിലനിന്നുപോന്ന പഞ്ചായത്ത് കോടതിയാണ്.

പ്രോനോട്ട് പ്രകാരമുള്ള തുക സംബന്ധിച്ച തർക്കങ്ങൾ പരിഹരിക്കാൻ ഈ കോടതി സഹായിച്ചിരുന്നു. ഇപ്പോൾ മൂന്നാമത്തെ പ്രാവശ്യമാണ് ഇ.എം ശ്രീധരൻ മാസ്റ്ററുടെ നേതൃത്വത്തിലുള്ള ബോർഡ് പഞ്ചായത്തിന്റെ ഭരണം കൈയ്യാളുന്നത്. 1990 മുതൽ 1995 സെപ്റ്റംബർ വരെ കെ. രാജൻ പ്രസിഡന്റായി.

മാനന്തവാടി പഞ്ചായത്തിൽ ഹിന്ദുക്കൾ, ക്രിസ്ത്യാനികൾ, മുസ്ലീംകൾ എന്നീ വിഭാഗത്തിൽപ്പെട്ട ജനങ്ങൾ ഉണ്ട്. കൂടാതെ യാദവർ, ചെട്ടിമാർ, ലിംഗായത്തകൾ, ജൈനമതക്കാർ, തമിഴ്ബ്രാഹ്മണർ എന്നീ വിഭാഗങ്ങളിൽപ്പെട്ടവരും ഉണ്ട്. പഞ്ചായത്തിൽ പ്രത്യേകിച്ച് വയനാട്ടിൽ ആദ്യകാല കുടിയേറ്റ കുടുംബമാണ് കൊടക്കച്ചിറ. പയ്യംമ്പള്ളിയിൽ 500 ഏക്കർ സ്ഥലം 1930 ൽ കൊടക്കച്ചിറ മാത്യു വാങ്ങി ഈ സ്ഥലത്തോടൊപ്പം തന്നാണ്ടത്തെ കൃഷി ഇരുപത് കുടി അടിയാന്മാർ നാൽപത് എരുത് എന്നിവ അയ്യായിരം രൂപക്കാണ് വാങ്ങിയത്. 1930 കളിൽ പള്ളിസ്ഥാപിക്കാൻ പയ്യാംമ്പള്ളിയിൽ നടപടി ആരംഭിച്ചു. രണ്ടാം ലോകമഹായുദ്ധം ആരംഭിച്ചതോടെ തൊടുപുഴ, മൂവാറ്റുപുഴ, പാല എന്നിവിടങ്ങളിൽ നിന്ന് പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ധാരാളം ക്രിസ്തീയ കുടുംബങ്ങൾ കുടിയേറിപാർത്തു. അതുപോലെ ആന്ധ്രപ്രദേശിലെ ബല്ലാരിയിൽ നിന്ന് കുടിയേറിയയാദവരും ചിലകാര്യങ്ങൾ കൊണ്ട് ശ്രേദ്ധേയരാണ്. കാലിവളർത്തലും, കൃഷിയുമായി കഴിഞ്ഞ ഇക്കൂട്ടർ അക്കാലത്ത് മാനന്തവാടിയിലെ യൂറോപ്യന്മാർക്ക് ആവശ്യമായ പാലുൽപ്പന്നങ്ങൾ നൽകിയിരുന്നു. അതുപോലെ ടിപ്പുവിന്റെ പടയോട്ടക്കാലത്ത് മാനന്തവാടിയിൽ എത്തിച്ചേർന്ന പഠാണികളെയും തുടർന്നു വന്ന മുസ്ലീങ്ങളെയും ഈ പഞ്ചായത്തിൽ കാണാം. മുൻപ് സൂചിപ്പിച്ചതുപോലെ ജൈനമതത്തിന് ശൈവമതത്തിൽ നിന്ന് ഏൽക്കേണ്ടിവന്ന പ്രഹരമായിരിക്കാം ജൈനമത വിശ്വാസികളുടെ കടന്നുകയറ്റത്തിന് കാരണമായത്.

ഏതൊരു ജനതയുടെയും സാംസ്ക്കാരികമായ അഭിവൃദ്ധിക്ക് വിദ്യാഭ്യാസം കൂടിയേ കഴിയൂ. മാനന്തവാടിയിലെ ആധുനിക വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് നൂറ്റാണ്ടിലേറെ പാരമ്പര്യമവകാശപ്പെടാം. 1865 ൽ ഇന്നത്തെ ജില്ലാ ആശുപത്രിക്കരികിലായി സർക്കാർ നിയന്ത്രണത്തിൽ ഒരു മിഡിൽ സ്ക്കൂൾ സ്ഥാപിച്ചു. തുടർന്ന് സി.എം.എസ്സിന്റെ ആഭിമുഖ്യത്തിൽ ചൂട്ടക്കടവ് റോഡിന്നരികിലായി പ്രാഥമിക വിദ്യാലയം സ്ഥാപിക്കപ്പെട്ടു. പിന്നീട് 'ആറാട്ടുതറയിലും (വേമോം) മാനന്തവാടി ലിറ്റിൽ ഫ്ളവർ യു.പി.യും പ്രവർത്തനമാരംഭിച്ചു. കൊടക്കച്ചിറ മാത്യു, ഐ.ഡി.സി നായിഡു, ഒ.ടി. നാരായണൻ നമ്പ്യാർ, പി.സി ബാലകൃഷ്ണൻ നമ്പ്യാർ കൃഷ്ണൻ വൈദ്യർ എന്നിവരടങ്ങുന്ന കമ്മറ്റിയുടെ ശ്രമഫലമായി ഇന്നത്തെ മാനന്തവാടി ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്ക്കൂൾ പ്രവർത്തനമാരംഭിച്ചു. പഞ്ചായത്തിന്റെ വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ ആദ്യകാലത്ത് ആദിവാസി വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾ ഇല്ലായിരുന്നു. മുസ്ലീം വിഭാഗത്തിൽപ്പെട്ടവരും കുറവായിരുന്നു.

നമ്മുടെ നാടിന്റെ പ്രത്യേക പശ്ചാത്തലത്തിൽ വിദ്യാഭ്യാസംകിട്ടാക്കനിയായി മാറിയ മുതിർന്ന തലമുറക്കായി 1990ൽ അന്താരാഷ്ട്ര സാക്ഷരതാ വർഷത്തോടനുബന്ധിച്ച് പഞ്ചായത്തിൽ സാക്ഷരതാ പരിപാടികൾ വിജയപ്രദമായി നടത്താൻ കഴിഞ്ഞു. സ്വാതന്ത്ര്യസമരകാലത്ത് മാനന്തവാടിയിൽ അപൂർവ്വമായി മാതൃഭൂമി ദിനപത്രം ലഭിച്ചിരുന്നു. എങ്കിലും ശ്രദ്ധേയമായ ഒരു കാര്യം ശ്രീ.ഗോവിന്ദന്റെ പത്രാധിപത്യത്തിൽ മാനന്തവാടിയിലെ പ്രസ്സിൽ നിന്നു തന്നെ അച്ചടിച്ച് 'സ്വാഭിമാനി' എന്ന മാസിക പുറത്തിറക്കിയതായിരുന്നു. മതമൈത്രി ആഹ്വാനം ചെയ്തുകൊണ്ടുള്ളതായിരുന്നു ഈ മാസിക. മാനന്തവാടിയിൽ ആദ്യകാലത്ത് സിനിമ നടത്തിയിരുന്നു. ടൂറിങ്ങ് ടാക്കീസുകളായിരുന്നു. അമ്പുകുത്തിയിലായിരുന്നു പ്രധാന സ്ഥലം. പഞ്ചായത്തിലെ ആദിവാസി വിഭാഗങ്ങൾക്കിടയിൽ ശ്രേഷ്ഠമായ ഒരു സംസ്കാരത്തിന്റെ ഈടുവെയ്പുകൾ ഉണ്ടെന്നത് ശ്രദ്ധേയമാണ്. ആദ്യകാലത്ത് ഏതാണ്ട് 50 വർഷം മുമ്പ് വരെയെങ്കിലും മാനന്തവാടി ജനവാസയോഗ്യമാണെന്ന് തീർത്തും പറയാൻ വിഷമമായിരുന്നു. പുള്ളിപ്പുലികൾ ധാരാളമായി ഉണ്ടായിരുന്ന പ്രദേശമാണ് മാനന്തവാടി. മാനന്തവാടി ടൗണിൽ ഇന്ന്

ജനങ്ങൾ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങളിൽ പോലും ഏതാണ്ട് നിബിഡമായ വനമായിരുന്നു. ഗതാഗതയോഗ്യമായ റോഡുകൾ, പാലങ്ങൾ, വൈദ്യുതി എന്നിവയും വളരെ ചുരുക്കമായിരുന്നു. പഞ്ചായത്ത് പ്രധാനകവലകളിൽ രാത്രി വിളക്ക് കത്തിക്കുന്നതിന് വേണ്ട ഏർപ്പാടുകൾ ചെയ്തിരുന്നു. തലശ്ശേരി, കോഴിക്കോട്, മൈസൂർ എന്നിവിടങ്ങളിലേക്ക് ബസ് സർവ്വീസ് ഉണ്ടായിരുന്നു. രണ്ടാം ലോകമഹായുദ്ധ കാലത്ത് പെട്രോളിന് ക്ഷാമം നേരിട്ടപ്പോൾ ചകിരിയും കരിയും ഉപയോഗിച്ച് പ്രവർത്തിക്കുന്ന ബസ്സുകൾ ഓടിച്ചിരുന്നു. രോഗം പിടിപെട്ടാൽ വടകരയിലെ കൃഷ്ണൻ വൈദ്യനെ തേടുക എന്നതും മാനന്തവാടിക്കാരെ സംബന്ധിച്ചിടത്തോളം പതിവായിരുന്നു. ആദ്യകാലത്ത് വയനാടിനെ പൊതുവെ ബാധിച്ചിരുന്ന മലമ്പനി മാനന്തവാടിയേയും വിട്ടിരുന്നില്ല. 194647 കാലത്ത് പ്ലേഗ് ബാധയുണ്ടെന്ന് സംശയിച്ച് മാനന്തവാടി ടൗൺ അടച്ചിടുകയും വീടുകളുടെ മേൽക്കൂര പൊളിച്ച് എലികളെ നശിപ്പിക്കുകയും ചെയ്തു.

മാനന്തവാടിയിലെ വളരെ ശ്രദ്ധേയമായ ആരാധനാലയമാണ് വള്ളിയൂർക്കാവ്. ഇതിന്റെ ഉത്ഭവത്തെക്കുറിച്ച് ഐതിഹ്യമുണ്ടെങ്കിലും സാമൂഹ്യ സാംസ്കാരിക ചരിത്രപശ്ചാത്തലത്തിൽ ചിന്തിക്കുമ്പോൾ കാവ് ദ്രാവിഡ മാതൃകയിലുള്ളതാണെന്ന് അതിന്റെ രൂപഘടനയിൽ നിന്ന് വ്യക്തമാകും. താഴെക്കാവിലെ മത്സ്യതീർത്ഥം മലബാർ മാന്വലിൽ ഫിഷ്പകോഡ എന്നാണ് പരാമർശിച്ചിരുന്നത്. മാത്രമല്ല പണിയർക്ക് പ്രസ്തുത അമ്പലത്തിൽ നൽകിവരുന്ന പ്രാധാന്യവും ചിന്തിക്കത്തക്കതാണ്. ക്രൈസ്തീയ ആരാധനാലയങ്ങളിൽ 1848ൽ ആരംഭിച്ച അമലോദ്ഭവ ദേവാലയമാണ് ആദ്യത്തേത്. ഇന്നത്തെ സ്ഥലത്ത് ഒരു ചെറിയ പള്ളിയും പാത്തിവയലിൽ മറ്റൊരു പള്ളിയും ഉണ്ടായിരുന്നു. കുറിച്ച്യവിഭാഗത്തിൽ നിന്ന് മതം മാറിയവർക്ക് ആരാധന നടത്തുന്നതിനാണ് ഇപ്രകാരം ചെയ്തിരുന്നത്. തുടർന്ന് വ്യത്യസ്ത പ്രദേശങ്ങളിൽ ഈ വിഭാഗത്തിൽ പെട്ടവരുടെ ആരാധനാലയങ്ങൾ ഉണ്ടായിട്ടുണ്ട്. മുസ്ലിംവിഭാഗത്തിൽ താഴെയങ്ങാടിയിലെ പട്ടാണിപ്പള്ളിയും മുസ്ലിം പള്ളിയും ഏറ്റവും ആദ്യമായി ഉണ്ടായതാണ്. ജൈനർക്കായി ഉർപ്പള്ളിയിൽ പുതിയതായി നിർമ്മിച്ച ആരാധനാലയവും യാദവർക്കായിട്ടുള്ള എരുമത്തെരുവിലെ കാഞ്ചികാമാക്ഷിയമ്മൻ കോവിലും പ്രത്യേകം ശ്രദ്ധിക്കപ്പെടേണ്ടതാണ്. ഇതോടൊപ്പം തന്നെ വ്യത്യസ്ത ആദിവാസിവിഭാഗങ്ങൾ ഓരോ കാലത്തും നടത്തുന്ന ആരാധനാ രീതികളും നമ്മുടെ പഞ്ചായത്തിലെ സാംസ്കാരികജീവിതത്തിന്റെ ഭാഗമായി ത്തീർന്നിരിക്കുകയാണ്.

'ഇതെന്റെ നാടോ നിങ്ങളുടെ നാടോ' എന്ന് സൂര്യനസ്തമിക്കാത്ത സാമ്രാജ്യത്തിലെ ഭരണാധികാരിയോടു ചോദിച്ച കേരളവർമ്മ പഴശ്ശിരാജാ അന്ത്യവിശ്രമം കൊള്ളുന്ന നാടാണ് മാനന്തവാടി. ഈ ധീരദേശാഭിമാനിയെ തളയ്ക്കാൻ ബ്രിട്ടീഷ്പട്ടാളം തമ്പടിച്ചിരുന്ന പ്രധാന കേന്ദ്രമാണ് മാനന്തവാടി. പട്ടാളബാരക്കുകളും അവരുടെ അനുബന്ധസ്ഥാപനങ്ങളായ കാന്റീൻ, ക്ലബ്ബ് എന്നിവയുമുണ്ട്. സ്വാഭാവികമായും ഇവർക്കുവേണ്ടി പ്രത്യേകം ഏർപ്പെടുത്തിയ സെമിത്തേരിയാണ് ഗോറിമൂലയിലുള്ളത്. അതുകൊണ്ടുതന്നെ ഏതാണ്ട് രണ്ടുനൂറ്റാണ്ടുകൾക്കിപ്പുറത്ത് അസ്വസ്ഥതകളുടെയും ഏറ്റുമുട്ടലുകളുടെയും രംഗങ്ങൾ വീക്ഷിക്കാൻ മാനന്തവാടി സാക്ഷിയാകേണ്ടിവന്നു. കബനീനദിയുടെ പോഷകനദിയായ മാനന്തവാടിപ്പുഴ അരഞ്ഞാണമായി ഒഴുകുന്ന വള്ളിലൂർക്കാവിൽ വയനാട്ടിലെ എല്ലാ വിഭാഗം ജനങ്ങളും ഒത്തുകൂടുന്നു എന്നതും ശ്രദ്ധേയമാണ്. വെള്ളക്കാർ കുതിരസവാരി പരിശീലിച്ചിരുന്ന കുതിരച്ചാട്ടപ്പൊയിൽ (കൊയിലെരി) ഈ പഞ്ചായത്തിലാണ്. 1919മുതൽ വെടിമരുന്നിനു ലൈസൻസ് കിട്ടിയ വയനാട് താലൂക്കിലെ ഏക അംഗീകൃത വ്യാപാരിയുടെ പിൻമുറക്കാരനായ ജി.വി.കൃഷ്ണമൂർത്തി ഇന്നും ആ രംഗത്തു തുടരുന്നു.

ബ്രിട്ടീഷുകാരുടെ ഭരണത്തിൻ കീഴിൽ വയനാട് മലബാർ ജില്ലയിലെ താലൂക്കുകളിൽ ഒന്നായിരുന്നപ്പോൾ മാനന്തവാടി ആയിരുന്നു താലൂക്ക് ആസ്ഥാനം. മാനന്തവാടിയുടെ ഗതകാല ചരിത്രം തിളക്കമാർന്നതും ആവേശകരവുമാണ്. നൂറ്റാണ്ടുകളോളം പഴക്കമുള്ള സാംസ്കാരിക പാരമ്പര്യത്തിന് തിലകം

ചാർത്തുന്നതാണ് പഴശ്ശിയുടെ വീരോചിതമായ അന്ത്യം. 'സ്വന്തം നാടിന്റെ ഭാവിയും സുസ്ഥിരതയും ഇവിടത്തെ ജനങ്ങൾ തന്നെയാണ് നിർണ്ണയിക്കേണ്ടത് എന്ന്' ധാർഷ്ട്യം കൊണ്ട് മുട്ടുമടക്കാത്ത വെള്ളക്കാരനോടു പറഞ്ഞ പഴശ്ശിയുടെ ആത്മാവ് മാനന്തവാടിക്കാർക്ക് എന്നും പ്രചോദനമാണ്. നമ്മുടെ ഉപ്പും കഞ്ഞിയും നമുക്ക് ഉതകുന്ന വിധത്തിൽ തയ്യാറാക്കാൻ മറ്റൊരാളുടെ സഹായം വേണ്ടതല്ല എന്ന് ഈ ചരിത്രപാരമ്പര്യം ഉദ്ഘോഷിക്കുന്നു. ചരിത്രപരമായ മറ്റൊരു കടമ നിർവഹിക്കാനുള്ള നിയോഗം ഏറ്റെടുക്കേണ്ടവരാണ് നാം: മുൻസൂചിപ്പിച്ചതുപോലെ ഇന്നലെയുടെ സൗഭാഗ്യത്തിന്റെ മികവിൽ നിന്ന് ശോഭനമായ ഭാവി ആസൂത്രണം ചെയ്യുന്നതിനുള്ള ജനകീയമായ ഈ മുന്നേറ്റത്തിൽ നമുക്ക് ഒത്തുചേരാം.

4. ഭൂപ്രകൃതി ജനപ്രകൃതി ജലവിഭവം

സമുദ്രനിരപ്പിൽ നിന്ന് 2570 അടി ഉയരത്തിൽ ഡക്കാൻ പീഠഭൂമിയുടെ ഭാഗമായി സ്ഥിതി ചെയ്യുന്ന കുന്നുകളും; താഴ്‌വാരകളും വയലേലകളും ഇടകലർന്ന മനോഹരമായ ഭൂപ്രകൃതി നിലനിൽക്കുനന പ്രദേശമാണ് മാനന്തവാടി പഞ്ചായത്ത്. പേര്യയിൽ നിന്ന് ആരംഭിച്ച് മാനന്തവാടി പുഴ പഞ്ചായത്തിന്റെ തെക്ക് കിഴക്ക് അതിരുകളിലൂടെ ഒഴുകി കൂടൻകടവിൽ വെച്ച് കബനിയിൽ ലയിക്കുന്നു.

ഉത്തരഅക്ഷാംശം 11.48ഡിഗ്രിയിലും പൂർവ്വരേഖാംശം 76.01ഡിഗ്രിയിലുമായി സ്ഥിതി ചെയ്യുന്നു. 80.10 ച.കി.മീ വിസ്തീർണ്ണമുള്ള പഞ്ചായത്തിന്റെ അതിരുകൾ വടക്ക് തിരുനെല്ലി ഗ്രാമപഞ്ചായത്തും; തെക്ക്, കിഴക്ക് മാനന്തവാടി പുഴയും; പടിഞ്ഞാറ് തവിഞ്ഞാൽ ഗ്രാമപഞ്ചായത്തുമാണ്.

ഭൂപ്രകൃതിയനുസരിച്ച് പഞ്ചായത്തിനെ 7 മേഖലകളാക്കി തിരിക്കാം.

1) ഉയർന്ന സമതലം.

2) താഴ്ന്ന സമതലം (വയൽ)

3) കുന്ന്

4) ഇടത്തരം ചെരിവ്

5) കുത്തനെയുള്ള ചെരിവ്

6) വെള്ളം കയറുന്ന മേഖല

7) പുഴതീരം (പൊയിൽ)

പഞ്ചായത്തിൽ ലോമിസോയിൽ (പൂഴികലർന്ന മണ്ണ്) ലാറ്ററൈറ്റ്, എക്കൽ മണ്ണ് എന്നിവയാണ് മണ്ണിനങ്ങൾ. പൂഴികലർന്ന മണ്ണാണ് നമ്മുടെ പഞ്ചായത്തിലെ ഭൂരിഭാഗം പ്രദേശങ്ങളിലുമുള്ളത്.

## ജനപ്രകൃതി

1991ലെ സെൻസസ്സ് കണക്കുകൾ പ്രകാരം പഞ്ചായത്തിലെ ജനസംഖ്യ 37,836 ആണ്. ഇതിൽ 19076 പുരുഷൻമാരും 18,670 സ്ത്രീകളുമുണ്ട്. ഈ പഞ്ചായത്തിൽ കേരളത്തിലെ പൊതുസ്ഥിതിക്ക് വിപരീതമായി സ്ത്രീകളെക്കാൾ 309 പുരുഷൻമാർ കൂടുതലായിട്ടുണ്ട്. പഞ്ചായത്തിലെ ആകെ വീടുകൾ 9647 ആണ്. ശരാശരി 4 ആളുകൾ ഒരു വീട്ടിലുണ്ട്. ജനസാന്ദ്രത ച.കി.മീറ്ററിന് 432 ആണ്. ആറുവയസ്സിന് താഴെപ്രായമുള്ള 5440 കുട്ടികളുണ്ട്. ഇതിൽ 2784 ആൺകുട്ടികളും; 2784 ആൺകുട്ടികളും; 2656 പെൺകുട്ടികളുമാണ്. പട്ടികജാതി ജനസംഖ്യ 1374ഉം, പട്ടികവർഗ്ഗജനസംഖ്യ 5514ഉം ആണ്. പട്ടികജാതിയിൽ 694 പുരുഷൻമാരും; 680 സ്ത്രീകളും; പട്ടകവർഗ്ഗത്തിൽ 2678 പുരുഷൻമാരും '2836 സ്ത്രീകളുമാണുള്ളത്. സാക്ഷരതരുടെ എണ്ണം 27817 ആണ്.

ഹിന്ദു, കൃസ്ത്യൻ, മുസ്ലിം, ജൈന, മതത്തിൽപ്പെട്ടവർ ഇടകലർന്ന് ജീവിക്കുന്നു. കാർഷികവൃത്തിക്കായ് തെക്കൻ കേരളത്തിൽ നിന്നും കുടിയേറിയവരാണ് കൃസ്ത്യൻ വിഭാഗത്തിൽ ഭൂരിപക്ഷവും. കച്ചവടത്തിനായും മറ്റും വന്ന മുസ്ലിംകൾ, കണ്ണൂർ, വടകര, നാദാപുരം എന്നീ പ്രദേശങ്ങളിൽ നിന്നും വന്നവരാണ്. 18

ാം നൂറ്റാണ്ടിൽ കർണ്ണാടകത്തിൽ നിന്നും വന്ന മുസ്ലിം പഠാണികളിലെ പിൻ തലമുറക്കാരായ ചില കുടുംബങ്ങൾ ഇന്നും ഈ പഞ്ചായത്തിലുണ്ട്. 18 ാം നൂറ്റാണ്ടിന്റെ അവസാനം കർണ്ണാടകയിൽ നിന്നും വന്നവരാണ് ജൈനമത വിശ്വാസികളായ ഗൗഡർമാർ; കാലിവളർത്തൽ കുലത്തൊഴിലായി സ്വീകരിച്ച യാദവസമുദായക്കാർ ബ്രിട്ടീഷ് ഭരണകാലത്ത് ആന്ധ്രയിൽ നിന്നും വന്നവരാണ്. മാനന്തവാടിയിലെ എരുമത്തെരുവാണ് ഇവരുടെ കേന്ദ്രം. കച്ചവടാർത്ഥം കർണാടകയിൽ നിന്നും വന്ന ചെട്ട്യാൻമാർ ഇന്നും ഈ പഞ്ചായത്തിൽ വസിക്കുന്നു.

വിദ്യാഭ്യാസരംഗത്ത് വയനാട് ജില്ലയിൽ മുന്നോക്കം നിൽക്കുന്ന പഞ്ചായത്തുകളിലൊന്നാണ് മാനന്തവാടി. വിദ്യാഭ്യാസം നേടുന്നവരുടെ എണ്ണം കാലാനുസൃതമായി വർദ്ധിക്കുന്നുണ്ടെങ്കിലും പഠനനിലവാരത്തിൽ പിന്നോക്കമാണ്. ഈ സ്ഥിതി വിശേഷം അടിയന്തിരമായും പരിഹരിക്കേണ്ടതുമാണ്. അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ പരിഹരിക്കാൻ തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് ഊന്നൽ നൽകേണ്ടതായിട്ടുണ്ട്.

## ജലപ്രകൃതി

വർഷത്തിൽ ശരാശരി 2464.6 മി.മീ.മഴ ലഭിക്കുന്നുണ്ട്. ജൂൺ, ജൂലായ് മാസങ്ങളിലാണ് ഏറ്റവും കൂടുതൽ മഴ ലഭിക്കുന്നത് ഏപ്രിൽ, മെയ്, നവംബർ മാസങ്ങളിലാണ് മഴ ഏറ്റവും കുറവ്. ജനുവരി, ഫിബ്രവരി, ഡിസംബർ മാസങ്ങളിൽ വളരെ അപൂർവ്വമായേ മഴ ലഭിക്കാറുള്ളൂ. പഞ്ചായത്തിന്റെ തെക്കുകിഴക്കതിർത്തിയിലൂടെ ഒഴുകുന്ന മാനന്തവാടി പുഴ നമ്മുടെ പഞ്ചായത്തിലെ ഏറ്റവും പ്രധാന ജല സ്രോതസ്സാണ്. കൂടാതെ മാനന്തവാടി പുഴയിൽ സംഗമിക്കുന്ന ചെറുപുഴയും, കണിയാരം ഓടം തോട്, ചെറ്റപ്പാലം തോട്, മുണ്ടംതോട്, തുടങ്ങിയ തോടുകളും, ചിറകൾ, കുളങ്ങൾ എന്നിവയും നമ്മുടെ പഞ്ചായത്തിലെ ജലസ്രോതസ്സുകളാണ്. വർഷക്കാലത്ത് നിറഞ്ഞൊഴുകുന്ന പുഴയും, കൈത്തോടുകളും സമൃദ്ധമായ മഴയും ഉണ്ടെങ്കിലും ജലം സംരക്ഷിക്കുന്നതിനും സംഭരിക്കുന്നതിനും ഉതകുന്ന പദ്ധതികൾ ഇല്ല.





MANANTHAVADY
GRAMA PANCHAYATH
THAVINGHAL PANCHAYAT
KABANI RIVER
KABANI RIVER
I
II
III
IV
V
VI
VII
VIII
IX
X
XI
XII
XIII
XIV
N
E



5(1)

വയൽ നാടായ വയനാടിന്റെ സവിശേഷതകൾ മാനന്തവാടി പഞ്ചായത്തിന്റെ കാർഷിക രംഗത്തും കാണാവുന്നതാണ്. മാനന്തവാടിയിലെ കൃഷിയിടങ്ങളുടെ ഭൂരിഭാഗവും പഞ്ചായത്തിലെ ശ്രീവള്ളിയൂർക്കാവ് ദേവസ്വത്തിന്റെയും കൊയിലേരിയിലെ വാടിയൂർ ദേവസ്വത്തിന്റെയും അധീനതയിൽപ്പെട്ടതായിരുന്നു. ബ്രാഹ്മണർ, ചെട്ടിമാർ, ഗൗഡന്മാർ തുടങ്ങി വൻകിട ജന്മിമാരും വൻകിട രജിസ്ട്രേട് കുടിയാന്മാരും ഉണ്ടായിരുന്നു. ജന്മി കുടിയാൻ ബന്ധം നിലനിന്നിരുന്ന പഴയ കാലത്ത് പാട്ടച്ചാർത്ത് പ്രകാരമായിരുന്നു കുടിയാന്മാർ ഭൂമി കൈവശം വെച്ചിരുന്നത്. കുടിയാൻ ജന്മിക്ക് വയൽ കൃഷിക്ക് വിത്തിന് തുല്ല്യമായ അളവ് നെല്ല് പാട്ടമായി കൊടുത്തുപോന്നു. കരഭൂമിക്ക് ഏക്കർ ഒന്നിന് അഞ്ചുരൂപ യാണ് കൊടുക്കേണ്ടിയിരുന്നത്. പണിയൻ, കുറിച്യൻ, അടിയൻ, കുറുമർ എന്നിവരായിരുന്നു ജന്മിമാരുടെ കാർഷിക തൊഴിലാളികൾ.

1930 കളുടെ തുടക്കത്തിൽ ഉണ്ടായ കുടിയേറ്റം 1960 ഓടെ വളരെ സജീവമായി. ഇക്കാലംവരെയും പ്രധാനമായും വയൽ കൃഷിയാണ് ചെയ്തിരുന്നത്. ഇതിനായി തൊണ്ടി, ചോമാല വെളിയൻ, ഗന്ധകശാല, ജീരകശാല, കഴമ, ഞവര പുഞ്ച എന്നീ വിത്തിനങ്ങൾ ഉപയോഗിച്ചുപോന്നു. മഴക്കാലത്ത് ചെയ്യുന്ന ഒരുപ്പൂ കൃഷിമാത്രമേ അന്നു ചെയ്തിരുന്നുള്ളൂ. കുംഭമാസത്തിൽ പൊടിവിതയായി ചെയ്തിരുന്ന വാളിച്ചയായിരുന്നു ഈ രീതിയിൽ കൂടുതൽ ചെയ്തിരുന്നത്. കൂട്ടുകുടുംബ രീതി അനുവർത്തച്ച് പോന്നതിനാലും ധാരാളം കന്നുകാലികളെ വളർത്താൻ സാധിച്ചതിനാലും ചാണകം ഉപയോഗിച്ച് കൃഷി മെച്ചപ്പെട്ടരീതിയിൽ നടത്തിയിരുന്നു. സ്വന്തമായി നിർമ്മിച്ച 'നേഞ്ഞൻ' (കലപ്പ) കൊണ്ട് കാള പോത്ത് എന്നിവയെ ഉപയോഗിച്ച് നിലം ഉഴുകിച്ചിരുന്നു. ഓണത്തിനു മുമ്പ് വയൽപ്പണിതീർക്കാൻ ജന്മിമാർ ശ്രദ്ധിച്ചിരുന്നു. ഇതിനായി ആദിവാസിത്തൊഴിലാളികളെ മുഴുവനായി ഉപയോഗപ്പെടുത്തുന്ന 'കമ്പളം' നടത്തിയിരുന്നു. നിലമൊതുക്കുന്നതിനായി 'ചേരിപ്പ്' 'പക്ക' 'താവ' എന്നിവ വിവിധ അവസരങ്ങളിൽ ഉപയോഗിച്ചിരുന്നു. പണിയെടുക്കുന്ന സമയത്ത് മഴകൊള്ളാതിരിക്കാൻ കൊരമ്പയാണ് സഹായിച്ചിരുന്നത്.

കരയിൽ വീടിനോട് ചേർന്ന ഭാഗത്ത് കാപ്പി കുരുമുളക്, മുത്താരി, ചാമ, ചോളം, കടുക് എന്നിവയാണ് കൃഷിചെയ്തിരുന്നത്. കരകൃഷിയിൽ നിന്ന് ഇക്കാലത്ത് കാര്യമായ അദായമൊന്നും ലഭിച്ചിരുന്നില്ല. ആദ്യകാലങ്ങളിൽ കാർഷികത്തൊഴിലാളികൾക്ക് രണ്ടുസേർ നെല്ലും സ്ത്രീകൾക്ക് ഒന്നര സേർ നെല്ലുമാണ് വല്ലിയായി (കൂലി) നൽകിയിരുന്നത്. ഓണം, വിഷു തുടങ്ങിയ വിശേഷ ദിവസങ്ങളിൽ സദ്യയ്ക്ക് പുറമെ വെറ്റില, അടക്ക, എണ്ണ, തേങ്ങ, ഉപ്പ് കാരിക്കൻ, ഒരു പറനെല്ല് എന്നിവ നല്കിയിരുന്നു. മകര മാസത്തിൽ 'ഉച്ചാല്' ആചരിച്ചിരുന്നു. അന്ന് സ്ഥിരം തൊഴിലാളികൾക്ക് ആറ് പൊതി നെല്ല് പ്രത്യേക ആനുകൂല്യമായി കൊടുത്തിരുന്നു.

പഴയകാലത്ത് നെൽകൃഷിയെ ബാധിക്കുന്ന കീടങ്ങൾക്കെതിരായി കീടനാശിനികൾ ഉപയോഗിച്ചിരുന്നില്ല. പാറകം, തേരകം, മാവ്, കാഞ്ഞിരം, എന്നിവയുടെ ഇലകളോടു കൂടിയ കൊമ്പ് വയലിൽ കുത്തിവെയ്ക്കുക പതിവായിരുന്നു. വയലിൽ വിളക്ക് കെണി (ചൂട്ടകത്തിച്ച്) കീടങ്ങളെ നിയന്ത്രിച്ചിരുന്നു. എലി ശല്ല്യം ഒഴിവാക്കാൻ കൈതത്തണ്ട്, ഓലമടൽ, മുതലായവ വയലിൽ നാട്ടിവെയ്ക്കുമ്പോൾ അതിൽ മൂങ്ങ ഇരിക്കുകയും എലിയെ പിടിക്കുകയും ചെയ്തിരുന്നു. പന്നി, മുയൽ, തുടങ്ങിയ മൃഗങ്ങൾ വിളനാശം വരുത്തുന്നത് തടയാൻ 'കാവൽമാടങ്ങൾ' (അട്ടൻ) ഉപയോഗിച്ചിരുന്നു. വന്യമൃഗശല്ല്യം തടയുന്നതിന് കൃഷിക്കാർ അമ്പും വില്ലും തോക്കും ഉപയോഗിച്ചിരുന്നു.

കൊയ്ത് തരിയിട്ട് വയലിൽ ഉണക്കിയ ശേഷം വാരി 'വെത'യിടുകയും (കൊയ്ത നെല്ല് മെതിക്കാതെ സൂക്ഷിക്കുന്ന സംവിധാനം) ആവശ്യത്തിനനുസരിച്ച് 'ഒക്കി' (കാലികളെ കുറ്റിയിൽ നിരയായി കെട്ടിയിട്ട് വട്ടത്തിൽ ചവിട്ടിച്ച് നെല്ല് മെതിക്കുക) എടുക്കുകയായിരുന്നു പതിവ്. ഇങ്ങനെ കിട്ടിയനെല്ല് വലിയ പത്തായങ്ങളിലും 'തുമ്പ' കളിലും സൂക്ഷിച്ചിരുന്നു.

ആദ്യകാലത്ത് മരുമക്കത്തായ സമ്പ്രദായം നിലനിന്നിരുന്നതിനാൽ ഭൂമി തുണ്ടം തുണ്ടമായി വിഭജിക്കപ്പെട്ടിരുന്നില്ല. 1930 കളിൽ ആരംഭിച്ച തെക്കൻ കേരളത്തിൽ നിന്നുള്ള കുടിയേറ്റം വയനാടിന്റെ മൊത്തത്തിലും മാനന്തവാടിയിൽ പ്രത്യേകിച്ചും കാർഷികരംഗത്ത് ചടുലമായ മാറ്റങ്ങൾ വരുത്തുന്നതിനു പ്രേരണയായി. കുടിയേറ്റക്കാർ വനഭൂമികൾ വെട്ടിത്തെളിച്ച് കൂടുതൽ കൃഷിയോഗ്യമാക്കി. 1957 ലെ കാർഷിക ബന്ധബില്ലും 1970 തിൽ ഭൂപരിഷ്കരണ നിയമവും നടപ്പിലാക്കിയതോടെ ജന്മികുടിയാൻ ബന്ധം അവസാനിക്കുകയും കൃഷിക്കാർക്ക് കൈവശ ഭൂമിയ്ക്കു ജന്മാവകാശം ലഭിക്കുകയും ചെയ്തു.

കാർഷികാവശ്യത്തിന് ആദ്യകാലങ്ങളിൽ മഴയെ ആശ്രയിക്കുകയായിരുന്നു പതിവ്. കൂടാതെ തോടുകൾ, തലകുളങ്ങൾ എന്നിവയും കൃഷിക്ക് ഉപയുക്തമായിരുന്നു.

പത്തൊമ്പതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തോടെ ഇംഗ്ലീഷ് ആന്റ് സ്കോട്ടിഷ് കമ്പനിയുടെ വകയായി ചിറക്കര, ജെസ്സി, എന്നിവടങ്ങളിൽ തേയിലത്തോട്ടം ആരംഭിച്ചു. 1888 – ൽ ആദ്യമായി സർവ്വേ നടന്നു. 1928 റീ സർവ്വേ പ്രവർത്തനങ്ങൾ പൂർത്തിയായി. സർവ്വേ നടന്നതോടെ ഭൂമിപലതായി തിരിക്കപ്പെട്ടു. ഇതനുസരിച്ച് ഭൂമിക്ക് സർവ്വേനമ്പർ, സബ്ബ് ഡിവിഷൻ തരം, നികുതി, കൃഷിയും ഭൂമിയും സംബന്ധിച്ച വിവിരം, ജന്മിയുടെ പേർ, പട്ടയ നമ്പർ, രജിസ്ട്രേഡ് കുടിയാന്മാരെ സംബന്ധിച്ച വിവരങ്ങൾ എന്നിവ വ്യക്തമായി രേഖപ്പെടുത്താനും, ഭൂമിയുടെ തരം തിരിവ് അനുസരിച്ച് നികുതി ചുമത്താനും ഒട്ടു നികുതിയുടെ കണക്ക് തിട്ടപ്പെടുത്താനും കഴിഞ്ഞു. ജനസംഖ്യ കന്നുകാലികൾ, ജാതി തരംതിരിച്ച് വിവരങ്ങൾ എന്നിവയും ശേഖരിച്ച് 'A' രജിസ്റ്ററിൽ രേഖപ്പെടുത്തിയിരുന്നു. സർവ്വേക്ഴിഞ്ഞ ഭൂമിയുടെ സർവ്വേ മാപ്പും തയ്യാറാക്കിയിട്ടുണ്ട്. കൃഷിഭൂമിയ്ക്കുള്ള ഫലഭൂഷ്ടതയും അനുയോജ്യതയും അനുസരിച്ച് വയൽ (wef) കര (dry) തോട്ടം അഥവ കൃഷിഭൂമി (Ed) തരിശ് (കൃഷിയോഗ്യം) (dd) കുരവ (pw) കൃഷിയോഗ്യമല്ലാത്ത കാട് (UD) എന്നിങ്ങനെ പലതായി തിരിച്ചിരിക്കുന്നു.

**പട്ടിക – 2**

**1928 ലെ നികുതി സംബന്ധിച്ച വിവരം**

| ദേശം | റീസെറ്റിൽമെന്റിന് മുമ്പ് | | | ശേഷം | | |
|---|---|---|---|---|---|---|
| | ക | അണ | പൈ | ക | അണ | പൈ |
| ഓഴക്കോടി | 1665 | 1 | 0 | 2338 | 13 | 0 |
| വേമോം | 4652 | 3 | 0 | 8889 | 0 | 0 |
| ആറാട്ടുതറ | 898 | 11 | 0 | 1227 | 13 | 0 |
| | 7215 | 15 | 0 | 12454 | 26 | 0 |

അവലംബം – സെറ്റിൽമെന്റ് രജിസ്ട്രർ – 1928 താത്കാലിക കൃഷി (പുഞ്ചകൃഷി)ക്ക് ചുമത്തിയിരുന്ന സെസ്സ് ഇതിൽപ്പെടുന്നില്ല. അത് അപ്പപ്പോൾ ചുമത്തുകയാണ് പതിവ്.

**പട്ടിക – 3**

**നാൽക്കാലികളുടേയും മറ്റും വിവരങ്ങൾ – 1928**

| ദേശം | കാളകളും പോത്തുകളും | പശുക്കൾ | എരുമകൾ | കന്നുകുട്ടികൾ | ആടുകൾ | കാളവണ്ടികൾ | നേത്തിൽ (കലപ്പ) |
|---|---|---|---|---|---|---|---|
| വേമോം | 836 | 610 | 286 | 861 | 188 | 44 | 343 |
| ഓഴക്കോടി | 202 | 298 | 117 | 351 | 30 | 4′ | 134 |
| ആറാട്ടുതറ | 184 | 158 | 52 | 155 | 7 | - | 92 |
| ആകെ | 1222 | 1066 | 455 | 1367 | 225 | 48 | 569 |

**പട്ടിക – 1**

**അവലംബം : 1928 ലെ റീ–സെറ്റിൽമെന്റ് റെജിസ്റ്റർ**

| ദേശം | വീടുകൾ | ജനസംഖ്യ | | | | മതങ്ങൾ | |
|---|---|---|---|---|---|---|---|
| | | ആൺ | പെൺ | ആകെ | ഹിന്ദു | മുഹമ്മതീയർ | മറ്റുള്ളവർ |
| വേമോം | 285 | 2681 | 1788 | 4469 | 3221 | 721 | 527 |
| ഓഴക്കോടി | 196 | 764 | 686 | 1450 | 967 | 442 | 41 |
| ആറാട്ടുതറ | 126 | 381 | 349 | 730 | 593 | 33 | 104 |
| ആകെ | 607 | 3823 | 6647 | 4781 | 1196 | 67 | 2 |

## മഴ അളവ് വിവരങ്ങൾ

തോത് പഴയ രീതി. 10 അംശം = 1 ഇഞ്ച് , 8 ഇഞ്ച് = 1 നാഴി

| | ഇഞ്ച് അളവിൽ | | | | | | മി.മീറ്റർ അളവിൽ | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| മാസം | 1857 | 1920 | 1923 | 1929 | 1960 | 1962 | 1975 | 1976 | 1990 | 1994 | 1995 | 1996 |
| ജനവരി | – | – | – | – | 0.04 | 0.18 | 2.09 | - | 32.4 | 28.5 | – | – |
| ഫെബ്രുവരി | – | – | – | - | - | 1.60 | – | – | – | – | – | – |
| മാർച്ച് | – | 0.15 | 2.82 | 1.24 | – | 0.30 | 15.2 | 4.2 | – | 3.1 | – | 9.5 |
| ഏപ്രിൽ | 6.21 | 3.09 | 1.56 | 4.95 | 9.78 | 3.34 | 41.8 | 40.30 | 34.0 | 94.3 | 84.9 | 141.1 |
| മെയ് | 37.69 | 3.03 | 3.60 | 3.41 | 8.66 | 13.71 | 102.0 | 31.5 | 216.4 | 80.2 | 223.0 | 19.9 |
| ജൂൺ | 43.38 | 29.14 | 16.89 | 33.17 | 11.88 | 109.52 | 812.9 | 84.1 | 763.3 | 775.4 | 256.4 | 610.3 |
| ജൂലൈ | 52.61 | 59.08 | 61.35 | 50.09 | 35.94 | 1232.65 | 564.7 | – | 442.9 | 589.5 | 723.2 | 854.5 |
| ആഗസ്റ്റ് | 72.28 | 10.94 | 66.79 | 16.28 | 16.95 | 582.17 | 915.0 | 458.45 | 617.8 | 447.7 | 468.9 | 411.1 |
| സെപ്തംബർ | 1.01 | 2.73 | 7.01 | 6.07 | 11.94 | 236.07 | 245.9 | 173.30 | 65.5 | 234.2 | 440.6 | 160.7 |
| ഒക്ടോബർ | 26.20 | 5.45 | 1.65 | 5.12 | 5.27 | 285.90 | 158.5 | 151.2 | 305.2 | 194.0 | 61.2 | 324.3 |
| നവംബർ | 0.75 | 3.83 | 1.71 | 1.00 | 9.06 | – | 36.9 | 148.20 | 8.6 | 92.2 | 35.5 | 17.0 |
| ഡിസംബർ | – | 0.13 | 0.98 | 0.05 | – | – | – | – | – | – | – | |
| ആകെ | 244.13 | 117.44 | 163.51 | 122.31 | 109.57 | 2465.44 | 2894.99 | 1091.25 | 2486.1 | 2539.1 | 2293.7 | 2548.4 |

പട്ടിക - 4

**കാർഷിക വിളകൾ സംബന്ധിച്ച വിവരങ്ങൾ**

| വിസ്തീർണ്ണം ഏക്രയിലാണ് രേഖപ്പെടുത്തിയിട്ടുള്ളത് | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| ദേശം | നെല്ല് | ചോളം | മുത്താറി | കുരുമുളക് | കാപ്പി | ചായ | പുകല | വാഴ | മുതിര | പച്ചമുളക് |
| വേമോം | 1518 | - | 193.18 | 195 | 75 | 1281.82 | .44 | 285 | 6.46 | 0.68 |
| ഓഴക്കോടി | 466 | - | 175 | 165 | 10 | - | .10 | 120 | - | - |
| ത്തറാട്ടുതറ | 386.37 | - | 31 | 31 | 12 | - | .10 | 62 | - | 0.20 |
| ആകെ | 2370.37 | - | 399.18 | 391 | 97 | 1281.82 | .64 | 467 | 6.46 | 0.88 |

അവലംബം : 1928 ലെ റീസെറ്റിൽമെന്റ് റെജിസ്ടർ

ആദ്യകാലത്ത് അളവ്, തൂക്കം. എന്നിവക്ക് പഴയരീതിയാണ് സ്വീകരിച്ചിരുന്നത്. റാത്തൽ, തുലാം (32 റാത്തൽ) എന്നിവ തൂക്കത്തെയും നാഴി സേർ, പറ (12 1/2 സേർ) എന്നിവ അളവിനെയും സൂചിപ്പിച്ചിരുന്നു. ആദ്യകാലങ്ങളിൽ നെല്ല്, കുരുമുളക്, കാപ്പി എന്നിവ അളന്നാണ് കണക്കാക്കിയിരുന്നത്. വിപണനസൗകര്യം വേണ്ടത്ര ഇല്ലാതിരുന്നകാലത്ത് കർഷകന് നാമമാത്രമായ വിലയാണ് ലഭിച്ചിരുന്നത്. കാപ്പിയുടെ വിപണനം ആദ്യകാലത്ത് കോഫിബോർഡിന്റെ നിയന്ത്രണത്തിലായിരുന്നു 1947 - 48 ലാണ് അക്കാലത്ത് കുരുമുളകിന് ഏറ്റവും ഉയർന്ന വിലലഭിച്ചത്

1857 മുതൽ 1996 വരെ മാനന്തവാടിയിൽ പെയ്ത മഴയുടെ കണക്ക് പട്ടികയായികൊടുക്കുന്നു. 1882, 1901, 1923, 1924 എന്നീ വർഷങ്ങളിലാണ് ഏറ്റവും കൂടുതൽ മഴ ലഭിച്ചത്.

1962 ലും 1975 ലും വെള്ളപൊക്കം ഉണ്ടായി 1994 ലും 96 ലും പെയ്ത മഴയുടെ അളവിൽ കാര്യമായ വ്യത്യാസം ഇല്ല എന്ന് കാണാം. വർഷംതോറും ലഭിക്കുന്ന മഴയുടെ അളവ് കുറഞ്ഞു വരുന്നതായി വർഷപാതിത്തിന്റെ കണക്കുകൾ പരിശോധിച്ചാൽ വ്യക്തമാകും. (പട്ടിക 5)

1940 നുശേഷം മാനന്തവാടിയിലേക്ക് കുടിയേറ്റം വർദ്ധിച്ചതോടെ സ്വാഭാവിക വനത്തിന്റ് വിസ്തൃതി കുറഞ്ഞു. ഹ്രസ്വകാലവിളകളുടെ ആവർത്തിച്ചുള്ള കൃഷിമണ്ണിന്റെ ഫലപൂയിഷ്ടത കുറയുന്നതിന് കാരണമായി.

**കാർഷിക മേഖലയിൽ സമീപകാലത്ത് വന്നമാറ്റങ്ങൾ**

ജനസാന്ദ്രത വർദ്ധിച്ചതും ഇടമഴയുടെ കുറവ് അന്തരീക്ഷ ഊഷ്മാവിന്റെ വർദ്ധനവ് തുടങ്ങി കാലാവസ്ഥയിൽ വന്നിട്ടുള്ള മാറ്റങ്ങളും, സ്വാഭാവിക ജലസ്രോതസുകൾ കുറഞ്ഞുവന്നതും സമീപകാലത്തായി കാർഷിക മേഖലയിൽ മാറ്റത്തിന്നു കാരണമായി. വ്യാപകമായി കൃഷിചെയ്തിരുന്ന, ഒാറഞ്ച്, തൈലപ്പുല്ല്, കരിമ്പ്, എള്ള്, ചാമ, ചോളം, തിന, മുത്താറി, എന്നിവ ഏതാണ്ട് പൂർണ്ണമായും അപ്രത്യക്ഷമായി.

പ്രതികൂലമായ കാലാവസ്ഥയും വിലക്കുറവും കാപ്പികൃഷിയിൽ നിന്നും പിന്തിരിയാൻ കർഷകരെ പ്രേരിപ്പിച്ചു. ദ്രുതവാട്ടം മൂലം കരുമുളക് കൃഷിയും പ്രതിസന്ധിയിലായി. നെൽകൃഷി ലാഭകരമല്ലാതെ വന്നതിനാൽ ഭാഗികമായി വയലുകൾ നാണ്യവിളകളുടെ കൃഷിയിടങ്ങളായി മാറി. നെൽകതിരുകൾ നിരന്നിരുന്ന വയലേലകളിൽ, ഇഞ്ചിയും, വാഴയും, കവുങ്ങും, തെങ്ങും മറ്റും കുടിയേറി തുടങ്ങി. ഇഞ്ചിയും വാഴയും കാർഷികവരുമാനത്തിൽ അഗ്രസ്ഥാനത്തെത്തി. എന്നാൽ സമീപകാലത്തായി ഇഞ്ചി മാഹാളി ബാധിച്ച് വ്യാപകമായ നാശത്തെ നേരിട്ടത് ഇഞ്ചി കൃഷിയിൽ നിന്നും പിന്തിരിയുവാൻ കർഷകരെ പ്രേരിപ്പിച്ചിട്ടുണ്ട്.

1993 ഓടെ കാപ്പിയുടെ വിലയിലുണ്ടായ അഭൂതപൂർവ്വമായ വർദ്ധനവ് വീണ്ടും കാപ്പി കൃഷിയിലേക്ക് തിരിച്ചുപോക്കിന് വഴിയൊരുക്കിയിട്ടുണ്ട്. കുരുമുളകിന്റെ വിലയിലുണ്ടായ വർദ്ധനവും ഊർജ്ജിതമായ രോഗപ്രതിരോധ പ്രവർത്തനങ്ങളും ഈ രംഗത്ത് കർഷകർക്ക് നേരിയ ഉണർവിന് കാരണമാക്കിയിട്ടുണ്ട്.

പമ്പുസെറ്റുകളുടെ ഉപയോഗം കൂടുതൽ തരിശുഭൂമികൾ കൃഷിയോഗ്യമാക്കി. അത്യുൽപ്പാദനശേഷിയുള്ള വിത്തുകൾ, ജൈവ വളങ്ങളെക്കാൾ രാസവളങ്ങളുടെ ഉപയോഗം, എന്നിവയും കാർഷി മേഖലയിൽ താല്ക്കാരികമായ ഉൽപാദന വർദ്ധനവിന് കാരണമായി. 1980 ന് വയനാട് ജില്ലാ രൂപീകൃതമായതോടെ സർക്കാർ തലത്തിൽ ഉണ്ടായിട്ടുള്ള പൊതുവികസനം കാർഷിക മേഖലയിലും പ്രതിഫലിച്ചിട്ടുണ്ട്. കാർഷിക മേഖലയിൽ സർക്കാർ നടപ്പിലാക്കിയ പദ്ധതികളും കാർഷിക വളർച്ചയ്ക്ക് ഉത്തേജനം നൽകി.

എന്നാൽ രാസവളങ്ങളുടേയും കീടനാശിനികളുടേയും അശാസ്ത്രീയമായ അമിത ഉപയോഗം മണ്ണിന്റെ ജൈവാംശം നഷ്ടപ്പെടാനും, ശത്രു കീടങ്ങളുടെ പ്രതിരോധശേഷി വർദ്ധിപ്പിക്കുക വഴി രോഗങ്ങൾ നിയന്ത്രണാധീനമാക്കുവാൻ കഴിയാത്ത സാഹചര്യവും സൃഷ്ടിച്ചിട്ടുണ്ട്. ആധുനിക വിത്തുകളുടെ ഉൽപ്പാദനക്ഷമത നിലനിർത്താൻ കഴിയാതെ വന്നതും കാർഷികരംഗത്തെ കാര്യക്ഷമതയെ പ്രതികൂലമായി ബാധിച്ചു തുടങ്ങിയിട്ടുണ്ട്.

നേരത്തെ ലാഭകരമല്ലാതിരുന്ന തെങ്ങ് കവുങ്ങ്, കശുമാവ്, റബ്ബർ, തുടങ്ങിയ കാർഷിക വിളകൾ കാലാവസ്ഥയിൽ വന്ന മാറ്റത്തെ തുടർന്ന് ഉൽപ്പാദനക്ഷമത കൈവരിക്കുകയും, കാർഷിക മേഖലയിൽ ആധിപത്യം സ്ഥാപിച്ചു തുടങ്ങുകയും ചെയ്തിട്ടുണ്ട്. സമീപവനങ്ങളിലേയും പുഴയോരങ്ങളിലേയും പ്രകൃതി ദത്ത വൃക്ഷങ്ങളുടെ നാശം ജലസ്രോതസ്സുകളുടെ കുറവിനും, പുഴയോരങ്ങളിലെ മണൽ വാരലും, ഇഷ്ടിക നിർമ്മാണവും മറ്റും പുഴതീരങ്ങൾ ഇടിഞ്ഞ് നീരൊഴുക്ക് കുറയുന്നതിനും കാരണമായിട്ടുണ്ട്.

### ഭൂവിസ്തൃതന്റെ പട്ടിക

| നമ്പർ ഇനം | വിസ്തീർണ്ണം ഹെക്ടറിൽ | | ശതമാനം |
|---|---|---|---|
| 1. നെൽവയൽ | 1347 | 03 | 16.8 |
| 2. കരഭൂമി | 4637 | 56 | 58.0 |
| 3. പുറമ്പോക്ക് | 0311 | 56 | 3.9 |
| 4. റിസർവ് ഫോറസ്റ്റ് | 0753 | 92 | 9.4 |
| 5. വെസ്റ്റഡ് ഫോറസ്റ്റ് | 0653 | 78 | 8.2 |
| 6. റവന്യൂ ഭൂമി | 0006 | 55 | 0.008 |
| ആകെ | 8010 | 40 | |

ആകെ ഭൂമിയിൽ 45 ഹെക്ടറോളമേ തരിശുഭൂമിയുള്ളൂ. തരിശുഭൂമിയിൽ ഏറിയപങ്കും റോഡുകളോട് ചേർന്ന് കിടക്കുന്നതും കെട്ടിട നിർമ്മാണം ഉദ്ദേശിച്ച് തരിശാക്കി ഇട്ടതുമാണ്. പുറമ്പോക്കിൽ 40% തോളം കൈയേറി പുരയിടവും കൃഷിഭൂമിയുമായി മാറ്റിയിട്ടുണ്ട്.

### ഭൂവിനിയോഗം

പഞ്ചായത്തിന്റെ മൊത്തം വിസ്തൃതിയിൽ ഫോറസ്റ്റ് പുറംപോക്ക്, തരിശ്, പട്ടണ പ്രദേശം, പുഴകൾ, ശ്മശാനം, തരിശുഭൂമി തുടങ്ങിയവ 2025.81 ഹെക്ടർ കഴിച്ച് 5984.50 ഹെക്ടർ ഭൂമി കൃഷിഭൂമിയാണ്. ഇതിൽ 820 ഹെക്ടർ നെൽവയലും 4,637.56 ഹെക്ടർ കരഭൂമിയുമാണ്. വിളകൾ ഏറിയ പങ്കും മിശ്രവിളകളായാണ് കൃഷി ചെയ്തിരുന്നത്.

### പട്ടിക - 8

### നെൽകൃഷി

| ക്രമ നമ്പർ | വിള | വിസ്തീർണം (ഹെക്ടർ) |
|---|---|---|
| 1 | നെല്ല് ഒന്നാം വിള | 820 |
| 2 | നെല്ല് രണ്ടാം വിള | 240 |
| 3 | മൂന്നാം വിള | - |
| 4 | ആകെ | 1060 |

### വിളചേരുവകൾ

### പട്ടിക - 6

| നമ്പർ | വിളകളുടെ പേര് | വിസ്തൃതി | ശതമാനം |
|---|---|---|---|
| 1 | നെല്ല് | 820 | 10.24 |
| 2 | കാപ്പി | 1800 | 22.5 |
| 3 | കുരുമുളക് | 800 | 9.98 |
| 4 | തേയില | 750 | 9.36 |
| 5 | കമുക് | 452 | 5.64 |
| 6 | റബ്ബർ | 250 | 3.12 |
| 7 | തെങ്ങ് | 350 | 4.36 |
| 8 | കശുമാവ് | 160 | 1.99 |
| 9 | പ്ലാവ്, മാവ്, തേക്ക് | 125 | 1.56 |
| 10 | ജാതി, ഗ്രാമ്പ്, മറ്റ് പഴവർഗ്ഗങ്ങൾ | 25 | .31 |
| 11 | വാഴ | 350 | 4.36 |
| 12 | ഇഞ്ചി | 160 | 1.99 |
| 13 | മഞ്ഞൾ | 20 | .25 |
| 14 | ഏലം | 5 | .06 |
| 15 | ചേന, ചേമ്പ്, മരച്ചീനി, കാച്ചിൽ | 75 | .93 |
| 16 | പച്ചക്കറികൾ | 50 | .62 |
| 17 | മുള, ഓട | 5 | .06 |
| 18 | തീറ്റപ്പുല്ല് | 15 | .18 |

### പട്ടിക - 7

| ക്രമ നമ്പർ | ഭൂപരിധി | കുടുംബങ്ങളുടെഎണ്ണം | വിസ്തീർണ്ണം ഹെക്ടറിൽ |
|---|---|---|---|
| 1. | 1, ഹെക്ടറിൽ താഴെ | 6682 | 2074.59 |
| 2. | 1, ഹെക്ടറിനും, 2 ഹെക്ടറിനും ഇടയിൽ | 678 | 2055.00 |
| 3. | 2, ഹെക്ടറിന് മുകളിൽ | 202 | 1855.00 |
| | | 7562 | 5984.59 |

### കാപ്പി

ഉല്പാദനക്ഷമത ഹെക്ടറിന് ശരാശരി 300 കിഗ്രം ആണ്. ഇത് സംസ്ഥാന ശരാശരിയേക്കാൾ വളരെ താഴെയാണ്. ജല സേചനത്തിന്റെ കുറവും പ്രതികൂലമായ കാലാവസ്ഥയും പരി ചരണക്കുറവുമാണ് കാരണം. റോബസ്റ്റ ഇനമാണ് കൂടുതൽ കൃഷിചെയ്യപ്പെടുന്നത്. സങ്കരഇനമായ സിX ആർ, എസ് 274 മുതലായവയും ചെറിയ തോതിൽ പ്രചാരത്തിലുണ്ട്. തണ്ടു തുരപ്പനും മുത്തയുമാണ് പ്രധാന കീടബാധകൾ.

### കുരുമുളക്

ഒരു കൊടിയ്ക്ക് ശരാശരി 1.5 കീഗ്രാം ആണ് കുരുമുഴക് ഉൽപ്പാദനം. ഇത് സംസ്ഥാ ശരാശരിയെക്കാൾ കൂടുതലാണ്. പന്നിയൂർ -1 ജീരകമുണ്ട, അർക്കളമുണ്ട, ഐമ്പീരിയൻ തുട ങ്ങിയ ഇനങ്ങളാണ് കൂടുതലായും കൃഷിചെയ്തുവരുന്നത്. നാടൻ ഇനങ്ങളായ കരിങ്കോട്ട, ബാലൻകോട്ട, കല്ലുവള്ളി, ഉതി രൻ തുടങ്ങിയവയെ അപേക്ഷിച്ച് മേൽപ്പറഞ്ഞ അത്യുൽപ്പാ ദന ഇനങ്ങൾക്ക് ആയൂർദൈർഘ്യം കുറവാണ്. ധൃതവാട്ടംമൂലം 75% തോളം കൃഷി നിശിച്ചുകഴിഞ്ഞു. രോഗം നിയന്ത്രിക്കുന്ന തിനല്ലാതെ രോഗകാരണം ഇല്ലായ്മ ചെയ്യുവാൻ ഇതുവരെ സാധിച്ചിട്ടില്ല.

### തേയില

ജെസ്സി, ചിറക്കര പ്രദേശങ്ങളിൽ അസ്സാം ബ്രൂക്കിന്റേയും , പഞ്ചാരകൊല്ലിയിൽ ട്രൈബൽ പ്ലാന്റേഷൻ സഹകരണ സംഘ ത്തിന്റേയും ഉടമസ്ഥതയിലാണ് ചായതോട്ടങ്ങൾ 95% വും ഉള്ളത്. ഉൽപ്പാദനം ഹെക്ടറിന് 1500 കീ ഗ്രാമാണ്. ഇത് സംസ്ഥാന ശരാശരിയേക്കാൾ കുറവാണ്. ചെറുകിട കർഷകരും ഇടക്കാലത്തായി ചായകൃഷിയിൽ ഏർപ്പെട്ടുതുടങ്ങിയിട്ടുണ്ട്.

### കമുക്

കൃഷിഭൂമിയുടെ 5.64 ശതമാനം സ്ഥലത്ത് കമുക് കൃഷി യാണുള്ളത്. 250 ഹെക്ടർ സ്ഥലത്താണ് കായ് ഫലമുള്ള കവു ങ്ങുള്ളത്. ശരാശരി വിളവ് ഹെക്ടറിന് 2,75,000 അടക്കയാണ്. ഇത് സംസ്ഥാന ശരാശരിയെക്കാൾ കൂടുതലാണ്. സാമാന്യം മെച്ചപ്പെട്ട വില ലഭ്യമാകുന്നതും അനുയോജ്യമായ കാലാവ സ്ഥയും കമുക് കൃഷി വ്യാപകമായിട്ടുണ്ട്. നാണ്യവിളകളിൽ കമുക് കൃഷി ഇപ്പോൾ മൂന്നാം സ്ഥാനത്താണ്. കമുകിന് ബാധി ക്കുന്ന മാഹാളി കുമിൾ നാശിനി ഉപയോഗിച്ച് ഒരു പരിധിവരെ തടയാൻ കഴിയുന്നുണ്ട്.

### തെങ്ങ്

4.36 ശതമാനം പ്രദേശത്ത് തെങ്ങ് കൃഷിയുണ്ട്. 350 ഹെക്ടറിൽ കൃഷിയുണ്ടെങ്കിലും കായ്ഫലമുള്ളത് 155 ഹെക്ട റിലാണ്. ശരാശരി ഉൽപ്പാദനം ഹെക്ടറിൽ 8750 തേങ്ങയാണ്. നല്ലയിനം തെങ്ങിൽ തൈ വച്ച് പിടിപ്പിച്ച് ശാസ്ത്രീയമായ പരി ചരണം നൽകിയതും മണ്ണിന്റെ ഗുണമേൻമയും ഉൽപ്പാദന വർദ്ധന ഉണ്ടാക്കിയിട്ടുണ്ട്. ജലസേചനം ലഭ്യമായ ഇടങ്ങളിൽ കൂടുതൽ മെച്ചപ്പെട്ട വിളവ് ലഭ്യമാണ്. മണ്ടചീയലാണ് പ്രധാ നരോഗം.

### റബ്ബർ

റബ്ബറിന്റെ ഉൽപ്പാദനം സംസ്ഥാന ശരാശരിയെക്കാൾ കുറ വാണ്. ആകെ വിസ്തീർണ്ണത്തിന്റെ 3.12 % പ്രദേശത്ത് റബ്ബർ കൃഷിയുണ്ട്. ടാപ്പ് ചെയ്യുന്ന റബ്ബർ 132 ഹെക്ടറിലാണ് ഉള്ളത്. വിദഗ്ദ്ധരായ ടാപ്പിംഗ് തൊഴിലാളികളുടെ അഭാവം അനുഭവ പ്പെടുന്നു. ഇലകൊഴിച്ചൽ പട്ടമരപ്പ് എന്നിവയാണ് പ്രധാന രോഗ ങ്ങൾ

### കശുമാവ്

1.99 ശതമാനം സ്ഥലത്താണുള്ളത്. ശരാശരി വിളവ് ഹെക്ടറിന് 875 കിലോഗ്രാമാണ്. അത്യുൽപ്പാദനശേഷിയുള്ള നടീൽ വസ്തുക്കളും മറ്റു സഹായങ്ങളും ലഭ്യമല്ല. കശുമാവ് പൂവീഴുന്നതിന്ന് കാലതാമസമുണ്ടാകുന്നതുകൊണ്ട് മഴക്കാ ലത്തെ വിളവെടുപ്പു ഗുണനിലവാരത്തെ ബാധിക്കുന്നു.

### പ്ലാവ്, മാവ്

ഇവ കൃഷിരീതിയിൽ ചെയ്തുവരുന്നില്ലെങ്കിലും, കാപ്പി തോട്ടങ്ങളിൽ തണൽവൃക്ഷമായും കുരുമുളകിന് താങ്ങ് മര മായും നട്ടുവളർത്തുന്നു.

### ഇഞ്ചി

ഇപ്പോൾ ഇഞ്ചികൃഷി 160 ഹെക്ടറ് സ്ഥലത്താണുള്ളത്. ഹെക്ടറിന് 7500 കിലോയാണ് ശരാശരി ഉൽപ്പാദനം. സംസ്ഥാന ശരാശരിയുടെ ഇടട്ടിയാണിത്. ഇഞ്ചി കൃഷിക്ക് ഭീഷ ണിയായ മഹാളി രോഗം നിയന്ത്രിക്കാനായിട്ടില്ല.

### വാഴ

വാഴ പ്രധാന കൃഷിയായി മാറികൊണ്ടിരിക്കയാണ്. 4.36% പ്രദേശത്ത് വാഴകൃഷിയുണ്ട്. 90 % വും നേന്ത്രവാഴയാണ്. 11140 കിലോ ഹോക്ടറിന് ശരാശരി ഉൽപ്പാദനം ലഭിക്കുന്നു. സംസ്ഥാന ശരാശരിയിലും കൂടുതലാണ്. വർദ്ധിച്ചതോതിൽ രാസവള കീടനാശിനി പ്രയോഗം നിലനിൽക്കുന്നു. കുത്തക കച്ചവടക്കാരുടെ നിയന്ത്രണത്തിലാണ് വിപണി. ന്യായമായ വില ലഭിക്കുവാൻ ഇത് തടസ്സമാവുന്നുണ്ട്. ഇലകരിയൽ രോഗം കൂടിവരുന്നുണ്ട്. പ്രകൃതി ക്ഷോഭം കർഷകർക്ക് പലപ്പോഴും വിനയാകുന്നുണ്ട്.

### ഏലം

0.06 ശതമാനം പ്രദേശത്ത് മാത്രമെയുള്ളു. ജലസേചന സൗകര്യങ്ങൾ വർദ്ധിപ്പിക്കാതെ കൃഷി വ്യാപിപ്പിക്കാനാവില്ല.

### കിഴങ്ങുവർഗ്ഗങ്ങൾ

ചേമ്പ്, ചേന, മരച്ചീനി തുടങ്ങിയ കിഴങ്ങുവർഗങ്ങൾ ആദ്യ കാലങ്ങളിൽ വ്യാപകമായി കൃഷിചെയ്തിരുന്നെങ്കിലും വേനൽമഴയുടെ കുറവും, നാണ്യവിളകളുടെ വ്യാപനവും ഇവ

## പട്ടിക - 9

### രാസവള കീടനാശിനി വിപണനം

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | 1993-94 | | | 1994-95 | | | 1995-96 | | |
|---|---|---|---|---|---|---|---|---|---|---|
| | | കീടനാശിനി | | | കീടനാശിനി | | | കീടനാശിനി | | |
| | | രാസവളം | ദ്രവം | ഖരം | രാസവളം | ദ്രവം | ഖരം | രാസവളം | ദ്രവം | ഖരം |
| 1 | പാർമേഴ്സ് ബാങ്ക് മാനന്തവാടി | MT 1400 | 1400 | 6 MT | 1600 | 1300 | 7 | 1800 | 1500 | 8 |
| 2 | NWRA മാർക്കറ്റിംഗ് സൊസൈറ്റി | 950 | 300 | 5 MT | 850 | 310 | 5 | 900 | 320 | 6 |
| 3 | കാണ്ടിക്കൽ ഡിപ്പൊ | 120 | 100 | 5 MT | 90 | 115 | 115 | 140 | 130 | 6 |
| 4 | പയ്യംമ്പള്ളി ഫാർമേഴ്സ് ബാങ്ക് | 60 | 50 | 3MT | 61 | 60 | 60 | 70 | 65 | 60 |
| 5 | നിർമല | 650 | 300 | 4MT | 950 | 250 | 300 | 710 | 250 | 5 |
| 6 | പ്രഭാത് ഡിപ്പൊ | 900 | 400 | 6MT | 950 | 300 | 410 | 970 | 400 | 7 |
| 7 | കൈരളി | 800 | 5000 | 4 | 890 | 400 | 450 | 845 | 320 | 4 |
| 8 | ഫ്രൻസ് | 640 | 300 | 3 | 670 | 300 | 300 | 675 | 320 | 4 |
| 9 | മഹിമ ഏജൻസി | 240 | 200 | 5 | 260 | 210 | 200 | 270 | 215 | 6 |
| 10 | തലാപ്പള്ളി | 500 | 300 | 1 | 515 | 215 | 280 | 530 | 320 | 1 |
| 11 | ബരാൻ ഏജൻസി | - | - | - | - | - | - | 20 | 50 | 5 |
| | ആകെ | 6310 ടൺ | 3850 ലി | 42 ടൺ | 6576 ടൺ | 3495 ലി | 2127 ടൺ | 7480 ടൺ | 3950 ലി | 112 ടൺ |

യുടെ ഉൽപ്പാദനം കുറച്ചു. ഇടവിളയായി കൃഷി വ്യാപിപ്പിക്കാനുള്ള സാദ്ധ്യതയുണ്ട്.

#### പച്ചക്കറികൾ

നഞ്ചകൊയ്തിനുശേഷം വയലുകളിൽ കൃഷിചെയ്യുന്നു. വെള്ളരി, പാവൻ, പടവലങ്ങ, പയറുകൾ - എന്നിവയാണ്. പ്രധാനമായും കൃഷിചെയ്യുന്നത്. ന്യായമായ വില ഉറപ്പാക്കുന്ന വിപണന സൗകര്യങ്ങൾ ഇല്ല.

#### മുള, ഓട

ഇവക്ക് കാർഷികരംഗത്ത് വളരെ പ്രാധാന്യമാണുള്ളത്. മുമ്പ് സ്വാഭാവികവനങ്ങളിലും, പുഴതീരങ്ങളിലും ധാരാളം ലഭ്യമായിരുന്നു. ഇപ്പോൾ 0.06% പ്രദേശത്താണുള്ളത്. വാഴകൃഷിക്ക് താങ്ങായും കോൺക്രീറ്റ് പണികൾക്ക് കുത്തുകാളായും ഇവയുടെ ഉപയോഗം വർദ്ധിച്ചിട്ടുണ്ട്. ഇന്ന് വംശനാശത്തിന്റെ വക്കത്താണ്.

#### നെല്ല്

രേഖകളനുസരിച്ച് നെൽ വയലുകൾ 1347. 03 ഹെക്ടറുണ്ടെങ്കിലും യഥാർത്ഥത്തിൽ ഇപ്പോൾ കൃഷിചെയ്യുന്നത് 820 ഹെക്ടർ സ്ഥലത്തുമാത്രമാണ്. മൊത്തം വിസ്തീർണത്തിന്റെ 10.24 % ആമിത്. 240 ഹെക്ടർ സ്ഥലത്ത് മാത്രമെ രണ്ടാം വിളയെടുക്കുന്നുള്ളൂ. 215 ഹെക്ടർ സ്ഥലത്താണ് ജലസേചന സൗകര്യം ലഭ്യമായിട്ടുള്ളത്. നെല്ലിന്റെ ശരാശരി ഉൽപാദനം 2193 കിലോ ആണ്. ഇവിടെ 2740 കിലോ ഉൽപാദനം നടക്കുന്നു. ഇതാകട്ടെ നമ്മുടെ 74 ദിവസത്തെ ഉപയോഗത്തിനു മാത്രമെ തികയൂ. 20 വർഷം മുമ്പ് ഹെക്ടറിൽ 10 ടൺ വരെ വിളവ് ലഭിച്ച പാടങ്ങളും ഇവിടെയുണ്ട്. ജൈവ ഘടനയിൽ വന്നമാറ്റം ഉൽപാദനം കുറയാൻ കാരണമായിട്ടുണ്ട്. അശാസ്ത്രീയമായ രാസവള കീടനാശിനി ഉപയോഗം നെല്ലിന്റെ ഗുണമേൻമ കുറച്ചു. പ്രധാനമായി ഉപോയഗിക്കുന്ന വിത്തിനങ്ങൾ കുറുമുട്ടി, ഭാരതി, എടവക, മസ്തരി, ജോതി, കൾച്ചർ, ജയ, ഐ. ആർ 20, പവിഴം, M.O 7, 1.12.8 എന്നിവയാണ്. പ്രധാന രോഗങ്ങൾ കുലവാട്ടം മൂഞ്ഞ, ചാഴി എന്നിവയാണ്.

#### നടപ്പു പദ്ധതികൾ

കൃഷിയുമായി ബന്ധപ്പെട്ട പദ്ധതികൾ പ്രധാനമായും കൃഷിവകുപ്പ്, മണ്ണ് ജലസംരക്ഷണ വകുപ്പ് മൈനർ ഇറിഗേഷൻ, മണ്ണ് പരിശോദനകേന്ദ്രം, സോഷ്യൽ ഫോറസ്ട്രി, റബ്ബർ ബോർഡ് കോഫിബോർഡ് തുടങ്ങിയ സർക്കാർ വകുപ്പുകളും ഏജൻസികളുമാണ് നടപ്പിലാക്കുന്നത്.

## പട്ടിക - 10
## കൃഷിവകുപ്പ് നടപ്പാക്കുന്ന പദ്ധതികൾ

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | ലക്ഷ്യം |
|---|---|---|
| 1 | സമഗ്രധാന്യവികസന പദ്ധതി (നെല്ല്) | നെൽകൃഷി അഭിവൃദ്ധിപ്പെടുത്തന്നതിനുള്ള വിവിധ പദ്ധതികൾ |
| 2 | മിനികിറ്റ് വിതരണം (വിവിധ വിളകൾ) | പുതിയ ഇനം നെൽവിത്ത് പ്രചരിപ്പിക്കുക |
| 3 | ഗ്രൂപ്പ് ഫാമിംഗ് (നെല്ല്) | കൂട്ടായി കൃഷിചെയ്യുന്ന രീതി |
| 4 | ഉൽപാദനബോണസ് (നെല്ല്) | നെൽകൃഷിപ്രോൽസാഹിപ്പിക്കൽ |
| 5 | പ്രധാനമന്ത്രിയുടെ പ്രത്യേക | ഉൽപാദനക്ഷമത വർദ്ധിപ്പിക്കുക |
| | പദ്ധതിപ്രകാരമുള്ള നെൽകൃഷി | |
| 6 | സമഗ്രനാളികേര വികസന പദ്ധതി | ഉൽപ്പാദനം വർദ്ധിപ്പിക്കൾ |
| 7 | TXD തെങ്ങിൻ തൈകളുടെ വിതരണം | സങ്കരയിനം തൈകൾ |
| 8 | ഗുണനിലവാരമുള്ള നടീൽ വസ്തുവിതരണം | ഗുണനിലവാരമുള്ള മുള്ള തൈകൾ വളർത്തൽ |
| 9 | കവുക് വികസന പദ്ധതി | ശാസ്ത്രീയമായ കൃഷി പ്രചരിപ്പിച്ച് ഉൽപാദനം വർദ്ധിപ്പിക്കൽ |
| 10 | കവുക് മിനികിറ്റ് വിതരണം | നല്ലയിനം നടീൽ വസ്തുക്കൾ വച്ചു പിടപ്പിക്കൽ |
| 11 | സുഗന്ധവിള വികസന പദ്ധതി | കൃഷിവ്യാപനം |
| 12 | കുരുമുളക് കൃഷിവ്യാപനം | സൗജന്യമായി കുരുമുളക് വള്ളി വിതരണം |
| 13 | സുഗന്ധ വിളവികസന പദ്ധതി | ശാസ്ത്രീയമായി തോട്ടം സംരക്ഷിക്കൽ |
| 14 | കേന്ദ്രാവിഷ്കൃത തോട്ടവിള വികസന പദ്ധതി | തുടർച്ചയായി മൂന്ന് വർഷത്തേക്ക് കുരുമുളക് തോട്ടം സംരക്ഷണ |
| 15 | കുരുമുളക് പ്രദർശനത്തോട്ടം | സഹായം |
| 16 | ദ്രുതവാട്ട രോഗനിയന്ത്രണ പദ്ധതി | കുരുമുളക് കൃഷിവികസനം |
| 17 | സമഗ്ര സുഗന്ധ വ്യഞ്ജന വിള | കുരുമുളക് കൃഷിസംരക്ഷണം |
| | വികസന പദ്ധതി (ഇഞ്ചി) | നല്ലയിനം വിത്ത് ലഭ്യമാക്കുക |
| 18 | " (മഞ്ഞൾ) | " |
| 19 | " (മുളക്) | നല്ലയിനം വിത്തുൽപാദനം |
| 20 | സ്കൂൾ, പച്ചക്കറി വികസന പദ്ധതി | വീട്ടുവളപ്പിൽ വിദ്യാർത്ഥികളുടെ കൃഷി |
| | (കിറ്റ് വിതരണം) | 10 സെന്റ് സ്ഥലത്ത് നല്ലയിനം പച്ചക്കറി കൃഷിചെയ്ത് വിത്തുൽപാ |
| 21 | പച്ചക്കറി വിത്ത് ഉൽപാദനവും വിതരണവും | ദനം |
| 22 | കിഴങ്ങുവർഗ്ഗ മിനികിറ്റ് വിതരണം | പ്രദർശന ത്തോട്ടം സ്ഥാപിക്കൽ (വിത്തുൽപാദനം) |
| 23 | കൊക്കോകൃഷി വികസന പദ്ധതി | കൃഷിപരിപോഷിപ്പിക്കൽ |
| 24 | ഫലവർഗ്ഗവികസന പദ്ധതി | നല്ലയിനം ഫലവർഗ്ഗങ്ങൾ വച്ചുപിടിപ്പിക്കൽ |
| 25 | ജൈവ വളവികസന പദ്ധതി | പച്ചിലവള വിത്ത് വിതരണം |
| 26. | വിള ഇൻഷ്വൂറൻസ് പദ്ധതി | പ്രകൃതിക്ഷോഭം മൂലം കൃഷി നശിക്കുന്നവർക്ക് നഷ്ടപരിഹാരം |
| 27 | ചെറുകിട കൃഷിതോട്ടങ്ങളിൽ യന്ത്രവൽക്കരണം | ഉപയോഗം വർദ്ധിപ്പിക്കൽ |
| 28 | ബയോഗ്യാസ്വികസനം | പാചകവാതക ഇന്ധനക്ഷാമം പരിഹരിക്കൽ |
| 29 | കൃഷിയിൽ പ്ലാസ്റ്റിക്കിന്റെ ഉപയോഗം | കൃഷിയിൽ ജലത്തിന്റെ കാര്യക്ഷമമായ ഉപയോഗം |
| | (ഡ്രിപ് ഇരിഗേഷൻ) | വിളപ്രോൽസാഹനം |
| 30 | പ്രാദേശിക വിളകളുടെ വികസനം | കാർഷിക പദ്ധതിയിൽ ജനപങ്കാളിത്തം ഉറപ്പാക്കൽ |
| 31 | കൃഷിയിൽ പൊതുജനങ്ങളുടെ പങ്കാളിത്തം | സസ്യരോഗനിയന്ത്രണം |
| 32 | കമ്യൂണിറ്റി ആക്ഷൻ എഗൻസ്റ്റ് ഡിസീസ്, വെസ്റ്റ് | യുവാക്കളെ കൃഷിയിലേക്കാകർഷിക്കൽ |
| | & ഡിസീസ് ഔട്ട് ബ്രേക്ക് | പട്ടികജാതി / പട്ടികവർഗ്ഗ വികസനം |
| 33 | യുവാക്കളെ കൃഷിയുമായി ബന്ധിപ്പിക്കുന്ന പദ്ധതി | സാമൂഹ്യസാമ്പത്തിക പുരോഗതി പ്രാദേശിക വികസനം |
| 34 | പ്രത്യേക ഘടകപദ്ധതി | പശ്ചിമ ഘട്ട വികസന പദ്ധതി |
| 35 | നീർമറി വികസന പദ്ധതി | പശ്ചിമ ഘട്ട വികസന പദ്ധതി |
| 36 | ശ്രീവള്ളിയൂർ വാട്ടർ ഷെഡ് | |
| 37 | മുണ്ടാം തോട് വാട്ടർ ഷെഡ് | |
| | | |

വിവിധപദ്ധതികളിൽപ്പെടുത്തി മാനന്തവാടിയിൽ നടപ്പാക്കിയ പ്രവൃത്തികളുടെ വിവരം അന്യത്ര ചേർത്തിരിക്കുന്നു.

## പട്ടിക - 11

### പ്രത്യേക നെൽകൃഷി വികസന പദ്ധതി 95-96

| ക്രമ നമ്പർ | പദ്ധതികളുടെ പേര് | ടാർജറ്റ് | സംഖ്യ |
|---|---|---|---|
| 1 | കമ്പോസ്റ്റ് കുഴി | 100 എണ്ണം | 2500/- |
| 2 | കളനാശിനി | 12 ഹെ | 2400/- |
| 3 | ഫ്ളഡ്ജറ്റ് നോസിൽ | 2 എണ്ണം | 40/- |
| 4 | നീറ്റുകക്ക | 12 ഹെ | 600/- |
| 5 | കീടനാശിനി | 8 ഹെ | 1600/- |
| 6 | പമ്പ്സെറ്റ് | 2 എണ്ണം | 10,000/- |
| 7 | കിണർ | 1 എണ്ണം | 7500/- |

## പട്ടിക - 12

### പിലാക്കാവ് - കണിയാരം ദേശീയ നീർമറി വികസന പദ്ധതി 1992-97

| ക്രമ നമ്പർ | ഇനം | അനുവദിച്ച തുക | ചിലവായ തുക (1996 ഒക്ടോബർ30വരെ) |
|---|---|---|---|
| 1. | ബേസിക് ആക്ടിവിറ്റീസ് | 443500 | 39779 |
| 2 | നഴ്സറികൾ | 110000 | 148435 |
| 3 | ട്രെയിനിംഗ് | 443500 | 73426 |
| 4 | എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജ് | 443500 | 292849 |
| 5 | ഗവേഷണം | 221700 | - |
| 6 | റിസർവ് | 110800 | - |
| പ്രോജക്ട് ആക്ടിവിറ്റീസ് | | | |
| 1 | മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ | 1419200 | 787967 |
| 2 | പ്രദർശനതോട്ടം | 237500 | 153935 |
| 3 | കാർഷിക വനവത്കരണം | 45000 | 26880 |
| 4 | ഉദ്യാന വിളകൾ | 135000 | 45000 |
| 5 | കമ്പോസ്റ്റ് നിർമ്മാണം | 50000 | 50000 |
| 6 | ജീവാണു വളം | - | 56400 |
| 7 | അടുക്കളത്തോട്ടം | 20000 | 20000 |
| 8 | ചെറുകിട കന്നുകാലി സംരക്ഷണം (ആട്, കോഴി, പന്നി) | 110000 | 155000 |
| 9 | തൊഴുത്ത് | 100000 | - |
| 10 | സർവീസ് വിഭാഗം (തയ്യൽമെഷീൻ, ടൂൾകിറ്റ്) | 120000 | 116500 |
| 11 | കന്നുകാലി പരിപാലനം | 27000 | 24756 |
| | ആകെ അനുവദിച്ചത് | 4435000 | 1990957 |

## പട്ടിക - 13

### സമഗ്രനാളികേര വികസന പദ്ധതി 95/96

| ക്രമ നമ്പർ | പദ്ധികളുടെ പേര് | എണ്ണം | ധനസഹായം | ആകെസംഖ്യ |
|---|---|---|---|---|
| 1 | കിണർ | 8 | 2500 | 20000 |
| 2 | പമ്പ്സെറ്റ് | 4 | 2500 | 10000 |
| 3 | കൂട്ടായ ജലസേചന പദ്ധതി | 1 | 122560 | 122560 |
| 4 | തെങ്ങ് കയറ്റ യന്ത്രം | 16 | 500 | 8000 |
| 5 | കൊപ്ര ഉണക്കുന്ന യൂണിറ്റ് | 1 | 25000 | 25000 |
| 6 | പരിശീലന ക്ലാസ് | 2 | 250 | 500 |
| 7 | സസ്യസംരക്ഷണ ഉപകരണം(സ്പെയർ) | 1 | 1000 | 1000 |
| 8 | (SC/ST) കിണർ | 1 | 10000 | 10000 |
| | ആകെ | | - | 197060 |

## പട്ടിക - 14

### സമഗ്രനാളികേര വികസന പദ്ധതി - 94/95

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | ധനസഹായം | ആകെ സംഖ്യ |
|---|---|---|---|
| 1 | കൂട്ടായ ജലസേചനം | 251600 | 251600 |
| 2 | കണിക ജലസേചന യൂണിറ്റ് 2 Nos | 9000 | 18000 |
| | ആകെ | - | 269600 |

## പട്ടിക - 15

## നടീൽവസ്തുക്കൾ, വിത്തുകൾ എന്നിവയുടെ വിതരണക്കണക്ക്

| നമ്പർ | നടീൽവസ്തുവിന്റെ വിത്തിന്റെ പേര് | 93-94 | 94-95 | 95-96 | 96-97 |
|---|---|---|---|---|---|
| 1 | കുരുമുളക് | 8700 | 32460 | - | - |
| 2 | ഡി X ടി | 120 | 120 | 176 | 100 |
| 3 | ടി X ഡി | 60 | 240 | 300 | 300 |
| 4. | കുരുമുളക് (ശുഭകര) | 200 | - | - | - |
| 5 | " (ശ്രീകര) | 200 | - | - | - |
| 6 | " B. 24 | - | - | 100 | - |
| 7 | മുട്ടക്കോസ് | 4 PKt | | | |
| 8 | കോളിഫ്ളവർ | 4 (") | | | |
| 9. | കാരറ്റ് | 10 (") | | | |
| 10 | പ്രാപ്രിക്ക മുളക് | 75 gr | | | |
| 11 | ബീൻസ് | 1 Kg | | | |
| 12. | ഒട്ട്മാവ് (ഫ്രീ) | 32 | 93 | | |
| 13 | പേര | 32 | - | - | - |
| 14 | (പപ്പായ) പാപ്പക്ക | 32 | - | - | - |
| 15 | ഒട്ട്മാവ് | 96 | - | 203 | 53 |
| 16 | ജാതി | 132 | - | - | - |
| 17 | ഗ്രാമ്പൂ | 106 | - | - | - |
| 18 | നെല്ലിക്ക | 78 | - | - | - |
| 19 | സപ്പോട്ട | 15 | 71 | 153 | 153 |
| 20 | മുട്ടപ്പഴം | - | - | 141 | 53 |
| 21 | പാവൽ | 1 kg | - | - | - |
| 22 | വഴുതിന | 1 | - | - | - |
| 23 | വെണ്ട | 5 | - | - | - |
| 24 | മുളക് | 1 | - | - | - |
| 25 | തക്കാളി | 1 | - | - | - |
| 26 | വസുമതി നെൽവിത്ത് | 180 | - | - | - |
| 27 | പച്ചക്കറി കിറ്റ് (സ്കൂൾ കുട്ടികൾ) | 750 | 500 | - | |
| 28 | കമുക് മംഗള (TSP) | 225 | - | 240 | 120 |
| 29 | ജീവാണു വളം (പ്രദർശനത്തോട്ടം) | 500 gm | - | - | - |
| 30 | മഞ്ഞൾവിത്ത് (2Kit-15kg) | 600 kg | - | 320 kg | - |
| 31 | ഇഞ്ചിവിത്ത് | 600 | - | 50 | - |
| 32 | ജോതി നെൽവിത്ത് | 780 | - | - | - |
| 33 | ചെറുപയർ 580 | 160 | 80 | - | - |
| 34 | ഉഴുന്ന് | 160 | 60 | - | - |
| 35 | എള്ള് വിത്ത് | 150 | 50 | - | - |
| 36 | പച്ചക്കറി വിത്തുകൾ (സ്കൂൾ കിറ്റ്) | 6 (pkt) | - | 22 | - |
| 37 | വാഴക്കന്ന് | 2500 | - | - | - |
| 38 | കിഴങ്ങ് വർഗ്ഗം | 16 (kit) | - | - | - |
| 39 | പച്ചക്കറി (കിറ്റുകൾ) | 10 | - | - | 9 |
| 40 | കോമാടൻ തെങ്ങിൽ തൈ (കുറ്റ്യാടി) | - | 2500 | 3200 | 4000 |
| 41 | കാപ്പി (TSP) | - | 140 | - | - |
| 42 | കമുക് മംഗള (TSP) | - | - | 80 | - |
| 43 | ജയനെൽവിത്ത് (പ്രകൃതിക്ഷോഭം) | - | 659 | - | - |
| 44 | പയർ (cow pez) | - | 240 | - | |
| 45 | " മിനികിറ്റ്) | - | 32 | - | |
| 46 | ചുകന്ന ത്രിവേണി | 50 | 460 | - | |
| 47 | c. 152 (പയർ) | 114 | 154 | 112 | |
| 48 | വേനൽ പച്ചക്കറി കിറ്റ് (സ്കൂൾ) | 750 Nos | 500No | | |
| 49 | ചേന | - | - | 250 | - |
| 50 | ചേമ്പ് | - | - | 40 | - |
| 51 | മരച്ചീനി തണ്ട് | - | - | 400 | - |
| 52 | പച്ചിലവള വിത്ത് (ഡെയിഞ്ച) | - | - | 350 | - |
| 53 | ചുകന്ന ത്രിവേണി | - | 495 | 800 | - |
| 54 | ജംബുലിന | - | 53 | 53 | - |
| 55 | കൊക്കോ | - | - | - | 526 |

## പട്ടിക - 16

### പട്ടികജാതി വർഗ്ഗവികസന പദ്ധതി - 94-95

| ക്രമ നമ്പർ | കോളനിയുടെ പേര് | പവ്വർ ട്രില്ലർ | തെങ്ങ് | മുട്ടപ്പഴം | കാപ്പി | ഒട്ടുമാവ് | ജംബു ലിന |
|---|---|---|---|---|---|---|---|
| 1 | പഞ്ചാരക്കൊല്ലി കോളനി ST | 1എണ്ണം | | | | | |
| 2 | എടപ്പട്ടി " | -- | 18 | 40 | - | 20 | 40 |
| 3 | പടച്ചിക്കുന്ന് " | - | 100 | 34 | 78 | 17 | 34 |
| 4 | ചോമാട്ട് കുന്ന് " | - | 10 | 6 | 30 | 3 | 6 |
| 5 | മൂട്രക്കൊല്ലി | - | 16 | 12 | 32 | 6 | 12 |
| 6 | കുഴിനിലം | - | 10 | 10 | - | 5 | 10 |

## പട്ടിക - 17

### കുരുമുളക് ധ്രുതവാട്ട രോഗനിയന്ത്രണ പദ്ധതിപ്രകാരം വിതരണം നടത്തിയകുമിൾ നാശിനിയുടെ അളവ്

| ക്രമ നമ്പർ | വർഷം | തുരിശ് | കോപ്പർ സൾഫേറ്റ് | കുമ്മായം |
|---|---|---|---|---|
| 1 | 1994/95 | 7840 | 15680 | 15680 |
| 2 | 1995/96 | 7840 | 15680 | 15680 |
| 3 | 1996/97 | 7840 | 15680 | 15680 |
| | ആകെ | 23520 | 47040 | 47040 |

## പട്ടിക - 18

### കൃഷിഭവൻ മുഖാന്തിരം കൊടുത്തിട്ടുള്ള യന്ത്രസാമഗ്രികൾ 1993-'96

| ക്രമ നമ്പർ | പാടശേഖരസമിതി യുടെ പേര് | ഉപകരണ ത്തിന്റെപേര് | എണ്ണം | സബ്സിഡി |
|---|---|---|---|---|
| 1 | വരടിമൂല പാടശേ ഖരസമിതി | ട്രാക്ടർ | 1 | 85% സബ്സിഡി |
| 2 | കന്നിയാരം " | പവർ ട്രില്ലർ | 1 | 85 % " |
| 3 | ഇല്ലത്തു വയൽ " | " | 1 | 85 % " |
| 4 | പാലാക്കുളി " | " | 1 | 85 % " |
| 5 | ഐശ്വര്യ പാടശേ ഖരസമിതി | " | 1 | 85% " |
| 6 | പഞ്ചാരക്കൊല്ലി S.T കോളനി | " | 1 | 100 % ത്രീ - സപ്ലൈ |

## പട്ടിക - 19

### ദുരിതാശ്വാസ വിതരണം

| വർഷം | പ്രശ്നബാധിത പ്രദേശത്തിന്റെ വിസ്തീർണ്ണം - ഹെക്ടർ | | | | | |
|---|---|---|---|---|---|---|
| | വെള്ളപ്പൊക്കം | വരൾച്ച | കൊടുങ്കാറ്റ് | ഉരുൾ പൊട്ടൽ | ധനസഹായം ലഭിച്ചവരുടെ എണ്ണം | വിതരണം ചെയ്ത തുക |
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1993-94 | - | - | - | - | - | - |
| 1994-95 | 15 | - | 322 | - | 337 | 102528.00 |
| 1995-96 | 3 | - | 10 | - | 13 | 31983.00 |
| 1996-97 | - | - | - | - | 709 | 514851.00 |

## പട്ടിക - 20

### ഗിരിവർഗ്ഗഉപ പദ്ധതിയിൽപ്പെടുത്തി നടപ്പാക്കിയ പദ്ധതികൾ

| ക്രമ നമ്പർ | കോളനി യുടെപേര് | പവ്വർ ട്രില്ലർ | വിതരണം ചെയ്ത തൈകൾ | | | | | |
|---|---|---|---|---|---|---|---|---|
| | | | തെങ്ങ് | കമുക് | കാപ്പി | മാവ് | മുട്ടപ്പഴം | ജംബു ലീന |
| 1 | പഞ്ചാരക്കൊല്ലി | 1(93-94) | - | - | - | - | - | - |
| 2 | എടപ്പാടി | - | 18 | - | - | 20 | 40 | 40 |
| 3 | പടമ്പിക്കുന്ന് | - | 100 | - | 78 | 17 | 34 | 34 |
| 4 | ചോമാട് കുന്ന് | - | 10 0 | 30 | 3 | 6 | | 6 |
| 5 | മൂട്രക്കൊല്ലി | - | 16 | - | 32 | 6 | 12 | 12 |
| 6 | കുഴിനിലം | - | 10 | - | - | 5 | 10 | 10 |

കാർഷിക വികസനത്തിനായി നിരവധി പദ്ധതികൾ നടപ്പാക്കുന്നുണ്ടെങ്കിലും ഉദ്ദേശിച്ച ഫലപ്രാപ്തിയിലെത്തിക്കാൻ സാധിച്ചിട്ടില്ല.

കൃഷി ആഫീസുകൾവഴി നെൽകൃഷിക്ക് വായ്പാ സൗകര്യം മുമ്പ് ലഭിച്ചിരുന്നു. ഇപ്പോൾ ആ സൗകര്യം നിലവിലില്ലാത്തതിനാൽ കർഷകർ ബാങ്കുകളെ പൂർണ്ണമായും ആശ്രയിക്കേണ്ടി വരുന്നു. ഇത് കർഷകർക്ക് നിരവിധി പ്രയാസങ്ങൾ സൃഷ്ടിക്കുന്നുണ്ട്. വാർഡുകൾ തിരിച്ച് ബാങ്കുകൾ ലോൺ അനുവദിക്കുന്നതും, ബേങ്ക് വായ്പാ തോത് ഉയർത്താത്തതും, കാർഷിക വായ്പകളിലെ നിയമങ്ങൾ ഉദാരവൽക്കരിക്കാത്തതും ആണ് പ്രധാന പ്രശ്നങ്ങൾ. പ്രധാനമന്ത്രിയുടെ പ്രത്യേക നെല്ലുൽപാദന പദ്ധതി പ്രകാരമുള്ള ജലസേചന പദ്ധതികൾ ഇപ്പോൾ നിലവിലില്ല. ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ യഥാസമയത്ത് ലഭിക്കാത്തതും ഈ രംഗത്ത് വേണ്ടത്ര ബോധവൽക്കരണ പരിപാടികൾ നടത്താത്തതും പോരായ്മകളാണ്. ജൈവവള വ്യാപന പദ്ധതിക്ക് വേണ്ടത്ര ഫണ്ട് അനു

വദിക്കാത്തതും സബ്സിഡി തുക വർദ്ധിപ്പിക്കാത്തതും ഈ രംഗത്തെ അപാകതകളാണ്. നിർമ്മാണച്ചിലവിനനുസരിച്ച് സബ്സിഡി വർദ്ധിപ്പിക്കാത്തതിനാൽ ജൈവവാതക പ്ലാന്റുകൾ വ്യാപിപ്പിക്കാനാവുന്നില്ല.

പട്ടികജാതി / പട്ടികവർഗ്ഗ ഉപപദ്ധതിക്ക് ഫണ്ട് ഉണ്ടെങ്കിലും ഫലപ്രദമായി വിനിയോഗിക്കുന്നില്ല. സുഗന്ധ ദ്രവ്യവിളവികസന പദ്ധതിയിൽ മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾക്ക് ഫണ്ട് കുറവായതിനാൽ വേണ്ടത്ര വിജയിക്കാനായിട്ടില്ല.

പദ്ധതിയുടെ ബാഹുല്ല്യം തന്നെയാണ് പദ്ധതി വിജയത്തിന് പ്രധാന തടസ്സമാകുന്നത് വിവിധ പദ്ധതികളിലുൾപ്പെടുത്തി ലഭിക്കുന്ന ഫണ്ട് പരിമിതമാണ് ഇക്കാരണത്താൽ അർഹരായവർക്കെല്ലാം ആനുകൂല്യം നൽകാൻ കഴിയുന്നില്ല. ഇതു പലപ്പോഴും ലഭ്യമായ ഫണ്ട് , കർഷകസമതികളുടെ ഭാരവാഹികൾക്കും കൃഷിഓഫീസുമായി നിരന്തരം ബന്ധം പുലർത്തുന്ന ചുരുക്കം ആളുകൾക്കും മാത്രമായി ലഭിക്കുന്നതിന് കാരണമാകുന്നു.

**മൈനർ ഇറിഗേഷൻ**

1963 മുതൽ പദ്ധതികൾ നടപ്പാക്കിത്തുടങ്ങി ഈ പദ്ധതിയിൽപ്പെടുത്തി ഇതിനകം ഇറിഗേഷൻ, തടയണകൾ, (U.C.B) കുളങ്ങൾ തുടങ്ങിയ 22 പ്രവൃത്തികൾ നടപ്പാക്കിയിട്ടുണ്ട് കൂടാതെ 6 പ്രവൃത്തികൾ നടക്കുന്നുണ്ട്.

ലിഫ്റ്റ് ഇറിഗേഷൻ സ്കീമിൽ അഞ്ചുപദ്ധതികളാണുള്ളത്. ഇതിൽ മൂന്നെണ്ണം നടപ്പിലായി. രണ്ടെണ്ണം പ്രവർത്തി പൂർത്തിയായിട്ടില്ല. നടപ്പിലായ പദ്ധതികൾക്ക് ചിലവ് 13.42 ലക്ഷം രൂപയാണ് ഇതിന്റെ ആയക്കെട്ട് ഏരിയ 186.86 ഹെക്ടർ ആണെങ്കിലും കനാലിന്റെ അറ്റകുറ്റ പണികൾ കാലാകാലങ്ങളിൽ നടക്കാത്തതുകൊണ്ടും കനാലിന്റെ ദൈർഘ്യം കുറച്ചതുകൊണ്ടും ഉദ്ദേശിച്ച ആയക്കെട്ട് എരിയ കിട്ടുന്നില്ല.

**വി.സി.ബി.കൾ (തടയണകൾ)**

നിർമ്മാണം കഴിഞ്ഞവ പത്തെണ്ണവും നിർമ്മാണത്തിലിരിക്കുന്നത് ഒന്നുമാണ്. നിർമ്മാണം കഴിഞ്ഞവയുടെ മൊത്തം തുക 12-77 ലക്ഷം രൂപയാണ്. ഇതിന്റെ ആയക്കെട്ട് വിസ്തീർണ്ണം 188.45 ഹെ. ആണെങ്കിലും അൻപത് ഹെക്ടറിൽ താഴെ മാത്രമെ ജലസേചനം നടത്താൻ കഴിയുന്നുള്ളൂ. കണിയാരം വി. സി. ബി.യിൽ മണ്ണുനിറുത്തു തുടർന്ന് പോവുകയും മറ്റുള്ളവയിൽ ജലസ്രോതസുകൾ വറ്റിപോയതുമാണ് കാരണം. പുഴയ്ക്ക് കെട്ടിയ ചെക്കുഡാമുകൾ നിർമ്മിച്ചത്. ചെക്കുഡാം നിർമ്മിച്ചപ്പോൾ വള്ളിയൂർക്കാവ് പുഴയുടെ വശങ്ങൾ കെട്ടാത്തതുകൊണ്ട് പാർശ്വങ്ങൾ ഇടിഞ്ഞുപോയിട്ടുണ്ട്.

**കുളങ്ങൾ**

നിർമ്മാണം പൂർത്തീകരിച്ചവ ഏഴെണ്ണമുണ്ട്. ഇതിന്റെ മൊത്തം നിർമ്മാണച്ചിലവ് 20.64 ലക്ഷമാണ്. ഇതിന്റെ ആയക്കെട്ട് ഏരിയ 103.37 ഹെ. ആണെങ്കിലും യഥാർത്ഥത്തിൽ ഇപ്പോൾ പത്ത് ഹെക്ടർ സ്ഥലത്തിൽ താഴെ മാത്രമെ കൃഷി ചെയ്യാൻ കഴിയുന്നുള്ളൂ. നീരുറവകൾ കുറഞ്ഞതും പൊതുവായി മോട്ടോർ വെച്ച് ജലസേചനത്തിന് കഴിയാത്തതുമാണ് കാരണങ്ങൾ. ഫലത്തിൽ ഇവയെല്ലാം സ്വകാര്യ ഉടമസ്ഥതയിൽ ആയിമാറിയിരിക്കയാണ്.

**ജലസേചനത്തിനുള്ള മറ്റു സൗകര്യങ്ങൾ**

സർക്കാറിന്റെ സാമ്പത്തിക സഹായത്തോടെ പല സ്കീമുകളിലായി നാൽപത്തിരണ്ടു മോട്ടോർ പമ്പുസെറ്റുകൾ ഇതിനകം കൊടുത്തിട്ടുണ്ട്. സ്വകാര്യ ഉടമസ്ഥതയിൽ നൂറ്റിഅറുപത്തി ആറ് മോട്ടോറുകൾ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ അൻപത്തിരണ്ടെണ്ണത്തിന് സർക്കാർ സബ്സിഡി ലഭിച്ചവയും എട്ടെണ്ണം ഡീസൽ മണ്ണെണ്ണ എൻജിനുകളുള്ളതുമാണ് ഇവ ഉപയോഗിച്ച് 75 ഹെക്ടർ നെൽവയലുകളും അറുപത് ഹെക്ടർ കരഭൂമിയും ജലസേചനം നടത്തുന്നുണ്ട്. സർക്കാർ അനുവദിച്ച മോട്ടോറുകളിൽ നാലെണ്ണം ഇപ്പോൾ പ്രവർത്തനരഹിതമാണ്.

**കിണർ, കേണി**

സർക്കാർ തലത്തിൽ ഇരുനൂറ്റി അൻപത് കിണറുകളും നാൽപ്പതു കേണികളും നിർമ്മിച്ചിട്ടുണ്ട്. കൃഷിവകുപ്പിൽ ഇതിന്റെ മൊത്തം ആയക്കെട്ട് ഏരിയ 291 ഹെക്ടർ ആണ്. ഇവയിൽ ബഹുഭൂരിപക്ഷവും വീട്ടാവശ്യങ്ങൾക്കാണ് ഉപയോഗിക്കുന്നത്. വാട്ടർഷെഡിൽ ഉൾപ്പെടുത്തി 17 ഉം മറ്റ സ്കീമുകളിൽ 690 സ്വകാര്യ മേഖലയിൽ 490 കുളങ്ങൾ ഉണ്ട്. മൈനർ ഇരിഗേഷൻ ഒഴിച്ച് മറ്റുള്ളവയുടെ കണക്കുകൾ ഔദ്യോഗികമായി പോലും ലഭ്യമല്ല. ഇറിഗേഷൻ പദ്ധതികൾക്ക് ഇലട്രിക്കൽവിംഗ് ഇല്ലാത്തത് പോരായ്മയാണ്.

## പട്ടിക - 21

## പണിപൂർത്തിയാക്കിയ ജലസേചന പദ്ധതികളുടെ വിവരങ്ങൾ

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | ആരംഭിച്ച വർഷം | പൂർത്തിയാക്കിയ വർഷം | എസ്റ്റിമേറ്റ് തുക | ആയക്കെട്ട് വിസ്തീർണ്ണം (ഹെക്ടർ) |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| 1 | താണിക്കൽ L.I.S | 1963 | 1967 | 0.915 | 56.25 |
| 2 | കൂടൽക്കടവ് L.I.S | 1983 | 1987 | 5.00 | 70.85 |
| 3 | ചാലിഗദ്ദ L.I.S | 1989 | 1992 | 7.50 | 59.76 |
| 4 | കണിയാരം U.C.B. | 1964 | 1966 | .86 | 74.06 |
| 5 | ചെറ്റപ്പാലംU.C.B. | 1965 | 1969 | .14 | 12.38 |
| 6 | മൂർത്തിമൂല U.C.B. | 1964 | 1965 | .155 | 16.90 |
| 7 | പുതിയിടം കുളം വേമം | 1973 | 1973 | .195 | 8.09 |
| 8 | കാവേരിപൊയിൽ U.C.B. | 1975 | 1976 | .118 | 3.80 |
| 9 | ചെറൂർതോട് U.C.B. | 1977 | 1978 | .36 | 10.30 |
| 10 | കാടൻകൊല്ലി DW | 1988 | 1988 | 1.97 | 17.83 |
| 11 | കുഴിനിലം ചെറുതോട് U.C.B. | 1989 | 1989 | .92 | 10.26 |
| 12 | കുഴിനിലം വലിയതോട് U.C.B. | 1990 | 1991 | 3.24 | 18.09 |
| 13 | കല്ലുമൊട്ടം കുന്ന് ജലസേചന കുളം | 1993 | 1993 | 1.95 | 4.76 |
| 14 | ഓടൻതോട് U.C.B. | 1993 | 1993 | 2.27 | 16.55 |
| 15 | പുതിയിടം ജലസേചനകുളം | 1993 | 1994 | 3.27 | 15.78 |
| 16 | കണിയാരം പിലാക്കാവ് U.C.B. | 1993 | 1994 | 2.175 | 10.12 |
| 17 | കുഴിനിലം ചെറുതോട് U.C.B. | 1994 | 1994 | 2.53 | 16.19 |
| 18 | മേതലരയരോത്ത് ജലസേചന കുളം | 1993 | 1994 | 2.20 | 20.50 |
| 19 | മണകം മൂല ജലസേചനകുളം | 1995 | 1995 | 2.35 | 10.12 |
| 20 | പ്രിയദർശിനി " | 1994 | 1996 | 7.50 | 38.46 |
| 21 | കണിയാരം വെള്ളോട്ടിൽ ജലസേചന കുളം | 1995 | 1996 | 1.42 | 5.66 |
| 22 | കണിയാരം ഇറിഗേഷൻ വർക്സ് | | | | 32.80 |

## പട്ടിക – 22

### നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ജലസേചന പദ്ധതികൾ

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | അയക്കെട്ട് വിസ്തീർണ്ണം (ഹെക്ടർ) | എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടെങ്കിൽ അടങ്കൽതുക | ലക്ഷ്യം |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| 1 | ഒഴക്കോടി U.C.B | 17 | 2.45 ലക്ഷം | ജലസേചനം |
| 2 | പെരുവക ജലസേചന കുളം | 15 | 1.40 " | " |
| 3 | വെട്ടുകൊല്ലി " | 15 | 2.00 " | " |
| 4 | താന്നിക്കൽ L.I.S നടുത്തോടിന്റെപാർശ്വസംരക്ഷണം | 56.25 | 4.00 " | " |
| 5 | L.I.S കൊയിലേരി | 81 | 17 ലക്ഷം | " |
| 6. | L.I.S കുടൽ സ്റ്റേജ് –II | 182 | 30.00 | " |

## പട്ടിക – 23

### പഞ്ചായത്തിലെ മണ്ണിനങ്ങൾ

| ക്രമനമ്പർ | മണ്ണിന്റെ പ്രദേശങ്ങൾ | തരം |
|---|---|---|
| 1 | ഒഴക്കോടി കുന്നിൻ പ്രദേശം | ലാറ്ററേറ്റ് |
| 2. | ചങ്ങാടക്കടവ് മുതൽ പാൽവെളിച്ചം വരെ പുഴക്കര ഭാഗങ്ങൾ | ഏക്കൽമണ്ണ് |
| 3. | കല്ലിയോട് കുന്നിൽ നിന്ന് 1 കി. ജെസ്സിവരെ | ലാറ്ററേറ്റ് |
| 4 | ഒണയങ്ങാടി, പാൽവെളിച്ചം ഫോറസ്റ്റ് പ്രദേശങ്ങൾ | ഫോറസ്റ്റ് സോയിൽ |
| 5 | മാനന്തവാടി, കൊയിലേരി, പിലാക്കാവ് പെരുവക, ചെറ്റപ്പാലം, അമ്പുകുത്തി കണിയാരം, ജെസ്സി, പയ്യമ്പള്ളി പ്രദേശങ്ങൾ | ലോമി |

## പട്ടിക – 24

### ഭൂപ്രകൃതി

| നമ്പർ | ഭൂപ്രകൃതി | വിസ്തൃതി | ശതമാനം |
|---|---|---|---|
| 1 | കുന്നുകൾ | 2373 | 29.62 |
| 2 | ചെരിഞ്ഞപ്രദേശം | 1900 | 23.72 |
| 3 | ഉയർന്ന പ്രദേശം | 850 | 10.61 |
| 4 | കുത്തനെയുള്ള ചെരിവ് | 400 | 4.99 |
| 5 | മിതമായ ചെരിവ് | 810 | 10.11 |
| 6 | പുഴ | 278 | 3.47 |
| 7 | സമതല പ്രദേശം | 1400 | 17.47 |
| | ആകെ | 8011 | 100 |

## പട്ടിക - 25

## മണ്ണ് സംരക്ഷണപദ്ധതികൾ

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | പദ്ധതി പ്രദേശത്തിന്റെ വിസ്തീർണ്ണം | നീർച്ചാലുകളുടെ നീളം | അടങ്കൽ തുക | മൊത്തം ഗുണഭോക്താക്കൾ | പദ്ധതിആരംഭിച്ച വർഷം | പൂർത്തിയായ വർഷം | സംരക്ഷിക്കപ്പെട്ട ഭൂമിയുടെ വിസ്തീർണ്ണം | പ്രയോജനം ലഭിച്ച ഗുണഭോക്താക്കളുടെ എണ്ണം | ചെലവായ തുക | മറ്റ് കാര്യങ്ങൾ |
|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 |
| 1 | മാനക്കോട് പുഴ മൈക്രോ വാട്ടർ ഷെഡ് (പശ്ചിമഘട്ട വികസന പദ്ധതി) | 270.03ഹെ | - | 232300 | 228 | 28-2-1991 | 31-3-1994 | 155.00 ഹെ | 200 | 14,36,400 | - |
| 2. | കണിയാരം പിലാക്കാവ് വാട്ടർ ഷെഡ് (ദേശീയ നീർമറി വികസന പദ്ധതി) | 998.3ഹെ | - | 1012416 | - | 24-2-92 | - | 600 ഹെ | 700 | 787966 | പ്രവർത്തനം തുടർന്നു കൊണ്ടിരിക്കുന്നു. |
| 3 | ശ്രീവള്ളിയൂർ വാട്ടർഷെഡ് (പശ്ചിമഘട്ട വികസനപദ്ധതി) | 959. ഹെ. | - | 5674300 | 1215 | 15-2-1996 | - | - | - | 200000 | പ്രവർത്തനം തുടരുന്നു |
| | ആകെ | 2222.33 | | 6919016 | 1443 | | | | 900 | 2424366 | |

**മണ്ണുസംരക്ഷണ പദ്ധതികൾ**

**(നീർമറി വികസന പദ്ധതി)**

മണ്ണു സംരക്ഷണത്തിനായി ഇപ്പോൾ നാല് പദ്ധതികൾ നിലവിലുണ്ട്. ഇവയിൽ ഒന്ന് പൂർത്തിയായി. രണ്ടെണ്ണം നടപ്പിലാക്കി വരുന്നു. ഒന്നിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ തുടങ്ങിക്കഴിഞ്ഞു. പശ്ചിമഘട്ട വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയ മാനന്തോട് (കുഴിനിലം) പുഴ മൈക്രോവാട്ടർ ഷെഡ്സ് പദ്ധതിയാണ് ഇത്. മൊത്തം ചിലവായ സംഖ്യ 14,36,400 രൂപയും ഗുണഭോക്താക്കളുടെ എണ്ണം ഇരുന്നൂറ് കുടംബങ്ങളും സംരക്ഷിക്കപ്പെട്ട ഭൂമി 155 ഹെക്ടറും ആണ്. 28-2-91 ന് തുടങ്ങി 31.3.94 ന് അവസാനിച്ച പദ്ധതിയിൽ മുഖ്യമായും കോണ്ടൂർ ബണ്ടിങ്ങ് ആണ് നടന്നത്.

രണ്ടാമത്തെ പദ്ധതിയായ കണിയാരം, പിലാക്കാവ് ദേശീയ നീർമറി വികസന പദ്ധതിയിൽ ഇതിനകം 7,87,967 രൂപ ചിവാക്കിയിട്ടുണ്ട്. 700 ഗുണഭോക്താക്കൾക്ക് പ്രയോജനപ്പെടേണ്ടതായ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയത് 600 ഹെക്ടർ സ്ഥലമാണെങ്കിലും മണ്ണ് സംരക്ഷണ പ്രവർത്തനം പൂർത്തിയായിട്ടില്ല. ഇതിൽ ഒരു കുടുംബത്തിന് 1000/= രൂപയിൽ അധികം ലഭിക്കാത്കൊണ്ട് മുഴുവൻ സ്ഥലത്തും മണ്ണു സംരക്ഷിക്കാൻ കഴിഞ്ഞിട്ടില്ല. അതുകൊണ്ടുതന്നെ ഈ പദ്ധതി ഉദ്ദേശലക്ഷ്യത്തിൽ എത്താൻ സാദ്ധ്യത കുറവാണ്.

ഈ പദ്ധതിയിൽ നിർമിച്ച കുളം ചെക്ക് ഡാം എന്നിവ പ്രതീക്ഷിച്ച ഗുണം ചെയ്തില്ല. തോടിന്റെ ഇരുവശവും കൈതത്തഴകുത്തിയത് പരാജയവുമായി. സമീപകർഷകരുമായി ആലോചിക്കാതെ പ്രവൃത്തി നടത്തിയതും പരാജയത്തിന് കാരണമായി. ആകെ അടങ്കൽതുക 1012416 രൂപയാണ്.

**ശ്രീ വള്ളിയൂർ വാട്ടർ ഷെഡ് (WG.DPT)**

ഈ പദ്ധതിയുടെ ഏരിയ 959 ഹെക്ടറും അടങ്കൽ 56,74,300 രൂപയുമാണ്. ഇതുവരെ രണ്ടുലക്ഷം രൂപമാത്രമാണ് ചിലവഴിച്ചത്. പദ്ധതി നടത്തിപ്പിൽ പ്രാദേശിക തല ജനകീയ സമിതി ഇല്ല എന്നാൽ കർഷകരിൽ ആശങ്കക്ക് കാരണമായിട്ടുണ്ട്. കരാർ അടിസ്ഥാനത്തിലാണ് ഇതിന്റെ ജോലി നടക്കുന്നത്. ഇതാകട്ടെ വാട്ടർഷെഡിന്റെ പ്രവർത്തനരീതിക്ക് നിരക്കുന്നതല്ല.

**ട്രൈബൽ ഉപപദ്ധതി**

ഈ പദ്ധതി പ്രകാരം ആദിവാസി മേഖലയിൽ കല്ല് കയ്യാലയുടെ പണി പരിമിതമായി നടന്നിട്ടുണ്ട്. ഇതു സംബന്ധിച്ച കൂടുതൽ വിവരങ്ങൾ ലഭ്യമായിട്ടില്ല.

**പൊതുഅവലോകനം**

**കൃഷിഭവൻ**

ഏറ്റവും കൂടുതൽ കാർഷികവികസന പദ്ധിതിയൽ നടപ്പാക്കികൊണ്ടിരിക്കുന്നത് കൃഷി ഭവൻസ മുഖേനയാണ്. മുമ്പ് വിവിധവകുപ്പുകൾ നടപ്പാക്കികൊണ്ടിരുന്ന നിരവധി പദ്ധതികൾ ഇപ്പോൾ കൃഷിഭവനുകൾ മുഖാന്തിരം നടപ്പാക്കിവരുന്നു. 1987 സപ്തംബർ 1 നാണ് കൃഷിഭവനുകൾ നിലവിൽ വന്നത്. പദ്ധതികളുടെ വൈപുല്യത്തിനും ഗുണഭോക്താക്കളുടെ വർദ്ധനവിനും അനുസൃതമായി ജീവനക്കാരുടെ എണ്ണവും മറ്റ് സൗകര്യങ്ങളും വർദ്ധിപ്പിക്കാത്തതത് പ്രയാസങ്ങൾ സൃഷ്ടിക്കുന്നുണ്ട്. നടീൽ വസ്തുക്കളും മറ്റും സൂക്ഷിക്കുന്നതിനുള്ള ഓഫീസിന്റെ അഭാവവം ഉണ്ട്.

ഹ്രസ്വകാലം ഒരു പ്രദേശത്ത് ജോലി ചെയ്യുന്ന കൃഷിഓഫീസർക്കും ഉദ്യോഗസ്ഥൻമാർക്കും പദ്ധതികൾ യതാസമയം നടപ്പാക്കാൻ കഴിയാത്തത് അനുവദിച്ച തുക തന്നെ പാഴായിപോകുന്നതിന് കാരണമാകുന്നു. ശാസ്ത്രീയ കൃഷിരീതികളെയും പദ്ധതികളെയും കുറിച്ചുള്ള അറിവ് കർഷകനിൽ എത്തിക്കാൻ കഴിയാതെ സബ്സിഡി വിതരണകേന്ദ്രങ്ങൾ മാത്രമായി കൃഷിഭവനുകൾ ചുരുങ്ങുന്നു.

ഉദ്യോഗസ്ഥരിൽ ചിലരെങ്കിലും വൻതോതിൽ അഴിമതിക്ക് വിധേയരാകുന്നതും യഥാർത്ഥ കർഷകർക്ക് ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് പ്രയാസവും കാലതാമസവും ഉണ്ടാക്കുന്നു.

**മണ്ണ് സംരക്ഷണം**

മണ്ണ് സംരക്ഷണ പ്രവർത്തനം പ്രധാനമായും നടന്നിട്ടുള്ളത് നീർമറി വികസന പദ്ധതിയിലൂടെയാണ്. കണിയാരം പിലാക്കാവ് വാട്ടർഷെഡ് ഒഴികെയുള്ള മറ്റ് വാട്ടർ ഷെഡുകളിൽ ബണ്ട് നിർമാണം കരാറടിസ്ഥാനത്തിൽ നൽകിയത് കർഷകർക്ക് ഉദ്ദേശിച്ച പ്രയോജനം ലഭിക്കുന്നതിന് തടസമായിട്ടുണ്ട്. ആനുകൂല്യം ഗുണഭോക്താവിന് നേരിട്ടു നൽകി സ്വന്തമായി ജോലിചെയ്യുവാനുള്ള സൗകര്യം ഇല്ലാത്തതും പ്രയാസം സൃഷ്ടിക്കുന്നു.

പശ്ചിമഘട്ട വികസന പദ്ധതിയിലും ദേശീയ നീർമറിയിലും ഉൾപ്പെടുത്തി നടപ്പിലാക്കുന്ന മണ്ണ് സംരക്ഷണ പ്രവൃത്തികളിൽ ദേശീയ നീർമറി പദ്ധതിക്ക് ആനുകൂല്യം വളരെ കുറവാണ്.

ഒരേ സ്വഭാവമുള്ള പ്രദേശത്ത് രണ്ട് തരത്തിലുള്ള ആനുകൂല്യങ്ങൾ നൽകുന്നത് കരാണം പശ്ചിമ ഘട്ടവികസന പദ്ധതിയിൽപ്പെട്ട കർഷകർ ഇതിനോട് നിസ്സഹരിക്കുന്നതിനാൽ യഥാർത്ഥ ഫലപ്രാപ്തി കൈവരിക്കാൻ സാധിക്കുന്നില്ല.

### സാമൂഹ്യവനവൽക്കരണം

സാമൂഹ്യവനവൽക്കരണ പദ്ധതി പ്രകാരം 586769 വൃക്ഷ തൈകൾ കർഷകർക്ക് നൽകിയിട്ടുണ്ട്. കൃഷിക്കാർക്ക് താൽപ ര്യമില്ലാത്ത പരിസ്ഥിതി ഭീഷണിയുയർത്തുന്ന അക്വേഷ്യപോ ലുള്ള വൃക്ഷത്തൈകൾ ഡിപ്പാർട്ട്മെന്റ് തന്നെ റോഡരികുക ളിൽ നട്ടുപിടിപ്പിച്ചു. റബ്ബർ പ്ലാന്റേഷനോട് തുലനം ചെയ്താൽ 1175 ഹെക്ടർ സ്ഥലത്ത് നടുവാനുള്ള തൈകൾ വിതരണം ചെയ്തിട്ടുണ്ട്.

**പട്ടിക – 26**

**സാമൂഹ്യവനവൽക്കരണ പരിപാടിയിൽ ഉൽപാദിപ്പി ച്ച തൈകൾ**

| ഇനം | 1991 | 1992 | 1993 | 1994 | 1995 |
|---|---|---|---|---|---|
| സിൽവർ ഓക്ക് | 316369 | 97005 | – | – | – |
| തേക്ക് | – | – | 42968 | 2650 | – |
| മറ്റിനങ്ങൾ | 107847 | – | 6000 | | |
| ആകെ | 316369 | 97005 | 150815 | 2650 | 6000 |

### റബർബോഡ്

റബർ ബോഡിന്റെ പ്രവർത്തനം താരതമ്യേനമെച്ചമാണ്. എന്നാൽ ബോഡിന്റെ റീജനൽ ഓഫീസ് വയനാട് ജില്ലയിൽ ഇല്ല. വർദ്ധിച്ചുകൊണ്ടിരിക്കുന്ന റബർ കൃഷിക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ ലഭിക്കുവാനോ നല്ലയിനം തൈകൾ പ്രാദേ ശിക തലത്തിൽ വിശ്വസ്തതയോടുകൂടി ലഭിക്കുന്നതിനോ സാഹചര്യമില്ല. കാലോചിതമായി വായ്പകളും സബ്സിഡി കളും ലഭിക്കുന്നില്ല. മാനന്തവാടിയിൽ ടാപ്പിംഗ് പരിശീലന കേന്ദ്രം വർഷങ്ങളായി നിലവിൽ ഉണ്ടെങ്കിലും വിദഗ്ദതൊഴി ലാളികളെ നാമമാത്രമായി പോലും കിട്ടാനില്ല.

### കോഫീബോഡ്:

കോഫീബോഡിന്റെ പ്രവർത്തനം പൊതുവെ മെച്ചമാണെ ങ്കിലും ബോധവൽക്കരണ രംഗത്തും ഗ്രൂപ്പ് സ്പ്രിഗ്ളർ ഇറി ഗേഷൻ രംഗത്തും കാര്യമായി ശ്രദ്ധിക്കുന്നില്ല.

വൃക്ഷരംഗത്തും ഫലവൃക്ഷരംഗത്തും വയനാടിന്റെ ജൈവ വൈവിധ്യം നിലനിർത്തുന്ന കാപ്പികൃഷി വികസിപ്പിക്കേണ്ടതും ബോർഡു നിലനിൽക്കേണ്ടതും ആവശ്യമാണ്. വ്യാവസായി കരംഗത്തേക്ക് കോഫീബോഡ് ശ്രദ്ധിക്കുന്നില്ല.

സുഗന്ധവിളകളുടെ കലവറയും, തെങ്ങ് കൃഷി വ്യാപക മായിക്കൊണ്ടിരിക്കുന്നതുമായ ഈ പ്രദേശത്ത് സ്പൈസസ് ബോഡിന്റെയും കേവികസന ബോർഡിന്റെയും നാമമാത്രമായ ആനുകൂല്യങ്ങളും കൃഷിഭവൻ മുഖാന്തിരമാണ് നടപ്പിലാക്കു ന്നത്. ഇവയുടെ പ്രവർത്തനം പര്യാപ്തമല്ല.

### പാടശേഖര സമിതികൾ

മാനന്തവാടി കൃഷിഭവന്റെ പരിധിയിൽ 31 പാടശേഖര സമിതികളുണ്ട്. പത്ത് മുതൽ നൂറ്റിപത്ത് വരെ ഹെക്ടർ വിസ്തീർണ്ണമുള്ളതും മുപ്പതുമുതൽ ഇരുന്നൂറ്റി എഴുപതുവരെ കൃഷിക്കാരും അടങ്ങിയതാണ്. പാടശേഖര സമിതി മൊത്തം 1421.83 ഹെക്ടർ ആണ് പാടശേഖരത്തിന്റെ വിസ്തീർണ്ണം. കൃഷിക്കാരുടെ എണ്ണം 2743 ആണ്. ശരാശരി ഒരു കൃഷിക്കാ രന്റെ കൈവശമുള്ള വയലിന്റെ അളവ് 0.52 ഹെക്ടർ ആണ്.

### കുരുമുളക് സമിതി

19 കുരുമുളക് വികസന സമിതികളുടെ കീഴിലായി 1419.35 ഹെക്ടർ സ്ഥലം കൈവശമുള്ള 2585 അംഗങ്ങൾ ഉണ്ട്. ശരാശരി ഒരംഗത്തിന് 0.55 ഹെക്ടർ കൃഷിയിടമുണ്ട്. 80 അംഗങ്ങൾ മുതല 270 അംഗങ്ങൾ വരെയും, 34 ഹെക്ടർ മുതൽ 150 ഹെക്ടർ വരെയും വിസ്തൃതിയുള്ളതുമാണ് മേൽസമിതികൾ.

മാനന്തവാടി കൃഷിഭവന് കീഴിൽ മേൽ കാണിച്ച സമിതി കൾ ഉണ്ടെങ്കിലും ഇവയുടെ പ്രവർത്തനം ഒട്ടുംതന്നെ കാര്യ ക്ഷമമല്ലാത്തതും വിവേചനപരവുമാണ്. സമിതികളുടെ രൂപീ കരണ വേളയിൽ മുഴവൻ കൃഷിക്കാരെയും ഉൾപ്പെടുത്തിയി ട്ടില്ല പ്രവർത്തനപ്പരിധി ആധികാരികരേഖകളുടെ അടിസ്ഥാ നത്തിലല്ലാതെയും നിർണയിക്കപ്പെട്ടിട്ടുള്ളതിനാൽ ഒരു വാർഡിൽത്തന്നെ ഒന്നിലധികം സമിതികൾ പ്രവർത്തിക്കുന്ന തിനാൽ ഒരേ കൃഷിയിൽ ഒന്നിലധികം സമിതികളിൽ അംഗ ങ്ങളായവരും ഉണ്ട്. രേഖയില്ലാത്ത ഭൂമി കൈവശമുള്ള കർഷ കന് ആനുകൂല്യം നിഷേധിക്കപ്പെടുന്നു. സമിതികൾ മുഖാ ന്തിരം വിതരണം ചെയ്യുന്ന ആനുകൂല്യങ്ങൾ എല്ലാ അംഗങ്ങ ളിലും എത്തുന്നു എന്ന് ഉറപ്പാക്കണം.

പട്ടിക - 27

**മാനന്തവാടി കൃഷിഭവന്റെ പരിധിയിലുള്ള പാടശേഖര സമിതികളുടെ വിശദവിവരങ്ങൾ**

| സമിതിയുടെ പേര് | കൃഷിക്കാരുടെ എണ്ണം | കൃഷിസ്ഥല വിസ്തീർണ്ണം |
|---|---|---|
| 1.പിലാക്കാവ് പാടശേഖര സമിതി | 130 | 48.82 ഹെക്ടർ |
| 2. മണ്ടകമൂല " | 81 | 33.98 |
| 3 ചാലിഗദ്ധ " | 62 | 30.76 |
| 4ആറാട്ടു തറ ഇല്ലത്തുവയൽ " | 199 | 111.92 |
| 5 തറാട്ട് പിലാക്കാവ് " | 116 | 47.82 |
| 6 പാലാക്കുണ്ട " | 63 | 21.72 |
| 7 ചെന്നലായ് " | 119 | 41.9 |
| 8 പള്ളിയറക്കൊല്ലി " | 29 | 11.56 |
| 9 ഒഴക്കോടി " | 130 | 60.39 |
| 10 കണിയാരം " | 270 | 106.68 |
| 11 ഒണ്ടയങ്ങാടി " | 60 | 24.46 |
| 12 മുട്ടങ്കര " | 45 | 36.35 |
| 13 കൈതക്കൊല്ലി " | 49 | 20.2 |
| 14 കാവുംമൂല " | 43 | 26.88 |
| 15 പുതിയിടം " | 94 | 54.54 |
| 16 എറാളമൂല " | 32 | 13.32 |
| 17. എടപ്രകൊല്ലി " | 34 | 13.75 |
| 18 ചെറൂർ " | 80 | 54.8 |
| 19 മുതിരമൂല " | 61 | 35.8 |
| 20 വരടിമൂല " | 98 | 46.74 |
| 21 പഞ്ചാരക്കൊല്ലി " | 187 | 91.7 |
| 22 എടപ്പടി " | 39 | 16.00 |
| 23 അനശ്വര " | 100 | 51.22 |
| 24 കുറുക്കൻമൂല " | 105 | 84.00 |
| 25 കൊയിലേരി " | 65 | 34.00 |
| 26 പയ്യമ്പള്ളി " | 106 | 57.62 |
| 27 താണ്ടിക്കൽ | 191 | 84.38 |
| 28 ഐശ്വര്യ വെള്ളോട്ടിൽ | 92 | 43.5 |
| 29 കുഴിനിലം | 66 | 47.57 |
| 30 തളിൻകോട് ഓട്ടുമ്മൽ | 35 | 11.00 |
| 31 പുതിയിടം ഊർപ്പള്ളി | 60 | 53.5 |
| ആകെ | 2743 | 1421.83 |

### പട്ടിക - 28

**മാനന്തവാടി കൃഷിഭവന്റെ പരിധിയിലുള്ള കുരുമുളക് സമിതിയുടെ വിവരങ്ങൾ**

| ക്രമ ന | കുരുമുളക് ഗ്രൂപ്പ് മാനേജ്മെന്റ് സമിതിയുടെ പേര് | കർഷകരുടെ എണ്ണം | വിസ്തീർണ്ണം ഹെ. |
|---|---|---|---|
| 1 | പരിയാരംകുന്ന് കുരുമുളക് സമിതി | 82 | 34.97 |
| 2 | എടപ്പടി കുരുമുളക് സമിതി | 134 | 52.33 |
| 3 | കുഴിനിലം മണ്ടകമൂല | 129 | 73.58 |
| 4 | പെരുവക | 80 | 60.92 |
| 5 | ഒഴക്കോടി | 190 | 77.46 |
| 6 | കുറുക്കൻമൂല | 94 | 63.69 |
| 7 | ചെറ്റപ്പാലം | 175 | 69.59 |
| 8 | പയ്യമ്പള്ളി | 58 | 40.00 |
| 9 | ചേറൂർ | 133 | 86.42 |
| 10 | ചാലിഗദ്ദ പാൽവെളിച്ചം | 109 | 76 |
| 11 | പള്ളിയറക്കൊല്ലി | 188 | 109.17 |
| 12 | മുതിരമൂല | 126 | 102.55 |
| 13 | പടമല | 95 | 61.48 |
| 14 | പിലാക്കാവ് | 195 | 79.31 |
| 15 | കണിയാരം | 184 | 89.28 |
| 16 | പുതിയിടം, അടുമാരി | 273 | 151.83 |
| 17 | കാവുംമൂല | 76 | 44 |
| 18 | പാലാക്കുളി | 163 | 80.35 |
| 19 | അനശ്വര കുറ്റിമൂല | 101 | 66.42 |
| | ആകെ | 2585 | 1419.35 |

#### റബ്ബർ

റബ്ബർ കർഷകരുടെ വികസന സമിതി പഞ്ചായത്ത് തലത്തിൽ ഉണ്ടെങ്കിലും, എല്ലാ വാർഡുകളിലും ഇതിന്റെ സേവനം ലഭ്യമല്ല. സമിതിമുഖാന്തിരം നടപ്പിലാക്കേണ്ട ധാരാളം പദ്ധതികൾ ഉണ്ട്. പ്രവർത്തനം ആശാവഹമല്ല.

#### കേരസമിതി

മെമ്പർഷിപ്പ് പ്രവർത്തനം വിവേചന പരമായാണ് നടത്തിയത്. നാളിതുവരെ ജനറൽബോഡിയോഗം കൂടുകയോ, കേര കർഷകർക്ക് ഗുണപ്രദമായ രീതിയിൽ പ്രവർത്തിക്കുകയോ ചെയ്തിട്ടില്ല. 95-96 വർഷത്തിൽ പുതുതായി തെങ്ങ് നട്ട് പിടിപ്പിച്ച കർഷകർക്ക് സബ്സിഡി ലഭ്യമാക്കുന്നതിനും, 96-97 വർഷത്തിൽ കൃഷിഭവനിലെത്തിയ തെങ്ങിൻ തൈകൾ വിതരണം ചെയ്യുന്നതിനും താത്പര്യം കാണിച്ചിട്ടില്ല.

#### വാട്ടർഷെഡ് കമ്മിറ്റികൾ

പഞ്ചായത്തിൽ പ്രവർത്തനം നടന്നുകൊണ്ടിരിക്കുന്ന രണ്ടും, പ്രാരംഭപ്രവർത്തനം തുടങ്ങിയ ഒന്നും നീർമറി വികസന പദ്ധതികളുണ്ട്. ഇതിൽ കണിയാരം, പിലാക്കാവ്, ദേശീയ നീർമറി പദ്ധതിക്ക് മാത്രമേ പ്രാദേശിക തല ജനകീയ കമ്മിറ്റി നിലവിലുള്ളു. മറ്റ് രണ്ടിനും ഇതുവരെ ജനകീയ കമ്മറ്റി ഉണ്ടായിട്ടില്ല. ഇവയ്ക്ക് പഞ്ചായത്ത് തല ഔദ്യോഗീക കമ്മിറ്റികളാണ് ഇപ്പോഴുള്ളത്. വിവിധ തരം സ്കീമുകൾക്കായി കണിയാരം, പിലാക്കാവ് ദേശീയ നീർമറിക്ക് അനുവദിച്ച സംഖ്യ 4435000/- ആണ്. ഈ പദ്ധതിയുടെ പ്രവർത്തന കാലാവധി 5 വർഷം ആണ്. കാലാവധി തീരാൻ മാസങ്ങൾ മാത്രം ബാക്കി നിൽക്കെ ചിലവഴിച്ച തുക 1990957 മാത്രമാണ്. ബന്ധപ്പെട്ട ഉദ്യോഗസ്ഥ തലത്തിൽ വന്ന അനാസ്ഥ അനുവദിച്ച തുക കാലാകാലങ്ങളിൽ ചിലവഴിക്കാത്തതിന് കാരണമായിട്ടുണ്ട്.

#### കാർഷിക വിപണന മേഖല സാദ്ധ്യതകൾ

കോടിക്കണക്കിന് രൂപയുടെ കാർഷിക വിപണനം നടക്കുന്നതിൽ 98 % സ്വകാര്യമേഖലയിലാണ്. ഇതുകൊണ്ട് തന്നെ കർഷകർ ചൂഷണത്തിന് വിധേയരാകുന്നു. ഉൽപന്ന വിലയിൽ നല്ലൊരു പങ്ക് ഇടത്തട്ടുകാരുടെ കൈകളിലെത്തുന്നതിന് ഇത് കാരണമാകുന്നു. ഒരു അഗ്രിക്കൾച്ചർ & മാർക്കറ്റിംഗ് സൊസൈറ്റി ഉണ്ടെങ്കിലും, സ്വകാര്യകച്ചവട സ്ഥാപനങ്ങളുടെ പ്രവർത്തനശൈലിയാണ് സ്വീകരിക്കുന്നത്. പച്ചക്കറി വിപണന മേഖലയിലാണ് കച്ചവടക്കാർ കർഷകരെ കൂടുതലായി ചൂഷണം ചെയ്യുന്നത്. ഉൽപ്പന്നത്തിന്റെ ഗുണനിലാവരത്തിനനുസരിച്ച് വില ലഭിക്കുന്നില്ല. അതുകൊണ്ട് തന്നെ കർഷകർ ഗുണമേന്മയ്ക്ക് പ്രാധാന്യം കൊടുക്കുന്നില്ല. ഇത് അന്താരാഷ്ട്രവിപണിയിൽ നമ്മുടെ ഉൽപന്നങ്ങൾക്ക് ഡിമാൻഡ് കുറക്കുന്നതിന് കാരണമാക്കുന്നുണ്ട്. ഉദാഹരണമായി കുരുമുളകിന്റെ പൊള്ള് ഇനം തിരിച്ച് വാങ്ങുകയും, പിന്നീട് കൂട്ടിച്ചേർത്ത് ഉൽപന്നം മാർക്കറ്റിൽ എത്തിക്കുകയും ചെയ്യുന്നു. ഇതാകട്ടെ അന്താരാഷ്ട്ര ഗുണനിലവാരം ഇല്ല എന്ന കാരണത്താൽ മൊത്തം ഉൽപ്പന്നത്തിന്റെ വിലയിടിവിന് വഴിയൊരുക്കുന്നു. ഇഞ്ചി, വാഴക്കുല എന്നിവയ്ക്ക് കച്ചവടക്കാർ ഏർപ്പെടുത്തിയിരിക്കുന്ന തൂക്കത്തിൽ വരുത്തുന്ന കിഴിവ് ചൂഷണമാണ്.

#### വായ്പാ സൗകര്യം

മുൻകാലങ്ങളിൽ ഭൂപണയ ബേങ്കാണ് കാർഷിക രംഗത്ത് പ്രധാനമായും വായ്പകൾ നൽകിയിരുന്നതെങ്കിൽ ഇപ്പോൾ ഇതര ബേങ്കുകളും ഈ രംഗത്ത് വായ്പ ലഭ്യമാക്കുന്നുണ്ട്. എന്നാൽ ബേങ്കുകളുടെ വായ്പാ സൗകര്യത്തിന് വളരെയധികം അപാകതകൾ നിലനിൽക്കുന്നു. കാർഷിക വായ്പകൾ നൽകുന്നത് മുഴുവൻ യഥാർത്ഥ കർഷകർക്കല്ല. പല ബാങ്കുകളും വ്യത്യസ്ത മാനദണ്ഡത്തിലൂടെയാണ് വായ്പകൾ നൽകു

ന്നത്. വാർഡു തിരിച്ചുള്ള ബാങ്കുകളുടെ പ്രവർത്തനവും ഈ രംഗത്ത് വളരെയധികം ബുദ്ധിമുട്ടുണ്ടാക്കുന്നു.

**ജലസേചനവുമായി ബന്ധപ്പെട്ട പൊതുനിർദ്ദേശങ്ങൾ**

1 ഒഴക്കോടി മുതൽ പാൽവെളിച്ചം വരെ നീണ്ടുകിടക്കുന്ന പഞ്ചായത്തിന്റെ ഏറ്റവും വലിയ ജലസ്രോതസ്സായ മാനന്തവാടി പുഴയിലെ ജലം ഉപയോഗിച്ച് ജലസേചനം വിപുലപ്പെടുത്തണം.

2 പ്രദേശത്തിന്റെ ഭൂപ്രകൃതികണക്കിലെടുത്ത് കുന്നിൻ പ്രദേശങ്ങളിൽ കൂടി ജലസേചനം സാധ്യമാകുന്ന രീതിയിൽ ഉയർന്ന പ്രദേശങ്ങളിൽ ടാങ്ക് നിർമിച്ച് അവയിലേക്ക് വെള്ളം പമ്പ്ചെയ്ത് കനാലുകൾ വഴിയൊ പൈപ്പുകൾ വഴിയൊ കൃഷിയിടത്തിൽ വെള്ളമെത്തിക്കുന്ന സ്കീമുകൾ നടപ്പാക്കണം. ഈ രീതിയിൽ ഇപ്പോൾ നിലവിലുള്ള രണ്ട് ലിഫ്റ്റ് ഇറിഗേഷനും പുനഃസംവിധാനം ചെയ്യുകയും പുതുതായി 4മേജർ ലിഫ്റ്റ് ഇറിഗേഷൻ അനുയോജ്യമായിടങ്ങളിൽ ആരംഭിക്കുകയും വേണം.

3 ഇപ്പോഴുള്ള രണ്ട് ചെക്ക് ഡാമുകൾക്കു പുറമെ മൂന്ന് ചെക്ക് ഡാമുകൾ കൂടി നിർമ്മിക്കണം.

4 പ്രയോജനപ്രദമായ എല്ലാമേജർ, മൈനർ ലിഫ്റ്റ് ഇറിഗേഷനുകൾക്കും, കനാലുകൾക്കും ആവശ്യമായ അറ്റകുറ്റ പണി ഉടൻ നടത്തണം.

5 കുളങ്ങളിൽ നിന്നും, വി. സി. ബികളിൽ നിന്നും വെള്ളം പമ്പുചെയ്ത് ജലസേചനം നടത്തുന്നതിന് മോട്ടോർ പമ്പുകൾ സ്ഥാപിക്കുക. തലക്കുളങ്ങളുടെ എണ്ണം വർദ്ധിപ്പിക്കണം.

6 കരഭൂമികളിൽ കോൺടൂർബണ്ടിംഗ് സംവിധാനം നടപ്പാക്കി മണ്ണ്, ജലസംരക്ഷണം ഉറപ്പാക്കുക.

7 കാപ്പികൃഷിക്ക് (സ്പിംഗ്ളർ ഉപയോഗിച്ചുള്ള ഗ്രൂപ്പ് ഇറിഗേഷൻ സംവിധാനം ഏർപ്പെടുത്തുക.

**പൊതുനിർദ്ദേശങ്ങൾ**

1. കൃഷിയുമായി ബന്ധപ്പെട്ട വിവിധ വകുപ്പുകളുടെ പ്രവർത്തനം ഏകീകരിക്കുക

2 നെൽകൃഷിക്ക് പ്രഥമ പരിഗണന നൽകുക

3 മാനന്തവാടിയിൽ സീഡ്ഫാം അനുവദിക്കുക -

4 ജില്ലാതല കൃഷിഫാം ആരംഭിക്കുക

5 ഓരോ പാടശേഖരത്തിനും വിള സംസ്കരണത്തിന് പൊതുകുളങ്ങൾ നിർമ്മിക്കുക

6 സമഗ്ര കർഷക സർവ്വെ നടത്തി റവന്യൂ കാർഡ് സമ്പ്രദായം നടപ്പിലാക്കുകയും ഇതിന്റെ അടിസ്ഥാനത്തിൽ വായ്പ കിട്ടുവാനുള്ള സൗകര്യം ഏർപ്പെടുത്തുകയും ചെയ്യുക.

7. നെൽകൃഷിവായ്പതോത് ഉയർത്തുകയും ഉദാരമാക്കുകയും ചെയ്യുക

8 വാർഡ് തിരിച്ചുള്ള ബാങ്ക് വായ്പ സമ്പ്രദായം നിർത്തലാക്കുക.

9 ഗ്രൂപ്പ് ഫാമിങ്ങ് ഫലവത്തായി നടപ്പിലാക്കുക

10 കൊയ്ത്ത്മെതി തെങ്ങ്കയറ്റ യന്ത്രങ്ങൾ 80% സബ്സിഡി അനുവദിച്ച് ആവശ്യാനുസരണം ലഭ്യമാക്കുക

11 റബ്ബർ കർഷകർക്ക് പ്രയോജനകരമായ രീതിയിൽ ഷെല്ലർ (റബ്ബർ റോളർ) ഘടിപ്പിച്ച മില്ല് സ്ഥാപിക്കുക. റബ്ബർ ടാപ്പിങ്ങ് പരിശീലന കേന്ദ്രത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുക. പരിശീലകർക്ക് സ്റ്റൈവെന്റ് അനുവദിക്കുക

12 കാർഷിക വിദഗ്ദ്ധർ കൃഷിയിടം സന്ദർശിച്ച് നിർദ്ദേശങ്ങൾ നൽകുകയും 6 മാസത്തിലൊരിക്കലെങ്കിലും കർഷകസമിതികളുടെ നേതൃത്വത്തിൽ കർഷകരെ പങ്കെടുപ്പിച്ചു കൊണ്ട് കർഷകയോഗം ചേർന്ന് ബോധവൽക്കരണ ക്ലാസുകളുടെ വിലയിരുത്തലും തടത്തുക.

13 കർഷകരുമായ ചർച്ചചെയ്തു അതാതു പ്രദേശത്തെ പദ്ധതികൾ ആസൂത്രണം ചെയ്യുകയും നടപ്പിലാക്കുകയും ചെയ്യുക

14 കൃഷിഭവനിൽ കർഷകാനുപാതത്തിൽ ജീവനക്കാരെ നിയമിക്കുക.

15 എല്ലാം വിളകൾക്കും ഇൻഷൂറൻസ് ഏർപ്പെടുത്തുക. കീടരോഗബാധയും, വന്യമൃഗശല്ല്യവും ഇൻഷൂറൻസ് പരിധിയിൽ ഉൾപ്പെടുത്തുക. കൃഷി സമിതികൾക്ക് പൊതുധാരണയോടെ പ്രവർത്തിക്കുന്നതിന് പഞ്ചായത്ത് മെമ്പർമാർ കൺവീനറായി ഏകോപന സമതി രൂപീകരിക്കുക. വാർഡു തലത്തിൽ പ്രവർത്തിക്കുന്നതിന് ഓഫീസുകൾ സ്ഥാപിക്കുക. നിലവിലുള്ള സമതികൾ വാർഡുതലത്തിൽ പുനസംഘടിപ്പിക്കുക. വാർഷിക ജനറൽ ബോഡിയും തിരഞ്ഞെടുപ്പും നടത്തുക.

16. ഗ്രൂപ്പ് സ്പ്രിംഗ്ളർ ഇറിഗേഷൻ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുക

17 സംയോജിത കീടനിയന്ത്രണം ഏർപ്പെടുത്തുക

18 മണ്ണിര കമ്പോസ്റ്റ് നിർമ്മാണം ഊർജിതപ്പെടുത്തുക

19 സമിതകൾക്ക് നൽകിയിരിക്കുന്ന യന്ത്രോപകരണങ്ങൾ അതാതു പ്രദേശത്ത് കാർഷികാവശ്യങ്ങൾക്ക് ലഭിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തുക

20. അത്യുൽപ്പാദനശേഷിയുള്ള നടീൽവസ്തുക്കളും – വിത്തുകളും കീടനാശിനി, ജൈവകീടനാശിനി എന്നിവയും സബ്സിഡി നിരക്കിൽ കൃഷിഭവൻമുഖേന ആവശ്യാനുസരണം വിതരണം നടത്തുക.

21. മണ്ണ് പരിശോധനാ സംവിധാനം ഊർജിതപ്പെടുത്തണം

22. ജൈവവസ്തു വ്യാപന പദ്ധതി ഊർജ്ജിതപ്പെടുത്തണം

23 ജീവനാണു വള പ്രയോഗ പദ്ധതി നടപ്പിലാക്കണം.

24 ബയോഗ്യാസ് പ്ലാന്റുകൾക്ക് 85% സബ്സിഡി അനുവദിക്കുക

25 പഞ്ചായത്തിന്റെ കീഴിൽ ആഴ്ചചന്തയും പൊതുവിപണന കേന്ദ്രവും ആരംഭിക്കണം.

26 കാർഷികോൽപ്പന്നങ്ങൾക്ക് സംഭരണ ഡിപ്പോ ആരംഭിക്കണം.

27 കൂൺ കൃഷിക്ക് പഞ്ചായത്തു തല പരിശീലനവും വിത്തുകളും കൊടുക്കുക

28 തേനീച്ച വളർത്തലിന് പരിശീലനവും കൂടുതൽ സബ്സിഡിയും കൊടുക്കുക

29 ഓർക്കിഡ് & ആന്തൂറിയം കൃഷിയിൽ പരിശീലനവും നടീൽ വസ്തുക്കൾ ഷെയ്ഡ് നെറ്റ് എന്നിവയ്ക്കും സബ്സിഡി നിരക്കിൽ അനുവദിക്കുകയും മാർക്കറ്റ് ബ്ലോക്ക് തലത്തിൽ ഉണ്ടാവുകയും വേണം.

30. ചക്ക, ഇഞ്ചി, മാങ്ങ എന്നിവയ്ക്ക് സംസ്കരണശാല അനുവദിക്കണം.

31. ഊർജിത കശുമാവ് വികസനപദ്ധതി ആരംഭിക്കുക

32. റബ്ബർ ബോർഡ് റീജനൽ ഓഫീസ് മാനന്തവാടിയിൽ ആരംഭിക്കുക

33 വനത്തിൽ നിന്നും മുറിച്ച് മാറ്റുന്ന തേക്ക്, മുള, യൂക്കാലി, സിൽവർ എന്നിവയുടെ തലഭാഗങ്ങൾ വാഴകൃഷിക്ക് ഊന്ന് കൊടുക്കുന്നതിനും മറ്റുമായി കർഷകർക്ക് കൊടുക്കുക.

34 യൂക്കാലിവെച്ചു പിടിപ്പിക്കുന്നത് നിർത്തുക

35 മഴക്കാലത്ത് ശക്തിയായ ഒഴുക്കുള്ള തോടുകളുടെ പാർശ്വഭാഗം കെട്ടി സംരക്ഷിക്കുക

36 കമ്പനി പുഴയ്ക്ക് (മാനന്തവാടി) സൈഡ് കെട്ടി – ജൈവ വൈവിദ്ധ്യം നിലനിർത്തുന്ന വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുക.

37 ഓരോ കൃഷിക്കും സഹകരണ സംഘങ്ങൾ ആരംഭിക്കുകയും, വായ്പാസൗകര്യം കൊടുക്കുന്നതോടൊപ്പം അതത് ഉൽപ്പന്നം സംഘങ്ങൾ തന്നെ സ്വീകരിച്ച് വിപണനം നടത്തുകയും ചെയ്യുക.

**ഗ്രാമസഭനിർദ്ദേശങ്ങൾ**

**വാർഡ് -I**

1. ചിറക്കര 22 – ൽ കോസ് ബാർകനാലിന്റെ പണിയും വട്ടർക്കുന്ന് പഞ്ചാരക്കൊല്ലി എന്നിവിടങ്ങളിൽ കുളവും ചിറക്കരസ്കൂളിന് സമീപം തോടിലും വണ്ണാറക്കൊല്ലി കണ്ണോത്തു വയൽ എന്നിവിടങ്ങളിൽ ചെക്കും ഡാമും നിർമ്മിക്കുക

**വാർഡ് II**

1 കണിയാരം അണക്കെട്ട് റിപ്പയർ ചെയ്യുക

2 കല്ലിയോട് ഓടൻതോട് ചോയിമൂല, അയനിയാറ്റിൽ എന്നീ കുളങ്ങളിൽ മോട്ടർ സ്ഥാപിക്കുക

3 അമ്പുപാലം പരിസരം ലയനിക്കുന്ന് (ജസ്സി) കുമാര മല, ചൂരിയാറ്റിവയൽ, പുലിത്താന, കല്ലുമൊട്ടം കുന്ന്, ഗോരിമൂല എന്നിവിടങ്ങളിൽ കുളങ്ങൾ കുഴിക്കണം ഈ ഭാഗങ്ങളിൽ നിലവിലുള്ള തലക്കുളങ്ങൾ റിപ്പേയർ ചെയ്യണം.

**വാർഡ് III**

1 ചെറുപുഴക്കോവിൽ – മുണ്ടക്കടവ്, ചെറുപുഴ പാലത്തിന്നുസമീപം, എന്നിവിടങ്ങളിൽ ചെക്ക് ഡാം നിർമ്മിച്ച് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിനടപ്പാക്കുക.

2 കണിയാരം അണക്കെട്ട് റിപ്പയർ ചെയ്ത് ഇരുകനാലിലും മോട്ടോർ സ്ഥാപിക്കണം.

3. കുഴിനിലം ചെക്ക് ഡാമിന് ചീപ്പ് നിർമ്മിച്ച് പമ്പ് സെറ്റ് സ്ഥാപിക്കുക

4 കണിയാരം, ഓടൻ തോട് 's' വളവ് എന്നിവിടങ്ങളിൽ ചെക്ക് ഡാം നിർമ്മിക്കുക

5 കരിമളം വളവിലും കോവിൻ മുണ്ടവളവിലും കുളം കുഴിക്കാൻ സൗകര്യമുണ്ട്.

6 പാലക്കുളികുരങ്ങൻ മടക്കിലുള്ള മോട്ടോർ റിപ്പയർ ചെയ്ത് കനാൽ നിർമ്മിച്ച് പൈപ്പുലൈൻ ഇടുക

7 കണിയാരം തലക്കൽ പ്പീടികയുടെ സമീപത്തുനിന്നും അണക്കെട്ട് കനാൽ വരെ തോടു നിർമ്മിക്കുക

8 ഓടൻ തോടിന്റെ സൈഡ്കെട്ടുക. കുഴിനിലം ചെറുതോടിനും ഓടൻതോടിനും, കനാൽ റോഡിനും മദ്ധ്യത്ത് മണ്ണിടിഞ്ഞു വീണത് റിപ്പയർ ചെയ്യുക.

**വാർഡ് IV**

1. ഒഴക്കോടി കുന്നിലേക്ക് മൈനർ ഇറിഗേഷൻ

2 പാലാക്കുളി ചെറുപുഴക്ക് ചെക്ക് ഡാം

3 കുളങ്ങരപാടത്ത് 2, മാന്തോലിക്കൊല്ലി, മുട്ടത്ത് വയൽ. എന്നിവിടങ്ങളിൽ കുളങ്ങളും പുതിയകണ്ടി, മക്കിക്കൊല്ലി, പാലാക്കുളി എന്നിവിടങ്ങളിൽ ഉള്ള കുളങ്ങളിൽ മോട്ടറും സ്ഥാപിക്കുക

4 പിലാശ്ശേരി പദ്ധതിയുടെ മോട്ടറും കനാലും റിപ്പയർ ചെയ്യുക

വാർഡ് V

1 ചൂട്ടക്കടവ് പുഴയിൽ ലിഫ്റ്റ് ഇറിഗേഷൻ ക്ലബ്ബ്, കുന്ന് താഴെ വയലിൽ കുളം എന്നിവ നിർമ്മിക്കുക

വാർഡ് VI

1 വള്ളിയൂർക്കാപ്പ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നടപ്പിലാക്കുക ആറാം വാർഡിലെ പ്രദേശത്തുകൂടി ഉപയോഗപ്രദമാക്കുക

2 ചെറ്റപ്പാലം തോടിന് ചെക്ക് ഡാം നിർമ്മിക്കുക

3 ഫോറസ്റ്റ് ബംഗ്ലാവിന് താഴെയുള്ള വയൽ ബസ്റ്റാന്റിന് താഴെയുള്ള വയൽ എന്നിവിടങ്ങളിൽ കുളം.

കൂടാതെ പാറക്കൽ കേറ്റയിൽ മോട്ടോർ സ്ഥാപിച്ച് പൊതു ആവശ്യത്തിന് ഉപയോഗിക്കുക. ഈ ക്വാറിയിലെ വെള്ളം കൊണ്ട് മാനന്തവാടി പ്രദേശത്തെ കുടിവെള്ളക്ഷാമം പരിഹരിക്കപ്പെടും

വാർഡ് VII

1. ചെന്നലായിയിൻ നിലവിലുള്ള ചെക്ക് ഡാം ചീപ്പ് ഇട്ട് ഉപയോഗപ്രദമാക്കണം

2. ഒണ്ടയങ്ങാടി ഫോറസ്റ്റിനോട് ചേർന്ന തോടിനും കയ്യാട്ട് കുന്ന് തോടിനും തടയണ നിർമ്മിക്കുക

3 ഒണ്ടയങ്ങാടിമൈതാനം, ചോയിമൂല, കൈക്കൊല്ലി മുതിര മൂലക്കോളണി എന്നിവിടങ്ങളിൽ കുളങ്ങൾ നിർമ്മിക്കുക

വാർഡ് - VIII

1. ആറ്റുതറതോടിന് ചെക്ക് ഡാം നിർമ്മിക്കുക

2 ഇല്ലത്തുവയൽ കൂവളമുട്ടം കുന്ന് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നടപ്പാക്കുക

വാർഡ് IX

1 വരടിമൂല, കാവണവയൽ, പള്ളിയറക്കൊല്ലി, എന്നിവിടങ്ങളിൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി ആവശ്യമാണ്.

2. ചെറ്റപ്പാലം തോട്, കൊയിലേരിപുഴ എന്നിവിടങ്ങളിൽ തടയണ, ചെക്ക് ഡാം എന്നിവ നിർമ്മിക്കുക

വാർഡ് X

1 ചാലിഗദ്ദപാൽവെളിച്ചം പദ്ധതി അടിയന്തിരമായി നടപ്പിലാക്കുക.

2. പടമല, പാൽവെളിച്ചം, കാവേരിപൊയിൽ കോതംപ[illegible] ഏറാളമൂല, ചെറൂർ, കുറുക്കൻമൂല കോട്ടമൂല മണ്ടകപാ[illegible] എന്നിവിടങ്ങളിൽ കുളം നിർമ്മിക്കുക.

3. പാൻവെളിച്ചം പുഴക്കരയിൽ ചെക്ക് ഡാം നിർമ്മിക്കുക

വാർഡ് XI

1 കൂടൽക്കടവ് രണ്ടാം ഘട്ടത്തിന്റെ പണി പൂർത്തിയാക്കുക

2 ചാലിഗദ്ദലിഫ്റ്റ് ഇറിഗേഷൻ പദ്ധതി പൂർത്തിയാക്കുക

3 മണിമൂട് കുടൽക്കടവ് എന്നിവിടങ്ങളിൽ ചെക്ക് ഡാ[illegible] നിർമ്മിക്കുക

4 അഡവാംകുന്ന് കരയിത്തിങ്കൽ കുളം ആഴംകൂട്ടി സൈഡ് കെട്ടുക

വാർഡ് XII

1 കൊയിലേരി, പൊട്ടൻ കൊല്ലി വെള്ളാരം കുന്ന് എന്നിവിടങ്ങളിൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ നടപ്പാക്കുക നിലവിലുള്ള ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയായ വെള്ളാര കുനപദ്ധതിയുടെ മോട്ടറും കനാലും അടിയന്തിരമായ റിപ്പേർ ചെയ്യുക

2 പുളിക്കൽ തോടിന് ചെക്ക് ഡാം നിർമ്മിക്കകയും പാർശ്വ ഭാഗങ്ങൾ കെട്ടി സംരക്ഷിക്കുകയും ചെയ്യുക

3 കുടൽ കടവ് പദ്ധതിയുടെ കനാൽ ഈ വാർഡിന് കൂ[illegible] പ്രയോജന പഥമാക്കുന്ന രീതിയിൽ നിർമ്മിക്കണം. കുടൽ കടവിൽ ചെക്ക് ഡാം പണിയണം.

വാർഡ് - XIII

1 പിലാക്കാവ് കണിയാരം ഓടൽ തോട് മാങ്ങോട്ട് അടിവാര തോട് എന്നിവക്ക് ചെക്ക് ഡാമുകൾ നിർമ്മിക്കുക

2 വെള്ളോട്ടിൽ ദാസമല തോട് എന്നിവിടങ്ങളിൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നടപ്പിലാക്കുക

3 വട്ടറക്കുന്ന്, എലിമണി, കുറ്റിമൂല, നമ്പൂരിക്കുന്ന് എന്നിവിടങ്ങളിൽ കുളം നിർമ്മിക്കുക

4 കക്കുന്നത്തു കുളം ഉപകാരപ്രദമാക്കണം.

വാർഡ് - XIV

1 പരിയാരം കുന്നിൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നടപ്പിലാക്കുക

2 ഓടൻ തോടിന് ചെക്ക് ഡാം നിർമ്മിക്കുക

5(2)

മൃഗസംരക്ഷണം മത്സ്യബന്ധനം

മാനവരാശിയുടെ വികാസചരിത്രം പരിശോധിച്ചാൽ പുരോഗതിക്കും, വളർച്ചയ്ക്കും പ്രചോദനമായി നിന്നത് വളർത്തു മൃഗങ്ങളാണെന്ന് കാണാം. ആദ്യാകാലങ്ങളിൽ തന്നെ മനുഷ്യന്റെ മുഖ്യജീവിതോപാധികളിലൊന്ന് വളർത്തു മൃഗങ്ങളായിരുന്നു. അദ്ധ്വാനഭാരം ലഘൂകരിക്കുന്നതിനും, യാത്രയ്ക്കും പാലിനും മനുഷ്യൻ വളർത്തു മൃഗങ്ങളെയാണ് ആശ്രയിച്ചിരുന്നത്.

വയലുകളുടെ നാടായ വയനാട്ടിൽ കർഷകൻ പാടമൊരുക്കാൻ പൂർണ്ണമായും ആശ്രയിച്ചിരുന്നത് നാടൻ കാളകളെയും പോത്തുകളെയുമായിരുന്നു.

ആദ്യകാലങ്ങളിൽ കാർഷിക പ്രമാണിമാരും, കുറിച്യ വിഭാഗക്കാരായ ആദിവാസികളും കന്നുകാലികളെ ധാരാളമായി വളർത്തിയിരുന്നു. ഇവർ കന്നുകാലികളെ സംരക്ഷിക്കുന്നതിന് അക്കാലങ്ങളിൽ നിർമ്മിച്ചിരുന്ന വലിയ 'ആലകൾ' ഇപ്പോഴും പലയിടങ്ങളിലും കാണാം.



വേനൽക്കാലങ്ങളിൽ കൊയ്തൊഴിഞ്ഞ പാടങ്ങളിൽ പൊളിച്ച മുളകൾകൊണ്ട് നിർമ്മിച്ച പിടാവുകളിലാണ് കാലികളെ പാർപ്പിച്ചിരുന്നത്. അക്കാലത്ത് കാലികളുടെ എണ്ണം ജൻമിത്വത്തിന്റെ, അദ്ധ്വാനത്തിന്റെ പ്രതീകമായാണ് കണക്കാക്കിയിരുന്നത്. വള്ളിയൂർ കാവുൽസവത്തോടുനുബന്ധിച്ച് നടത്തിയിരുന്ന കന്നുകാലി ചന്തയിൽ വച്ചായിരുന്നു അക്കാലത്ത് കന്നുകാലികളുടെ കൊടുക്കൽ വാങ്ങൽ പ്രധാനമായി നടന്നിരുന്നത്. സ്വാഭാവിക പുൽമേടുകളുടെ നാശം കൃഷിയിലെ യന്ത്രവൽക്കരണം, കൃഷിഭൂമിയുടെ തുണ്ട് വൽക്കരണം, ജലദൗർലഭ്യം എന്നിവ കന്നുകാലി വളർത്തൽ പ്രയാസകരമാക്കി ആധുനിക പ്രജനന പ്രക്രിയകൾ നാടൻ ജനുസുകളുടെ പിൻതള്ളപ്പെടലിന് കാരണമായി.

കന്നുകാലികളുടെ എണ്ണത്തിൽ മാത്രം ശ്രദ്ധിച്ചിരുന്ന കർഷകർ അവരുടെ രോഗപ്രതിരോധത്തെയോ, ക്ഷീരോൽപ്പാദന വർദ്ധനവൊ ശ്രദ്ധിച്ചിരുന്നില്ല. ശാസ്ത്രീയമായ ചികിത്സാ രീതികളൊ, ഫലപ്രദമായ ഔഷധങ്ങളൊ, നിലവിലുണ്ടായിരുന്നില്ല.

മൃഗസംരക്ഷണ മേഖലയിൽ കഴിഞ്ഞ രണ്ടുമൂന്ന് ദശാബ്ദത്തിനുള്ളിൽ വമ്പിച്ച മാറ്റങ്ങൾ പ്രകടമായി. അത്യുൽപ്പാദന ശേഷിയുള്ള ഇനങ്ങളുടെ വ്യാപനവും ഉൽപ്പാദനക്ഷമതയിലുള്ള വർദ്ധനവും രോഗപ്രതിരോധ നടപടി ക്രമങ്ങളും വിപണന സാധ്യതകളും ഇതിനു സഹായിച്ചു. സ്ഥിതി വിവരക്കണക്കുകളുടെ അടിസ്ഥാനത്തിൽ പഞ്ചായത്തിലെ വളർത്തുമൃഗങ്ങളുടെ എണ്ണം ചുവടെ ചേർക്കുന്നു.

മൃഗം വളർത്തലും, കോഴിവളർത്തലും ഇന്ന് ഒരു ജീവിതോപാധിയായി മാറിയിട്ടുണ്ട്. കാർഷികമേഖലയിൽ ഉപതൊഴിലായും ജീവിതോപാധിയായും മൃഗസംരക്ഷണം മാറിക്കൊണ്ടിരിക്കുന്നു. സർക്കാർ നടപ്പാക്കിയ വിവിധ പദ്ധതികൾ ഈ വളർച്ചയെ സഹായിച്ചിട്ടുണ്ട്.

**നിലവിലുള്ള പദ്ധതികൾ**

1 ഒരു വെറ്റിനറി പോളിക്ലിനിക്കും രണ്ട് ഐ. സി. ഡി. പി. സബ്സെന്ററുകളും ഒരു ബീജസങ്കലന ഉപകേന്ദ്രവും പ്രവർത്തിക്കുന്നു.

2 എഗ്ഗർ നഴ്സറി – ഒരു ദിവസം പ്രായമായ കോഴിക്കുഞ്ഞുങ്ങളെ 6–8 ആഴ്ചവരെ വളർത്തി പകുതി വിലയ്ക്ക് വിതരണം ചെയ്യുന്നു.

3 ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്കും ദുർബ്ബല വിഭാഗങ്ങൾക്കും മിൽക്ക് സൊസൈറ്റി മുഖേന നാലുമുതൽ ഒൻപതുമാസം വരെ പ്രായമായ പശുക്കുട്ടികൾക്ക് കന്നുകാലിത്തീറ്റ സബ്സിഡി നിരക്കിൽ നൽകുന്നു.

4 പന്നിക്കുഞ്ഞുങ്ങളെ ധനസഹായത്തോടെ സബ്സിഡ നിരക്കിൽ വിതരണം ചെയ്യുന്നു.

5 മുയൽ വളർത്തുന്നതിന് ധനസഹായവും സബ്സിഡിയു നൽകുന്നു.

6 ഒരു കുടുംബത്തിന് രണ്ടു പെണ്ണാടുകളെ സബ്സിഡി നി ക്കിൽ വിതരണം ചെയ്യുന്നു.

7 കന്നുകുട്ടികളെ ബാങ്ക് വായ്പയും സബ്സിഡിയും നൽക വിതരണം ചെയ്യുന്നു.

8 തൊഴുത്ത്, രണ്ടുപശുക്കൾ, തീറ്റപ്പുല്ല് എന്നിവ അടങ്ങിയ യൂണിറ്റുകൾ ബാങ്കുലോണുകളും മറ്റു ധനസഹായവു നൽകി ക്ഷീര വികസന പദ്ധതി നടപ്പാക്കുന്നു.

9 സമഗ്ര പേ വിഷബാധ നിർമ്മാർജ്ജന പദ്ധതി

10 പകർച്ച വ്യാധികൾക്കെതിരെ രോഗ പ്രതിരോധ കുത്ത വെപ്പ്

11 മിൽക്ക് സൊസൈറ്റി മുഖേന കന്നുകാലികൾക്ക് ഗ്രൂപ്പ് ഇൻഷൂറൻസ് പദ്ധതി.

12 വന്ധ്യതാ നിവാരണ ക്യാമ്പുകൾ

13 രോഗരക്ഷാ ക്യാമ്പുകൾ

14 മൃഗ സംരക്ഷണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ വികസ നവും പരിശീലനവും വിജ്ഞാന വ്യാപനവും

15 പട്ടികജാതി – വർഗ്ഗ വിഭാഗങ്ങൾക്ക് കന്നുകാലികൾ, ആട് കോഴി, താറാവ്, എന്നിവ സൗജന്യമായി വിതരണ ചെയ്യുന്നു.

**പട്ടിക**

**വളർത്തുമൃഗ – പക്ഷിസംഖ്യ**

| | കാള | | പശു | | എരുമ | | കോഴി താറാവ് | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| പഞ്ചായത്ത് | വിത്തുകാള | മറ്റുള്ളത് | കറവുള്ളത് | കറവ് ഇല്ലാത്തത് | കറവുള്ളത് | കറവില്ലാത്തത് | പോത്ത് | ആട് | പട്ടി | പൂവൻകോഴി | ഇറച്ചി | മുട്ട | ആൺ | പെൺ | മറ്റുള്ളവ |
| മാനന്തവാടി | 53 | 518 | 1410 | 1317 | 88 | 63 | 168 | 3161 | 3213 | 5320 | 571 | 4323 | 38 | 95 | 4 |

അവലംബം – സെക്കന്ററിഡാറ്റ

16 കാലിത്തീറ്റ മിശ്രണം (വൈക്കോലിൽ യൂറിയ ചേർത്ത് സമ്പുഷ്ടമാക്കൽ)

17 കന്നുകുട്ടി പരിപാലനം ബാങ്കുവായ്പയോടെ സബ്സിഡി 50% നിരക്കിൽ പശുക്കിടാരികളെ വിതരണം ചെയ്യുന്നു.

18. ഇറച്ചിക്കോഴി. വീട്ടുവളപ്പിലെ കോഴിവളർത്തൽ, താറാവ്, കാടവളർത്തൽ എന്നിവയ്ക്ക് പ്രത്യേക പദ്ധതികൾ

19 പാലിൽ നിന്നുള്ള വിവിധതരം ഉൽപന്നങ്ങൾ

**പ്രശ്നങ്ങൾ**

1 പടർന്നുപിടിക്കുന്ന കാലിവസ്സന്ത, കുളമ്പുരോഗം എന്നിവയെ നിയന്ത്രിക്കാനുള്ള പ്രതിരോധ കുത്തിവെപ്പ് എല്ലായിടത്തും എത്തുന്നില്ല.

2 പന്നിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യുന്ന കേന്ദ്രം ഇല്ല.

3 മലബാറി ആടുകൾ വംശനാശം നേരിടുന്നു.

4 കോഴിവർത്തുന്നതിന് കോഴിക്കുഞ്ഞുങ്ങളുടെ ദൗർലഭ്യത

5 അലഞ്ഞുതിരിയുന്ന പട്ടികൾ സമൂഹത്തിന് പരിഭ്രാന്തി ഉണ്ടാക്കുന്നു.

6 കന്നുകാലികളെ വാങ്ങുന്നതിനുള്ള ബാങ്ക് വായ്പ ഇന്നു തികച്ചും അപര്യാപ്തമാണ്.

7 ഇറച്ചിക്കോഴികളെ വളർത്തുന്ന കർഷകർ അസംഘടിതരാണ്.

8 മുയൽ ഇറച്ചിയുടെ സംഭരണത്തിനും വിതരണത്തിനും സംവിധാനമില്ല

9 മൃഗപരിപാലന കർഷകർക്ക് പരിശീലന കേന്ദ്രങ്ങൾ ഇന്നു നിലവിലില്ല.

10 മൃഗാശുപത്രികളിൽ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യപ്തത നലിനില്ക്കുന്നു.

**നിർദ്ദേശങ്ങൾ**

1 കറവമാടുകളെ വാങ്ങാൻ ഇന്ന് നബാഡ് നിശ്ചയിച്ച വായ്പതുക വളരെ കുറഞ്ഞതാണ്. നല്ലയിനം മാടുകളെ വാങ്ങാൻ ചുരുങ്ങിയത് 15000/- രപൂപയെങ്കിലും അനുവദിക്കണം.

2 "യൂണിറ്റ് വില" കാലോചിതമായി പരിഷ്ക്കരിക്കണം.

3 കാലിത്തൊഴുത്തിന് ക്ഷീരവികസന വകുപ്പു പ്രകാരം കുറഞ്ഞ പലിശയ്ക്ക് വായ്പ അനുവദിക്കണം.

4 മിൽക് സൊസൈറ്റി മുഖേന കൃത്രിമ ബീജസങ്കലനം നടത്തിയിരുന്നത് പുനസ്ഥാപിക്കണം.

5 കൃത്രിമ ബീജവും, മറ്റു ആവശ്യഘടകങ്ങളും മൃഗസംരക്ഷണ വകുപ്പ് നൽകുകയും വാർഡുതോറും പ്രത്യേക പരിശീലകരെ നിയമിച്ചു ബീജാധാനപദ്ധതികൾ നടപ്പാക്കുകയും വേണം.

6 സബ്സെന്ററുകൾ വാർഡുകൾതോറും ഉണ്ടായിരിക്കണം - (ഇന്നു രണ്ടു സബ്സെന്റർ മാത്രമാണ് 14 വാർഡുകളുള്ള പഞ്ചായത്തിൽ പ്രവർത്തിക്കുന്നത്)

7 സബ്സെന്റർ മുഖേന ആട്, കോഴി പന്നി, മുയൽ, താറാവ് മുതലായവയെ ശാസ്ത്രീയ രീതിയിൽ വളർത്താനുള്ള ഉപദേശനിർദ്ദേശങ്ങൾ കൃഷിക്കാർക്ക് ലഭിക്കണം.

8 പഞ്ചായത്തിലെ മൃഗാശുപത്രി (Poly Clinic) യുടെ പ്രവർത്തനം മെച്ചപ്പെടുത്തണം രോഗപരിശോധനക്കു ആധുനിക ഉപകരണങ്ങളുള്ള ലാബറട്ടറിയും സ്ഥാപിക്കണം.

9. തീറ്റ, മരുന്ന്, വാക്സിൻ, എന്നിവ യഥാർത്ഥ കൃഷിക്കാർക്ക് ലഭ്യമാക്കാൻ ന്യായവില സ്റ്റോർ ഒരു പഞ്ചായത്തിൽ ഒന്നെങ്കിലും സ്ഥാപിക്കണം.

10. മൃഗസംരക്ഷണ സെമിനാറുകൾ സംഘടിപ്പിക്കണം.

11. മാനന്തവാടിയുടെ പരിസരത്ത് ഒരു വെറ്റനറി കോളേജ് സ്ഥാപിക്കണം.

പഞ്ചായത്തിൽ 2000 ത്തോളം പശുക്കൾ ഉള്ളതിൽ 1400 ൽ കൂടുതൽ പാൽ ഉൽപ്പാദിപ്പിക്കുന്നവയാണ്. ഇവയിൽ 85% പുതിയ ജനുസ്സുകളിൽ ഉള്ളവയാണ്. നൂറോളം എരുമകളും, ആയിരത്തോളം ആടുകളും പാൽതരുന്നവയായിട്ടുണ്ട്. മാനന്തവാടിക്ഷീരോൽപ്പാദക സഹകരണസംഘം മുഖേനയാണ് ഇവയിൽ 35% പാൽ വിപണന രംഗത്ത് എത്തിക്കുന്നത്. ദിനം പ്രതി 2800 ലിറ്റർ പാൽ വിതരണം നടത്തുന്നു. 14 മെയിൻ സെന്ററുകളും 10 സബ്സെന്ററുകളും പ്രവർത്തിക്കുന്നു. ഏകദേശം 5000 ലിറ്ററിൽ കൂടുതൽ മറ്റുവിധത്തിലും വിപണനരംഗത്ത് എത്തുന്നുണ്ട്. സംഭരണത്തിലും വിതരണത്തിലും ഇന്നുള്ള ചില പാകപ്പിഴകൾ നീക്കി കർഷകരെ മുഴുവൻ ആകർഷിക്കാൻ സൊസൈറ്റി മുൻകൈ എടുക്കണം. 1954 ലെ മായം ചേർക്കൽ നിയമ പ്രകാരമുള്ള പാലിന്റെ ഗുണനിലവാര പരിശോധന (റീഡിങ്ങ്, ഫാറ്റ്, SNF) ലളിത മാക്കേണ്ടതാണ്. ക്ഷീരകർഷർക്കു ക്ഷേമ പദ്ധതിയും, പെൻഷനും അനുവദിക്കണം. തീറ്റയുടെ വിലവർദ്ധന ഉൽപ്പാദനത്തെ സാരമായി ബാധിക്കുന്നു. സർക്കാർ ഉടമയിൽ മേഖലാ അടിസ്ഥാനത്തിൽ വൻകിട കാലിത്തീറ്റ ഫാക്ടറി ഉണ്ടാക്കണം. - കർഷകർ ഉപയോഗിക്കുന്ന കാലിത്തീറ്റയിൽ പ്രധാനമായും ഉൾപ്പെടുന്നത് കടലപിണ്ണാക്ക് ആണ്. അവയുടെ വർദ്ധിച്ചവില കർഷകന് താങ്ങാനാവുന്നതല്ല - ആവശ്യവസ്തു വിതരണ ശൃംഗലയിൽ കടലപ്പിണ്ണാക്ക് ഉൾപ്പെടുത്തി ന്യായമായ വിലക്ക് അവ ലഭ്യമാക്കണം.

ഉൽപ്പാദനത്തിന്റെ 35% മാത്രം സംഭരിക്കുന്ന സൗസൈറ്റി 30 ടൺ കാലിത്തീറ്റ മാസത്തിൽ ചിലവഴിക്കുന്നുണ്ട്. ബാക്കി 65% മറ്റുകമ്പോളങ്ങളെ ആശ്രയിക്കേണ്ടി വരുന്നു. കാലിത്തീറ്റ കമ്പനി പൊതുവേഖലയിൽ സ്ഥാപിക്കേണ്ടതിന്റെ പ്രാധാന്യം ഇവ ചൂണ്ടിക്കാണിക്കുന്നു. കറവയുള്ള ആട് പശു, എരുമ എന്നിവക്കു സൗജന്യ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കണം. ആടുവളർത്തലിൽ ഇന്നുള്ള പദ്ധതികൾ കാര്യക്ഷമമാക്കാൻ ശ്രമിക്കണം. പച്ചിലകൾ സമൃദ്ധമായ പഞ്ചായത്തിൽ അതിനസാദ്ധ്യതകൾ വളരെ കൂടുതലാണ്. വനിതാ സംരഭകർക്കു മിനി ഡയറിയൂണിറ്റുകളും, വീട്ടുവളപ്പിൽ കോഴികളെ വളർത്തുന്നതിനും, കൂടുതൽ ധനസഹായം നൽകണം. നല്ല സങ്കരയിനം പശുക്കുട്ടികളെ വളർത്തുന്നതിന് കിടാരി വളർത്തൽ പദ്ധതി കാര്യക്ഷമമാക്കണം.

കാളക്കുട്ടിപരിപാലനത്തിനു കൂടുതൽ ശ്രദ്ധകേന്ദ്രീകരിച്ചാൽ ഇറച്ചി ഉൽപ്പാദനത്തിനും, വിപണനത്തിനുമുള്ള സാദ്ധ്യതകൾ ധാരാളമാണ്.

വീട്ടാവശ്യത്തിനുള്ള കോഴിമുട്ടയുടെ ദൗർലഭ്യം ഒഴിവാക്കാൻ വീട്ടുമുറ്റത്തെ കോഴിവളർത്തൽ പ്രോൽസാഹിപ്പിക്കണം. സ്കൂൾ പൗൾട്രീക്ലബ്ബുകൾ മുഖേന കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യുന്നത് അദ്ധ്യാപകരുടെ സഹകരണത്തോടെ വ്യാപകമാക്കാവുന്നതാണ്. വ്യാവസായികാടിസ്ഥാനത്തിൽ മുട്ടക്കോഴികളെയും ഇറച്ചിക്കോവികളെയും വളർത്താനുള്ള പൗൾട്രീ ഫാമുകൾ സ്ഥാപിക്കാൻ പ്രോൽസാഹനം നൽകണം. പ്രജനനശേഷിയുള്ള ആടുകളെ വളർത്താനും അവയുടെ കുട്ടികളെ വിതരണം ചെയ്യാനുമുള്ള സംവിധാനം ഉണ്ടാക്കമം. വിപണന രംഗത്ത് പ്രതിബന്ധമില്ലാത്ത ഉൽപ്പന്നമാണ് ആട്ടിറച്ചി. സ്വാന്താവശ്യത്തിന് മുയൽ വളർത്തുന്നതിന് പ്രോത്സാഹനം നൽകണം. വിപണന രംഗത്ത് ഇതിനുവളരെ പ്രയാസമുള്ളതുകൊണ്ട് വ്യാപകമായ കൃഷി വിഷമമാണ്. പന്നിവളർത്തുന്നതിന് ഗുണമേന്മയുള്ള പെട്ടെന്നു വളരുന്ന ഇനം പന്നിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യാൻ പഞ്ചായത്ത് തലത്തിൽ സംവിധാനം ഉണ്ടാക്കണം – പ്രജനനയൂണിറ്റും തുടങ്ങണം. താറാവുകൃഷിക്കു പ്രോത്സാഹനം നൽകണം.

പ്രതിരോധകുത്തിവെപ്പ് നിർബ്ബന്ധമാക്കണം. എല്ലാപട്ടികൾക്കും പ്രതിരോധ കുത്തിവെപ്പു നടത്തി എന്നു ഉറപ്പുവരുത്തണം. ലൈസൻസ് സമ്പ്രദായം കർശനമാക്കണം. പട്ടിപിടുത്തം വാർഡുതലത്തിൽ തന്നെ നടത്താനുള്ള പദ്ധതി ആസൂത്രണം ചെയ്യണം.

അലഞ്ഞു തിരിയുന്ന മാടുകൾ മാനന്തവാടി പട്ടണത്തിൽ എപ്പോഴും കാണാം. പൗണ്ട്കളുടെ പ്രവർത്തനം കാര്യക്ഷമമാക്കുകയും ഉടമസ്ഥനുള്ള പിഴ വർദ്ധിപ്പിക്കുകയും വേണം. മാനന്തവാടിയിൽ ഇപ്പോൾ ശാസ്ത്രീയമായ അറുവശാലയില്ല. മൃഗങ്ങളെ ദയാരഹിതമായി വധിക്കുകയും അശാസ്ത്രീയമായ രീതിയിൽ മാംസം തയ്യാറാക്കുകയുമാണ് ചെയ്യുന്നത്. ഇത് നിരവധി ആരോഗ്യപ്രശ്നങ്ങൾക്കും, പരിസ്ഥിതി പ്രശ്നങ്ങൾക്കും കാരണമാകുന്നു. ശാസ്ത്രീയമായ അറുവുശാല സ്ഥാപിക്കുകയും അറക്കുന്ന മൃഗങ്ങളെ മുൻകൂട്ടി വിദഗ്ദ്ധ പരിശോധനക്കു വിധേയമാക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കുകയും ചെയ്യണം.

### മത്സ്യബന്ധനം

മത്സ്യകൃഷി വ്യാപകമായി ഈ പഞ്ചായത്തിൽ ഇല്ല. എന്നാൽ ശുദ്ധജല മത്സ്യം വളർത്താനുള്ള സാദ്ധ്യതകൾ ധാരാളമുണ്ട്. സ്വകാര്യമേഖയിലും സഹകരണമേഖലയിലും കുളങ്ങൾ നിർമ്മിക്കാനുള്ള പ്രദേശങ്ങൾ ഉണ്ട്. ജലലഭ്യതയുള്ള അത്തരം പ്രദേശങ്ങൾ ഈ പഞ്ചായത്തിൽ പഞ്ചാരക്കൊല്ലി, ജസ്സി, ചിറക്കര, കുമാരമല, മക്കിക്കൊല്ലി, കരിങ്കുളം, പുതിയം പൊട്ടൻകൊല്ലി, ഇന്തനമൂല, അടുമാറി എന്നിവിടങ്ങളിലാണ്. അലങ്കാര മത്സ്യങ്ങളെ വളർത്തി വിപണനത്തിനു സാധ്യതയും പരിഗണനക്കു വിധേയമാക്കേണ്ടതാണ്.

5(3)
# വ്യവസായം



വയനാട്ടിൽ പൊതുവെ വ്യവസായ സംസ്കാരത്തിന്റെ തിരി കൊളുത്തിയിട്ട് ഒന്നര ദശാബ്ദത്തോളമേ ആയിട്ടുള്ളു. പ്രാചീന പരമ്പരാഗത വ്യവസായങ്ങളായ മൺകല നിർമ്മാണം, മൺകട്ട നിർമ്മാണം ഈറ്റ, മുള, ചൂരൽ, ഉൽപ്പന്നങ്ങൾ എന്നിവ ഒഴിച്ച് നിർത്തിയാൽ ഏതാണ്ട് 1975 ന് ശേഷമാണ് ഈ മണ്ണിലെ ആദ്യകാല വ്യവസായങ്ങൾ ആരംഭിച്ചത്. തുടക്കത്തിൽ ഡീസൽ എഞ്ചിൻ ഉപയോഗിച്ചുള്ള നെല്ലുകുത്ത് മില്ലുകൾ മാത്രമായിരുന്നു വാഹനങ്ങളുടേതല്ലാത്ത ഏകയന്ത്ര ശബ്ദം.

വയനാട്ടിലെ പൗരാണിക ടൗൺ ഉൾക്കൊള്ളുന്ന മാനന്തവാടി പഞ്ചായത്തിന്റെ സ്ഥിതി വ്യത്യസ്ഥമായിരുന്നില്ല.

വ്യാവസായിക വികസനത്തിന്റെ പരിണിതഫലമായി പുത്തൻ മേഖലകൾ കണ്ടെത്താനുള്ള സംരഭകരുടെ അന്വേഷണ താല്പര്യങ്ങളിൽ കാപ്പി, പുതിയ മാനങ്ങൾ സൃഷ്ടിച്ചു. ഉണക്കിയ കാപ്പി കല്ലൻ മുള ഉലക്കകൾ ഉപയോഗിച്ച് കുത്തി പ്പരിപ്പാക്കുന്ന ജോലി ക്രമേണ കാപ്പികുത്തുന്ന മില്ലുകളിലേക്ക് എത്തി. എല്ലാ നെല്ലുകുത്തുമില്ലുകളും കൗണ്ടർ ഷാഫ്റ്റ് മുഖേന നമ്പർ 7 ഹള്ളറുകൾ കൂടി സ്ഥാപിച്ച് കാപ്പി സംസ്കരണത്തിൽ കൂലി ചിലവ് കുറക്കുന്നതിന് സഹായിച്ചു.

ഈ സ്ഥിതിയിൽ നിന്നും നേരിയ ഒരു പുരോഗതിമാത്രമേ വ്യാപസായിക രംഗത്ത് നമുക്ക് കൈവരിക്കുവാൻ സാധിച്ചുള്ളു. പഞ്ചായത്തിൽ 33 വ്യവസായ യൂണിറ്റുകൾ രജിസ്റ്റർചെയ്തിട്ടുണ്ട്. ഇവയിൽ വനിതകൾ നടത്തുന്ന വ്യവസായങ്ങൾ 16 എണ്ണം ഉണ്ട്.

സ്വകാര്യമേഖലയിൽ പഞ്ചായത്തിലെ 8-ാം വാർഡിൽ ഒരു കടലാസ്സു നിർമ്മാണ ഫാക്ടറി സ്ഥാപിക്കുന്നതിന് ശ്രമങ്ങൾ നടന്നിരുന്നു. കെട്ടിടത്തിന്റെ നിർമ്മാണം തുടങ്ങിയെങ്കിലും പൂർത്തിയാക്കനൊ, വ്യവസായം ആരംഭിക്കാനോ കഴിഞ്ഞല്ല.

ഇവിടെ തന്നെ ഒരു ബിസ്ക്കറ്റ് ഫാക്ടറി പ്രവർത്തനമാരംഭിക്കുകയും വിപണന രംഗത്തേക്ക് വിജയകരമായി പ്രവേശിക്കുകയും ചെയ്തിരുന്നു. എന്നാൽ ചുരുങ്ങിയ കാലത്തിനകം ഫാക്ടറിയുടെ പ്രവർത്തനങ്ങൾ നിലച്ചു. 1982 ൽ കുഴിനിലം പ്രദേശത്ത് ജില്ലാ ഇന്റസ്ട്രിയൽ എസ്റ്റേറ്റ് ആരംഭിക്കാനുള്ള നീക്കം നടക്കുകയും സ്ഥലം സർവ്വെ നടത്തുകയും ചെയ്തിരുന്നു. ഈ നീക്കവും പിന്നീടുപേക്ഷിച്ചു.

**വ്യവസായമേഖലയിൽ സമീപകാലത്ത് വന്നമാറ്റം**

1 കേന്ദ്ര സംസ്ഥാന സർക്കാറുകളുടെ വ്യവസായ നയത്തിൽ വന്ന മാറ്റം, ഈ മേഖലയിൽ ഒരു പുതു ജീവൻ പകർന്നു കാണുന്നുണ്ട്. ഈ നയങ്ങൾ സ്വീകരിച്ച് വ്യവസായം നടത്തുന്നതിന് സംരഭകർ താല്പര്യം കാണിച്ചു വരുന്നുണ്ട്.

2 ഗവൺമെന്റിൽ നിന്നും സംരഭകർക്ക് പദ്ധതി നടത്തിപ്പിന് അടിസ്ഥാമൂലധനത്തിൽ സംരഭകരുടെ വിഹിതത്തിന്റെ പകുതി ഭാഗം കുറഞ്ഞ പരിശയ്ക്ക് സർക്കാർ വിത്ത് വായ്പ മാർജിൻ മണി നൽകുന്നുണ്ട്. (സ്ഥിരം മൂലധനത്തിന്റെ 15% നിക്ഷേപസബ്സിഡിയായി നൽകുന്നു) സ്ഥിരമൂലധനത്തിനെ ആസ്പദമാക്കി, വില്പന നികുതി ഇളവ്, വൈദ്യുതി നിരക്കിൽ ഇളവ്, വനിത വ്യവസായ യൂണിറ്റുകൾക്ക് പ്രത്യേക സബ്സിഡി, വാടകഗ്രാന്റ്, സാങ്കേതിക വിദഗ്ധരുടെ ശംബള ഗ്രാന്റ്, പട്ടിക ജാതി/ പട്ടിക വർഗ്ഗക്കാർക്ക് വേണ്ടി പ്രത്യേക ഘടക പദ്ധതി പ്രകാരം പലിശയില്ലാതെ / നാമമാത്രമായ പലിശയോടു കൂടിയ 50000/- രൂപവരെ വായ്പ, ഗ്രാന്റ് കൂടാതെ വ്യവസായ സഹകരണ സംഘങ്ങൾക്ക് ഗവൺമെന്റ് മൂലധന പങ്കാളിത്തം, ഇതര ഗ്രാന്റുകൾ കരകൗശല വിഭാഗത്തിന് പ്രത്യേക പദ്ധതികൾ എന്നിവയും നടപ്പിലാക്കി വരുന്നുണ്ട്. മേൽപറഞ്ഞ പ്രകാരമുള്ള ആനുകൂല്യങ്ങൾ സർക്കാർ പ്രഖ്യാപിച്ചിട്ടും നമ്മുടെ പഞ്ചായത്തിൽ ഇവ പ്രയോജനപ്പെടുത്തുന്നതിൽ വളരെ പിറകിലാണ്.

**പട്ടിക - 2**

**നിലവിലുള്ള വ്യവസായങ്ങളും സാദ്ധ്യതകളും**

| വാർഡ് | നിലവിലുള്ള വ്യവസായങ്ങൾ | സാദ്ധ്യതകൾ / നിർദ്ദേശങ്ങൾ |
|---|---|---|
| ഒന്ന് | ചിറക്കര, പഞ്ചാരക്കൊല്ലി തേയില ഫാക്ടറികൾ | വനിത വ്യവാസായ യൂണിറ്റുകൾ, ചെറുകിട വ്യവാസായ യൂണിറ്റുകൾ - വ്യവസായ പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കണം |
| രണ്ട് ബേക്കറി നാമ | ജെസ്സി- തേയില ഫാക്ടറി ചെറുകിട വ്യവസായങ്ങൾ, പപ്പട നിർമ്മാണ യൂണിറ്റ്, യൂനിറ്റ്, കരകൗശല വസ്തുനിർമ്മാണം, മാത്രമായ ഗവൺമെന്റ് യൂണിറ്റുകൾ | ഈ വർഡിൽ 105 / എ എന്ന സ്ഥലത്ത് 1500 പേർക്ക് തൊഴിൽ ചെയ്യാവുന്ന ചായത്തോട്ടവും ഫാക്ടറിയും സ്ഥാപിക്കാവുന്നതാണ്. അഭ്യസ്ഥവിദ്യരും, തൊഴിൽ പരിജ്ഞാനമുള്ളവരും ധാരാളമുണ്ട്. ബാങ്ക് വായ്പ സുഗമമാക്കുക. |
| മൂന്ന് | കളിമൺ പാത്ര നിർമ്മാണം, പായ, കൊട്ട നിർമ്മാണം, പപ്പട നിർമ്മാണം തുടങ്ങിയ ചെറുകിട വ്യവസായങ്ങൾ | കുഴിനിലത്ത് മത്സ്യം വളർത്തുന്നതിനുള്ള സാദ്ധ്യതകൾ ഉണ്ട്. ടൈലറിങ്ങ്, റെഡിമെയ്ഡ് വസ്ത്രനിർമ്മാണം, എംബ്രോയിഡറി പ്ലാസ്റ്റിക് വർക്സ്, പപ്പടം, അച്ചാർ, ചിപ്സ് , മെഴുകുതിരി, വാഴനാരു കൊണ്ടുള്ള കൗതുക വസ്തുക്കൾ, പഴങ്ങളുടെ ജാമുകൾ എന്നിവ നിർമ്മിക്കുന്നതിനാവശ്യമായ അസംസ്കൃത വസ്തുക്കൾ ലഭ്യമായതിനാൽ, കുടിൽ വ്യവസായങ്ങൾ ആരംഭിക്കാനുള്ള സാമ്പത്തിക സഹായം ലഭ്യമാക്കുക.<br>സഹകരണ മേഖലയിൽ വനിതാ വ്യാവസായ യൂനിറ്റുകൾ ആരംഭിക്കണം. |

| | | |
|---|---|---|
| നാല് | ഇഷ്ടിക നിർമ്മാണം, കോഴിവളർത്തൽ യൂണിറ്റ് എന്നിവ ഉണ്ട് | ഇവിടെ ലഭ്യമായ അസംസ്കൃത വസ്തുക്കൾ ഉപയോഗപ്പെടുത്തി ചിപ്സ് നിർമ്മാണം, കെട്ടിട സാമഗ്രികൾ, ഫർണീച്ചർ, റെഡിമെയ്ഡ്, കരകൗശല വസ്തുക്കൾ, പേപ്പർകവർ, ബുക്ക് ബൈൻഡിങ്ങ്, എന്നിവ സഹകരണ മേഖലയിൽ ആരംഭിക്കുക. വൈദ്യുതി ലഭ്യമാക്കുക, ബോധവൽക്കരണം നടത്തുക എന്നിവയും വ്യാവസായി പുരോഗതിക്കനിവാര്യമാണ്. |
| അഞ്ച് | റെഡിമെയ്ഡ് വ്യവസായം | ഒരു ഇഞ്ചി സംസ്കരണ ശാല ആരംഭിക്കുക, വാഴത്തടയിൽ നിന്നും കരകൗശല വസ്തുക്കൾ, കാപ്പിത്തീറ്റ, മുരന്ന് എന്നിവ ഉൽപ്പാദിപ്പിക്കുന്നതിന് സാദ്ധ്യതയുണ്ട്. |
| ആറ് | റെഡിമെയ്ഡ്, ബേക്കറി, മെറ്റലിങ്ങ് തുടങ്ങിയചെറുകിട യൂനിറ്റുകൾ പ്രവർത്തിക്കുന്നു. | ചന്ദനത്തിരി, മെഴുകുതിരി, കറിപൗഡർ, പ്ലാസ്റ്റിക് വസ്തുക്കളുടെ നിർമ്മാണം, അലുമിനിയം ഫാ ബ്രിക്കേഷൻ, ഗൃഹോപകരണങ്ങൾ, എന്നിവ നിർമ്മിക്കാനാവശ്യമായ വ്യവസായ യൂണിറ്റുകൾ സഹകരണ മേഖലയിൽ ആരംഭിക്കുക - കാപ്പി സംസ്കരണ യൂണിറ്റ് ആരംഭിക്കുക - കവുങ്ങുപയോഗിച്ചുള്ള വ്യവസായ സംരംഭം അടക്കാ സംസ്കരണവും പാള ഉപയോഗിച്ച് പ്ലെയിറ്റ് നിർമ്മാണവും ആരംഭിക്കുക - കുരുമുളക് സംസ്കരിച്ച് ഉല്പന്നങ്ങൾ നിർമ്മിക്കുക. |
| ഏഴ് | പപ്പടനിർമ്മാണം, കരകൗശല നിർമ്മാണം തുടങ്ങിയ കുടിൽ വ്യാവസായങ്ങൾ പ്രവർത്തിക്കുന്നു. | റെഡിമെയ്ഡ്, ധാന്യം പൊടിക്കുന്നമില്ലുകൾ, ഇഷ്ടിക നിർമ്മാണ പ്ലാസ്റ്റിക് വയർ ഉപയോഗിച്ച് കസേര, കട്ടിൽ വരിയൽ തുടങ്ങിയവ ആരംഭിക്കുക. |
| എട്ട് | പാൽശീതീകരണ ശാല നെല്ല് കുത്ത് മില്ലുകൾ | വൈദ്യുതി പ്രതി സന്ധിക്ക് പരിഹാരം കാണണം. സ്കാഷ്, ജാം, അച്ചാർ തുടങ്ങിയവ നിർമ്മിക്കണം. കൊപ്രആട്ടി എണ്ണ എടുക്കുന്ന യൂനിറ്റ്, സോപ്പ് നിർമ്മാണ യൂനിറ്റ്, റെഡിമെയ്ഡ് നിർമ്മാണയൂനിറ്റ് എന്നിവ ആരംഭിക്കണം |
| ഒമ്പത് | ഫർണിച്ചർ നിർമ്മാണം പപ്പട നിർമ്മാണം | ഫർണിച്ചർ നിർമ്മാണയൂനിറ്റ്, റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം, പരമ്പരാഗത വ്യവസായ യൂനിറ്റ് എന്നിവ ആരംഭിക്കണം. |
| പത്ത് | പരമ്പരാഗത കുടിൽ വ്യവസായം | ഹോളോബ്രിക്സ്, ഇഷ്ടിക നിർമ്മാണം, നെല്ലുകുത്തി അരിയാക്കി വിതരണം ചെയ്യുന്നയൂനിറ്റ്, കാപ്പിത്തൊണ്ട് ഉപയോഗിച്ച് ജൈവവളം നിർമ്മിക്കൽ, ചിപ്സ് നിർമ്മാണ യൂനിറ്റ്, ടൂറിസം മേഖലയുടെ വികസനം എന്നിവ ആരംഭിക്കണം. |
| പതിനൊന്ന് | ഇഷ്ടികനിർമ്മാണം, കളിമൺപാത്ര നിർമ്മാണം | മെഴുകുതിരി നിർമ്മാണം, ബേക്കറി, വനിത വ്യവസായ യൂനിറ്റുകൾ ആരംഭിക്കണം. വിദ്യാഭ്യാസയോഗ്യത മാനദണ്ഡമാക്കാതെ വായ്പാ സൗകര്യം അനുവദിക്കണം. |
| പന്ത്രണ്ട് | കളിമൺ പാത്രനിർമ്മാണം | വിപുലമായ രീതിയിൽ കളിമൺ പാത്ര നിർമ്മാണത്തിന് സാദ്ധ്യതയുണ്ട് |
| പതിമൂന്ന് | | വൈദ്യുതി പ്രതിസന്ധിക്ക് പരിഹാരം കാണണം. ചിപ്സ്, സോപ്പ്, ബേക്കറി, ഇഷ്ടിക എന്നീ നിർമ്മാണ യൂനിറ്റുകൾ ആരംഭിക്കണം. |
| പതിനാല് | ഇന്റസ്ട്രിയൽ യൂനിറ്റ് | വൈദ്യുതിയുടെ ദൗർലഭ്യം പരിഹരിക്കുക വായ്പകൾ ഉദാരമാക്കുക |

3 വികസന പ്രശ്നങ്ങളുടെ പട്ടിക :

1. വ്യാവസായിക പരിശീലനത്തിന്റെ അഭാവവും സാങ്കേതിക പരിജ്ഞാനം ഇല്ലായ്മയും

2. വ്യവസായ സ്ഥാപനങ്ങൾ നടത്തുന്നതിന് വായ്പ ലഭിക്കുന്നതിനുള്ള നിയമ തടസ്സങ്ങൾ

3 വൈദ്യുതിയുടെ അഭാവം

4 അസംസ്കൃത പദാർത്ഥങ്ങളുടെ ദൗർലഭ്യം

5 അടിസ്ഥാന സൗകര്യങ്ങൾ നൽകുന്ന വ്യവസായ എസ്റ്റേറ്റുകളുടേയും, വ്യവസായ പ്ലോട്ടുകളുടേയും അഭാവം

**പരിഹാരങ്ങളും സാദ്ധ്യതകളും നിർദ്ദേശങ്ങളും**

1. പദ്ധതിയുടെ ആദ്യവർഷംമുതൽ അഭ്യസ്തവിദ്യരെയും വ്യവസായ സംരഭത്തിന് താല്പര്യം കാണിക്കുന്നവരെയും കണ്ടെത്തി വ്യവസായബോധവല്ക്കരണത്തിനുതകും വിധം സാങ്കേതികവും ഭരണപരവുമായ കാര്യങ്ങളിൽ വിദഗ്ധ പരിശീലനം നൽകുക, ഇതിനുവേണ്ടി വ്യവസായ വകുപ്പുമായും ധനകാര്യ സ്ഥാപനങ്ങളുമായും കിറ്റ്കൊ, സി. എം.ഡി, എസ്. റ്റി. ഇ. ഡി. റബ്ബർ ബോർഡ്, കോമൺ ഫെസിലിറ്റീസ് സെന്റ്ർഫോർ റബ്ബർ ആന്റ് പ്ലാസ്റ്റിക്സ്, എസ്. ഐ. എസ്. ഐ, സി. എഫ്. റ്റി, ആർ. എ കൂടാതെ ഇതര സന്നദ്ധ സേവന സംഘടനകൾ എന്നിവയുടെയും സേവനം ഉപയോഗപ്പെടുത്തി പദ്ധതിയുടെ ഓരോ വർഷത്തിലും 250 പേർവീതം മൊത്തം അഞ്ചുവർഷം കൊണ്ട് 1250 പേർക്കെങ്കിലും പരിശീലനം നൽകണം.

ഇത്തരത്തിൽ പരിശീലനം സിദ്ധിച്ചവർക്ക് വിവിധ മേഖലകളിൽ സംരഭം ആരംഭിക്കുന്നതിനുവേണ്ടി ഉദാരവ്യവസ്ഥയിൽ വായ്പകൾ നൽകി പ്രോത്സാഹിപ്പിക്കേണ്ടതാണ്.

2. വ്യവസായ സംരഭത്തിനാവശ്യമായ വൈദ്യുതി എത്രയും വേഗം ലഭ്യമാക്കണം. വൈദ്യുതി ക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ ഉപയോഗപ്പെടുത്തുന്നതിന് ജില്ലയുടെ പ്രത്യേക അനുകൂല ഘടകങ്ങൾ ഉപയോഗപ്പെടുത്തണം. ഉദാഹരണം: വിന്റുമിൻ സൗരോർജ്ജം മുതലാവ സ്ഥാപിക്കൽ.

3. വയനാട് ജില്ല നേരിടുന്ന മുഖ്യപ്രശ്നങ്ങളിലൊന്ന് ചുരം കയറിയുള്ള ഗതാഗതമാണ്. ജില്ലക്ക് പുറത്തുനിന്നും, അസംസ്കൃത സാധനങ്ങൾ കൊണ്ടുവന്ന് ഉല്പന്നങ്ങൾ നിർമ്മിച്ച് വിപണനം നടത്തുമ്പോൾ ഉൽപാദന ചിലവ് ഏറുന്നതുമൂലം മത്സരവിപണിയിൽ ഇവിടുത്തെ ഉൽപന്നം പുറംതള്ളപ്പെടുന്നുണ്ട്. ആയതിനാൽ ജില്ലയിൽ ലഭ്യമായ അസംസ്കൃത സാധനങ്ങൾ ഉപയോഗിച്ചുള്ള ഉൽപ്പന്ന നിർമ്മാണത്തിന് ഊന്നൽ നൽകണം.

ഇവക്ക് പരിഹാരമായി പ്രാദേശികമായി ലഭ്യമാകുന്ന വിഭവങ്ങളായ കാപ്പി, തേയില, കുരുമുളക്, ഇഞ്ചി, റബ്ബർ, വാഴ, അടക്ക തുടങ്ങിയവ ആസ്പദമാക്കിയുള്ള വ്യവസായങ്ങൾക്ക് പ്രോത്സാഹനം നൽകണം.

**സാദ്ധ്യതകൾ:**

ചെറുകിട തേയില കൃഷിക്കാരെ സംരക്ഷിക്കേണ്ട ആവശ്യത്തിലേക്കായി സഹകരണ മേഖലയിൽ ഒരു തേയില ഫാക്ടറിക്കുള്ള സാദ്ധ്യതയും, ചെറുകിട തേയിലകൃഷി കൂടുതൽ വ്യാപിപ്പിക്കുന്നതിനുള്ള സാദ്ധ്യതയും പരിശോധിക്കുന്നതിന് ഒരു വിദഗ്ധ കമ്മറ്റിയെ നിയോഗിച്ച് പഠനം നടത്തേണ്ടതാണ്. കാപ്പിക്കുരു സംസ്കരണ മേഖലയിൽ ആധുനിക ഉപകരണങ്ങൾ ഉപയോഗിച്ച് കയറ്റുമതി സാദ്ധ്യതക്ക് ഉതകും വിധം കാപ്പിക്കുരു ഉൽപ്പാദിപ്പിക്കുകയും, ആഭ്യന്തരവും അല്ലാത്തതുമായ വിപണന സാദ്ധ്യത കണക്കിലെടുത്ത് സഹകരണ മേഖലയിലും സ്വകാര്യമേഖലയിലും മില്ലുകൾ സ്ഥാപിക്കാൻ പ്രോത്സാഹനം നൽകുകയും വേണം. കാപ്പിത്തൊണ്ട്, മറ്റ് പാഴ് വസ്തുക്കളായ കടലാസ്, കാർഡ്ബോർഡ്, ഉമി ഇവ അടിസ്ഥാനമാക്കി വ്യവസായ സാദ്ധ്യത സാങ്കേതിക വിദഗ്ധരെ കൊണ്ട് പഠനം നടത്തി പരിശോധിക്കണം.

അന്താരാഷ്ട്ര വിപണിയിൽ വൻസാദ്ധ്യതയുള്ള ഗ്രീൻപെപ്പർ, വൈറ്റ് വെപ്പർ, കരുമുളക് സത്ത് എന്നിവ ഉൽപ്പാദിപ്പിക്കുന്നതിനുള്ള വൻകിടയൂനിറ്റ് സഹകരണ മേഖലയിലോ, പൊതുമേഖലയിലോ തുടങ്ങുവാനുള്ള സാദ്ധ്യതകൾ ആരായുകയും സാങ്കേതിക വിദ്യ വ്യവസായ സംരഭകർക്ക് പകർന്നു കൊടുക്കുകയും വേണം. ഇതേ സാദ്ധ്യതകൾ ഇഞ്ചിക്കും ലഭിക്കുന്നതാണ്. ഇഞ്ചിനീര് മരുന്നിനും ഇഞ്ചിയുടെ നൂറ് മിഠായി ഉണ്ടാക്കുവാനും പറ്റുന്നതാണ് എന്ന് മനസ്സിലാക്കുന്നു

വയനാട്ടിൽ ഇപ്പോൾ വ്യാപകമായി കൃഷിചെയ്യുന്ന വാഴകൃഷിയുടെ വാഴക്കുല മാത്രമേ ഇപ്പോൾ ഉപയോഗിക്കുന്നുള്ളു. വാഴപ്പഴ സംസ്കരണം സി. എഫ്. റ്റി. ആർ. ഐ യുടെ സാങ്കേതിക വിദ്യ ഉപയോഗിച്ച് സംസ്കരിക്കുന്നതിനുള്ള സാദ്ധ്യതകൾ ഉണ്ട്. കൂടാതെ ഉപയോഗമില്ലാതെ വലിച്ചെറിയുന്ന വാഴപ്പിണ്ടി സംസ്കരിച്ചു, വാഴതടനാരിൽനിന്നും കരകൗശല സാധനങ്ങളും, ഇതരവസ്തുക്കളും ഉണ്ടാക്കാനുള്ള സാദ്ധ്യതകൾ ഉണ്ട്. വാഴപ്പഴംകൂടാതെ ചക്ക, കശുമാങ്ങ, നെല്ലിക്ക, മറ്റു സീസണിലായി കിട്ടുന്ന പഴങ്ങൾ എന്നിവ ശേഖരിച്ച് അതേപടി സൂക്ഷിച്ച് കിട്ടാത്ത സീസണിൽ വിപണനം നടത്താം. ഇതും വനിതകളെ ആകർഷിക്കാവുന്ന ഒരു സംരഭമാണ്. കൂടാതെ ഗൃഹഭരണം നടത്തുന്ന വനിതകൾക്ക് വീടുകളിൽ നിന്നും കാലാകാലങ്ങളിൽ കിട്ടികൊണ്ടിരിക്കുന്ന സാധനങ്ങൾ കൊണ്ട് അച്ചാർ, ചൊർക്ക (വിനാഗിരി) എന്നിവ ഉണ്ടാക്കി വിപണനം നടത്തുന്ന സംരഭം പ്രോത്സാഹിപ്പിക്കണം. ഈ മേഖലയിൽ വനിതകളെ കൂടുതൽ പരിശീലനം നൽകി ആകർഷിക്കാവുന്നതാണ്. വാഴകാമ്പിൽ നിന്നും കിട്ടുന്ന നീര് ഔഷധവീര്യമുള്ളതിനാൽ ആയത് പ്രയോജനപ്പെടുത്തുന്നതിന് സാങ്കേ

തിക വിദഗ്ധരെ കൊണ്ട് പഠനം നടത്തണം. ബാക്കിവരുന്ന വാഴപ്പിണ്ടികൊണ്ട് കാലിത്തീറ്റ ഉണ്ടാക്കാവുന്നതാണ്.

വയനാട്ടിൽ വ്യാപകമായി കൃഷിചെയ്യുന്ന അടക്ക ഇവിടെ വച്ചു തന്നെ സംസ്കരിച്ച് പരിഷ്കൃത ഉൽപ്പന്നമാക്കി മാറ്റുന്നതിനുള്ള സാദ്ധ്യതകൾ ഏറെയാണ്. കവുങ്ങിൻപട്ട കൊണ്ട് ലാമിനേറ്റ് ചെയ്ത പ്ലെയിറ്റുകൾ, മറ്റു കരകൗശല വസ്തുക്കൾ ഉണ്ടാക്കുന്നതിന് സാദ്ധ്യതകളുണ്ട്. ആവശ്യമായ പരിശീലനം നൽകി ഈ മേഖലയിൽ വനിതകളെ ആകർഷിക്കാവുന്നതാണ്.

ഇവിടെ ഉൽപ്പാദിപ്പിക്കുന്ന റബ്ബർപാൽ സംഭരിച്ച്, സെൻട്രിഫ്യൂജ് ചെയ്ത് വിപണനം ചെയ്താൽ ഇവിടെ തന്നെ റബ്ബർബാന്റ്, ബലൂൺ, ഗ്ലൗസ് എന്നിവ ഉൽപ്പാദിപ്പിക്കാനുള്ള സാദ്ധ്യതകളുണ്ട്. ഇതിനുള്ള പരിശീലനം റബ്ബർ ബോർഡിൽ നിന്ന് ലഭ്യമാണ്. ആയത് പ്രയോജനപ്പെടുത്തി വനിതകൾക്ക് കൂടുതൽ തൊഴിലവസരം കണ്ടെത്താവുന്നതാണ്.

**വിജയ സാദ്ധ്യതയുള്ള ഇതരവ്യവസായ സംരഭങ്ങൾ.**

മാനന്തവാടി പഞ്ചായത്തിലും സമീപപ്രദശങ്ങളിലും കാലിവളർത്തലും ക്ഷീരവ്യവസായവും കോഴിവളർത്തലും, മുട്ടയുല്പാദനവും മുഖ്യതൊഴിലാണ്. ഇതിനാവശ്യമായ കാലിത്തീറ്റ കോഴിത്തീറ്റ എന്നിവയുടെ നിർമ്മാണം വളരെ വിജയകരമായി കൊണ്ടുപോകാൻ സാധിക്കുന്ന ഒന്നാണ്. ഇപ്പോൾ വിവപണിയിലുള്ളത് അന്യ സംസ്ഥാനങ്ങളിൽ നിന്നും മറ്റു ജില്ലകളിൽ നിന്നും കൊണ്ടുവരുന്ന ഉൽപ്പന്നങ്ങളാണ്. എന്നാൽ ഇവിടെ തന്നെയുള്ള വാഴത്തട, കവുങ്ങിൻപട്ട, മരച്ചീനി, തവിട് എന്നിവ ഉപയോഗിച്ച് ക്ഷീരവ്യവസായ സഹകരണ സംഘടനകളുടെ ആഭിമുഖ്യത്തിൽ നൂതന സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള വ്യവസായത്തിന് സാദ്ധ്യതയുണ്ട്. ഇതിൽനിന്നും ക്ഷീര വ്യവസായികൾക്ക് കുറഞ്ഞ ചിലവിൽ ഗുണമേന്മയുള്ള കാലിത്തീറ്റ ലഭ്യമാക്കാവുന്നതാണ്.

മരംകൊണ്ടുള്ള വ്യവസായങ്ങൾക്ക് വളരെ അധികം സാദ്ധ്യതയുണ്ട്. ആധുനിക, യന്ത്രവൽകൃത സമ്പ്രദായം ഉപയോഗിച്ച് ചെറിയ ചിലവിൽ നല്ല ഫർണിച്ചറുകൾ ഉണ്ടാക്കാനുള്ള സാദ്ധ്യത ഉപയോഗപ്പെടുത്തി ചെറുകിട വ്യവസായ യൂണിറ്റുകൾ തുടങ്ങാം.

ഇപ്പോൾ വ്യാപകമായി വരുന്ന ഇലക്ട്രോണിക് യുഗത്തിൽ ഇലക്ട്രോണിക് ഉപകരണങ്ങളും പാർട്ടുസുകൾ മറ്റു സ്ഥലത്തുനിന്നും വരുത്തി അസംബിൾചെയ്ത ഇലക്ട്രോണിക് ഉപകരണങ്ങൾ ഉണ്ടാക്കുന്ന ചെറുകിട യൂനിറ്റുകൾ സ്ഥാപിക്കാവുന്നതാണ്. മാനന്തവാടി പഞ്ചായത്തിൽ ഇലക്ട്രോണിക്സ് പഠിച്ച കുറെ ചെറുപ്പക്കാർ ഉണ്ട്. ഇവരെ ഉപയോഗപ്പെടുത്തി ഇത്തരം വ്യവസായങ്ങൾ ആരംഭിക്കാം.

പേപ്പർ വേസ്റ്റ്, ഗണ്ണിബാഗ്സ്, കട്ടിങ്ങ്സ് വൈക്കോൽ, തുടങ്ങിയ അസംസ്കൃത സാധനങ്ങൾ ഉപയോഗിച്ച് കാർഡ് ബോർഡ്, പാക്കിങ്ങ് കേസ് വിവിധയിനം കടലാസുകൾ എന്നിവ നിർമ്മിക്കുന്നതിനുള്ള ഫാക്ടറി സ്ഥാപിക്കുന്നതിന് പഞ്ചായത്തിൽ സാദ്ധ്യതയുണ്ട്.

പ്രകൃതി ദത്ത നീരുറവകൾ ധാരാളമുള്ള ഈ പ്രദേശത്ത് മിനറൽ വാട്ടർ നിർമ്മിക്കുന്നതിനുള്ള വ്യവസായം ആരംഭിക്കുന്നതിനും അനുകൂലമായ സാഹചര്യമുണ്ട്.

**പന്നിവളർത്തലും വ്യവസായവും**

പന്നിവളർത്തൽ വ്യാപകമാക്കി, വ്യവസായാടിസ്ഥാനത്തിൽ മാംസം പാക്ക് ചെയ്ത് മറ്റ് സംസ്ഥാനങ്ങളിലേക്ക് വിപണനം നടത്താൻ സാദ്ധ്യതയുണ്ട്. ഇതിനായുള്ള സാങ്കേതിക വിദ്യയുള്ള സ്ഥാപനം എറണാകുളത്ത് കേരളഗവൺമെന്റ് നടത്തുന്നുണ്ട്. പന്നിയുടെ തീറ്റക്ക് വാഴത്തട വേവിച്ച് കൊടുക്കുന്നത് വളരെ ഫലം ചെയ്യുന്നതും, ഇത് ഇവിടെ ലഭ്യവുമാണ്.

മേൽപറഞ്ഞ വ്യവസായ സംരഭങ്ങൾ നടപ്പിലാക്കുന്നതിനും വികസിപ്പിക്കുന്നതിനും കൂടുതൽ വ്യവസായ സംരഭകരെ പഞ്ചായത്തിൽ നിന്നും, ജില്ലക്ക് പുറത്തുനിന്നും ആകർഷിക്കുന്നതിനും വേണ്ടി വ്യവസായത്തിന് വേണ്ടുന്ന അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് മിനി ഇന്റസ്ട്രിയൽ എസ്റ്റേറ്റുകൾ വ്യവസായ പ്ലോട്ടുകൾ വ്യവസായ ഏരിയകൾ എന്നിവ സ്ഥാപിക്കണം. ഇതിനായി താഴെ പറയുന്ന നിർദ്ദേശങ്ങൾ സമർപ്പിക്കുന്നു.

ഓരോ വർഷവും അഞ്ച് ഏക്കർ വീതം സ്ഥലം കണ്ടെത്തി കേന്ദ്രസംസ്ഥാന ഗവൺമെന്റുകളുടെ നിലവിലുള്ള സാമ്പത്തിക പദ്ധതി പ്രയോജനപ്പെടുത്തി അഞ്ചു വർഷം കൊണ്ട് 25 ഏക്കർ എങ്കിലും ഇതിനായി സജ്ജമാക്കണം.

കേന്ദ്രസർക്കാറിന്റെ നിലവിലുള്ള ഇന്റഗ്രേറ്റഡ് വില്ലേജ് പവർലും കോ- ഓപ്പറേറ്റീവ് സൊസൈറ്റി, അണ്ടർടെക്സ് ഫെഡ് എന്നീ പദ്ധതി പ്രകാരം ഓരോ താലൂക്കിലും ആരംഭിക്കാൻ തീരുമാനിച്ചിട്ടുള്ള പവർലൂം സഹകരണ സംഘം മാനന്തവാടി പഞ്ചായത്ത് കേന്ദ്രമാക്കി ആരംഭിക്കുന്നതിന് സ്ഥലം കണ്ടുപിടിച്ച് ലഭ്യമാക്കി നടപ്പാക്കാൻ ആവശ്യമായ അടിയന്തര നടപടി എടുക്കുക.

കൈത്തറി മേഖലയിൽ വയനാട് ജില്ലയുടെ സംഭാവന തീരെ ശുഷ്കമാണ് പഞ്ചായത്തിൽ ഈ മേഖലയിൽ പ്രവർത്തിക്കാൻ താല്പര്യമുള്ളവരെ സംഘടിപ്പിച്ച് പരിശീലനം നൽകി വ്യവസായ വകുപ്പിന് കീഴെ വ്യവസായ സഹകരണ സംഘവുമായി രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കാവുന്നതാണ്.

കരകൗശല രംഗത്ത് ഇപ്പോൾ പ്രവർത്തിക്കുന്ന വിദഗ്ധരുടെ കീഴിൽ പരിശീലനം നൽകി കൂടുതൽ പേരെ ഈ രംഗത്തേക്ക് ആകർഷിച്ച് അവരെ വ്യവസായ സഹകരണ മേഖലയിൽ കൊണ്ട് വന്ന് വ്യവസായ സഹകരണ സംഘം രൂപീകരിക്കാനും ഉൽപ്പന്നങ്ങളുടെ വിപണനത്തിന് അപെക്സ് സംഘവുമായി ബന്ധപ്പെടാനും കഴിയും ചെയ്യും.

**തൊഴിൽ ലഭ്യത - പട്ടിക**

| ജോലിയുള്ളവർ | | | ഇല്ലാത്തവർ | | |
|---|---|---|---|---|---|
| പുരുഷൻ | സ്ത്രീ | ആകെ | പുരുഷൻ | സ്ത്രീ | ആകെ |
| 12888 | 5257 | 18145 | 10956 | 18193 | 29149 |

ജോലിയിൽ പ്രാവീണ്യം ഉള്ളവർ

| പുരുഷൻ | സ്ത്രീ | ആകെ |
|---|---|---|
| 6949 | 2509 | 9458 |

ഈ സ്ഥിതി വിവരകണക്കിന്റെ അടിസ്ഥാനത്തിൽ സ്ത്രീകൾ ജോലി ഇല്ലാത്തവരായി, പുരുഷന്മാരെക്കാൾ ഒന്നര ഇരട്ടി കൂടുതലാണ്. അതിനാൽ പദ്ധതികാലത്ത് സ്ത്രീകൾക്ക് ഈ അനുപാദത്തിൽ പ്രോത്സാഹനം നൽകേണ്ടതാണ്.

ഈ റിപ്പോർട്ടിലെ ചിലവാക്കുകളുടെ പൂർണ്ണ പൂപവും മേൽവിലാസവും

1 സി. എഫ്. റ്റി. ആർ. എ - സെൻട്രൽ ഫുഡ് ക്രാഫ്റ്റ് ട്രെയിനിങ്ങ് ഇൻസ്റ്റിറ്റ്യൂട്ട്, മൈസൂർ സെൻട്രൽ

2\. കെ. ഐ. റ്റി. സി. ഒ - കേരണ ഇൻസ്ട്രിയൽ കൺസൽട്ടൻസി ഓർഗനൈസേഷൻ. ക്ഷേമ ബിൽഡിങ്ങ്. എം. ജി റോഡ്, എറണാകുളം

3\. എസ്. റ്റി. ഇ. ഡി- സയൻസ് ആന്റ് ടെക്നിക്കൽ എഡ്യുക്കേഷൻ ഡിപ്പാർട്ടുമെന്റ്

4 കോമൺ ഫെസിലിറ്റീസ് സെന്റർ ഫോർ റബ്ബർ ആന്റ് പ്ലാസ്റ്റിക് ഇന്റസ്ട്രിയൽ എസ്റ്റേറ്റ്, വേരൂർ, പി. ഒ, ചങ്ങനാശ്ശേരി.

5 എസ്. ഐ. എസ്. ഐ - സ്മോൾ ഇന്റസ്ട്രീസ് സർവ്വീസ് ഇൻസ്റ്റിറ്റ്യൂട്ട് ഐയ്യാംന്തോട്, തൃശൂർ.

5(4)
# വിദ്യാഭ്യാസം

ബ്രിട്ടീഷ് ഭരണം രാജ്യത്ത് വേരുറപ്പിച്ചതിനെതുടർന്ന് ഭരണത്തിന്റെ താഴെ തലങ്ങളിൽ കാര്യങ്ങൾ നിർവ്വഹിക്കുന്നതിന് തദ്ദേശീയരായ സമാന്യ വിദ്യാഭ്യാസമുള്ളവരുടെ സേവനം ആവശ്യമായി വന്നു. ഈ ലക്ഷ്യം വെച്ചുകൊണ്ടുള്ള വിദ്യാഭ്യാസ പ്രവർത്തനങ്ങൾ പതിനെട്ടാം നൂറ്റണ്ടിന്റെ ആദ്യ ദശകങ്ങളിൽ തന്നെ ബ്രിട്ടീഷുകാർ ആരംഭിച്ചിരിക്കുന്നു. ബ്രിട്ടീഷ് ഭരണത്തിൽ മലബാർ ജില്ലയുടെ ഭാഗമായിരുന്ന വയനാട് താലൂക്കിൽ (ഇന്നത്തെ വയനാട്. ജില്ലാ) ആദ്യത്തെ വിദ്യാലയം താലൂക്കാസ്ഥാനമായ മാനന്തവാടിയിൽ 1865-ൽ പ്രവർത്തനമാരംഭിച്ചു. ഇപ്പോഴത്തെ ജില്ലാ ആശുപത്രിയിലെ പ്രസവവാർഡ് സ്ഥിതി ചെയ്യുന്ന സ്ഥലത്ത് അന്നുണ്ടായിരുന്ന മിലിട്ടറി ബാരക്കിന്റെ ഒരു മുറിയിലാണ് സ്കൂൾ ആരംഭിച്ചത്. ഏതാനും വർഷങ്ങൾക്ക് ശേഷം ഇപ്പോഴത്തെ പോസ്റ്റോഫീസിന് സമീപം ജർമ്മൻ മിഷനറിമാരുടെ ചർച്ച മിഷൻ സൊസൈറ്റിയുടെ നേതൃത്വത്തിൽ സി.എം.എസ്സ് സ്കൂൾ എന്ന പേരിൽ ഒരു സ്കൂൾ ആരംഭിച്ചെങ്കിലും കുറച്ചുകാലം മാത്രമേ പ്രവർത്തിച്ചുള്ളൂ.

1940-ൽ പി.ടി. ഭാസ്കരപണിക്കർ ഡിസ്ട്രിക്ട് ബോർഡ് പ്രസിഡണ്ടായിരിക്കെ എലിമെന്ററി സ്കൂൾ ഹയർ എലിമെന്ററി ആയി ഉയർത്തി. എലിമെന്ററി സ്കൂളിന്റെ പ്രവർത്തനം താല്ക്കാലികമായി സ്കൂളിലേക്ക് മാറ്റി. പിന്നീട് ജില്ലാ ആശുപത്രിയുടെ സമീപത്ത് പുതിയ കെട്ടിടം നിർമ്മിച്ചപ്പോൾ ഇന്നത്തെ സ്കൂൾ ക്വാർട്ടേഴ്സ് അവിടെക്ക് മാറ്റുകയുംചെയ്തു.



ബ്രിട്ടീഷ് ഭരണത്തിൽ പങ്കാളികളായിരുന്ന തദ്ദേശീയരായ ഉദ്യോഗസ്ഥർ, മാനന്തവാടിയിലെ ബ്രാഹ്മണർ, നായർ പ്രാമാണിമാരുടെ മക്കളായിരുന്ന വിദ്യാർത്ഥികളിൽ ഭൂരിപക്ഷം. ആദിവാസി പിന്നോക്ക വിഭാഗത്തിൽപ്പെട്ട ആരുംതന്നെ വിദ്യാ

ഭ്യാസം ചെയ്തിരുന്നില്ല. ആദ്യകാലഘട്ടത്തിൽ വിദ്യാർത്ഥിക ളിൽ പെൺകുട്ടികൾ ഉണ്ടായിരുന്നില്ല. എലിമെന്ററി വിദ്യാ ഭ്യാസം മലയാളത്തിലായിരുന്നെങ്കിലും ഹയർ എലിമെന്ററി തല ത്തിൽ ഇംഗ്ലീഷിനായിരുന്നു പ്രാധാന്യം. ഇവിടെന്നിന്നും വിദ്യാ ഭ്യാസം നേടിയവരിൽ വളരെ ചുരുക്കം ചിലരേ ഉപരിപഠനത്തിന് പോയിരുന്നുള്ളൂ. തലശ്ശേരി, കോഴിക്കോട്, മദ്രാസ് എന്നിവിട ങ്ങളിലായിരുന്നു ഉപരിപഠനകേന്ദ്രങ്ങൾ. വയനാട്ടിൽനിന്നും മെട്രിക്കുലേഷൻ പാസ്സായ ശ്രീ. 'പി.സി. ഗോവിന്ദൻ നമ്പ്യാർ ഈ വിദ്യാലയത്തിലെ വിദ്യാർത്ഥിയായിരുന്നു. ആദിവാസി വിഭാഗത്തിൽ നിന്നും ആദ്യമായി എസ്.എസ്.എൽ.സി. പാസ്സാ യവർ പോസ്റ്റൽ ഡിപ്പാർട്ടുമെന്റിൽ ജോലി ലഭിച്ച ശ്രീ. ഗുളി കനും, അന്തരിച്ച മുൻ.എം.എൽ.എ. ശ്രീ. എം.വി. രാജൻമാസ്റ്റ റുമായിരുന്നു.

നാല്പതുകളിൽ ദേശീയ തലത്തിലും തിരുവിതാംകൂർ കൊച്ചി മേഖലയിലും വളർന്നുവന്ന വിദ്യാഭ്യാസ പ്രക്ഷോഭ ങ്ങളും വിദ്യാഭ്യാസ പ്രവർത്തനങ്ങളും, കുടിയേറ്റവും നമ്മുടെ പ്രദേശത്ത് വിദ്യഭ്യാസ രംഗത്ത് ഒരു പുത്തൻ ഉണർവ്വ് സൃഷ്ടിച്ചു. കുടിയേറ്റ മേഖലയിലെ കൃസ്ത്യൻ പെൺകുട്ടിക ളായിരുന്നു സ്ത്രീകളിൽ ആദ്യമായി വിദ്യാഭ്യാസ രംഗത്തേക്ക് കടന്നു വന്നവർ. സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലും വിദ്യാ ലയങ്ങളിലുൾപ്പെട്ട ജാതി വ്യവസ്ഥയുടെ ഭാഗമായ അയിത്തം നിലനിന്നപ്പോൾ നമ്മുടെ പ്രദേശത്ത് വിദ്യാലയങ്ങളിലിതുണ്ടാ യിരുന്നില്ല എന്നത് എടുത്തു പറയേണ്ടതാണ്. പ്രാഥമിക മേഖ ലയിലുള്ള വിദ്യാഭ്യാസ സൗകര്യം കൂടുതൽ മെച്ചപ്പെട്ടുവെ ങ്കിലും ഹൈസ്കൂൾ ഉണ്ടായിരുന്നില്ല. മാനന്തവാടിയിൽ ഒരു ഹൈസ്കൂൾ സ്ഥാപിക്കണമെന്ന ഉദ്ദേശത്തോടെ സർവ്വശ്രീ. ആർ. പരമേശ്വരൻ, ഒ.ടി. നാരായണൻ നമ്പ്യാർ, പി.സി. ബാല കൃഷ്ണൻ നമ്പ്യാർ, ഐ.സി.വി.നായിഡു, പള്ളിയാൽ മൊയ്തു ഹാജി തുടങ്ങിയവരുടെ നേതൃത്വത്തിൽ ഒരു കമ്മിറ്റി രൂപീക രിക്കുകയം ഹൈസ്കൂളിന്നായുള്ള ശ്രമങ്ങൾ ആരംഭിക്കുകയും ചെയ്തു. ഈ പ്രവർത്തനങ്ങളുടെ കൂടെ ഫലമായി 1950-ൽ ശ്രീ. മുകുന്ദൻ പ്രസിഡണ്ടുമായുള്ള മലബാർ ഡിസ്ട്രിക്ട് ബോർഡ് മാനന്തവാടിയിൽ ഹൈസ്കൂൾ അനുവദിച്ചു. ഹൈസ്കൂൾ പ്രവർത്തനം ആരംഭിച്ചത് ഇന്നത്തെ ഗവൺമെന്റ് യു.പി.സ്കൂൾ പ്രവർത്തിക്കുന്ന സ്ഥലത്തായിരുന്നു. ഇന്ന് ഹൈസ്കൂൾ സ്ഥിതിചെയ്യുന്ന സ്ഥലം നാട്ടുകാരുടെ കൂട്ടായ സമ്മർദ്ദഫലമായി 'കല്ക്കണ്ടി സായ്വ്' സൗജന്യമായി വിട്ടു കൊടുത്തതാണ്. ആദ്യത്തെ കെട്ടിടം നിർമ്മിക്കുന്നതിനാവശ്യ മായി വന്ന ഒരു ലക്ഷം രൂപയിൽ പകുതി (50,0000 രൂപ) ഡിസ്ട്രിക്ട് ബോർഡ് നിർദ്ദേശപ്രകാരം നാട്ടുകാർ പിരിച്ചുന ല്കിയതാണ്. ആദ്യ ഹെഡ്മാസ്റ്റർ ശ്രീ. പി.വി. വെങ്കിടേശ്വര യ്യർ ആയിരുന്നു. നാല് പെൺകുട്ടികൾ അടക്കം 29 വിദ്യാർത്ഥി കളായിരുന്നു ആദ്യ എസ്.എസ്.എൽ.സി. ബാച്ചിൽ ഉണ്ടായി രുന്നത്. ഇവരിൽ നാല് പെൺകുട്ടികളടക്കം 25 പേർ വിജയിച്ചു. തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന്റെ ഭാഗമായിട്ടല്ലെങ്കിലും കുട്ടികളെ ആദ്യകാലങ്ങളിൽ മരപ്പണി പരിശീലിപ്പിച്ചിരുന്നു.

1957-ലെ സർക്കാരിന്റെ വിദ്യാഭ്യാസ പരിഷ്കാരങ്ങൾ കേരളത്തിലെ മറ്റു പ്രദേശങ്ങളിലെന്നപോലെ നമ്മുടെ പ്രദേ ശത്തും വിദ്യാഭ്യാസ രംഗത്ത് വമ്പിച്ച മുന്നേറ്റത്തിന് സാഹച ര്യമൊരുക്കി. 37836 ജനസംഖ്യയുള്ള പഞ്ചായത്തതിർത്തിയിൽ ഇപ്പോൾ നാല് ഹൈസ്കൂളുകൾ, നാല് യു.പി. സ്കൂളുകൾ, നാല് എൽ.പി. സ്കൂളുകളുമുണ്ട്. ഈ വിദ്യാലയങ്ങളിൽ 8609 വിദ്യാർത്ഥികൾ പഠനം നടത്തുന്നുണ്ട്.

പട്ടിക 1

വിദ്യാർത്ഥികൾ അദ്ധ്യാപകർ

അവലംബം
സെക്കന്ററിസാറ്റാ

| ക്രമ നമ്പർ / സ്കൂളിന്റെ പേര് | മാനേജ്മെന്റ് | അദ്ധ്യാപകർ | | | വിദ്യാർത്ഥികൾ | | |
|---|---|---|---|---|---|---|---|
| | | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 1. ഗവ.യു.പി സ്കൂൾ മാനന്തവാടി | ഗവ. | 10 | 12 | 22 | 392 | 332 | 724 |
| 2. ഗവ. ഹൈസ്കൂൾ ആറാട്ടുകര | ഗവ. | 13 | 16 | 29 | 392 | 410 | 802 |
| 3. ഗവ. വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ, മാനന്തവാടി | ഗവ. | 19 | 13 | 32 | 411 | 427 | 383 |
| 4. സെന്റ് മാർട്ടിൻസ് എൽ.പി. സ്കൂൾ | എയ്ഡഡ് | 3 | 6 | 9 | 165 | 151 | 316 |
| 5. നെഹ്റു മെമ്മോറിയൽ യു.പി. സ്കൂൾ | " | 8 | 9 | 17 | 239 | 249 | 488 |
| 6. സെന്റ് കാതറൈൻസ് ഹൈസ്കൂൾ പയ്യാംപള്ളി | " | 16 | 28 | 44 | 719 | 639 | 1358 |
| 7. ഫാ.ജി. കിഴക്കച്ചാലിൽ മെമ്മോറിയൽ ഹൈസ്കൂൾ | " | 9 | 23 | 32 | 452 | 541 | 993 |
| 8. സെന്റ് ജോസഫ് ടി.ടി.ഐ. | " | 9 | 29 | 38 | 652 | 645 | 1297 |
| 9. എ.എൽ.പി. സ്കൂൾ കണിയാരം | " | 3 | 8 | 11 | 171 | 194 | 365 |
| 10. എസ്.എസ്. യു.പി. സ്കൂൾ | " | 0 | 20 | 20 | 403 | 554 | 957 |
| 11. നാഷണൽ എൽ.പി. സ്കൂൾ ഓഴക്കോടി | " | 2 | 2 | 4 | 62 | 66 | 128 |
| 12. സെന്റ് ജോസഫ് എൽ.പി. സ്കൂൾ | " | 0 | 6 | 6 | 175 | 168 | 343 |
| ആകെ | | 73 | 159 | 232 | 4233 | 4376 | 8609 |

ഇവയ്ക്കുപുറമെ രണ്ട് എസ്റ്റേറ്റ് സ്കൂളുകൾ, രണ്ട് ഇംഗ്ലീഷ് മീഡിയം സ്കൂളുകളുകളും അൺഎയ്ഡഡ് മേഖലയിൽ പ്രവർത്തിക്കുന്നു.

പട്ടിക 2

| സ്കൂളിന്റെ പേര് | ആൺ | പെൺ | ആകെ |
|---|---|---|---|
| ജെ.സി. എസ്റ്റേറ്റ് എൽ.പി.എസ്. | 30 | 43 | 73 |
| ചിറക്കര എസ്റ്റേറ്റ് എൽ.പി.എസ്. | 91 | 73 | 164 |
| സെന്റ് പാട്രിയാക്സ് ഇംഗ്ലീഷ് മീഡിയം | 101 | 103 | 204 |
| വിദ്യാസാഗർ (എസ്.ജി.എം.എച്ച്.എസ്.) | 110 | 103 | 204 |

പഞ്ചായത്തിൽ അൺ എയ്ഡഡ് ഒഴികെ എൽ.പി. വിഭാഗത്തിൽ 3282 വിദ്യാർത്ഥികളും യു.പി. വിഭാഗത്തിൽ 2730 വിദ്യാർത്ഥികളും ഹൈസ്കുൾ വിഭാഗത്തിൽ 2597 വിദ്യാർത്ഥികളുമാണ് പഠനം നടത്തുന്നത്. ഇതിൽ 51.67% വിദ്യാർത്ഥിനികളാണ്.

ആകെ 12 സ്കൂളുകളിൽ മൂന്ന് ഹൈസ്കൂളുകളാണ് സർക്കാർ മേഖലയിലുള്ളത്. 2364 വിദ്യാർത്ഥികൾ ഈ വിദ്യാലയത്തിൽ പഠനം നടത്തുന്നു. ഇത് ആകെ വിദ്യാർത്ഥികളുടെ 27.45% മാത്രമാണ്. ആകെയുള്ള 232 അദ്ധ്യാപകരിൽ 35.77% അദ്ധ്യാപകർ സർക്കാർ വിദ്യാലയങ്ങളിലാണ്.

ഗവൺമെന്റ് സ്കൂൾ അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെ കണക്ക്

8609 വിദ്യാർത്ഥികളിൽ 1508 വിദ്യാർത്ഥികൾ പട്ടികജാതി പട്ടികവർഗത്തിൽപ്പെട്ടവരാണ്. ഇത് ആകെ വിദ്യാർത്ഥികളുടെ 17.13% മാത്രമേ ആകുന്നുള്ളൂ.

സാമ്പത്തീക സാമൂഹ്യ കാരണങ്ങളാൽ ചെറിയ ഒരു ശതമാനം പഠനം നിറുത്തുന്നുവെന്നാണ് കണക്ക് സൂചിപ്പിക്കുന്നത്. നടപ്പ് അദ്ധ്യയനവർഷത്തിൽ 255 വിദ്യാർത്ഥികൾ പഠനം നിർത്തിയവരാണ്. ആകെ വിദ്യാർത്ഥികളുടെ 2.96% പഠനം നിർത്തിയവരിൽ 145 പേർ പട്ടിക ജാതി/പട്ടികവർഗ്ഗ മേഖലയിലുള്ളവരാണ്. ആകെ പട്ടികജാതി/ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ 9.6 % വരും ഇത്.

പഞ്ചായത്തിലെ ആകെ വിദ്യാർത്ഥികളിൽ 3.73% വിദ്യാർത്ഥികൾമാത്രമാണ് ഇംഗ്ലീഷ് മീഡിയം വിദ്യാലയങ്ങളിൽ പഠനം നടത്തുന്നത്. എന്നാൽ ഇടത്തരം രക്ഷിതാക്കളിൽ ഇംഗ്ലീഷ് മീഡിയം വിദ്യാലയങ്ങളോട് ആഭിമുഖ്യം വർദ്ധിച്ചു വരുന്നതായിട്ടാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. പൊതുവിദ്യാഭ്യാസ മേഖലയോടുള്ള വിശ്വാസ്യത കുറഞ്ഞുവരുന്നതും വിദ്യാഭ്യാസത്തെ വരേണ്യവത്കരിക്കാൻവേണ്ടി നടത്തുന്ന ബോധപൂർവ്വമായ ശ്രമങ്ങളും ഇതിന് കാരണമാണ്.

| ആകെ അദ്ധ്യാപകർ | ഗവ. വിദ്യാലയങ്ങളിൽ അദ്ധ്യാപകരുടെ എണ്ണം | ഗവ.അദ്ധ്യാപകർ ശതമാനം | പഞ്ചായത്തിലെ വിദ്യാർത്ഥികളുടെ എണ്ണം | ഗവ. സ്കൂൾ വിദ്യാർത്ഥികൾ | ശതമാനം |
|---|---|---|---|---|---|
| 232 | 83 | 35.77 | 8609 | 2364 | 27.45 |

വിദ്യാർത്ഥികളുടെ വിവരം എൽ.പി. യു.പി. സ്കൂൾ ഇനം തിരിച്ച്

| | എൽ.പി. | | | | യു.പി. | | | | ഹൈസ്കൂൾ | | | | പെൺ | ആകെ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | ആൺ | പെൺ | പെൺ % | ആകെ | ആൺ | പെൺ | പെൺ % | ആകെ | ആൺ | പെൺ | പെൺ % | ആകെ | % | വിദ്യാർത്ഥികൾ |
| എയ്ഡഡ് | 1649 | 1633 | 49.76 | 3282 | 1352 | 1378 | 50.47 | 2730 | 1255 | 1342 | 51.67 | 2597 | 51.67 | 8609 |
| അൺ എയ്ഡഡ് | | | | | | | | | | | | | | |
| മലയാളം മീഡിയം | 121 | 116 | 237 | | | | | | | | | | | |
| അൺ എയ്ഡഡ് | | | | | | | | | | | | | | |
| ഇംഗ്ലീഷ് മീഡിയം | | | | | | | | | | | | | | |
| ആകെ | | | | | | | | | | | | | | |

പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കണക്ക്

| എൽ.പി. | | | യു.പി. | | | | ഹൈസ്കൂൾ | | |
|---|---|---|---|---|---|---|---|---|---|
| ആകെ | പട്ടികജാതി | ശതമാനം | ആകെ | പട്ടികജാതി | പട്ടികവർഗ്ഗം | ശതമാനം | ആകെ | പട്ടികജാതി പട്ടികവർഗ്ഗം | ശതമാനം |
| 3282 | 751 | 23.09 | 2730 | | 446 | 16.33 | 2597 | 311 | 11.98 |
| | | | | | | | | | ആകെ 17.13 |

പഠനം നിർത്തിയവരുടെ കണക്ക്

| പട്ടികജാതി/പട്ടിക വർഗ്ഗം | | | മറ്റുള്ളവർ | | |
|---|---|---|---|---|---|
| ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 79 | 66 | 145 | 61 | 49 | 110 |
| | | | | | ആകെ 255 |

പഠനം നിലവാരം - കാൽപാദ പരീക്ഷ ആസ്പദമാക്കി വിദ്യർത്ഥികളുടെ പഠനനിലവാരം പരിശോധിച്ചാൽ 45% വിദ്യർത്ഥികൾ ശരാശരിക്കു താഴെയാണെന്നു കാണാം. സർക്കാർ വിദ്യാലയങ്ങളിൽ 68% വിദ്യാർത്ഥികളും ശരാശരിയിൽ താഴെയാണ്.

പ്രൈമറി ക്ലാസുകളിൽ നിന്നാരംഭിക്കുന്ന പഠനനിലവാരത്തിലെ പിറകോട്ട് പോക്ക് എസ്.എസ്.എൽ.സി. വിജയശതമാനത്തേയും ബാധിക്കാറുണ്ട് എന്നതാണ് കഴിഞ്ഞ അഞ്ചു വർഷത്തെ എസ്.എസ്.എൽ.സി. വിജയശതമാനകണക്കുകൾ സൂചിപ്പിക്കുന്നത്. സർക്കാർ വിദ്യാലയങ്ങളിലെ വിജയശതമാനം സ്വകാര്യവിദ്യാലയങ്ങളിലേക്കാൾ വളരെ കുറവാണെന്നു കാണാം.

അക്കാദമിക് സൗകര്യങ്ങളുടെ കുറവ്, രക്ഷിതാക്കളുടെ ഇപെടലുകളുടെ കുറവ്, ഭൗതീക സാഹചര്യങ്ങളുടെ കുറവ്, ഇലക്ട്രോണിക് മാദ്ധ്യമങ്ങളുടെ കടന്നുകയറ്റം, അദ്ധ്യാപകരുടെ ആത്മാർത്ഥതക്കുറവ് എന്നിവ പഠന നിലവാരത്തെ ബാധിക്കാറുണ്ടെങ്കിലും ഇതിനെല്ലാമുപരിയായി പ്രാഥമിക വിദ്യാഭ്യാസരീതിയിലെ പോരായ്മകളാണ് പ്രധാനകാരണം. പ്രാഥമിക വിദ്യാഭ്യാസത്തിന്റെ നിലവാരതകർച്ചയ്ക്ക് പരിഹാരം കാണുന്നതിനുവേണ്ടി ജില്ലാ പ്രാഥമിക വിദ്യാഭ്യാസ പരിപാടി

**പഠന നിലവാരം - കാൽപാദ വാർഷിക പരീക്ഷ ആസ്പദമാക്കി**

| ക്ലാസുകൾ | 30%ൽ താഴെ മാർക്ക് ലഭിച്ചവർ | 30% 40% ഇടയിൽ മാർക്ക് മാർക്ക് ലഭിച്ചവർ | 40% നും 50% ഇടയിൽ മാർക്ക് ലഭിച്ചവർ | 50% നും 60% നും ഇടയിൽ മാർക്ക് ലഭിച്ചവർ | 60%മുകളിൽ മാർക്ക് ലഭിച്ചവർ |
|---|---|---|---|---|---|
| III | 199 | 104 | 156 | 146 | 133 |
| IV | 123 | 136 | 148 | 144 | 145 |
| V | 169 | 109 | 130 | 96 | 206 |
| VI | 217 | 82 | 136 | 178 | 212 |
| VII | 226 | 151 | 131 | 126 | 191 |
| VIII | 402 | 108 | 140 | 56 | 48 |
| IX | 368 | 102 | 119 | 60 | 46 |
| X | 300 | 76 | 120 | 58 | 53 |

**അഞ്ചുവർഷത്തെ എസ്.എസ്.എൽ.സി. വിജയശതമാനം**

| സ്കൂൾ | 91-92 | 92-93 | 93-94 | 94-95 | 95-96 |
|---|---|---|---|---|---|
| ഗവ. വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ | | | | 10% | 18%\ |
| ഗവ. ഹൈസ്കൂൾ ആറാട്ടുതറ | 32% | 38% | 33% | 48% | 23% |
| ഫാ.ജി.കെ.എം. ഹൈസ്കൂൾ കണിയാരം | | 82% | 69% | 71% | 81.07% |
| സെന്റ് കാതറൈൻസ് ഹൈസ്കൂൾ പയ്യംപള്ളി | 86.32% | 82.65% | 75% | 68.47% | 75.20% |
| | | | | | |
| ആകെ | 59.16 | 67.65 | 59 | 49.36 | 49.3 |

**അക്കാദമിക് സൗകര്യങ്ങളുടെ ലഭ്യത**

| | ലൈബ്രറി | പ്രവർത്തിക്കാത്തത് | ലാബറട്ടറി | പ്രവർത്തിക്കാത്തത് | പഠനോപകരണങ്ങൾ | റേഡിയോ | ടേപ്പ് റെക്കോർഡർ | ടെലിവിഷൻ | സിനിമാ പ്രൊജക്ടറുകൾ | സ്ലൈഡ് പ്രൊജക്ടർ | ബ്ലാക്ക് ബോർഡ് ആവശ്യമുള്ളത് | മാതൃസംഗമം സജീവം | ക്ലാസ് പി.ടി.എ. പ്രവർത്തിക്കാത്തത് |
|---|---|---|---|---|---|---|---|---|---|---|---|---|---|
| ഉള്ളത് | 10 | | 6 | | 8 | 1 | 1 | | 1 | 1 | 170 | 11 | 12 |
| ഇല്ലാത്തത് | 2 | | 6 | | 4 | | | | 1 | 11 | | 11 | 0 |

യുടെ ഭാഗമായി നടന്നുവരുന്ന ശ്രമങ്ങൾ പൂർണ്ണമായും വിജയിച്ചുവെന്ന് പറയാനാവില്ല. അക്കാദമിക് സൗകര്യങ്ങളും ഭൗതീക സാഹചര്യങ്ങളും ഉണ്ടായിട്ടും മാനന്തവാടി വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിലെ പഠനനിലവാരതകർച്ച ഗൗരവമായിക്കാണേണ്ടതാണ്.

മാനന്തവാടി പഞ്ചായത്തിലെ വിദ്യാർത്ഥികൾക്ക് ഈ പഞ്ചായത്തിലെ വിദ്യാലയങ്ങളിൽ പ്രവേശനം നിഷേധിക്കുന്ന സ്ഥിതിയും മറ്റു പഞ്ചായത്തിലെ വിദ്യാർത്ഥികൾ ഈ പഞ്ചായത്തിലെ വിദ്യാലയങ്ങളിൽ പ്രവേശനം നേടുന്ന സ്ഥിതിയും നിലനിൽക്കുന്നു.

ഉന്നത വിദ്യാഭ്യാസ മേഖല

പഞ്ചായത്തിൽ ഉന്നത വിദ്യാഭ്യാസ മേഖലയിൽ രണ്ടു സ്ഥാപനങ്ങളാണുള്ളത്. മാനന്തവാടി, വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളും, മേരീമാതാ കോളേജുമാണ്. വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിൽ 50-ഉം മേരിമാതായിൽ 72 ഉം സീറ്റാണുള്ളത്. വർഷത്തിൽ പഞ്ചായത്തിലെ സ്കൂളുകളിൽ നിന്നും ശരാശരി 300 വിദ്യാർത്ഥികൾ എസ്.എസ്.എൽ.സി. പരീക്ഷ പാസ്സായി പുറത്തുവരുന്നുണ്ട്. ഇതിന് പുറമേയാണ് എസ്.എസ്.എൽ.സി. തോറ്റതിന് ശേഷം സമാന്തര വിദ്യാലയങ്ങളിൽ പഠിച്ച് പാസ്സായ വിദ്യാർത്ഥികൾ പുറത്തുവരുന്നത്. ഏതാണ്ട് 400 വിദ്യാർത്ഥികൾ ഓരോ വർഷവും ജയിച്ചുവരുന്നവരിൽ ന്യൂനപക്ഷത്തിന് മാത്രമേ ഉന്നത വിദ്യാഭ്യാസത്തിന് സൗകര്യം ലഭിക്കുന്നുള്ളൂ. മാനന്തവാടിയിൽ പ്രവർത്തിക്കുന്ന പരിമിതങ്ങളായ സ്ഥാപനങ്ങളൊഴിച്ചാൽ ഉന്നത വിദ്യാഭ്യാസത്തിന് വേറെ സൗകര്യം ഇല്ല. അതിനാൽ താലൂക്കിലെ വിദ്യാർത്ഥികൾ ഉപരിപഠനത്തിന് പ്രധാനമായും ആശ്രയിക്കുന്നത് ഇവയെതന്നെയാണ്. വിരലിലെണ്ണാവുന്ന കുട്ടികൾ കേരളത്തിനകത്തും പുറത്തുമുള്ള സാങ്കേതിക വിദ്യാലയത്തിൽ പഠനം നടത്തുന്നുണ്ട്.

പ്രവേശനം ലഭിക്കാത്ത മഹാഭൂരിപക്ഷം വിദ്യാർത്ഥികളും സമാന്തര കോളേജുകളിലാണ് പഠനം നടത്തുന്നത്. താലൂക്കിലെ മുഴുവൻ വിദ്യാർത്ഥികളും ഈ കോളേജുകളിലാണ് പഠനം നടത്തുന്നത്. മാനന്തവാടി പട്ടണത്തിലുള്ള എട്ട് പാരലൽ കോളേജുകളിലായി 2190 വിദ്യാർത്ഥികൾ പഠനം നടത്തുന്നുണ്ട്. ഇവരിൽ 2255 പേർ പെൺകുട്ടികളാണ്. പാരലൽ കോളേജ് വിദ്യാർത്ഥികളുടെ 57.3% പെൺകുട്ടികളാണ്. ഈ വിദ്യാലയങ്ങൾക്കുപുറമെ സ്വകാര്യ മേഖലയിൽ ആറ് ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടും ഉണ്ട്.

സഹകരണ മേഖലയിൽ ഒരു ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുമുണ്ട്. രണ്ട് തയ്യൽ പരിശീലനകേന്ദ്രങ്ങളും രണ്ട് കമ്പ്യൂട്ടർ പരിശീലനം കേന്ദ്രങ്ങളും തൊഴിൽ പഠന പരിശീലന സ്ഥാപനങ്ങളുമാണ്. ഇവിടങ്ങളിലായി 500 പേർ പഠനം നടത്തുന്നു. പ്രീ പ്രൈമറി ടീച്ചിംഗ് ട്രെയിനിംഗ് സെന്റർ സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്നുണ്ട്.

പ്രീ പ്രൈമറി വിദ്യാഭ്യാസ രംഗത്ത് പ്രവർത്തിക്കുന്ന നാല് ഇംഗ്ലീഷ് മീഡിയം നഴ്സറികളും ഈ പഞ്ചായത്തിലുണ്ട്. എങ്കിലും പ്രീ പൈമറി പരിശീലനത്തിനും ഭൂരിപക്ഷം പേരും ആശ്രയിക്കുന്നത് സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിലുള്ള അംഗൻവാടികളിലാണ്. മുപ്പത്തിരണ്ട് അംഗൺവാടികളിലായി വിദ്യാർത്ഥികൾ പഠനം നടത്തുന്നു. പഞ്ചായത്തിന്റെ കീഴിൽ ഒരു ശിശുമന്ദിരം പ്രവർത്തിക്കുന്നുണ്ടെങ്കിലും ഉച്ചഭക്ഷണം ലഭിക്കാത്തതിനാൽ പതിനാറ് കുട്ടികളാണ് ഇവിടെ പഠനം നടത്തുന്നത്. പ്രീ പ്രൈമറി വിദ്യഭ്യാസത്തെക്കുറിച്ച് രക്ഷിതാക്കൾക്കുള്ള തെറ്റായ അവബോധവും, ഭൗതീക പഠന സാഹചര്യങ്ങളുടെ കുറവ് പല അംഗൻവാടികളിലും കുട്ടികളുടെ എണ്ണം കുറയുന്നുണ്ട്. കുട്ടികളുടെ ബൗദ്ധീക വികാസത്തിന് ഗുണകരമല്ലാത്ത അമിതഭാരം അടിച്ചേൽപ്പിക്കുന്ന രീതിയാണ് ഇംഗ്ലീഷ് മീഡിയം നഴ്സറികളിൽ തുടരുന്നതെങ്കിലും ഇവയുടെ സ്വാധീനം വർദ്ധിച്ചുവരുന്നതായിട്ടാണ് കാണുന്നത്. പ്രീ പ്രൈമറി വിദ്യാഭ്യാസത്തിന് സമീപ പ്രദേശങ്ങളിൽ സൗകര്യങ്ങളുണ്ടായിട്ടും നമ്മുടെ പഞ്ചായത്തിലെ പല പ്രദേശങ്ങളിൽനിന്നും ഇവിടെ കുട്ടുകളെത്തുന്നുണ്ട്.

1990 ൽ കേരളത്തിലാകമാനം നടന്ന സമ്പൂർണ്ണ സാക്ഷരതാ പ്രവർത്തനം നമ്മുടെ പഞ്ചായത്തിൽ സജീവമായി നടന്നു.

എന്നാൽ തുടർ സാക്ഷരതാ പ്രവർത്തനം സജീവമായി തുടരാതിരുന്നത് അക്ഷരജ്ഞാനം നേടിയ നവ സാക്ഷരർ വീണ്ടും നിരക്ഷരരാവുന്നതിന് കാരണമായിട്ടുണ്ട്. നിരക്ഷരരിൽ ഭൂരിഭാഗവും ആദിവാസി ജനവിഭാഗത്തിൽപ്പെട്ടവരാണ്. ആദിവാസി സാക്ഷരതാ പദ്ധതിയിൽപ്പെട്ട സാക്ഷരതാ ക്ലാസുകൾ നടക്കുന്നുണ്ടെങ്കിലും ഇവയുടെ പ്രവർത്തനം സജീവമല്ല.

ഈ പഞ്ചായത്തിലെ വിവിധ വിദ്യാലയങ്ങളിലെ 33 വിദ്യാർത്ഥികൾക്ക് മെറിറ്റ് സ്കോളർഷിപ്പ്, 1386 വിദ്യാർത്ഥികൾക്ക് ലംപ്സം ഗ്രാന്റും 18 വിദ്യാർത്ഥികൾക്ക് വികലാംഗ സ്കോളർഷിപ്പും നാല് വിദ്യാർത്ഥികൾക്ക് ജവാന്മാരുടെ മക്കൾക്കുള്ള സ്കോളർഷിപ്പും ലഭിക്കുന്നുണ്ട്. കൂടാതെ 305 മുസ്ലിം പെൺകുട്ടികൾക്കും സ്കോളർഷിപ്പ് ലഭിക്കുന്നുണ്ട്.

## പ്രശ്നങ്ങൾ പരിഹാരങ്ങൾ:

പ്രാഥമികവും ദ്വിതീയവുമായ വിവരശേഖരണങ്ങളുടെയും പഞ്ചായത്തിലെ 14 ഗ്രാമസഭകളിലും നടന്ന സജീവമായ ചർച്ചകളുടേയും വെളിച്ചത്തിലാണ് ഈ റിപ്പോർട്ട്. തയ്യാറാക്കിയിരിക്കുന്നത്. ഗ്രാമസഭകളിൽ വിദ്യാഭ്യാസത്തെക്കുറിച്ച് നടന്ന ചർച്ച സർവ്വതലസ്പർശിയായിരുന്നു. വിദ്യാലയങ്ങളിലെ ഭൗതീക സാഹചര്യങ്ങൾ, പഠന സൗകര്യം, അദ്ധ്യാപക -രക്ഷാകർതൃ സമിതിയുടെ പ്രവർത്തനം, വിദ്യാഭ്യാസ രീതിയുടെ അപര്യാപ്തതകൾ, നിലവിലുള്ള വിദ്യാലയങ്ങളുടെ അപ്ഗ്രേഡേഷൻ, പുതിയ വിദ്യാലയങ്ങളുടെ സ്ഥാപനം മൂല്യനിർണയത്തിലെ അപാകതകൾ, ഉന്നത വിദ്യാഭ്യാസ സൗകര്യങ്ങളുടെ കുറവ്, അംഗൺവാടികളിലെ പഠന സൗകര്യത്തിന്റെ അപര്യാപ്തതകൾ തുടങ്ങി നിരവധിയായ പ്രശ്നങ്ങൾ ഗ്രാമസഭകൾ ഗ്രാമസഭകൾ ഗൗരവമായി ചർച്ചചെയ്തു. ഗ്രാമസഭാ ചർച്ചകളെയും വിവരശേഖരണങ്ങളെയും നമുക്ക് ഇങ്ങനെ ക്രോഡീകരിക്കാം.

### അക്കാദമിക് സൗകര്യങ്ങൾ

ഒരു വിദ്യാലയത്തെ സംബന്ധിച്ചിടത്തോളം ഒഴിച്ചുകൂടാനാവാത്തതാണ് അക്കാദമിക് സൗകര്യങ്ങൾ. ക്ലാസ്മുറികളിലെ പഠനത്തോടൊപ്പം ദൃശ്യവും, ശ്രാവ്യവുമായ ബോധന മാധ്യമ

| ഭൗതീക സാഹചര്യങ്ങൾ | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| സ്കൂൾ | ആകെ വിദ്യാർത്ഥികൾ | ആകെ അദ്ധ്യാപകർ | മൂത്രപ്പുര | കക്കൂസ് | കുടിവെള്ളം | വൈദ്യുതി | ആവശ്യമുള്ള ഫർണീച്ചറുകൾ | | | |
| | | | | | | | ഡസ്ക് | ബെഞ്ച് | മേശ | കസേര |
| ഗവ.യു.പി. സ്കൂൾ മാനന്തവാടി | 724 | 22 | 2 | 2 | ഉണ്ട് | ഉണ്ട് | 50 | 35 | 20 | 20 |
| ഗവ. ഹൈസ്കൂൾ, ആറാട്ടുതറ | 802 | 29 | 2 0 | ഉണ്ട് | ഉണ്ട് | 50 | | 50 | 10 | 20 |
| ഗവ. വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ | 838 | 32 | 8 | 2 | ഉണ്ട് | ഉണ്ട് | | | | |
| സെന്റ് മാർട്ടിൻസ് എൽ.പി. സ്കൂൾ | 316 | 9 | 2 | 1 | ഉണ്ട് | ഉണ്ട് | 45 | 20 | 5 | 10 |
| നെഹ്റു മെമ്മോറിയൽ യു.പി.സ്കൂൾ | 488 | 17 | 1 | 1 | ഉണ്ട് | ഇല്ല | 8 | 8 | 3 | 3 |
| സെന്റ് കാതറൈൻസ് ഹൈസ്കൂൾ | 1358 | 44 | 2 | ഇല്ല | ഉണ്ട് | ഉണ്ട് | 50 | 50 | 10 | 18 |
| സെന്റ് ജോസഫ് ടി.ടി.ഐ. | 1297 | 38 | 2 | 1 | ഉണ്ട് | ഉണ്ട് | | 25 | 50 | 2 5 |
| എ.എൽ.പി. സ്കൂൾ കണിയാരം | 365 | 11 | 1 | 1 | ഉണ്ട് | ഉണ്ട് | 25 | 10 | 3 | 3 |
| ലിറ്റിൽ ഫ്ളവർ യു.പി.സ്കൂൾ | 957 | 20 | 2 | 1 | ഉണ്ട് | ഉണ്ട് | 50 | 50 | 2 | 20 |
| നാഷണൽ എൽ.പി. സ്കൂൾ | 128 | 4 | 1 | 0 | ഉണ്ട് | ഇല്ല | 12 | 10 | | 2 |
| സെന്റ് ജോസഫ് എൽ.പി.സ്കൂൾ | 343 | 6 | 1 | 1 | ഉണ്ട് | ഉണ്ട് | 0 | 60 | 9 | 9 |

ങ്ങൾ, പരമാവധി ഉപയോഗപ്പെടുത്തണമെന്നാണ് നമ്മുടെ പഠനരീതി അനുശാസിക്കുന്നത്. ഇത് ലഭിക്കുക എന്നത് വിദ്യാർത്ഥികളുടെ അവകാശമാണ്. മിക്ക സ്കൂളുകളിലും അക്കാദമിക് സൗകര്യങ്ങളുടെ അപര്യാപ്തത നിലനില്ക്കുന്നുവെന്നാണ് ദ്വിതീയ വിവരശേഖരണങ്ങളിൽ നിന്നും മനസ്സിലാവുന്നത്. ഉള്ള സൗകര്യങ്ങൾ ഉപയോഗപ്പെടുത്തുന്നില്ല എന്നതാണ് വാസ്തവം. റേഡിയോ, ടേപ്പ് റെക്കോർഡർ, സിനിമാ പ്രൊജക്ടറുകൾ, സ്ലൈഡ് പ്രൊജക്ടർ, എന്നിവ ഭൂരിപക്ഷം വിദ്യാലയങ്ങളിലുമില്ല. പത്ത് സ്കൂളുകളിൽ ലൈബ്രറി സൗകര്യമുണ്ടെങ്കിലും പ്രവർത്തനം കാര്യക്ഷമമല്ല. ആവശ്യത്തിന് ബ്ലാക്ക് ബോർഡില്ലാത്ത വിദ്യാലയങ്ങളുമുണ്ട്.

വിദ്യാലയങ്ങളിൽ ഭൗതീക സൗകര്യങ്ങളുടെ ലഭ്യത പഠനത്തിനും പാഠ്യേതര പ്രവർത്തനങ്ങൾക്കും അനിവാര്യമാണ്. ഫർണിച്ചറുകളുടെ കുറവ് മാനന്തവാടി ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ ഒഴികെയുള്ള വിദ്യാലയങ്ങളിൽ ഉണ്ട്. പഞ്ചായത്തിലെ ഭൂരിപക്ഷം സ്കൂളുകളിലും ഭൗതീക സാഹചര്യങ്ങളുടെ പോരായ്മ കാര്യമായില്ലെങ്കിലും, മിക്ക സ്കൂളുകളിലും ചില പോരായ്മകൾ നിലനില്ക്കുന്നു.

ആവശ്യത്തിന് കളിസ്ഥലമുള്ള ഏഴ് വിദ്യാലയങ്ങളും ഇല്ലാത്ത ഒമ്പത് സ്കൂളുകളുമുണ്ട്. ഏറ്റവും കൂടുതൽ ഭൗതീക സൗഹചര്യം കുറവുള്ളത് ആറാട്ടുതറ ഗവൺമെന്റ് ഹൈസ്കൂളിലാണ്. ഇവിടെ രണ്ട് ക്ലാസ് മുറികളുടെ കുറവുണ്ടെന്നത് മാത്രമല്ല, ആറ് ക്ലാസ്മുറികൾ ഓലഷെഡ്ഡിലും രണ്ട് ക്ലാസ്മുറികൾ അർദ്ധസ്ഥിര കെട്ടിടത്തിലുമാണ് പ്രവർത്തിക്കുന്നത്.

പഠനനിലവാരതകർച്ച നമ്മുടെ വിദ്യാലയങ്ങളുടെ ശാപമായി മാറിക്കൊണ്ടിരിക്കുന്നു. വിദ്യാഭ്യാസത്തിന്റെ ലക്ഷ്യബോധമില്ലായ്മ, പഴഞ്ചൻ പഠനരീതി, അപൂർണ്ണമായ മൂല്യനിർണ്ണരീതി, പാഠ്യപദ്ധതികളുടെ ബാഹുല്യം, അദ്ധ്യാപകരുടെ പുനഃപരിശീലനത്തിന്റെ അപര്യാപ്തത,. നിലവാരം കുറഞ്ഞ പ്രസിദ്ധീകരണങ്ങളുടെയും ദൃശ്യ ശ്രാവ്യ മാദ്ധ്യമങ്ങളുടെയും വ്യാപനം, ക്ലാസ്മുറികൾക്ക് പുറത്തുള്ള പഠനം- സ്വയം പഠനത്തിന്റെ കുറവ്, പരിഹാരബോധനകുറവും ഹാജർകുറവുമൂലവും ഉണ്ടാവുന്ന നിരക്ഷരത, വിദ്യാലയങ്ങളുടെ നടത്തിപ്പിനും പാഠ്യപാഠ്യേതര പ്രവർത്തനങ്ങളിലെ നിലവിലുള്ള സാഹചര്യം ഉപയോഗിക്കുന്നതിൽ പരാജയം, രക്ഷിതാക്കളുടെ താല്പര്യക്കുറവ്, തുടങ്ങിയവ പഠനനിലവാരതകർച്ചയ്ക്ക് കാരണങ്ങളാണ്.

### ഗ്രാമസഭാ റിപ്പോർട്ടിന്റെ സംഗ്രഹം

വിദ്യാഭ്യാസ മേഖലയിൽ നിലവിലുള്ള പോരായ്മകൾ പരിഹരിക്കുന്നതിനും പഞ്ചായത്തിലെ വിദ്യാഭ്യാസ രംഗത്ത് ഗുണപരമായ മാറ്റമുണ്ടാകുന്നതിനും സഹായിക്കുന്ന ചില നിർദ്ദേശങ്ങൾ ഗ്രാമസഭാ ചർച്ചയുടെ കൂടെ അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു.

### ഭൗതീക സാഹചര്യം മെച്ചപ്പെടുത്തുക.

ജനകീയ പങ്കാളിത്തത്തോടെ ഭൗതീക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള കർമ്മപരിപാടിക്ക് രൂപം കൊടുക്കുക.

സ്കൂളുകളിലെ അറ്റകുറ്റ പണികൾക്ക് വേണ്ടി ഇന്ന് ചില വഴിക്കുന്ന തുക അദ്ധ്യാപകരക്ഷാകർതൃസമിതികൾ നേരിട്ട് വിനിയോഗിക്കുകയാണെങ്കിൽ ഭൗതീക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിൽ കൃത്യത കൈവരിക്കാൻ കഴിയും.

### പി.ടി.എ., മദർ പി.ടി.എ.

നിലവിൽ എല്ലാ വിദ്യാലയങ്ങളിലും പി.ടി.എ.കൾ പ്രവർത്തിക്കുന്നുണ്ട്. എല്ലാ പി.ടി.എ.കളും സജീവമാണെന്ന് പറയുവാൻ കഴിയില്ല.

പി.ടി.എ.കളിൽ മുഴുവൻ രക്ഷിതാക്കളുടെയും പങ്കാളിത്തം ഉറപ്പാക്കുക.

പി.ടി.എ.കൾ വിദ്യാലയങ്ങളുടെ പ്രശ്നപരിഹാരതതിനും പഠനനിലവാരം മെച്പ്പെടുത്തുന്നതിനും തനത് സ്വഭാവം കൈവരിക്കുക. മാനന്തവാടി ഗവൺമെന്റ് യു.പി. എൽ.പി. സ്കൂളുകളിലെ പ്രവർത്തനം ശ്ലാഘനീയമാണ്.

മാതൃസമാജങ്ങൾ ഒരു സ്കൂളിലൊഴികെ മറ്റെല്ലായിടങ്ങളിലുമുണ്ടെങ്കിലും പ്രവർത്തനങ്ങൾക്ക് തനത് സ്വഭാവ കൈവരിക്കാന് കഴിഞ്ഞിട്ടില്ല,

മാതൃസമാജങ്ങൾക്ക് ഫലപ്രദമായി ചേരുകയും ബോധവൽക്കരണം നടത്തുകയും വേണം.

മാതൃസമാജങ്ങളുടെ നേതൃത്വത്തിൽ 10 ൽ കുറയാത്ത കുടുംബങ്ങൾ ചേർന്ന് കുടുംബ സദസ്സ്ചേരുകയും, കുട്ടികളുടെ പഠനനിലവാരത്തെക്കുറിച്ച് ചർച്ച ചെയ്യുകയും മെച്ചപ്പെടുത്തുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയും വേണം.

### പഠനനിലവാരം മെച്ചപ്പെടുത്താൻ

സ്കൂളുകളിൽ നിലനിൽക്കുന്ന നിരക്ഷരത പൂർണമായും പരിഹരിക്കുന്നതിന് മാതൃസമാജങ്ങളുടെ സഹകരണത്തോട് 'അക്ഷരപ്പുലരി', 'അക്ഷരവേദി' തുടങ്ങിയ പരിപാടി ഫലപ്രദമായി നടപ്പിലാക്കണം.

ഭൗതീക-അക്കാദമിക് സൗകര്യങ്ങൾ പരമാവധി ഉപയോഗപ്പെടുത്തുന്നു.

### പഠനയാത്രകൾ ഫലപ്രദമായിരിക്കണം.

പഞ്ചായത്ത് തലത്തിൽ പി.ടി.എ. പ്രതിനിധികൾ ജനപ്രതിനിധികൾ, അദ്ധ്യാപക വിദ്യാർത്ഥി പ്രതിനിധികൾ എന്നിവരുൾപ്പെടുന്ന പഞ്ചായത്ത് കോംപ്ലക്സ് മാനന്തവാടി ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ കേന്ദ്രമായി രൂപീകരിക്കുകയും, ഫലപ്രദമായി ചേരുകയും വിദ്യാലയങ്ങളിലെ പ്രവർത്തനങ്ങളെക്കുറിച്ച് ഗൗരവപൂർണ്ണ

മായി ചർച്ചകൾ നടത്തുകുയം ചെയ്യുക.

അദ്ധ്യാപകർക്ക് പുനഃപരിശീലനം ഫലപ്രദമായി നൽകുക. പഞ്ചായത്ത് തലത്തിൽ വിഷയാടിസ്ഥാനത്തിൽ അദ്ധ്യാപക സംഘമങ്ങൾ സംഘടിപ്പിക്കുകയും പാഠ്യപദ്ധതി കൈകാര്യം ചെയ്യുന്നതിൽ ഏകീകരണം ഉണ്ടാക്കുകയും വേണം.

വിദ്യാർത്ഥികളിൽ ലക്ഷ്യബോധം ഉണ്ടാക്കുന്ന വിധത്തിൽ സാമൂഹ്യ ചുറ്റുപാടുകളുമായി ബന്ധപ്പെടുത്തി പഠനം നടത്തുക.

ജീവിത സാഹചര്യങ്ങളുമായി ബന്ധപ്പെടുത്തി പാഠ്യപദ്ധതി ആവിഷ്കരിക്കുകയും, സ്വയം പഠനത്തിനുള്ള സാദ്ധ്യതകൾ വർദ്ധിപ്പിക്കുകയും ചെയ്യുക.

മൂല്യനിർണയത്തിൽ ശാസ്ത്രീയത കൈവരിക്കുന്നതിന് കുട്ടികളിലെ എല്ലാവിധ കഴിവുകളേയും പരിശോധിക്കുന്ന വിധത്തിൽ തുടർച്ചയായ മൂല്യനിർണരീതി ആവിഷ്കരിക്കുക. വിജ്ഞാനോത്സവം മാതൃകയായി സ്വീകരിക്കാവുന്നതാണ്.

വായനാശീലം വളർത്തിയെടുക്കുക.

**പുതിയ വിദ്യാലയങ്ങൾ കോഴ്സുകൾ**

ഗ്രാമപഞ്ചായത്തതിർത്തിയിലെ വിദ്യാഭ്യാസ രംഗത്തെ പോരായ്മകൾ, പരിഹരിക്കുന്നതിന് പുതിയ വിദ്യാലയങ്ങളും കോഴ്സുകളും അനിവാര്യമാണ്.

1,2,3,13 വാർഡുകളിലെ വിദ്യാർത്ഥികൾക്ക് ഉപയോഗപ്രദമാവുന്ന വിധത്തിൽ ഒന്നുമുതൽ പത്തുവരെ ക്ലാസുകളുള്ളതും, തൊഴിലധിഷ്ഠിത കോഴ്സുള്ളതുമായ ഹൈസ്കൂൾ സർക്കാർ മേഖലയിൽ കുറ്റിമൂല കേന്ദ്രമാക്കി സ്കൂൾ ആരംഭിക്കുക.

നിലവിൽ ജില്ലയിൽ ഒരു ഐ.ടി.ഐ. മാത്രമേയുള്ളൂ. മാനന്തവാടി ഗ്രാമപഞ്ചായത്തിൽ ഒരു ആധുനിക സൗകര്യങ്ങളോടുകൂടിയ ഐ.ടി.ഐ. ആരംഭിക്കുക.

ജില്ലാ ആശുപത്രിയുമായി ബന്ധപ്പെട്ട് നഴ്സിംഗ് സ്കൂൾ ആരംഭിക്കുക.

മാനന്തവാടി ഗവൺമെന്റ് കോളേജിൽ സയൻസ് ഗ്രൂപ്പും, പി.ജിയും അനുവദിക്കുക.

ചരിത്രമുറങ്ങുന്ന മാനന്തവാടിയിൽ ചരിത്ര പഠനത്തിനായ് പഴശ്ശിസ്മാരകം ചരിത്രപഠന ഗവേഷണ കേന്ദ്രമാക്കി മാറ്റണം.

പാരലൽ കോളേജുകളിൽ ഫീസ് ഏകീകരണം നടപ്പിലാക്കണം.

അങ്കൻവാടികളിലെ ഭൗതീക സൗഹചര്യങ്ങൾ മെച്ചപ്പെടുത്തുകുയം കുട്ടികളുടെ പൂന്തോട്ടമായി മാറ്റിയെടുക്കുകയും വേണം.

പ്രീ പ്രൈമറി തലത്തിൽ നിർബന്ധമായ ഇംഗ്ലീഷ് വിദ്യാഭ്യാസം നിരുത്സാഹപ്പെടുത്താനാവശ്യമായ അവബോധം വളർത്തണം.

അംഗൺവാടികളിൽ പ്രീ-പ്രൈമറി വിദ്യാഭ്യാസത്തിനാവശ്യമായ പരിശീലനം നൽകണം.

അൺ എയ്ഡഡ് വിദ്യാലയങ്ങളിൽ പരിശീലനം ലഭിച്ചവരെ നിയമിക്കണം. നിലവിലുള്ളവർക്ക് ആവശ്യമായ പരിശീലനം നൽകുക.

വിദാർത്ഥികളിൽ ജനാധിപത്യബോധം വളർത്തിയെടുക്കുന്നതിനുതകുന്ന വിധം സ്കൂൾ പാർലമെന്റുകൾ കാര്യക്ഷമമാക്കണം.

സംസ്ഥാനതലത്തിൽ ഒട്ടേറെ കായിക പ്രതിഭകളെ സംഭാവന ചെയ്ത വയനാട് ജില്ലയിൽ മാനന്തവാടി ആസ്ഥാനമായി ഒരു സ്പോർട്സ് സ്കൂൾ സ്ഥാപിക്കുക.

വയനാട്ടിൽ 400 മീറ്റർ ട്രാക്കുകൾ മാനന്തവാടിയിൽ മാത്രമാണുള്ളത്. ഈ ഗ്രൗണ്ട് ഒരു സ്റ്റേഡിയമാക്കി ഉയർത്തുക. ജില്ലയിൽ ഇത്രയേറെ ഭൗതിക സൗകര്യങ്ങളുള്ള സ്കൂൾ വേറെയില്ല.

| വാർഡ് | പ്രശ്നങ്ങൾ | പരിഹാരം |
|---|---|---|
| 1 | നിരക്ഷരത നിലനില്ക്കുന്നു. ഉയർന്ന വിദ്യാഭ്യാസത്തിന് സൗകര്യമില്ല. | തുടർ സാക്ഷരതാ പ്രവർത്തനം കാര്യക്ഷമമാക്കണം. താഴെചിറക്കര, പുത്തൂർവാടി, പട്ടർകുന്ന്, പഞ്ചാരക്കൊല്ലി, ഇവിടങ്ങളിൽ നഴ്സറി സ്കൂളുകളും, പഞ്ചാരക്കൊല്ലിയിൽ ...നിലയം പണിയണം. ഉന്നത വിദ്യാഭ്യാസ സൗകര്യങ്ങൾ ലഭിക്കുന്നതിന് ആവശ്യമായ സ്ഥാപനങ്ങൾ ആരംഭിക്കണം. നിലവിലുള്ള എൽ.പി. സ്കൂൾ അപ് ഗ്രേഡ് ചെയ്യണം, അവിടെ I.T.C.. പാസ്സായ അദ്ധ്യാപകരെ നിയമിക്കണം. |
| 2. | വിദ്യാലയങ്ങളുടെ അപര്യാപ്തത, നിരക്ഷതര, വിദ്യാലയങ്ങളിലെ പോരായ്മകൾ. | 1 മുതൽ 10 വരെ ക്ലാസുകളുള്ള ഗവ: സ്കൂൾ സ്ഥാപിക്കണം. തുടർ കാര്യക്ഷമമാക്കണം. കളിസ്ഥലങ്ങൾ നിർമ്മിക്കണം. ലൈബ്രറി കാര്യക്ഷമമാക്കണം. പുതിയ ബോധന രീതി ആവിഷ്കരിക്കണം. കൊഴിഞ്ഞുപോക്ക് തടയാനാവശ്യമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കണം. |
| 3. | നിലവിലുള്ള അങ്കൻവാടികളുടെയും വിദ്യാലയത്തിന്റെയും പ്രശ്നങ്ങൾ, നിരക്ഷരത, വിദ്യാലയങ്ങളുടെ കുറവ്. | അംഗൻവാടികളുടെ ഭൗതീകസാഹചര്യം വർദ്ധിപ്പിക്കുക. നിലവിലുള്ള വിദ്യാലയത്തിന് കളിസ്ഥലവും, കോമ്പൗണ്ട് വാളും നിർമ്മിക്കുക. 1,2,3,13 വാർഡുകൾക്ക് അനുയോജ്യമായ കുറ്റിമൂലയിൽ 1 മുതൽ 10 വരെ ക്ലാസുകളുള്ള വിദ്യാലയം ആരംഭിക്കുക. തുടർ സാക്ഷരത കാര്യക്ഷമമാക്കുക. ഉച്ചക്കഞ്ഞി കാര്യക്ഷമമാക്കുകക. |
| 4. | നിലവിലുള്ള അംഗൻവാടികൾ, വിദ്യാലയം എന്നിവയിലെ പോരായ്മ, നിരക്ഷരത. | നിലവിലുള്ള അംഗൺവാടികളുടെ ഭൗതീക സാഹചര്യം മെച്ചപ്പെടുത്തുക. എൽ.പി.സ്കൂൾ യു.പി. സ്കൂൾ ആയി അപ്ഗ്രേഡ് ചെയ്യുക. തുടർ സാക്ഷരതാപ്രവർത്തനം ഫലപ്രദവും കാര്യക്ഷമവും ആക്കുക. കൊഴിഞ്ഞുപോക്ക് തടയാൻ, ആവശ്യമായ പ്രവർത്തനം സംഘടിപ്പിക്കുക. |
| 5. | നിലവിലുള്ള വിദ്യാലയങ്ങളിലെ പോരായ്മകൾ | ജി.യു.പി.എസ്. എൽ.പി. യു.പി. എന്നിവിടങ്ങളിൽ ആവശ്യമായ കളിസ്ഥലം നിർമ്മിക്കുക. പഠനനിലവാരം മെച്ചപ്പെടുത്താനാവശ്യമായ ബോധവത്കരണം രക്ഷിതാക്കളിൽ നടത്തുക. |
| 6. | വാർഡിൽ വിദ്യാലയമില്ല | മറ്റമനകുന്നിൽ പ്രൈമറി വിദ്യാലയം ആരംഭിക്കുക. ജി.യു.പി.എസ്. ഹൈസ്കൂളായി ഉയർത്തുക. വടേരിഭാഗത്ത് അംഗൺവാടി അനുവദിക്കണം. തുടർസാക്ഷരതാ പ്രവർത്തനം സജീവമാക്കണം. 100 കുടുംബങ്ങൾക്ക് ഒരു വായനശാല എന്ന നിലയിൽ തുടങ്ങണം. |
| 7. | നിലവിലുള്ള വിദ്യാലയത്തിൽ പോരായ്മ. | നിലവിലുള്ള വിദ്യാലയങ്ങളിലെ ഭൗതീക സാഹചര്യം വർദ്ധിപ്പിക്കണം. സ്വന്തമായി കെട്ടിടമില്ലാത്ത അംഗൺവാടിക്ക് കെട്ടിടം പണിയണം. കണ്ടയങ്ങാടിയിൽ ITI തുടങ്ങണം. |
| 8. | വിദ്യാലയങ്ങളുടെ പോരായ്മ, നിരക്ഷരത | ഗവ. വി.എച്ച്.എസ്.എസ്.എസിൽ ഭൗതീക സൗകര്യം മെച്ചപ്പെടുത്തണം. ഗ്രൗണ്ട് മിനിസ്റ്റേഡിയമാക്കണം. ഗേൾസ് ഹൈസ്കൂൾ ആയി ഉയർത്തണം. പെരുവകയിൽ സാങ്കേതിക വിദ്യാലയം അനുവദിക്കണം. 1 മുതൽ 10 വരെ മാതൃഭാഷയിൽ വേണം പഠനം, തൊഴിലധിഷ്ഠിത വിദ്യാഭ്യാസം നിർബന്ധിതമാക്കണം. |

| | |
|---|---|
| 9. വായനശാലകളില്ല, നെഹ്റുമെമ്മോറിയൽ യു.പി. സ്കൂളിലെ ഭൗതീക സാഹചര്യക്കുറവ്. | വള്ളിയൂർക്കാവ്, വരടിമൂലപ്രദേശങ്ങളിൽ വായനശാല തുടങ്ങണം. സാംസ്കാരിക നിലയത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കണം. സാങ്കേതിക സ്ഥാപനങ്ങൾ തുടങ്ങണം. കണ്ണിവയൽ, പള്ളിയറക്കൊല്ലി പ്രദേശങ്ങളിൽ നേഴ്സറി സ്കൂൾ ആരംഭിക്കണം. |
| 10. വാർഡിൽ വിദ്യാലയമില്ല. അംഗൺവാടികളിൽ ഭൗതീക സാഹചര്യമില്ല. വായനശീലം പരിമിതം. | കുറുക്കൻമൂലയിൽ വിദ്യാലയം അനുവദിക്കണം. അംഗൻവാടികളുടെ ഭൗതീക സാഹചര്യം മെച്ചപ്പെടുത്തണം. പടമലയിൽ ലൈബ്രറി തുടങ്ങണം, പ്രമോഷൻ സമ്പ്രദായം അവസാനിപ്പിക്കണം. തുടർ സാക്ഷരതാ കാര്യക്ഷമമാക്കി തുടങ്ങണം. ക്ലാസുകളിൽ കുട്ടികളുടെ എണ്ണം കുറയ്ക്കണം. സ്കൂളുകളിലെ നിരക്ഷരത ഇല്ലാതാക്കാൻ പ്രത്യേക പരിപാടി തയ്യാറാക്കണം. |
| 11. വിദ്യാലയങ്ങൾ പരിമിതം. സാങ്കേതിക സ്ഥാപനങ്ങൾ ഇല്ല. | നിലവിലുള്ള സെന്റ് കാതറൈൻ H.S.ലെ കെട്ടിടങ്ങളിലെ സൗകര്യം വർദ്ധിപ്പിക്കുക. കളിസ്ഥലം വിപുലമാക്കുക. ലൈബ്രറി,ലബോറട്ടറി സൗകര്യം മെച്ചപ്പെടുത്തുക. മുട്ടുങ്കരയിൽ 1 മുതൽ 7 വരെ ക്ലാസുകളിലുള്ള സ്കൂൾ അനുവദിക്കുക. പ്രീ ഡിഗ്രി വിദ്യാഭ്യാസത്തിന് കോളേജ് അനുവദിക്കുക. സാങ്കേതിക സ്ഥാപനങ്ങൾ ആരംഭിക്കുക. |
| 12. നിലവിലുള്ള എച്ച്.എസിന്റെ ഭൗതീക സാഹചര്യകുറവ്, ആവശ്യമായ വൈദ്യുതിയുടെ അപര്യാപ്തത, കൊഴിഞ്ഞുപോക്ക്. | ആറാട്ടുതറ ഗവ.ഹൈസ്കൂളിലെ ഭൗതീക സാഹചര്യം പരിമിതമാണ്. പുതിയ കെട്ടിടങ്ങൾ സ്ഥാപിക്കണം. കമ്പ്യൂട്ടർ റൂമിൽ A/C പ്രവർത്തിപ്പിക്കുന്നതിന് 3 ഫേസ് കണക്ഷൻ ലഭ്യമാക്കണം. കൊഴിഞ്ഞ് പോക്ക് തടയുവാൻ ഫലപ്രദമായ നടപടി സ്വീകരിക്കുക. സ്കൂളുകളിലെ നിരക്ഷരത അവസാനിപ്പിക്കാൻ ഫലപ്രദമായ നടപടി സ്വീകരിക്കണം. |
| 13. യു.പി. സ്കൂൾ ഇല്ല. ശിശുമന്ദിരം പോരായ്മ, | വിലാക്കാവ് സ്കൂൾ അപ്ഗ്രേഡ് ചെയ്യണം. വായനാശാലകൾ സ്ഥാപിക്കണം. ശിശുമന്ദിരത്തിന്റെ പോരായ്മകൾ പരിഹരിക്കണം. പി.ടി.എ. സജീവമാക്കണം. തുടർസാക്ഷരത കാര്യക്ഷമമാക്കണം. |
| 14. നിലവിലുള്ള വിദ്യാലയങ്ങളിലെ പോരായ്മ, പ്രീ പ്രൈമറിയിലെ പഠനം. | നിലവിലുള്ള വിദ്യാലയങ്ങളിലെ ലബോറട്ടറി ലൈബ്രറി സൗകര്യങ്ങൾ ഉപയോഗപ്രദവും കാര്യക്ഷമവുമാക്കണം. ഉച്ചക്കഞ്ഞി കാര്യക്ഷമമാക്കണം. പ്രമോഷൻ സമ്പ്രദായത്തിൽ മാറ്റം വരുത്തണം. അദ്ധ്യാപകർക്ക് ഇൻ.സർവ്വീസ് കോഴ്സുകൾ ആരംഭിക്കണം. പി.ടി.എ.കൾക്ക് സ്വതന്ത്രമായി പ്രവർത്തിക്കാൻ കഴിയണം. |

5(5)

# കുടിവെള്ളം പൊതുജനാരോഗ്യം



ഭൂമിയിൽ ജീവജാലങ്ങളുടെ നിലനില്പ് ജലലഭ്യതയുമായി ബന്ധപ്പെട്ടിരിക്കുന്നു. മാനവരാശിയുടെ സാമൂഹിക, സാമ്പത്തിക ഉയർച്ചകളും അപ്രകാരം തന്നെ. കുടിവെള്ളത്തിനായി പഞ്ചായത്തിലെ 20% ആളുകൾ ആശ്രയിക്കുന്നത് കിണറുകളെയാണ്. പഞ്ചായത്തിൽ ആകെ 1780 കിണറുകളാണുള്ളത്. 9647 കുടുബങ്ങളാണ് പഞ്ചായത്തിൽ ഉള്ളത്. 911 കുടുംബങ്ങൾ വാട്ടർ അതോറിറ്റിയുടെ പൈപ്പ് ജലത്തെ ആശ്രയിക്കുന്നു. പഞ്ചായത്തിലെ ബഹുഭൂരിപക്ഷം ജനങ്ങൾക്കും ശുദ്ധജലം ലഭിക്കുന്നില്ല. വേനൽക്കാലങ്ങളിൽ ശുദ്ധജലക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്നു. കേരള വാട്ടർ അതോറിറ്റിയുടെ ഒരു ഇടത്തരം ജലവിതരണ പദ്ധതിയും, രണ്ട് ചെറുകിട ജലവിതരണ പദ്ധതിയും പഞ്ചായത്ത് അതിർത്തിക്കുള്ളിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും ഇതിന്റെ നേരിട്ടുള്ള പ്രയോജനം ലഭിക്കുന്നത് കേവലം 911 കുടുംബങ്ങളിലാണ്. പഞ്ചായത്തിൽ വാട്ടർ അതോറിറ്റിയുടെ 137 ടാപ്പുകളാണ് ഉള്ളത്. വാട്ടർ അതോറിറ്റിയുടെ പ്രവർത്തനമാണെങ്കിൽ വോൾട്ടേജ് ക്ഷാമം, യന്ത്രതകരാറുകൾ, ജീവനക്കാരുടെ അഭാവം തുടങ്ങിയ സാങ്കേതിക കാരണങ്ങളാൽ പലപ്പോഴും തടസ്സപ്പെടുന്നു. പൊതു ഉടമസ്ഥതയിൽ ഈ പഞ്ചായത്തിൽ മൂന്ന് കുഴൽകിണറുകളാണ് ഉള്ളത്.

ജില്ലാ ആശുപത്രിയും, ചരിത്രപ്രസിദ്ധമായ ശ്രീ വള്ളിയൂർക്കാവ് ക്ഷേത്രവും സ്ഥിതിചെയ്യുന്നത് ഈ പഞ്ചായത്തിലാണ്. ചികിത്സക്കായി ജില്ലയുടെ വിവിധ ഭാഗങ്ങളിൽ നിന്നും ധാരാളം ആളുകൾ ഇവിടെ എത്തിച്ചേരുന്നു., വള്ളിയൂർക്കാവ് ഉത്സവത്തിനും ചരിത്രപ്രസിദ്ധമായ പഴശ്ശി കുടീരം തെക്കൻ കാശിയെന്നറിയപ്പെടുന്ന തിരുനെല്ലി ക്ഷേത്രം എന്നിവിടങ്ങളിലെത്തുന്നവരുടെയും ഇടത്താവളം മാനന്തവാടിയിലാണ്.

ഇതെല്ലാം വർദ്ധിച്ചുവരുന്ന ശുദ്ധജല വിതരണത്തിന്റെ ആവശ്യകതയിലേക്ക് വിരൽചൂണ്ടുന്ന ഘടകങ്ങളാണ്. സർവ്വോപരി അയൽ സംസ്ഥാനങ്ങളിൽനിന്ന് തൊഴിൽതേടി വരുന്ന ധാരാളം ആളുകൾ മാനന്തവാടിയിൽ ചേക്കേറുന്നു.

മേൽ സൂചിപ്പിച്ച വസ്തുതകളുടെ പശ്ചാത്തലത്തിൽ സമഗ്രവും ശാസ്ത്രീയവുമായി ആസൂത്രണം ചെയ്ത ഒരു ശുദ്ധ ജല വിതരണ പദ്ധതിയാണ് ഈ പഞ്ചായത്തിനാവശ്യം.

വാട്ടർ അതോറിറ്റിയുടെ നിലവിലുള്ള ശുദ്ധജലപദ്ധതികൾ

പഞ്ചായത്തിൽ ഒരു ഇടത്തരം ശുദ്ധജലവിതരണ പദ്ധതിയും രണ്ട് ചെറുകിട ശുദ്ധജലവിതരണപദ്ധതിയുമാണ് നിലവിലുള്ളത്. മാനന്തവാടി പുഴയിൽ ചൂട്ടക്കടവിലാണ് പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ ശുദ്ധജലം വിതരണം ചെയ്യുന്നതിനുവേണ്ടിയുള്ള ഇടത്തരം പദ്ധതിയുടെ പമ്പിംഗ് സ്റ്റേഷൻ സ്ഥിതിചെയ്യുന്നത്. 1971-ലാണ് ഇത് ആരംഭിച്ചത്. പല ഘട്ടങ്ങളിലായുള്ള പരിഷ്കരണങ്ങൾക്ക് ഇന്നത്തെ നിലവിലുള്ള ഉയർന്ന ശേഷിയുള്ള വിതരണപദ്ധതി നിലവിൽ വന്നത് 1978-ലാണ്. ശാസ്ത്രീയമായിട്ടുള്ള ഫിൽട്രേഷൻ ട്രീറ്റുമെന്റ്, ക്ലോറിനേഷൻ എന്നീ സംവിധാനങ്ങൾ ഉള്ളതായി അറിവില്ല. വിതരണം ചെയ്യുന്ന ജലത്തിന്റെ ഗുണമേന്മ തിട്ടപ്പെടുത്താൻ ഇപ്പോൾ യാതൊരു സംവിധാനവുമില്ല. വോൾട്ടേജ് ക്ഷാമം വരുംമ്പോഴും യന്ത്രതകരാറുകൾ സംഭവിക്കുമ്പോഴും ജലവിതരണത്തിന് തടസ്സങ്ങൾ നേരിടുന്നു.

പഞ്ചായത്തിലെ രണ്ട് ചെറുകിട ശുദ്ധജല വിതരണപദ്ധതികളാണ് കൊയിലേരി പൊട്ടൻകൊല്ലി പദ്ധതി. വള്ളിയൂർക്കാവ് പദ്ധതി. ഈ പദ്ധതിയുടെ ജലസ്രോതസ്സും പുഴയാണ്.

പഞ്ചായത്തിലെ ആകെയുള്ള 9647 കുടുംബങ്ങൾ മാത്രമാണ് ശുദ്ധജലലഭ്യതക്കായി വാട്ടർ അതോറിറ്റിയുടെ പൊതു ടാപ്പുകളെ ആശ്രയിക്കുന്നത്. 744 കുടുംബങ്ങളിൽ പൈപ്പ് കണക്ഷൻ ഉണ്ട്. മൊത്തം പൊതു ടാപ്പുകളുടെ എണ്ണം 137 ആണ്.

പഞ്ചായത്തിലെ ആകെയുള്ള 9647 കുടുംബങ്ങളിൽ 911 കുടുംബങ്ങൾ മാത്രമാണ് ശുദ്ധജലലഭ്യതക്കായി വാട്ടർ അതോറിറ്റിയുടെ പൊതു ടാപ്പുകളെ ആശ്രയിക്കുന്നത്. 744 കുടുംബങ്ങളിൽ പൈപ്പ് കണക്ഷൻ ഉണ്ട്. മൊത്തം പൊതുടാപ്പുകളുടെ എണ്ണം 137 ആണ്.

വാട്ടർ അതോറിറ്റിയുടെ പരിമിതമായ ജീവനക്കാരുള്ള സെക്ഷൻ ഓഫീസ് മാത്രമേ മാനന്തവാടിയിൽ പ്രവർത്തിക്കുന്നുള്ളൂ. അതോറിറ്റിയുടെ സബ്ഡിവിഷൻ ഒഫീസ് 45 കി.മീ. അകലെ സുൽത്താൻ ബത്തേരിയിലാണ്. ശുദ്ധജലവുമായി ബന്ധപ്പെട്ട ദൈനംദിന ആവശ്യങ്ങൾക്ക് പഞ്ചായത്തിലുള്ളവർക്ക് സുൽത്താൻബത്തേരിയിലെ സബ്ഡിവിഷൻ ഒഫീസുമായി ബന്ധപ്പെടുകയെന്നത് വളരെ ബുദ്ധിമുട്ടുള്ള കാര്യമാണ്. പലപ്പോഴും അനുകൂല പ്രതികരണങ്ങൾ ഇവിടെനിന്നും ലഭിക്കാറില്ല.

**കൂടൽക്കടവ് പദ്ധതി:**

കേന്ദ്ര ഗവൺമെന്റിന്റെ ത്വരിത ജലവിതരണ പദ്ധതിയിൽ ഉൾപ്പെടുത്തി മാനന്തവാടി താലൂക്കിലെ നാല് വില്ലേജുകൾക്ക് പയ്യംപള്ളി, (വേമം, നല്ലൂർനാട്, പൊരുന്നന്നൂർ) ശുദ്ധജലവിതരണത്തിനായി 1988 ൽ ആരംഭിച്ച പദ്ധതിയുടെ പണി പുരോഗമിച്ചുവരികയാണ്. പണി പൂർത്തിയാകുന്നതോടെ വില്ലേജിന്റെ ഓരോ പ്രദേശത്തിന്റെയും 500 മീറ്റർ ഉള്ളിലായി ശുദ്ധജല ലഭ്യത ഉറപ്പുവരുത്താൻ ആകുമെന്ന് പ്രതീക്ഷിക്കുന്നു. പദ്ധതി പ്രദേശം മാനന്തവാടി പട്ടണത്തിൽനിന്നും 121/2 കി.മീ. കിഴക്ക് ഭാഗത്ത് സ്ഥിതിചെയ്യുന്നു. കബനീനദിയുടെ കൈവഴികളായ മാനന്തവാടിപുഴയും, പനമരം പുഴയും ചേരുന്ന സ്ഥാനമാണ് കൂടൂർക്കടവ്. ഈ നദി കാവേരിയിൽ ചേർന്ന് കർണ്ണാടക, തമിഴ്നാട് സംസ്ഥാനങ്ങളിലൂടെ ഒഴുകി ബംഗാൾ ഉൾക്കടലിൽ എത്തുന്നു. 1997- അവസാനത്തോടെ പദ്ധതി പ്രവർത്തനക്ഷമമാകുമെന്ന് കരുതുന്നു. ഈ പദ്ധതി പ്രവർത്തനക്ഷമമാകുന്നതോടെ ഈ പഞ്ചായത്തിലെ കുടിവെള്ളപ്രശ്നത്തിന് വലിയൊരളവ് വരെ പരിഹാരമുണ്ടാക്കാൻ കഴിയും.

**നീരുറവകൾ:** പ്രകൃതിയുടെ വരദാനമായ നീരുറവകൾ പട്ടണപ്രദേശമായ മാനന്തവാടിയിൽ കുറവാണ്. ആകെ 3 നീരുറവകളാണ് പഞ്ചായത്തിലുള്ളത്. പഞ്ചായത്തിലെ 7-ാം വാർഡിൽ എടപ്പടി- തമ്മങ്ക്കോട് കുന്നിൻമുകളിലും 10-ാം വാർഡിലെ ചെറൂർ മേലെ 54 വനത്തിലുള്ളതും 13-ാം വാർഡിലെ വാളാട്ടുകുന്നിൻ സമീപത്തുള്ളതാണിവ. ഈ നീരുറവകൾ സമീപവാസികൾക്ക് പ്രയോജനപ്പെടുന്നു.

**ശുദ്ധജല വിതരണം മെച്ചപ്പെടുത്തുന്നതിനുള്ള പൊതു നിർദ്ദേശങ്ങൾ.**

1. മാനന്തവാടി പുഴയുടെ അക്കരെയും ഇക്കരെയും സ്ഥിതി ചെയ്യുന്ന രണ്ട് പഞ്ചായത്തുകളാണ് എടവകയും; മാനന്തവാടിയും. ധാരാളം ജലം ലഭ്യമായ പമ്പ്ഹൗസുകൾ ഇരു പഞ്ചായത്തിലും ഉണ്ട്. ചൂട്ടക്കടവിലും (മാനന്തവാടി പഞ്ചായത്ത്) പാണ്ടിക്കടവിലും (എടവക പഞ്ചായത്ത്) ഉള്ള പമ്പ്ഹൗസുകളെ ഒരു ഇന്റർ കണക്ഷൻ' പമ്പിങ്ങ് മെയിൻ വഴി ബന്ധിപ്പിക്കുകയും രണ്ട് പമ്പ് ഹൗസുകളിലും തുല്യ കുതിരശക്തിയുള്ള നല്ലയിനം മോട്ടോറുകൾ സ്ഥാപിക്കുകയും ചെയ്താൽ പംമ്പിഗ് മുടങ്ങുന്ന സമയത്ത് മാനന്തവാടിയിൽനിന്നും, മാനന്തവാടിയിൽ മുടങ്ങുന്ന സമയത്ത് എടവകയിൽനിന്നും ജലം പമ്പ് ചെയ്യാവുന്നവയാണ്.
2. വാട്ടർ അതോറിറ്റിക്ക് മാനന്തവാടിയിൽ സബ് ഡിവിഷൻ ഓഫീസ് ആരംഭിക്കുകയും ആവശ്യമായ ജീവനക്കാരെ നിയമിക്കുകയും ചെയ്യുക.
3. വാട്ടർ അതോറിറ്റിയുടെ നിലവിലുള്ള ജലവിതരണ പൈപ്പുകളുടെ വ്യാസം വർദ്ധിപ്പിക്കുക.
4. കൂടുതൽ ശുദ്ധജലക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ ഉപ ടാങ്കുകൾ നിർമ്മിക്കുക.

5. വോൾട്ടേജ് ക്ഷാമം ജലവിതരണത്തെ ബാധിക്കാതിരിക്കാൻ ശക്തിയേറിയ ഡീസൽ മോട്ടോറുകൾ സ്റ്റാന്റ് ബൈയായി സ്ഥാപിക്കുക. സ്റ്റെബിലൈസർ ഉപയോഗിക്കുക. അഡീഷണലായി ഒരു മോട്ടോർ കൂടി സ്ഥാപിക്കുക.
6. കൂടൽക്കടവ് ശുദ്ധജലവിതരണപദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുക.
7. മാനന്തവാടി പോസ്റ്റോഫീസിന് സമീപമുള്ള ഇടിഞ്ഞു പോയ പഞ്ചായത്ത് കിണർ പുനർനിർമ്മിക്കുക.
8. പൊതുകിണറുകളുടെ ആഴം കൂട്ടുകയും ശുദ്ധീകരണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുക.
9. വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈൻ ദീർഘിപ്പിക്കുകയും പൊതുടാപ്പുകൾ സ്ഥാപിക്കുകയും ചെയ്യുക.
10. ആവശ്യക്കാർക്ക് ഹൗസ് കണക്ഷനുകൾ നൽകുക.
11. നീരുറവകൾ ശാസ്ത്രീയമായി സംരക്ഷിക്കുക.
12. പമ്പിംഗ് സ്റ്റേഷനുകളിൽ ഇപ്പോൾ നിലവിലുള്ള മോട്ടോറുകൾക്ക് പകരം കൂടുതൽ കുതിരശക്തിയുള്ള വലിയ മോട്ടോറുകൾ സ്ഥാപിക്കുക.
13. ചൂട്ടക്കടവിൽ പമ്പിംഗ് സ്റ്റേഷന്- സമീപമുള്ള ട്രാൻസ്ഫോർമറിന്റെ കപ്പാസിറ്റി വർദ്ധിപ്പിക്കുക.
14. പമ്പിംഗ് മെയിനിന്റെ വ്യാസം വർദ്ധിപ്പിക്കുക.
15. ജില്ലാ ആശുപത്രിയുടെ ആവശ്യത്തിന് മാത്രമായി ആശുപത്രിയുടെ സ്ഥലത്ത് പത്തുലക്ഷം ലി. സംഭരണശേഷിയുള്ള ഒരു ജലസംഭരണി സ്ഥാപിക്കുക.
16. കൂടൽക്കടവ് പദ്ധതിയുടെ ഉറവിടത്തിന്റേയും, നിലവിലുള്ള കൂടൽക്കടവ് ലിഫ്റ്റ് ഇറിഗേഷന്റെയും താഴെ ഭാഗമായി വേനൽക്കാലത്ത് ജലലഭ്യത ഉറപ്പുവരുത്തുന്നതിന് ഏകദേശം 135 മീ. നീളമുള്ളതും വർഷകാലത്ത് തുറന്നുവിടാൻ സൗകര്യമുള്ളതുമായ ഒരു തടയണ സ്ഥാപിക്കുക.

ശുദ്ധജലലഭ്യത ആസൂത്രിതമായി ഉപയോഗപ്പെടുത്തുക. ജലത്തിന്റെ പാഴ്ചെലവ് ഒഴിവാക്കുക, ശുദ്ധജല സംരക്ഷണ വിനിയോഗകാര്യങ്ങളിൽ ആസൂത്രിതമായ ഒരു മാനേജ്മെന്റ് പ്ലാൻ നടപ്പിലാക്കുക, എന്നിവയാണ് ഈ രംഗത്തെ സമഗ്രവും, ശാസ്ത്രീയവുമായ പരിഹാരം.

### പൊതുജനാരോഗ്യം

പുരാതനകാലം മുതൽ ആതുര സേവനരംഗത്ത് മഹത്തായൊരു പാരമ്പര്യം അവകാശപ്പെടാവുന്ന ചരിത്രമാണ് ഭാരതത്തിനുള്ളത്. പച്ചിലച്ചാറുകൾ ഉപയോഗിച്ച് ആതുര സേവനമാരംഭിച് ചരകനും, സുശ്രുതനും ഈ പാരമ്പര്യത്തിന്റെ കണ്ണികളാണ്.

പ്രകൃതിയിൽനിന്നും ലഭിക്കുന്ന ഔഷധ സസ്യങ്ങളുപയോഗിച്ച് ചികിത്സ നടത്തുന്നതിൽ നമ്മുടെ പ്രദേശത്തെ പാരമ്പര്യ വൈദ്യന്മാരും, സ്തുത്യർഹമായ സേവനമാണ് അനുഷ്ഠിച്ചത്. മറ്റു ചികിത്സാവിധികൾക്ക് പ്രചാരം ലഭിക്കുന്നതിന് മുമ്പ് രോഗികൾ പൂർണമായും ആശ്രയിച്ചിരുന്നത് ഇത്തരം വൈദ്യൻമാരെയായിരുന്നു. താളിയോല ഗ്രന്ഥങ്ങളിൽ രേഖപ്പെടുത്തിയ ഇത്തരം ചികിത്സാവിധികളെക്കുറിച്ചുള്ള അറിവ് പുതിയ തലമുറയിലേക്ക് യഥാവിധി പകർന്നുകൊടുക്കാൻ കഴിയാത്തത് യുടെ വളർച്ചയ്ക്ക് വിഘാതമായി. ഹോമിയോ, അലോപ്പതി, ചികിത്സാ സമ്പ്രദായങ്ങൾ വ്യാപകമായതോടെ ചികിത്സാരംഗത്ത് പുത്തനുണർവ്വ് സംജാതമായി. ആധുനിക യന്ത്രങ്ങളുടെ സഹായത്തോടെ ചികിത്സാരംഗത്ത് പുരോഗതിയിലേക്ക് കുതിക്കുന്ന അലോപ്പതി ചികിത്സാ രീതിയോടൊപ്പമുള്ള ആയുർവ്വേദം, ഹോമിയോ, ചികിത്സാ രീതികളെ പ്രോത്സാഹിപ്പിക്കുകയും, മരുന്നുകളുടെ അമിത ഉപയോഗമില്ലാതെ രോഗങ്ങളെ ചെറുത്ത് തോൽപ്പിക്കുവാനുതകുന്ന പ്രകൃതിചികിത്സാ രീതി പ്രചാരത്തിൽ വരുത്തുന്ന ഒരു നൂതന ആരോഗ്യ സമീപനമാണ് നാം സ്വീകരിക്കേണ്ടത്.

സംസ്ഥാനത്തെ മറ്റുജില്ലകളെ അപേക്ഷിച്ച് മറ്റു ജില്ലകളെ അപേക്ഷിച്ച് പിന്നോക്കം നില്ക്കുന്ന പ്രദേശമാണ് വയനാട് ജില്ല. ബ്രിട്ടീഷ് ഭരണകാലത്ത് വയനാടിന്റെ ആസ്ഥാനമായിരുന്നു മാനന്തവാടിയിലും വൈത്തിരിയിലും രണ്ട് ആധുനിക രീതിയിലുള്ള ആശുപത്രികൾ നിലവിലുണ്ടായിരുന്നു. പാരമ്പര്യ വൈദ്യൻമാരും, ആദിവാസികൾക്കുമിടിയുള്ള വംശീയ വൈദ്യൻമാരും, കമ്പൗണ്ടർമാരും ചികിത്സാരംഗത്ത് ഉണ്ടായിരുന്നു. അന്ധവിശ്വാസങ്ങളിലും മന്ത്രതന്ത്രാദികളിലും ഊന്നിക്കൊണ്ടുള്ള ചികിത്സാ സമ്പ്രദായങ്ങൾ ഇന്നും നിലവിലുണ്ട്. ആദ്യകാലങ്ങളിൽ മലമ്പനി, വസൂരി തുടങ്ങിയ പകർച്ച വ്യാധികൾകൊണ്ടും മതിയായ ചികിത്സാസൗകര്യങ്ങൾ ഇല്ലാത്തതുകൊണ്ടും ധാരാളം പേർ മരണമടഞ്ഞിരുന്നു. ഇന്നാകട്ടെ വയനാട് ഏറ്റവും പ്രധാനപ്പെട്ട ചികിത്സാകേന്ദ്രമായ ജില്ലാ ആശുപത്രി ഈ പഞ്ചായത്തിലാണ്. 1885-നു മുമ്പ് തുടങ്ങിയ ഈ ആശുപത്രി വളർച്ചയുടെ പടവുകൾ പിന്നിട്ട് 300 ഓളം ജിവനക്കാർ ഉള്ളതും വർഷത്തിൽ 2 ലക്ഷത്തോളം രോഗികൾക്ക് ചികിത്സ നൽകുന്നതുമായ സ്ഥാപനമായി മാറിയിരിക്കുന്നു. ഡിസ്ട്രിക്ട് ബോർഡിന്റെ കീഴിൽ ജില്ലയിൽ രണ്ടോ, മൂന്നോ ആശുപത്രികൾ കൂടി ഉണ്ടായിരുന്നു. എൽ.ഐ.എം. ബിരുദധാരികളായിരുന്നു ഈ ആശുപത്രികളിൽ ഡോക്ടർമാരായി ജോലി നോക്കിയിരുന്നത്.

വീടുകളിൽപോയി പ്രസവശുശ്രൂഷകൾ നൽകാൻ 1970 വരെ പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ 'മിഡ്വൈഫറി' സ്ഥാപനം നിലവിലുണ്ടായിരുന്നു. 1985-90 കാലഘട്ടത്തിൽ നടപ്പിലായ ഇന്ത്യാ- പോപ്പുലേഷൻ പ്രോജക്ടിനോടുകൂടിയാണ് ഈ പ്രദേശത്തെ ആരോഗ്യ രംഗത്ത് പ്രകടമായ മാറ്റങ്ങൾ ഉണ്ടായത്. ഇവിടെ മാത്രമല്ല, സമീപ പഞ്ചായത്തുകളിലും കുടുംബക്ഷേമ ഉപകേന്ദ്രങ്ങളിലും ജീവനക്കാർക്കുള്ള താമസ സൗകര്യങ്ങളുമടക്കം ധാരാളം കെട്ടിടങ്ങൾ വന്നതോടുകൂടി ആധുനിക ചികിത്സാരീതികൾ വ്യാപകമാവുകയും പൊതുജനാരോഗ്യ ബോധവൽക്കരണ പ്രവർത്തനങ്ങൾ സജീവമായി നടപ്പിലാക്കുകയും ചെയ്തു. പഞ്ചായത്തിന്റെ പരിധിയിൽ മാനന്തവാടി പട്ടണത്തിൽനിന്നും 11 കി.മീ. കിഴക്കുമാറി കുറു

ക്കൻമൂല പ്രാഥമിക ആരോഗ്യകേന്ദ്രം സ്ഥിതിചെയ്യുന്നു.

മാനന്തവാടിയിൽനിന്നും 6. കി.മീ. തെക്കുപടിഞ്ഞാറായി എടവക പഞ്ചായത്തിലെ ഏടവക പ്രാഥമിക ആരോഗ്യകേന്ദ്രവും, 8.കി.മീ. തെക്ക് കിഴക്ക് മാറി പൊരുന്നന്നൂർ പ്രാഥമിക ആരോഗ്യകേന്ദ്രവും 30.കിമീ. വടക്കുപടിഞ്ഞാറായി പേരിയ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററും സ്ഥിതിചെയ്യുന്നു. മറ്റു പഞ്ചായത്തുകളിൽ സ്ഥിതിചെയ്യുന്ന ഈ ആരോഗ്യകേന്ദ്രങ്ങൾ ഫലപ്രദമായ രീതിയിൽ പ്രവർത്തിച്ചുവരികയാണെങ്കിൽ ജില്ലാ ആശുപത്രിയുടെ തിരക്ക് കുറയ്ക്കുവാനും കൂടുതൽ മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുവാനും സഹായകമാകും.

### ജില്ലാ ആശുപത്രി

വയനാട് ജില്ലയിലെ പുരാതന ആശുപത്രികളിൽ ഒന്നാണ് ഈ പഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന ജില്ലാ ആശുപത്രി. ബ്രിട്ടീഷ് കാലഘട്ടത്തിലെ മിലിട്ടറി ബാരക് സ്ഥിതിചെയ്തിരുന്ന കോട്ടക്കുന്ന എന്ന സ്ഥത്താണ് ആശുപത്രി സ്ഥാപിതമായത്. 1885 നും മുമ്പ് സ്ഥാപിതമായ ഈ ആശുപത്രിയിൽ ആദ്യകാലങ്ങളിൽ യൂറോപ്യൻ ഡോക്ടർമാരുടെ സേവനം ലഭ്യമായിരുന്നതായി രേഖകൾ കാണിക്കുന്നു. 1940 കളിൽ കേവലം രണ്ട് ഡോക്ടർമാരാണ് ഇവിടെ ജോലിചെയ്തിരുന്നത്. പൊതുവായ സൗകര്യങ്ങളുടെയും വലിയ വർദ്ധനവുണ്ടായി. 1980-ൽ ജില്ല നിലവിൽവന്നതോടുകൂടിയാണ് ഇത് ജില്ലാ ആശുപത്രിയായി ഉയർത്തപ്പെട്ടത്. ഇപ്പോൾ 28 ഡോക്ടർമാരടക്കം 300 ഓളം ജീവനക്കാർ ഇവിടെ ജോലി ചെയ്യുന്നു. 275 കിടക്കളും ആധുനിക എക്സ്റേ, ലബോറട്ടറി സൗകര്യങ്ങളും, കെ.എച്ച്.ആർ. ഡബ്ല്യൂ.എസ്. വക പേ വാർഡ് സൗകര്യങ്ങളുമുണ്ട്. ആശുപത്രിയുടെ വികസനത്തിൽ ഗവൺമെന്റേതിര ഏജൻസികളും തനതായ സംഭാവനകൾ നൽകിയിട്ടുണ്ട്. 1966-67 കാലഘട്ടത്തിൽ കോഫീബോർഡ് 8 ബെഡ്ഡുള്ള ഒരു കെട്ടിടം നിർമ്മിച്ച് നൽകുകയുണ്ടായി. 1969-80 കാലഘട്ടങ്ങളിൽ കോഫീബോർഡ് തന്നെ വീണ്ടും ഒരു 8 ബെഡ് കെട്ടിടം സംഭാവന നൽകുകയുണ്ടായി. അതുപോലെ മാനന്തവാടി ലയൺസ്ക്ലബ് 1974-ൽ കുട്ടികൾക്കായുള്ള ഒരു വാർഡും നിർമ്മിച്ചു നൽകി. ഈ അടുത്തകാലത്തായി രോഗികളുടെ ആവശ്യത്തിനായുള്ള ചൂടുവെള്ളം അനർട്ടിന്റെ സഹായത്തോടുകൂടി ലഭ്യമാക്കിയിട്ടുണ്ട്. ഇപ്പോൾ ആശുപത്രി വികസനസമിതി വളരെ സജീവമായി രംഗത്തുവരികയും ആശുപത്രിയുടെ വികസനത്തിനു വേണ്ടി നിരന്തരം പ്രയത്നിക്കുകയും ചെയ്യുന്നു. രോഗികളുടെ കൂടെ നിൽക്കുന്നവരുടെ ഉപയോഗത്തിനായി ഒരു വിശ്രമകേന്ദ്രം 1994-ൽ തുറക്കുകയുണ്ടായി. മാതൃകാശിശു സംരക്ഷണ

**പഞ്ചായത്തില ആരോഗ്യ സ്ഥാപനങ്ങൾ**

പട്ടിക -2

| വാർഡ് | ജില്ലാ ആശുപത്രി | ആയുർവ്വേദ ആശുപത്രി | സ്വകാര്യ ആശുപത്രി | ഡെന്റൽ ക്ലിനിക്ക് | സ്വകാര്യ ക്ലിനിക്ക് | ആരോഗ്യ ഉപകേന്ദ്രം | ജില്ലാ ടി.ബി സെന്റർ | എസ്റ്റേറ്റ് ആശുപത്രി | സ്വകാര്യ ഹോമിയോ ക്ലിനിക്ക് | സ്വകാര്യ ആയുർവ്വേദ ആശുപത്രി | പി.എച്ച്.സി |
|---|---|---|---|---|---|---|---|---|---|---|---|
| I | | | | | | 1 | | 1 | | | |
| II | | | | | | | | 1 | | | |
| III | | | | | | | 1 | | | | |
| IV | | | | | | | 1 | | | | |
| V | 1 | | 1 | 3 | 2 | | 1 | | | 1 | |
| VI | | 1 | 2 | 1 | 2 | | | | | 1 | 1 |
| VII | | | | | | | 1 | | | | |
| VIII | | | | | | | | | | | |
| IX 1 | | | | | | | | | | | |
| X | | | | | | | | | | | 1 |
| XI | | 1 | | | 1 | | | | | | |
| XII | | | | | 1 | | | | | | |
| XIII | | | | | 1 | | | | | | |
| XIV | | | | | | | | | 2 | 2 | |

വിഭാഗം ജില്ലാ ആശുപത്രിയോടനുബന്ധിച്ചു പ്രവർത്തിക്കുന്നു.

ജില്ലാ ആശുപത്രിയായതുകൊണ്ട് ജില്ലയുടെ നാനാഭാഗത്തുനിന്നും എല്ലാതരത്തിലുംപെട്ട രോഗികൾ ഇവിടെ ചികിത്സക്കായി എത്തുന്നു. ഗുരുതര സ്വഭാവമുള്ള ഒട്ടനവധി രോഗങ്ങൾക്ക് ഇവിടെ ചികിത്സ നൽകുന്നു. എങ്കിലും, ചിലപ്പോൾ കുടുതൽ വിദഗ്ദ ചികിത്സക്കായി മെഡിക്കൽ കോളേജുകളിലേക്ക് അയക്കാറുണ്ട്. ആശുപത്രിയിലെത്തുന്ന രോഗികളുടെ അവശ്യത്തിനായി ഒരു ആമ്പുലൻമാസ് മാത്രമേയുള്ളൂ. നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന പ്രധാന വികസന സ്കീമുകൾ, ബ്ലഡ് ബാങ്ക്, പകർച്ചവ്യാധികൾക്കുള്ള പ്രത്യേക വാർഡ്, ആധുനിക ഭക്ഷണശാല എന്നിവയാണ്. പുതിയ ഒ.പി. ബ്ലോക്ക്, കുട്ടികൾക്കായുള്ള പ്രത്യേക വാർഡ്, പ്രസവചികിത്സാ വാർഡ്. ജീവനക്കാർക്കുള്ള ക്വാർട്ടേഴ്സ്. ആർ.എം.ഒ. ക്വാർട്ടേഴ്സ് എന്നിവ പരിഗണനയിലിരിക്കുന്ന നിർമ്മാണ പ്രവർത്തികൾ.

### ന്യൂനതകൾ

1. സ്ഥലപരിമിതി എ. വിവിധ തരം രോഗമുള്ളവർ ഒരേ വാർഡിൽതന്നെ ചികിത്സിക്കപ്പെടുന്നു.

   ബി. വിവിധ ഔട്ട് പേഷ്യന്റ് വിഭാഗങ്ങൾക്ക് പ്രവർത്തിക്കാൻ വളരെ ചെറിയ ഒരു കെട്ടിടമേ ഉള്ളൂ.

   സി. അത്യാഹിത വിഭാഗത്തിന് പ്രത്യേകമായ കെട്ടിടമോ, സൗകര്യങ്ങളോ ഇല്ല.

   ഡി. തീരെ സൗകര്യമില്ലാത്ത കെട്ടിടത്തിലാണ് പ്രസവ വാർഡ് പ്രവർത്തിക്കുന്നത്.

2. ആമ്പുലൻസ് : ഒറ്റ ആമ്പുലൻസ് മാത്രമേ ഇപ്പോൾ ലഭ്യമായുള്ളൂ.

3. സ്പെഷ്യാലിറ്റി ഡോക്ടർമാരുടെ കുറവ്;

   പുതിയ സാഹചര്യങ്ങളിൽ റഫറൽ ആശുപത്രിയായ ഈ സ്ഥാപനത്തിൽ ആവശ്യം വേണ്ടതായ സ്പെഷ്യലിസ്റ്റുകളുടെ കുറവുണ്ട്. ശിശുരോഗവിഭാഗം ശസ്ത്രക്രിയാ വിഭാഗം, മനോരോഗ വിഭാഗം, ത്വക് രോഗവിഭാഗം, ശസ്ത്രക്രിയാ വിഭാഗം, മനോരോഗ വിഭാഗം അനസ്തേഷ്യ എന്നിവയിൽ ഡോക്ടർമാർ വളരെ കുറവാണ്. അത്യാഹിത വിഭാഗം ഫോറൻസിക് വിഭാഗം എന്നിവയിൽ ഡോക്ടർമാർ തീരെ ഇല്ലാത്തതുകൊണ്ടും പലപ്പോഴും ബുദ്ധിമുട്ട് അനുഭവപ്പെടാറുണ്ട്.

4. ലബോറട്ടറി എക്സ്റേ-വിഭാഗം നിലവിലുള്ള ലബോറട്ടറിയിൽ സാധാരണ ടെസ്റ്റുകൾക്ക് സൗകര്യം മാത്രമേയുള്ളൂ. അതേ സമയം കൂടുതൽ ഗൗരവമേറിയ ടെസ്റ്റുകൾക്ക് സ്വകാര്യ ലാബുകളെ സമീപിക്കേണ്ട അവസ്ഥയാണുള്ളത്. അതുപോലെ ഉച്ചയ്ക്ക് ഒന്നരമണിയ്ക്കുശേഷം ലബോറട്ടറി, എക്സ്റേ, സൗകര്യങ്ങൾ ലഭ്യമാകുന്നില്ല.

5. പരിസരമലിനീകരണം: ആശുപത്രിയിൽനിന്നുള്ള മാലിന്യങ്ങൾക്ക് ശാസ്ത്രീയമായി സംസ്കരിക്കാനുള്ള സംവിധാനം നിലവിലില്ല. മലിനജലവും, മറ്റു ഖരമാലിന്യങ്ങളും പല വഴികളിൽക്കൂടി ഒഴുകി മാനന്തവാടി പുഴയിലെത്തിച്ചേരുന്നു...ഇതിനു സമീപത്തുനിന്നാണ് വാട്ടർ അതോറിറ്റി കുടിവെള്ളം പമ്പുചെയ്യുന്നത്.

### ജില്ലാ ടി.ബി. സെന്റർ

ജില്ലയിലെ മുഴുവൻ ക്ഷയരോഗികളുടെയും ചികിസാർത്ഥം ആരംഭിച്ചിട്ടുള്ള ടി.ബി. സെന്റർ ജില്ലാ ആശുപത്രിയുമായി ബന്ധപ്പെട്ട് സ്ഥിതിചെയ്യുന്നു. ഇതിന് സ്വന്തമായി സ്ഥലമോ കെട്ടിടമോ ഇല്ല എന്നതും, ജീവനക്കാരുടെ കുറവും ഏറെ ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നു. ടി.ബി. സെന്ററിന്റെ വികസനത്തിനായി നീക്കിവെച്ചിട്ടുള്ള സ്ഥലവും ഫണ്ടും ചുവപ്പുനാടയിൽ കുടുങ്ങിക്കിടക്കുന്നതായാണ് അറിവ്. ഒരു ഘട്ടത്തിൽ ഈ സ്ഥാപനം മുപ്പത് കി.മീ അകലെയുള്ള തരിയോട് എന്ന സ്ഥലത്തേക്ക് മാറ്റാനുള്ള ശ്രമം അധികാരികളുടെ ഭാഗത്തുനിന്നും നടന്നെങ്കിലും ജനങ്ങളുടെ ഇടപെടൽമൂലം നടന്നില്ല.

### കുറുക്കൻമൂല പ്രാഥമികാരോഗ്യകേന്ദ്രം

പഞ്ചായത്തിലെ ഏക പ്രാഥമിക ആരോഗ്യകേന്ദ്രമാണ് കുറക്കുൻമൂല. മാനന്തവാടിയിൽനിന്ന് 11.കി.മീ.കിഴക്കുമാറിയാണ് ഈ സ്ഥാപനം സ്ഥിതിചെയ്യുന്നത്. ഈ സ്ഥാപനത്തിന് അടിസ്ഥാന സൗകര്യങ്ങൾ ഉള്ള കെട്ടിടമോ, സ്ഥിരം ഡോക്ടർമാരോ ഇല്ല, കെട്ടിട നിർമ്മാണത്തിനാവശ്യമായ സ്ഥലം തദ്ദേശവാസികൾ സർക്കാരിന് നൽകിയെങ്കിലും ഇന്നും സ്വകാര്യ കെട്ടിത്തിലാണ് ആരോഗ്യകേന്ദ്രം പ്രവർത്തിക്കുന്നത്.

## ജില്ലാ ആശുപത്രി

### പൊതുനിർദ്ദേശങ്ങൾ

1. ആശുപത്രിക്ക് പുതിയ ബഹുനിലകെട്ടിടങ്ങൾ നിർമ്മിക്കുക.
2. ആശുപത്രിയുടെ അത്യാഹിതവിഭാഗത്തിനും ഒ.പി.വിഭാഗത്തിനും പ്രസവവിഭാഗത്തിനും പുതിയ ആധുനിക സൗകര്യങ്ങളോടുകൂടിയ കെട്ടിടം നിർമ്മിക്കുക.
3. അത്യാഹിത വിഭാഗത്തിൽ ആവശ്യത്തിന് ഡോക്ടർമാരേയും മറ്റു ജീവനക്കാരേയും നിയമിക്കുക.
4. ആശുപത്രിയിൽ ഓരോ വിഭാഗത്തിനും ശാസ്ത്രീയമായ രീതിയിൽ പ്രത്യേകം വാർഡുകൾ നിർമ്മിക്കുക.
5. ഒരു കട്ടിലിൽ ഒരു രോഗിയെന്ന അടിസ്ഥാനത്തിൽ എണ്ണം നിജപ്പെടുത്തി ബഡ് സ്ട്രെങ്ങ്ത്ത്' വർദ്ധിപ്പിക്കുക.
6. എക്സ്റേ-ലാബ്, ഫാർമസി ഒ.പി. എന്നിവ 24 മണിക്കൂറും പ്രവർത്തിപ്പിക്കുക, അതിനാവശ്യമായ ജീവനക്കാരേയും തസ്തികയും സൃഷ്ടിക്കുക,

7. രോഗികൾക്കാവശ്യമായ മരുന്നുകൾ ആശുപത്രിയിൽതന്നെ ലഭ്യമാക്കുക.

8. അത്യാവശ്യമായ എല്ലാ സ്പെഷ്യാലിറ്റികളിലും ഡോക്ടർമാരേയും വിദഗ വിദഗ്ധൻമാരേയും പരിശീലനം ലഭിച്ച ജീവനക്കാരേയും നിയമിക്കുക.

9. ആദിവാസി വിഭാഗങ്ങളുടെ പ്രത്യേകത കണക്കിലെടുത്ത് അവർക്കാവശ്യമായ ചികിത്സ, വിദഗ്ദ ചികിത്സ എന്നിവയ്ക്കായി ഒരു പ്രത്യേക 'ഭരണവിഭാഗം' തുടങ്ങുകയും ഇതിനെ ട്രൈബൽ വകുപ്പായി ഏകോപിപ്പിച്ചുകൊണ്ട് പ്രവർത്തിപ്പിക്കുകയും ചെയ്യുക.

10. ശാസ്ത്രീയമായ മലിജല സംസ്കരണ സംവിധാനം ആശുപത്രി കോമ്പൗണ്ടിൽ തന്നെ നടപ്പിലാക്കുക.

11. ഡോക്ടർമാരടക്കമുള്ള ആശുപത്രി ജീവനക്കാർക്ക് ആവശ്യമായ താമസസൗകര്യത്തിന് കാർട്ടേഴ്സുകൾ നിർമ്മിക്കുക.

12. ആശുപത്രി വികസനസമിതിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുക.

13. പുതിയ ഡ്രൈവർ തസ്തികയോടുകൂടിയ ആംബുലൻസ് അനുവദിക്കുക.

14. ജില്ലാ ടി.ബി. സെന്ററിന് ആവശ്യത്തിന് കെട്ടിടങ്ങൾ നിർമ്മിക്കുകയും ഡോക്ടർമാരേയും ജീവനക്കാരെയും നിയമിക്കുകയും ചെയ്യുക. ഇവരുടെ നേതൃത്വത്തിൽ അഞ്ച് സബ്സെന്ററുകൾ, അംഗൺവാടികൾ ആദിവാസികോളനികൾ എന്നിവ സന്ദർശിച്ച് രോഗനിർണ്ണയ ക്യാമ്പ് സംഘടിപ്പിക്കുകയും ശാസ്ത്രീയമായ ചികിത്സ നൽകുകയും ചെയ്യുക.

15. ജില്ലാ ആശുപത്രിയിൽനിന്നും, മാറ്റിയ ഫിസിയോതെറാപ്പി യൂണിറ്റ് ഉപകരണങ്ങൾ സഹിതം പുനഃസ്ഥാപിക്കുക.

16. ഡെന്റൽ ക്ലീനിക് അനുവദിക്കപ്പെട്ട ഉപകരണങ്ങൾ പൂർണമായും ഉപയോഗപ്പെടുത്താനുള്ള സംവിധാനം ഉണ്ടാക്കുക.

**മറ്റു പൊതു നിർദ്ദേശങ്ങൾ**

1. ജില്ലാ ആശുപത്രിയോടനുബന്ധിച്ച നഴ്സിംഗ് സ്കൂൾ സ്ഥാപിക്കുക

2. കിടത്തി ചികിത്സിക്കാൻ സൗകര്യമുള്ള ആയുർവ്വേദ ഹോമിയോ ആശുപത്രികൾ സ്ഥാപിക്കുക.

3. വാർദ്ധക്യ രോഗശുശ്രൂഷകൾക്കായി ഒരു പ്രത്യേക സ്ഥാപനം തുടങ്ങുക.

4. ആദിവാസികൾക്കിടയിൽ കാണുന്ന 'സിക്കിൾസെൽ അനീമിയ' പോലുള്ള രോഗങ്ങൾക്ക് പ്രത്യേക പരിഗണന നൽകുവാൻ 'രോഗഗവേഷണസ്ഥാപനം' സ്ഥാപിക്കുക.

5. അവികസിത മേഖലയായ മാനന്തവാടി പോലുള്ള സ്ഥലങ്ങളിൽ ജോലിചെയ്യുന്ന ഡോക്ടർമാർക്കും മറ്റ് ജീവനക്കാർക്കും അർഹമായ രീതിയിലുള്ള പ്രോത്സാഹന പദ്ധതികൾ നടപ്പാക്കുകയാണെങ്കിൽ ജീവനക്കാരുടെ ദൗർബല്യം പരിഹരിക്കാവുന്നതാണ്.

6. 'എന്റെ ആരോഗ്യം' എന്റെ ഉത്തരവാദിത്വം എന്ന ലക്ഷ്യത്തിലേക്ക് ജനങ്ങളെ നയിക്കുന്നത് ആരോഗ്യബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുക.

7. ആദിവാസി വിഭാഗങ്ങൾക്കിടയിലും, താഴ്ന്ന വരുമാനമുള്ള വിഭാഗങ്ങൾക്കിടയിലും പോഷകാഹാരക്കുറവുമൂലമുണ്ടാകുന്ന രോഗങ്ങളെക്കുറിച്ച് പഠിയ്ക്കുന്നതിനും പ്രതിരോധനടപടികൾ കൈക്കൊള്ളുന്നതിനും സംവിധാനം ഉണ്ടാക്കുക.

8. മാസത്തിലൊരിക്കൽ സ്കൂൾ, കോളേജ്, വിദ്യാർത്ഥികൾക്ക് ആരോഗ്യബോധവൽക്കരണക്ലാസുകൾ നടത്തുക.

9. പഞ്ചായത്തിൽ തീരെ ചികിത്സാസൗകര്യം ലഭ്യമല്ലാത്ത വാർഡുകളിൽ ആരോഗ്യകേന്ദ്രങ്ങൾ ആരംഭിക്കുക.

10. പഞ്ചായത്തിലെ ആരോഗ്യസ്ഥാപനങ്ങളിൽ ആവശ്യത്തിന് ഡോക്ടർമാർ, ജീവനക്കാർ, മരുന്നുകൾ, എന്നിവ ലഭ്യമാക്കുക.

11. പഞ്ചായത്തിലെ വാർഡുകളിലെ ആരോഗ്യസ്ഥാപനങ്ങളുടെ പ്രവർത്തനത്തെ സഹായിക്കുന്നതിനും വിലയിരുത്തുന്നിതിനും ഗ്രാമസഭകളിൽ നിന്നുള്ള പ്രതിനിധികളെ ഉൾപ്പെടുത്തി വികസന സമിതികൾ രൂപീകരിക്കുക.

12. കുറുക്കൻ മൂല പ്രാഥമികാരോഗ്യ കേന്ദ്രത്തിന് അടിസ്ഥാന സൗകര്യങ്ങളോടുകൂടിയ കെട്ടിടം പണിയുക.

13. പയ്യമ്പള്ളിയിലെ ആയുർവ്വേദ ഡിസ്പെൻസറിയിൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക.

14. ജില്ലാ ആശുപത്രി കെട്ടിടങ്ങൾ നിർമ്മിക്കാൻ അനുവദിച്ച തുക യുദ്ധകാലാടിസ്ഥാനത്തിൽ ഉപയോഗിക്കുക.

15. 5-ാം വാർഡിൽ സ്ഥിതിചെയ്യുന്ന 4 ഏക്കറിലധികം വിസ്തീർണ്ണമുള്ള പൊതുശ്മശാനം ചുറ്റുമതിൽ കെട്ടി കാവൽക്കാരനെ ഏർപ്പെടുത്തി സംരക്ഷിക്കുക. വൈദ്യുതിശ്മശാനം പ്രായോഗികമാണെങ്കിൽ നടപ്പിലാക്കുക. ശ്മശാനത്തിന്റെ സമീപത്തായി ഒരു സോഡിയം വേപ്പർ വിളക്ക് സ്ഥാപിക്കുക.

**പഞ്ചായത്തിൽ സാധാരണയായി കാണപ്പെടുന്ന രോഗങ്ങൾ:**

ആസ്തമ, വയറിളക്കം, ഛർദ്ദി, കുട്ടികളിൽ കാണുന്ന വിരശല്യം, വിളർച്ച, ത്വക് രോഗങ്ങൾ, വില്ലൻചുമ, മഞ്ഞപ്പിത്തം, ചെങ്കണ്ണ്, ടൈഫോയ്ഡ്, പനികൾ, ക്ഷയം, പോഷകാഹാരകുറവ് മൂലമുണ്ടാകുന്ന രോഗങ്ങൾ, ആദിവാസി വിഭാഗങ്ങളിൽ കാണുന്ന സിക്കിൾസെൽ അനീമിയ പോലുള്ള രോഗങ്ങൾ

പോലുള്ള രോഗങ്ങൾ എന്നിവയാണ്.

**പരിസരശുചിത്വം:**

നഗരവൽക്കരണവും, താരതമ്യേന കുറഞ്ഞ ബോധനില വാരവും, സർവ്വോപരി ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ മൂലവും തീവ്രമായ പരിസരമലിനീകരങ്ങൾ പഞ്ചായത്തിൽ നില വിലുണ്ട്. നഗരത്തിലെ സ്ഥലദൗർലഭ്യം, ജനസംഖ്യാനിരക്കി ലുള്ള വർദ്ധന, വാഹനപ്പെരുപ്പം, സ്ഥായിയായ ശുചീകരണ സംവിധാനങ്ങളുടെ അഭാവം, ആശുപത്രിയിൽനിന്നുള്ള മാലി ന്യങ്ങൾ, തുടങ്ങിയ ഒട്ടനവധി കാരണങ്ങൾ ഇതിന് ചൂണ്ടിക്കാ ട്ടാനുണ്ട്. ഗ്രാമ പ്രദേശങ്ങളിലാകട്ടെ, ശാസ്ത്രീയമായ കക്കൂ സുകളുടെ അഭാവം ആരോഗ്യ ബോധവൽക്കരണത്തിന്റെ അഭാവം എന്നിവ പ്രധാന കാരണങ്ങളാണ്. വ്യവസായ വൽക്ക രണംമൂലമുള്ള പരിസരമലിനീകരണം പഞ്ചായത്തിൽ തുലോം കുറവാണ്.

**പ്രധാന മലിനീകരണ കാരണങ്ങൾ**

1. ജില്ലാ ആശുപത്രിയിലെ മാലിന്യങ്ങൾ
2. ടൗണിലെ അഴുക്കുചാലുകളിൽ കടകളിലെയും വർക്കു ഷോപ്പുകളിലെയും മാലിന്യങ്ങൾ നിക്ഷേപിക്കുന്നതുമൂലം പല സ്ഥലങ്ങളിലും ഓടകൾ അടഞ്ഞുകിടക്കുന്നു.
3. ഹോട്ടലുകൾ, ലോഡ്ജുകൾ, പൊതുകക്കൂസുകൾ, മൂത്ര പ്പുര, തുടങ്ങിയവയിൽ നിന്നുള്ള മാലിന്യങ്ങൾ നേരിട്ട് ഓട കളിലേക്ക് തിരിച്ചുവിടുന്നു.
4. പച്ചക്കറി, മത്സ്യമാർക്കറ്റുകളിൽ ഉള്ള മാലിന്യങ്ങൾ അതാതു സ്ഥലങ്ങളിൽ കുന്നുകൂട്ടിയിടുന്നു.
5. നഗരത്തിൽ അലഞ്ഞുതിരിയുന്ന കന്നുകാലികളും, നായ്ക്കളും.
6. അന്യസംസ്ഥാനങ്ങളിൽനിന്ന് തൊഴിലന്വേഷിച്ചുവരുന്നവർ പാതയോരങ്ങളിൽ മലമൂത്രിവസർജ്ജനം ചെയ്യുന്നത്.
7. നഗരത്തിലുള്ള അനധികൃതസ്ഥാനങ്ങളിലുള്ള മത്സ്യവി ല്പന
8. അനിയന്ത്രിതമായ വാഹനപ്പെരുപ്പം.
9. വിവിധ ഡിപ്പാർട്ട്മെന്റുകൾ (ടെലികോം, പൊതുമരാമത്ത്, പഞ്ചായത്ത്, വാട്ടർ അതോറിറ്റി) തമ്മിലുള്ള വികസന പ്രവർത്തനങ്ങളിലുള്ള ഏകോപന മില്ലായ്മ.
10. ടൗണിലെ പച്ചക്കറി മാർക്കറ്റിലെ മാലിന്യങ്ങൾ താഴ്ന്ന പ്രദേശത്ത് കെട്ടിക്കിടക്കുന്നു.

**ഏറ്റവും കൂടുതൽ മലീനീകരണമനുഭവപ്പെടുന്ന പ്രദേ ശങ്ങൾ**

പഞ്ചായത്തിൽ ഏറ്റവും കൂടുതൽ മലിനീകരണം അനുഭ വപ്പെടുന്ന പ്രദേശങ്ങൾ ചൂട്ടക്കടവ് താഴെയങ്ങാടിയാണ്. നഗരത്തിലെയും, ജില്ലാ ആശുപത്രിയിലെയും എല്ലാ മാലി ന്യങ്ങളും ഒഴുകിയെത്തുന്നത് ഈ പ്രദേശങ്ങളിലാണ്.

**പുഴ മലിനീകരണം.**

കേരളത്തിൽ പടിഞ്ഞാറുനിന്നും കിഴക്കോട്ട് ഒഴുകുന്ന പുഴ കളിൽ ഒന്നായ കബനീനദി മാനന്തവാടി പഞ്ചായ ത്തിൽനിന്നും അതിർത്തിയിലേക്ക് ഒഴുകുന്നു. മാനന്തവാടി പ്രധാനപ്പെട്ട ജലവിതരണ സ്രോതസ്സ് ഈ പുഴയാണ്. പ്രാചീനകാലത്ത് തെളിഞ്ഞ് നീരുറവയായിരുന്ന കബനി ഇന്ന് ആകെ മലിനീകരിക്കപ്പെട്ടിരിക്കുന്നു.

**പ്രധാന കാരണങ്ങൾ**

1. ജില്ലാ ആശുപത്രിയിലെ മാലിന്യങ്ങൾ താഴെയങ്ങാടിവ ഴിയും, ചൂട്ടക്കടവ് വഴിയും നേരിട്ട് പുഴയിൽ എത്തുന്നു.
2. നഗരത്തിലെ ഹോട്ടലുകൾ മാർക്കറ്റുകൾ, എന്നിവിടങ്ങ ളിൽനിന്നുള്ള മാലിന്യങ്ങൾ താഴെ പെട്രോൾ പമ്പിനു സമീ പത്തുകൂടി ഒഴുകി, താഴെ കെട്ടിക്കിടന്ന് ചെറു ചാലുക ളായി ഒഴുകുന്നു.
3. ഹോട്ടലുകളിലെ കക്കൂസ് ടാങ്കുകൾ ഓടകളിലേക്ക് നേരിട്ട് തുറന്നുവിടുന്നത് ചൂട്ടക്കടവ് ഭാഗത്തേക്കൊഴുകി പുഴയിലെ ശുദ്ധജലവിതരണ പമ്പിങ്ങ് സ്റ്റേഷന്റെ മുകൾഭാഗത്ത് ചെന്നു ചേരുന്നു.
4. ആശുപത്രിയിലെ അഴുക്കുതുണികൾ ഉൾപ്പെടെയുള്ളവ അലക്കുന്നത്, വാഹനങ്ങൾ കഴുന്നത് കന്നുകാലികളെ കുളിയ്പ്പിക്കുന്നത്.
5. പഞ്ചായത്തിന്റെ പൊതുശ്മശാനം സ്ഥിതിചെയ്യുന്നത് മാന ന്തവാടി പുഴയുടെ സമീപത്തായതുകൊണ്ട് ഭാഗികമായി സംസ്കരിക്കപ്പെടുന്ന മൃതദേഹങ്ങളുടെ അവശിഷ്ടങ്ങൾ ചിലപ്പോഴെങ്കിലും പുഴ ഏറ്റുവാങ്ങേണ്ടിവരുന്നു.
6. അനുദിനം പെരുകിവരുന്ന പുറംപോക്ക് നിവാസികൾ പ്രാഥമിക സൗകര്യങ്ങൾ അടക്കം പുഴയിൽ നിർവ്വഹി ക്കുന്നു.

(ഇത്രയൊക്കെമലീനീകരണങ്ങൾ ഏറ്റുവാങ്ങേണ്ടിവരു മ്പോഴും 'കബനി' ശാന്തമായൊഴുകുന്നു.

**മലിനീകരണഫലമായി ഉണ്ടാകുന്ന പകർച്ചവ്യാധികൾ**

പട്ടിക-4

| വർഷം | ജലജന്യരോഗങ്ങൾ | വായുജന്യരോഗങ്ങൾ |
|---|---|---|
| 1993-94 | 1053 | 1044 |
| 1994-95 | 1222 | 1010 |
| 1995-96 | 947 | 1015 |

ജലജന്യരോഗങ്ങളിൽ പ്രധാനമായുള്ളവ വയറിളക്കം, മഞ്ഞപ്പിത്തം, ടൈഫോയ്ഡ്, വയറുകടി (അമീബിയാസിസ്) എന്നിവയാണ്. ഇതിൽ ടൈഫോയ്ഡ് രോഗം തന്നെ വർഷ

ത്തിൽ പലസമയത്തും ഏറിയും കുറഞ്ഞും പല ഭാഗങ്ങളിലും കണ്ടുവരുന്നു. ഈ ടൈഫോയ്ഡ് രോഗമാവട്ടെ, മുമ്പുള്ളതു പോലെ വില കുറഞ്ഞ 'ക്ലോറോഫെനിക്കോൾ' ഗുളികകൾക്ക് വഴങ്ങുന്നതല്ല. അതിനുപകരം വില കൂടിയ ബഹുരാഷ്ട്ര കുത്തകകളുടെ മരുന്നായ സിപ്രോ ഫ്ളോക്സാസിന് മാത്രം വഴങ്ങുന്നതാണ് താനും. തന്മൂലം ഭീമമായ സാമ്പത്തിക നഷ്ടം രോഗബാധിതർക്ക് അനുഭവപ്പെടുന്നു. ശുദ്ധജലലഭ്യത ഉറപ്പുവരുത്തുകയാണെങ്കിൽ ടൈഫോയ്ഡുപോലെയുള്ള ജലജന്യരോഗങ്ങളെ പ്രതിരോധിക്കാവുന്നതാണെന്ന് വികസിത രാജ്യങ്ങൾ സംശയരഹിതമായി തെളിയിച്ചിട്ടുണ്ട്.

വായുമലിനീകരണമാകട്ടെ, കഠിനമായിട്ടുള്ള ആസ്തമ പോലുള്ള ശ്വാസകോശരോഗത്തിന് കാരണമാകുന്നു. വനനിബിഢവും, വ്യാവസായ ശൂന്യവുമായിട്ടുപോലും വയനാടൻ ഗ്രാമങ്ങളും നഗരങ്ങളും വായുമലിനീകരണത്തിനിരയാവുന്നു എന്നത് ജാഗ്രതയോടെ കാണേണ്ടതാണ്.

കക്കൂസുകൾ

പഞ്ചായത്തിൽ ആകെ 9647 വീടുകളിൽ 4386 വീടുകളിൽ ശാസ്ത്രീയ രീതിയിലുള്ള കക്കൂസുകൾ ഉണ്ട്. 5261 വീടുകളിൽ കക്കൂസില്ല. ഇവരിൽ താഴ്ന്ന വരുമാനക്കാരിലാണ് കക്കൂസുകൾ ഇല്ലാത്തത്. ഗ്രാമീണമേഖലയിൽ ഇടത്തരം വരുമാനക്കാരുടെ ഇടയിലും കക്കൂസുകൾ ഇല്ല.

**പൊതു പരിഹാര നിർദ്ദേശങ്ങൾ**

1. പഞ്ചായത്തിന്റെ കീഴിൽ ഒരു മെഡിക്കൽ ഓഫീസറുടെ മേൽനോട്ടത്തിൽ ഒരു സാനിറ്ററി വിഭാഗം ആരംഭിക്കണം. ഒരു സീനിയർ ഹെൽത്ത് ഇൻസ്പെക്ടറും അഞ്ചിൽ കുറയാത്ത ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരും ഈ വിഭാഗത്തിൽ ഉണ്ടാവണം. ഇപ്പോൾ ആരോഗ്യവകുപ്പിന്റെ കീഴിലുള്ള ഹെൽത്ത് ഇൻസ്പെക്ടർമാരെ വകുപ്പ് മാറ്റി നിയമിക്കുന്ന കാര്യം പരിഗണിക്കാനും ഈ വിഭാഗത്തിൽ സേവനമനുഷ്ഠിക്കാൻ തയ്യാറുള്ള മെഡിക്കൽ ഓഫീസർമാർക്ക് പ്രോത്സാഹനം നൽകണം.
2. അഴുക്കുചാലുകൾ സ്ലാബിട്ട് മൂടുക.
3. വെള്ളം കെട്ടിനില്ക്കുന്ന സ്ഥലങ്ങളിൽ ഓവുചാലുകളിലും മുൻകാലങ്ങളിൽ നിലവിലുണ്ടായിരുന്ന മരുന്നുതളി, പുനഃസ്ഥാപിക്കണം. അതിനാവശ്യമായ ജീവനക്കാരെ നിയമിക്കണം.
4. ടൗണിലെ മാലിന്യങ്ങൾ നീക്കം ചെയ്യാൻ ജീവനക്കാരെ നിയമിക്കണം. ദിവസം രണ്ട് പ്രാവശ്യം മാലിന്യങ്ങൾ നീക്കംചെയ്യാൻ സംവിധാനം ഉണ്ടാക്കണം. നഗരശുചീകരണം രാത്രികാലങ്ങളിൽ ചെയ്യാൻ പറ്റുമോ എന്നു പരീക്ഷിച്ചുനോക്കാവുന്നതാണ്.
5. ടൗണിന്റെ വിവിധ ഭാഗങ്ങളിൽ മാലിന്യങ്ങൾ നിക്ഷേപിക്കാൻ വീപ്പകൾ സ്ഥാപിക്കുകയും, മാലിന്യങ്ങൾ അതിൽതന്നെ നിക്ഷേപിക്കാൻ കച്ചവടക്കാരെ ബോധവൽക്കരിക്കുകയും ചെയ്യണം.
6. മലിനീകരണ പ്രവർത്തനത്തിൽ ഏർപ്പെടുന്നവരെ കർശനമായി ശിക്ഷിക്കണം.
7. നഗരത്തിൽനിന്നും ശേഖരിക്കുന്ന മാലിന്യങ്ങൾ സംസ്കരിക്കാൻ സംവിധാനം ഉണ്ടാക്കണം.
8. ജില്ലാ ആശുപത്രിയിലെ തുണികൾ കഴുകിയെടുക്കുന്നതിന് 'പവർ ലോൺട്രി' സംവിധാനം ഏർപ്പെടുത്തണം.
9. ജില്ലാ ആശുപത്രിയിലെ മലിനജലം ആശുപത്രി കോമ്പൗണ്ടിനകത്തുതന്നെ സംസ്കരിക്കാനുള്ള സംവിധാനം ഏർപ്പെടുത്തണം. ഉദാ: വലിയ 'ലീച്ച് പിറ്റ്'
10. പഞ്ചായത്ത് ടൗണിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുക, അലഞ്ഞുതിരിയുന്ന നാൽക്കാലികളെ പിടികൂടുന്നതിന് പ്രത്യേകം സംവിധാനം ഉണ്ടാക്കുക.
11. പാതയോരങ്ങളിൽ മരം വെച്ചുപിടിപ്പിക്കണം.
12. തെരുവുനായ്ക്കളെ മാസംതോറും കൊല്ലുകയോ, അവയുടെ പ്രജനനം നിയന്ത്രിക്കുവാനുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കുക. വളർത്തുനായ്ക്കൾക്ക് ലൈസൻസും, കുത്തിവെയ്പും നിർബന്ധമാക്കുക.
13. പുഴയിൽ വാഹനങ്ങൾ കഴുകുന്നതും, കന്നുകാലികളെ കുളിപ്പിക്കുന്നതും പുഴയോരങ്ങളിൽ മലമൂത്ര വിസർജ്ജനം നടത്തുന്നതും കർശനമായി തടയുക.
14. പോസ്റ്റോഫീസിനു സമീപം, കോഴിക്കോട് റോഡ്, മൈസൂർ റോഡ്, എരുമത്തെരുവ്, എന്നിവിടങ്ങളിൽ കംഫർട്ട് സ്റ്റേഷനുകൾ ആരംഭിക്കുക.
15. അസമയത്ത് ടൗണിൽ എത്തുന്നവർക്കും, ആശുപത്രിയിൽ രോഗികളുടെ കൂടെ നിൽക്കുന്നവർക്കും, അശരണരായിട്ടുള്ളവർക്കും അന്തിയുറങ്ങാൻ സൗകര്യപ്രദമായ ഒരു വിശ്രമകേന്ദ്രം പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ ആരംഭിക്കുക.
16. പകർച്ചവ്യാധികൾക്കെതിരെ പ്രതിരോധ കുത്തിവെയ്പ്പ് നടത്തുക.
17. ആരോഗ്യപ്രവർത്തകരുടെ നേതൃത്വത്തിൽ സന്നദ്ധസംഘടനകളുടെ സഹായത്തോടെ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുക.
18. ടൗണിലെ അനധികൃത മത്സ്യവില്പന തടയുക.
19. പുറംപോക്കുകളിൽ താമസിക്കുന്നവരെ പുനരധിവസിപ്പിക്കുക.
20. പ്ലാസ്റ്റിക്കിന്റെ ഉപയോഗം നിയന്ത്രിക്കുന്നതിന് ബോധവൽക്കരണപ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.

21. ടൗണിലെ ഫുട്പാത്ത് കച്ചവടക്കാരെ ഒഴിപ്പിക്കുകയും സൗകര്യപ്രദമായ സ്ഥലത്തേക്ക് മാറ്റുകയും ചെയ്യുക.

23. ജില്ലാ ആശുപത്രിയുടെ ചുറ്റും മതിൽ കെട്ടി സംരക്ഷിക്കുക.

**ഗ്രാമസഭയിൽ ഉയർന്നുവന്ന പരിസരമലിനീകരണപ്രശ്നങ്ങളും, പരിഹാരനിർദ്ദേശങ്ങളും**

**പട്ടിക-5**

| വാർഡ് പ്രശ്നങ്ങൾ പരിഹാരനിർദ്ദേശങ്ങൾ | പരിഹാരനിർദ്ദേശങ്ങൾ |
|---|---|
| 1. എസ്റ്റേറ്റ് മേഖലയിൽ അഴുക്കുവെള്ളം ഒഴുകിപ്പോകാൻ ചാലുകളില്ല. 11- ാം നമ്പർ പ്രദേശത്ത് 11 വീടുകളിൽ കക്കൂസില്ല. | അഴുക്കുചാലുകൾ നിർമ്മിക്കണം. കക്കൂസുകൾ നിർമ്മിക്കാൻ പഞ്ചായത്ത് സഹായിക്കണം. |
| II കൂടതൽ പേർക്കും കക്കൂസുകൾ ഇല്ല. പൊതുശ്മശാനം നിലവിലില്ല. | കക്കൂസുകൾ നിർമ്മിക്കാനുള്ള സഹായം ചെയ്യുക. പൊതുശ്മശാനം സ്ഥാപിക്കുക. |
| III കക്കൂസ് സൗകര്യം ഇല്ല, കോളനികൾ ഉള്ള ഈ വാർഡിൽ ശ്മശാനം ഇല്ല. | ചപ്പുചവറുകൾ നീക്കാനുള്ള നടപടികൾ ഉണ്ടാക്കണം, |
| IV ഒഴക്കോടി പഞ്ചായത്ത് കോളനിയുടെ റോഡ് സൈഡിലുള്ള ചപ്പുചവറുകൾ കുന്നുകൂടി കിടക്കുന്നു. അംഗൺവാടികളിൽ പ്രാഥമികാവശ്യം നടത്തുവാനുള്ള സൗകര്യം ഇല്ല. | അംഗൺവാടികളിൽ പ്രാഥമിക സൗകര്യങ്ങൾക്കുള്ള സംവിധാനം ഉണ്ടാക്കണം. |
| V നഗരത്തിലെ ഓടകളിലെ മാലിന്യങ്ങൾ, ആശുപത്രിയിലെ മാലിന്യങ്ങൾ എന്നിവ പുഴയിലേക്ക് ഒഴുകുന്നു. അനധികൃത മത്സ്യവില്പന, അലഞ്ഞുതിരിയുന്ന കന്നുകാലികൾ, നായ്ക്കൾ, തൊഴിൽതേടി വരുന്നവരുടെ പാതയോരത്തെ മലമൂത്ര വിസർജ്ജനം, അഴുക്കുതുണികൾ, വാഹനങ്ങൾ തുടങ്ങിയവ പുഴയിലേക്ക് ഒഴുകുന്നത്, പുഴ പുറംപോക്കിലെ അനധികൃതകുടിയേറ്റം. വിവിധ ഡിപ്പാർട്ട്മെന്റുകളുടെ ഏകോപനമില്ലായ്മ, പച്ചക്കറിമാർക്കറ്റിലെ മാലിന്യങ്ങൾ, കോളനികൾ കക്കൂസുകൾ ഇല്ല. | മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുക.അനധികൃത മത്സ്യവില്പന തടയുക. കന്നുകാലികൾ, നായ്ക്കൾ, എന്നിവയെ തടയുക. കൂടുതൽ പൊതുകക്കൂസുകൾ നിർമ്മിയ്ക്കുക, വാഹനങ്ങൾ കഴുകുന്നത് കർശനമായി തടയുക. പുഴയിൽ അഴുക്കുതുണികൾ അലക്കുന്നത് തടയുക. അനധികൃതമായി കുടിയേറിയവരെ പുനരധിവസിപ്പിക്കുകുക. കോളനികളിൽ കക്കൂസുകൾ ഉണ്ടാക്കാൻ സഹായം ചെയ്യുക. |
| VI. 20 % ആളുകൾക്ക് കക്കൂസില്ല, ഓവുചാലുകളുടെ വൃത്തിയില്ലായ്മ, മലിനജലം കെട്ടിക്കിടക്കുന്ന പൈപ്പിന്റെയും കിണറിന്റെയും പരിസരത്തുള്ള കുളി, അലക്ക് കൊതുകുശല്യം. | കക്കൂസ് നിർമ്മിക്കാൻ സാമ്പത്തിക സഹായം ചെയ്യുക. ബോധവൽക്കരണത്തിന്റെ ആവശ്യകത. കോഴിക്കോട് റോഡ് ബസ് സ്റ്റോപ്പിൽ മൂത്രപ്പുരയും, കക്കൂസും നിർമ്മിയ്ക്കുക, പഞ്ചായത്ത്, കുളിമുറിയും കക്കൂസും വൃത്തിയായി സൂക്ഷിക്കുക. |
| VII 90% വീടുകളിലും പ്രാഥമികാവശ്യങ്ങൾക്ക് സൗകര്യമില്ല. കോട്ടക്കുന്ന് ഭാഗത്ത് അനധികൃതമായി കന്നുകാലികളെ അറക്കുന്നതും അവിശിഷ്ടങ്ങൾ അലസമായി കൂടുന്നതും പൊതുശ്മശാനം ഇല്ല. | പ്രാഥമികാവശ്യങ്ങൾക്ക് സൗകര്യം ഉണ്ടാക്കാനും അനധികൃത അറവുശാല നിരോധിക്കണം. |
| VII പൊതുശ്മശാനം ഇല്ല. | പൊതുശ്മശാനം സ്ഥാപിക്കുക. |
| IX പുഴയിൽ വാഹനങ്ങൾ കഴുകുന്നു. കോളനികളിൽ കക്കൂസില്ല. | വാഹനങ്ങൾ കഴുകുന്നത് തടയുക, കോളനികളിൽ പൊതുക്കക്കൂസ് സ്ഥാപിക്കുക. |
| X കക്കൂസുകൾ കുറവ്, പൊതുശ്മശാനം ഇല്ല. | കക്കൂസുകൾക്ക് സാമ്പത്തിക സഹായം നൽകുക, പൊതുശ്മശാനം സ്ഥാപിക്കുക. |
| XI 30% ആൾക്കാർക്കും കക്കൂസില്ല. | കക്കൂസുകൾ പണിയുന്നതിന് സാമ്പത്തിക സഹായം അനുവദിക്കുക. പൊതുകിണർ, ശുചീകരിക്കാൻ ആവശ്യമായ ബ്ലീച്ചിങ്ങ് പൗഡർ ലഭ്യമാക്കുക. ബോധവൽക്കരണ ക്ലാസുകൾ നടത്തുക. |
| XII കക്കൂസുകൾ ആവശ്യത്തിന് ഇല്ല. | കക്കൂസുകൾ നിർമ്മിയ്ക്കാൻ സാമ്പത്തിക സഹായം നൽകുക. |
| XIII പൊതുശ്മശാനം ഇല്ല. | പൊതുശ്മശാനം സ്ഥാപിക്കുക, എല്ല് നിക്ഷേപിക്കുന്നത് നിർത്തലാക്കുക. |
| XIV കക്കൂസുകളുടെ കുറവ് പൊതുശ്മശാനം ഇല്ല. കിണറുകൾ വൃത്തികേടായി കിടക്കുന്നു. വർക്കുഷോപ്പിൽനിന്നുള്ള മാലിന്യങ്ങൾ, മത്സ്യ-ഇറച്ചിമാർക്കറ്റിൽ മാലിന്യങ്ങൾ കുന്നുകൂടുന്നു. | കക്കൂസുകൾ നിർമ്മിക്കാൻ സാമ്പത്തിക സഹായങ്ങൾ നൽകുക. മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ ഉണ്ടാക്കുക. |

## കുടിവെള്ളം പ്രശ്നങ്ങളും പരിഹാരങ്ങളും

പട്ടിക:1 അവലംബം : ഗ്രാമസഭാ റിപ്പോർട്ടുകൾ

| വാർഡ് / പ്രശ്നമേഖല | നിർദേശിക്കുന്ന പരിഹാരമാർഗ്ഗങ്ങൾ |
|---|---|
| 1. വട്ടറക്കുന്നിൽ വേനൽക്കാലത്ത് കിണറിൽ ജല ലഭിക്കുന്നില്ല. 11-ാം നമ്പർ പ്രദേശം, പഞ്ചാരക്കൊല്ലി ഇവിടങ്ങളിൽ വേനൽക്കാലത്ത് ജലം ലഭ്യമല്ല. | കിണറുകളും കുളങ്ങളും കുഴിക്കുകയും പൈപ്പ്ലൈനുകൾ സ്ഥാപിക്കുകയും ചെയ്യുക. |
| 2. കല്യോട്ടക്കുന്ന്, അംപുകുത്തി, കവലുമൊട്ടൻകുന്ന്, വള്ളിക്കുന്ന്, കണിയാരം പവർസ്റ്റേഷൻ, കണിയാരം പെട്രോൾ പമ്പിനു സമീപം. | കിണർ കുഴിച്ച് മിനി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി തുടങ്ങുക. കെ.ഡബ്ല്യൂ.എ. പൊതുടാപ്പ്, പൊതുകിണർ കുഴിക്കുക. |
| 3. അടുവാൻകുന്ന്, പാലാക്കുളിക്കുന്ന്, വെള്ളോട്ട് കുന്ന്, കുളിശ്ശേരിക്കുന്ന്, കണിയാരം കുന്ന്, വലിയകണ്ടിക്കുന്ന്, കുളിക്കാവ് കുന്ന്, പ്രദേശങ്ങളിൽ കുടിവെള്ളം ലഭ്യമല്ല. | വയൽക്കരയിൽ കിണർ കുഴിച്ച് വെള്ളം പമ്പ്ചെയ്ത് കുന്നിൻമുകളിൽ എത്തിക്കുക. പഞ്ചായത്ത് കിണർ കുഴിക്കുക. കെ.എസ്.ഇ.ബി. കിണർ പൊതുജനങ്ങൾക്ക് ലഭ്യമാക്കുക, കെ.ഡബ്ല്യൂ.എ. പൈപ്പ്ലൈൻ ലഭ്യമാക്കുക. |
| 4. പുതിയകണ്ടി, പണിയകോളനി, W.S.S. കോളനി, ഒടക്കോഴി പാലാക്കുളി, എടപ്രാക്കൊല്ലി, കുളങ്ങര, അർച്ചനക്കൊല്ലി പ്രദേശങ്ങളിൽ കുടിവെള്ളം ലഭ്യമല്ല. | കിണർ കുഴിക്കുക, കൂടൽക്കടവ് പദ്ധതിയുടെ പൈപ്പ് ലൈൻ നീട്ടുക. |
| 5. ചൂട്ടക്കടവ്, കോൺവെന്റ് കുന്ന്, പ്രദേശങ്ങളിലും, മാനന്തവാടി ടൗണിലും കുടിവെള്ളക്ഷാമം. | ചൂട്ടക്കടവ് കുന്നിൽ പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിന് കെ.ഡബ്ല്യൂ.എ. കണക്ഷൻ വീടുകളിൽ കൊടുക്കുക. ടി.എസ്.പി.ഫണ്ട് ഉപയോഗിക്കുക. പോസ്റ്റോഫീസിന് സമീപമുള്ള കിണർ പുതുക്കിപണിത് സംരക്ഷിക്കുക. |
| 6. പാത്തിവയൽ, പാത്തിവയൽ 12 വളപ്പായിക്കുന്ന്, പാത്തിവയൽ, ഹരിജൻ കോളനി ആറാട്ടുതറ ചില്ലിംഗ് പ്ലാന്റ്, വീണ തീയറ്റർ കുന്ന്- വേനൽക്കാലത്ത് കുടിവെള്ളക്ഷാമം. | ഗ്രാമീണ ശുദ്ധജലവിതരണം നടപ്പിലാക്കുക. ലിഫ്റ്റ് ഇറിഗേഷൻ, കിണർ കുഴിക്കുക, കെ.ഡബ്ല്യൂ. പൈപ്പ് ലൈൻ സ്ഥാപിക്കുക. |
| 7. ചെന്നലായി, കൈതക്കൊല്ലി, മേലെ-54 മുദ്രമൂല, ചെംപറ്റകുന്ന്, മൊട്ടഭാഗം, കോട്ടക്കുന്ന്, എടപ്പടി, തമ്മൻകുന്ന്, പ്രദേശങ്ങളിൽ വേനൽക്കാലത്ത് കുടിവെള്ളക്ഷാമം. | കെ. ഡബ്ല്യൂ.എ. പൈപ്പ് ലൈൻ നീട്ടുക, കൂടൽപദ്ധതി, പൈപ്പ് ലൈൻ ലഭ്യമാക്കുക, കിണർ കുഴിക്കുക, കിണർ കുഴിച്ച് പമ്പ് ചെയ്യുക, നീരുറവ അണകെട്ടി സംഭരിച്ച് വിതരണം ചെയ്യുക. |
| 8. പെരുവക, കൂവളമൊട്ടംകുന്ന്, ചെറ്റപ്പാലം, ഇല്ലത്തുവയൽ, കൊളങ്ങരക്കുന്ന്, പ്രദേശങ്ങളിൽ ശുദ്ധജലക്ഷാമം | കിണറുകളും, കേണികളും കുഴിക്കുക, പൈപ്പ് ലൈൻ സ്ഥാപിക്കുക, കൂടൽപദ്ധതിയുടെ പൈപ്പ് ലൈൻ ദീർഘിപ്പിക്കുക. |
| 9. വള്ളിയൂർക്കുന്ന്, കാവണക്കുന്ന്, മുദ്രമൂലക്കുന്ന്, വരടിമൂലക്കുന്ന്, ഒണ്ടയങ്ങാടി, കണിവയൽക്കുന്ന്, പ്രദേശങ്ങളിൽ കുടിവെള്ളക്ഷാമം. | കിണറുൾ കുഴിക്കുക.കെ.ഡബ്ല്യൂ.എ. പൈപ്പ് ലൈൻ നീട്ടുക. |
| 10. ഏറോളമൂല, ചെറൂർ, മേലെ -54, മെഞ്ഞോം, കുറക്കൻമൂല, മൂർത്തിമൂല, ചാലിഗ്ദ്ധകോളനി, കാവേരികോളനി, എന്നിവിടങ്ങളിൽ കുടിവെള്ളക്ഷാമം. | കിണർ കുഴിക്കുക, കൂടൽക്കടവ് പൈപ്പ് ലൈൻ ലഭ്യമാക്കുക, കുളം കുഴിച്ച് വെള്ളം പമ്പ് ചെയ്ത് എത്തിക്കുക. |
| 11. ചെമ്മാട്, നെല്ലിയാട്, പാലമറ്റം കുന്ന്, മണിമൂട്ടിൽ, പടമല, മുട്ടങ്കര അരഞ്ഞാണി പ്രദേശങ്ങളിൽ കുടിവെള്ളക്ഷാമം.യ | കിണർ കുഴിക്കുക, പീതാളി എന്ന സ്ഥലത്ത് ടാങ്ക് കെട്ടി പൈപ്പ് ലൈൻ സ്ഥാപിക്കുക. കൂടൽക്കടവ് പദ്ധതിയുടെ പൈപ്പ് ലൈൻ നീട്ടുക. ടി. വേഗത്തിൽ പൂർത്തിയാക്കുക. |
| 12. കൊയിലേരി, പൊട്ടൻകൊല്ലി, ചോലവയൽ, വെള്ളാറ്ക്കുന്ന്, ആറാട്ടുതറ, ഹൈസ്കൂൾ പ്രദേശങ്ങളിൽ കുടിവെള്ളക്ഷാമം. | കൊയിലേരി-പൊട്ടൻകൊല്ലി പദ്ധതിയുടെ ടാങ്കിന്റെ കപ്പാസിറ്റി വർദ്ധിപ്പിക്കുക. കൂടൽക്കടവ് പദ്ധതിയുടെ പൈപ്പ് ലൈൻ ലഭ്യമാക്കുക. |
| 13. വാളാട്ട്കുന്ന്, കുറ്റിമൂല, നമ്പൂതിരികുന്ന്, അടിവാരം, പെരുകിൽ ഭാഗം, മനിയൻകുന്ന് തുടങ്ങിയ പ്രദേശങ്ങളിൽ കുടിവെള്ളക്ഷാമം | കിണർ കുഴിക്കുക, പ്രകൃതിദത്ത നീരുറവ ടാങ്ക് കെട്ടി ശേഖരിച്ച് വിതരണം ചെയ്യുക, പൈപ്പ് ലൈൻ ലഭ്യമാക്കുക. |
| 14. വാർഡിൽ മുഴുവനായും കുടിവെള്ളക്ഷാമം. | പരിയാരം കുന്നിൻമുകളിൽ കുളംകുഴിച്ച് വെള്ളം പമ്പ്ചെയ്തു വിതരണം ചെയ്യുക. കിണറുകളിൽ കെ.ഡബ്ല്യൂ.എ.യുടെ വെള്ളം ശേഖരിക്കുന്നത് തടയുക, വോൾട്ടേജ് ക്ഷാമം പരിഹരിക്കുക. |

## ഗ്രാമസഭയിൽ ഉയർന്നു വന്ന പ്രശ്നങ്ങളും നിർദ്ദേശങ്ങളും

പട്ടിക 3

| വാർഡ് | പ്രശ്നങ്ങൾ | പരിഹാര നിർദ്ദേശങ്ങൾ |
|---|---|---|
| I. | മേലേ ചിറക്കര പ്രദേശത്ത് ചികിത്സാസൗകര്യം ലഭ്യമല്ല. | വാർഡിൽ രോഗികളെ കിടത്തി ചികിത്സിക്കാവുന്ന ഒരു ഹെൽത്ത് സെന്റർ സ്ഥാപിക്കുക, മാസംതോറും മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുക. |
| II | വാർഡിൽ ആരോഗ്യകേന്ദ്രങ്ങൾ ഒന്നുംതന്നെയില്ല. | ഒരു കുടുംബക്ഷേമ ഉപകേന്ദ്രം സ്ഥാപിക്കുക. |
| III | കുടുംബക്ഷേമ ഉപകേന്ദ്രത്തിന്റെ പ്രവർത്തനം തൃപ്തികരമല്ല. | ആഴ്ചയിലൊരിക്കലെങ്കിലും ഡോക്ടർ സന്ദർശിച്ച് മരുന്നുകൾ നൽകുക. |
| IV | നിലവിലുള്ള ഹെൽത്ത് സെന്ററില്ഡ വൈദ്യുതി ഇല്ല, ഒഴക്കോടി, പാലാക്കുളി, മക്കിക്കൊല്ലി മുതലായ സ്ഥലങ്ങളിൽ നിന്നുള്ളവർക്ക് ചികിത്സക്കായി 2.കി.മീ. പോകേണ്ടതുണ്ട്. | ഒഴക്കോടി ഹെൽത്ത് സെന്ററിൽ വൈദ്യുതി എത്തിക്കുക. ഒരു ഡിസ്പെൻസറി സ്ഥാപിക്കുക. |
| V | ജില്ലാ ആശുപത്രിയിൽ സ്ഥലപരിമിതി; സ്പെഷലിസ്റ്റ് ഡോക്ടർമാരുടെ അഭാവം, എക്സ്-റേ ലാബ് ഫാർമസി, എന്നീ വിഭാഗങ്ങൾ ഉച്ചയ്ക്ക് ഒന്നരമണിക്ക് ശേഷം തീരെ പ്രവർത്തിക്കാറില്ല. | പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുക. സ്പെഷ്യലിസ്റ്റ് ഡോക്ടർമാരെ നിയമിക്കു. എക്സ്റേ-ലാബ്, ഫാർമസി എന്നീ വിഭാഗങ്ങൾ മുഴുവൻ സമയവും പ്രവർത്തിക്കുക. |
| VI | പൊതുജനാരോഗ്യത്തെക്കുറിച്ചുള്ള ബോധവൽക്കരണത്തിന്റെ അഭാവം. | ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുക. |
| VII | കുടുംബക്ഷേമ ഉപകേന്ദ്രത്തിൽ മരുന്നുകൾ, ഡോക്ടർമാർ ഇല്ല. | ആത്യാവശ്യത്തിന് മരുന്നുകൾ ലഭ്യമാക്കുക. ആഴ്ചയിലൊരിക്കലെങ്കിലും ഡോക്ടർ കേന്ദ്രം സന്ദർശിച്ച് രോഗികളെ പരിശോധിയ്ക്കുക. |
| VII | പൊതുജനാരോഗ്യകേന്ദ്രങ്ങൾ ഇല്ല | കുടുംബക്ഷേമ ഉപകേന്ദ്രം സ്ഥാപിക്കണം. |
| IX | പൊതുജനാരോഗ്യകേന്ദ്രങ്ങൾ ഇല്ല, ആരോഗ്യ ക്ലാസുകൾ നടത്താറില്ല.പ്രതിരോധ കുത്തിവെയ്പുകൾ നടത്താറില്ല. | സബ് സെന്ററുകൾ സ്ഥാപിക്കുക, ആരോഗ്യ ബോധവൽക്കരണക്ലാസുകൾ നടത്തുക. |
| X | പ്രാഥമിക ആരോഗ്യകേന്ദ്രത്തിന് സ്വന്തമായൊരു കെട്ടിടം ഇല്ല. കിടത്തി ചികിത്സിക്കാനുള്ള സൗകര്യം ഇല്ല, സ്ഥിരം ഡോക്ടർ ഇല്ല. | സ്വന്തമായ കെട്ടിടം പണിയുക. കിടത്തി ചികിത്സിക്കാനുള്ള സൗകര്യം ഉണ്ടാക്കുക. സ്ഥിരം ഡോക്ടറെ നിയമിക്കുക. വാർഡിൽ ഒരു കുടുംബക്ഷേമ ഉപകേന്ദ്രം സ്ഥാപിക്കുക. |
| XI | ചികിത്സാ സൗകര്യങ്ങൾ ഇല്ല. ആയുർവ്വേദ ഡിസ്പെൻസറിയിൽ അടിസ്ഥാന സൗകര്യമില്ല. | താലൂക്ക് ആശുപത്രി സ്ഥാപിക്കുക. ആയുർവ്വേദ ഡിസ്പെൻസറിയുടെ സൗകൃര്യങ്ങൾ വർദ്ധിപ്പിക്കുക. |
| XII | സബ്സെന്ററിൽ വൈദ്യുതി ഇല്ല. സൗകര്യങ്ങൾ കുറവ് | സബ് സെന്ററിൽ വൈദ്യുതി എത്തിയിക്കുക. 5 കിടക്കകളുള്ള ആശുപത്രിയാക്കുക. |
| XIII | കുടുംബക്ഷേമ ഉപകേന്ദ്രത്തിൽ ഡോക്ടർ, മരുന്ന്, എന്നിവ ഇല്ല, ആദിവാസി കോളനികളിൽ പ്രതിരോധകുത്തിവെപ്പ് നടത്താറില്ല. | ആഴ്ചയിൽ 4 ദിവസം ഡോക്ടർ രോഗികളെ പരിശോധിയ്ക്കുക. മരുന്നുകൾ ലഭ്യമാക്കുക. പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുക. |
| XIV | പൊതുജനാരോഗ്യപ്രവർത്തകർ ഗൃഹസന്ദർശനം നടത്താറില്ല. ആദിവാസികോളനികളിൽ പ്രതിരോധകുത്തിവെപ്പ നടത്താറില്ല. | ഗൃഹസന്ദർശനം നടത്തുക. പ്രതിരോധകുത്തിവെയ്പ്പ് നടത്തുക. |

5(6)

ഗതാഗതം

ഏതൊരു പ്രദേശത്തിന്റെയും വികസനത്തിന് പ്രധാന ഘടകമാണ് ഗതാഗത സൗകര്യങ്ങൾ. 20ാം നൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങൾവരെ വളരെ പരിമിതമായ ഗതാഗത സൗകര്യങ്ങളെ വയനാട്ടിൽ ഉണ്ടായിരുന്നുള്ളൂ. യന്ത്രവാഹനങ്ങൾ നിലവിൽ വരുന്നതിന് മുമ്പ് അന്യപ്രദേശങ്ങളിൽ നിന്ന് സാധനങ്ങൾ കൊണ്ടുവരുന്നതിനും യാത്രയ്ക്കും കോവർകഴുതകളെയും, കാളവണ്ടികളും ഉപയോഗപ്പെടുത്തിയിരിക്കുന്നു. ടിപ്പു സുൽത്താന്റെ പടയോട്ടക്കാലത്ത് മൈസൂരിൽ നിന്ന് മാനന്തവാടിയിൽ എത്തുന്നതിന് ഉപയോഗിച്ച പാതയാണ് പിന്നീട് മൈസൂർ മാനന്തവാടി റോഡായി വികസിച്ചത്. അക്കാലത്ത് തന്നെ, മാനന്തവാടിയിൽ നിന്ന് ബത്തേരിയിലേക്ക് കൊയിലേരി വഴി കുതിരവണ്ടിക്ക് സഞ്ചരിക്കാവുന്ന പാത ഉണ്ടായിരുന്നു. മാനന്തവാടിയിലേയും, പരിസരപ്രദേശത്തും, കുറ്റ്യാടി, നാദാപുരം, വടകര തുടങ്ങിയ സ്ഥലങ്ങളിൽനിന്നും സാധനങ്ങൾ കുറ്റ്യാടി ചുരം വഴി തലച്ചുമടായി കുഞ്ഞോംപ്രദേശത്ത് എത്തിക്കുകയും അവിടെനിന്ന് തോണി ഉപയോഗിച്ച് മാനന്തവാടീ താഴെ അങ്ങാടിയിൽ എത്തിക്കുകയും ചെയ്തിരുന്നു. താഴെയങ്ങാടിയിൽ കച്ചവടകേന്ദ്രമായി മാറാനുള്ള കാരണങ്ങളിൽ ഒന്നിതാണ്. 19-ാം നൂറ്റാണ്ടിന്റെ ആദ്യകാലത്ത് പട്ടാളക്കാർക്ക് യാത്ര ചെയ്യുന്നതിനും സാധനങ്ങൾ കൊണ്ടുവരുന്നതിനും വേണ്ടി ബ്രിട്ടീഷുകാർ നിർമ്മിച്ച റോഡുകളാണ് തലശ്ശേരി - മാനന്തവാടി, കോഴിക്കോട്-മാനന്തവാടി, മൈസൂർ-മാനന്തവാടി റോഡുകൾ അക്കാലത്ത് പ്രധാന റോഡുകൾ ഇവ മൂന്നുമായിരുന്നു.



മാനന്തവാടിയിലേക്ക് ആദ്യമായി ബസ് സർവ്വീസ് ആരംഭിച്ചത് 1918- ലാണ്. കരിയും വെള്ളവും ഉപയോഗിച്ച് പ്രവർത്തിക്കുന്ന ആവി എഞ്ചിൻ ഘടിപ്പിച്ചിരുന്ന ബസ്സായിരുന്നു ആദ്യകാലത്ത് ഉണ്ടായിരുന്നത്. മാനന്തവാടിയിൽ നിന്ന്

തലശ്ശേരിയിലേക്ക ഒരു സർവ്വീസും, കോഴിക്കോട്ടേയ്ക്ക് രണ്ടു സർവ്വീസുകളുമാണ് ആദ്യകാലങ്ങളിൽ നടത്തിയിരുന്നത്. തലശ്ശേരിയിലേക്ക് ഒന്നേകാൽ രൂപയായിരുന്നു യാത്രാക്കൂലി. ബസ്സുകളിലെ സീറ്റുകളിൽ വി.ഐ.പി.കൾക്ക് മുൻഗണന ഉണ്ടായിരുന്നു. 1960 കാലം വരെ കത്തുകൾ കൈമാറുന്നതിന് ബസ്സുകൾ ഉപയോഗപ്പെടുത്തിയിരുന്നു. കോഴിക്കോട് റോഡിൽ മാനന്തവാടി പുഴക്കും പനമരം പുഴക്കും പാലങ്ങൾ ഉണ്ടായിരുന്നില്ല. യാത്രക്കാരെ പുഴക്കരയിൽ ഇറക്കി തോണിയിൽ മറുകര എത്തുകയുമാണ് ചെയ്തിരുന്നത്. ഇങ്ങിനെ ചങ്ങാടം ഉപയോഗിച്ചിരുന്ന കടവ് ആയിരുന്നതിനാലാണ് ചങ്ങാടക്കടവ് എന്ന പേരു വന്നത്.

മാനന്തവാടിയിൽ ആദ്യമായി മോട്ടോർ കാർ വരുന്നത് 1930-ലാണ്. കണ്ണൂർ കാടാച്ചിറ സ്വദേശി ശ്രീ. കിട്ടുണ്ണി മുതലാളി എന്നാളുടേതായിരുന്നു ആദ്യത്തെ കാർ. അദ്ദേഹത്തിന് അന്ന് മാനന്തവാടിയിൽ കച്ചവടം ഉണ്ടായിരുന്നു. ക്യാൻവാസ് വുഡും ഡ്രൈവറുമടക്കം 4 പേർക്ക് ഇരിക്കാവുന്ന സീറ്റുകളുള്ള ഓസ്റ്റിൻ കാറായിരുന്നു ആദ്യത്തേത്.

മാനന്തവാടിയിൽ ആദ്യത്തെ പെട്രോൾ പമ്പ് സ്ഥാപിച്ചത് ശ്രീ. ഐ.സി.വി. നായിഡുവായിരുന്നു. ഇത് വയനാട്ടിൽ തന്നെ ആദ്യത്തേതാണ്. ഇപ്പോഴത്തെ പച്ചക്കറി മാർക്കറ്റിന് സമീപമാണ് പെട്രോൾ ഡിപ്പോ ആരംഭിച്ചത്. നിശ്ചിത അളവുകളിൽ (ഗ്യാലൻ) പെട്രോൾ, നിറച്ച പാത്രങ്ങൾ കമ്പനി (ബർമഷെൽ) എത്തിച്ചുകൊടുക്കുകയും അവ ആവശ്യക്കാർക്ക് വിൽക്കുകയുമാണ് ചെയ്തിരുന്നത്. പിന്നീട് 1951-ലാണ് ഇന്നത്തെ രീതിയിലുള്ള പെട്രോൾ പമ്പിന്റെ ആദ്യരൂപമായ കൈകൊണ്ട് തിരിക്കുന്ന (ഹാൻഡ് ഓപ്പറേറ്റേഴ്സ്) പമ്പ് ഇപ്പോഴത്തെ സ്ഥലത്ത് സ്ഥാപിതമായത്.

ആദ്യത്തെ മോട്ടോർ വർക്ക്ഷോപ്പ് സ്ഥാപിച്ചത് 1930-ൽ ശ്രീ. ഗോപി ഡ്രൈവർ ആയിരുന്നു. ഇദ്ദേഹത്തിനും, ജെസ്സി എസ്റ്റേറ്റിലെ ഉദ്യോഗസ്ഥനായിരുന്ന ശ്രീ. പിള്ളയെന്നറിയപ്പെട്ടിരുന്ന ആൾക്കും മാത്രമാണ് മോട്ടോർ സൈക്കിൾ ഉണ്ടായിരുന്നത്. അന്നത്തെ മോട്ടോർ സൈക്കിളിന് മൂന്ന് ചക്രം ഉണ്ടായിരുന്നു.

1950-കളിൽ സജീവമായ കുടിയേറ്റം ഗതാഗത രംഗത്തും വമ്പിച്ച മുന്നേറ്റത്തിന് സാഹചര്യമൊരുക്കി. ജനങ്ങൾ തന്നെ മുൻകയ്യെടുത്ത് പല പ്രദേശങ്ങളിലും റോഡുകൾ നിർമ്മിച്ചു. 1960-ൽ പനമരം പുഴക്കും, 11962-ൽ മാനന്തവാടി പുഴക്കും പാലം നിർമ്മിച്ചതോടെ മാനന്തവാടിയിൽനിന്നും, കോഴിക്കോട്ടേയ്ക്കുള്ള യാത്ര സുഗമമായി. 1969-വരെ സ്വകാര്യബസുകൾ മാത്രമാണ് സർവ്വീസ് നടത്തിയിരുന്നത്. വൈകുന്നേരം 6 മണികഴിഞ്ഞാൽ മാനന്തവാടിയിൽ നിന്ന് മറ്റു പ്രദേശങ്ങളിലേക്ക് ബസ് സൗകര്യം ഉണ്ടായിരുന്നില്ല.

കെ. എസ്.ആർ.ടി.സി. രൂപീകൃതമായതോടെ കണ്ണൂരിൽനിന്നും കോഴിക്കോട്ട് നിന്നും മാനന്തവാടിയിലേക്ക് സർവ്വീസ് ആരംഭിച്ചു.

1976-ൽ കോഴിക്കോട് വയനാട് റൂട്ട് ദേശസാൽക്കരിക്കപ്പെട്ടതോടെ മാനന്തവാടി പ്രദേശത്തെ റൂട്ടുകളുടെ പൊതു കുത്തക കെ.എസ്.ആർ.ടി.സിക്കായി. എന്തൊക്കെ പരിമിതികൾ ഉണ്ടായാലും ഗ്രാമ പ്രദേശങ്ങളിലേക്ക് സർവ്വീസുകൾ ആരംഭിക്കാനും, ഗതാഗത സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും കെ.എസ്.ആർ.ടി.സി. വഹിച്ച സേവനം നിസ്തുലമാണ്.

1960-ൽ മാനന്തവാടി കോഴിക്കോട് റോഡ് ആദ്യമായി ടാർ ചെയ്തത്.

സമീപ കാലത്തായി വാഹനങ്ങളുടെ എണ്ണത്തിൽ ക്രമതീതമായ വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്. 600ഓളം ഓട്ടോറിക്ഷകൾ, 500ഓളം ജീപ്പുകൾ, 100 ഓളം ബസ്സുകൾ, ലോറി, ടെമ്പോ, കാറുകൾ, ഇരുചക്ര വാഹനങ്ങൾ എന്നിങ്ങനെ വാഹനവ്യൂഹം പലപ്പോഴും ഗതാഗതകുരുക്കിനിടയാക്കുന്നു.

വാഹനഗതാഗതത്തിന്റെ കാര്യത്തിൽ ഒരു എടുത്തുചാട്ടം തന്നെ നടത്തിയെങ്കിലും റോഡുകളുടെ എണ്ണത്തിലും, മേന്മയിലും നാം കുറേക്കൂടി മുന്നോട്ടുപോകേണ്ടിയിരിക്കുന്നു.

**നമ്മുടെ പഞ്ചായത്തിൽ നിലവിലുള്ള റോഡുകളുടെ വിവരം**

1 PWD ടാർ ചെയ്തത്. 42.994 ടാർ ചെയ്യാത്തത് 2.75 കി.മീ.

II പഞ്ചായത്ത്

| | |
|---|---|
| ടാർ ചെയ്തത് | 40-685 |
| ടാർ ചെയ്യാത്തത് | 67.352 |
| III മറ്റുള്ളവ | 101-450. |
| ആകെ... | 255.24 കി.മീ. |

നിലവിലുള്ള റോഡുകളുടെ ഇപ്പോഴുള്ള അവസ്ഥയും അവയ്ക്കുള്ള പ്രശ്നപരിഹാരങ്ങളും ഗ്രാമസഭാ റിപ്പോർട്ടുകളുടെയും സ്ഥിതിവിവരകണക്കുകളുടെയും അടിസ്ഥാനത്തിൽ ചുവടെ പട്ടികയിൽ രേഖപ്പെടുത്തുന്നു.

**പൊതുനിർദ്ദേശങ്ങൾ**

നഗരവികസനത്തിനും, ഗതാഗതകുരുക്ക് ഒഴിവാക്കുന്നതിനും, ഗതാഗതസൗകര്യം വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ പൊതു നിർദ്ദേശങ്ങൾ ഗ്രാമസഭാ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ താഴെ കൊടുക്കുന്നു.

1. കൂടൽക്കടവ് പാലം: നാണ്യവിളകളുടെ കേന്ദ്രമായ പുല്പള്ളിയേയും വ്യാപാരകേന്ദ്രമായ മാനന്തവാടിയേയും തമ്മിൽ ബന്ധിപ്പിക്കുന്ന കാട്ടിക്കുളം പുഞ്ചവയൽ എം.എൽ.എ. റോഡിലെ കൂടൽക്കടവ് പാലം ഈ പഞ്ചാ

യത്തിന്റെയും ജില്ലയുടെയും തന്നെ വികസനത്തിന് അനിവാര്യമാണ്. ബന്ധപ്പെട്ടവരുടെ ശ്രദ്ധ ഇക്കാര്യത്തിൽ അടിയന്തിരമായി പതിയണം.

2. മാനന്തവാടി ബ്ലോക്കാഫീസ് ആർ.ഡി.ഒ. ഓഫീസ് എന്നിവ പ്രവർത്തിക്കുന്ന സ്ഥലം പഞ്ചായത്തിന് വിട്ടുകൊടുക്കുകയും അവിടെ നിലവിലുള്ള സർക്കാരാഫിസുകൾ താലൂക്ക് ആഫീസ് പരിസരത്ത് മിനി സിവിൽ സ്റ്റേഷൻ പണിത് അങ്ങോട്ടുമാറ്റുകയും ചെയ്യുക.

എരുമത്തെരുറോഡും ബ്ലോക്കാഫീസും ബൈബാസ് റോഡും വീതി കൂട്ടുക. പ്രസ്തുത സ്ഥലത്ത് ഷോപ്പിങ്ങ് സെന്റർ പണിയുകയും വാഹനങ്ങൾക്കുള്ള പാർക്കിങ്ങ് സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയുക.

3. നിലവിലുള്ള കെ.എസ്.ആർ.ടി.സി. ഗാരേജ് വിപുലപ്പെടുത്തുകയും യാത്രക്കാർക്ക് വിശ്രമിക്കാനുള്ള സൗകര്യം ഏർപ്പെടുത്തുകയും ചെയ്യുക. ആധുനിക സൗകര്യങ്ങളോടെ വർക്ക്ഷാപ്പ് സൗകര്യങ്ങൾ വിപുലപ്പെടുത്തുക.

പഞ്ചായത്ത് ബസ്സ് സ്റ്റാന്റ് ആവശ്യമായ സ്ഥലം ഏറ്റെടുത്ത് വിപുലീകരിക്കുക.

4. കോഴിക്കോട് റോഡിൽ നിന്നും മാനന്തവാടി പഞ്ചായത്ത് ഷോപ്പിങ്ങ് കോംപ്ലക്സിന്റെ മുൻവശത്ത് താഴെയങ്ങാടി റോഡുമായി ബന്ധിപ്പിച്ചു കൊണ്ട് ബ്രിഡ്ജ് നിർമ്മിക്കണം.

5. വർക്ക്ഷോപ്പുകളുടെ മുൻപിൽ റോഡുകളിൽ വെച്ച് വാഹനങ്ങൾ റിപ്പയർ ചെയ്യുന്നത് നിർത്തലാക്കണം.

6. ടൗണിൽ ഗതാഗതക്കുരുക്ക് ഉണ്ടാവുന്ന രൂപത്തിൽ വാഹനം പാർക്കു ചെയ്യുന്നത് കർശനമായി നിരോധിക്കുകയും അതോടൊപ്പം ഇരു ചക്ര വാഹനങ്ങൾക്കും മറ്റു വാഹനങ്ങൾക്കും പ്രത്യേകം, പ്രത്യേകം , പാർക്കിങ്ങ് സൗകര്യം ഏർപ്പെടുത്തുകയും വേണം.

7. ടാക്സികൾക്ക് പ്രത്യേകം പാർക്കിങ്ങ് സൗകര്യം ഏർപ്പെടുത്തണം.

8. വൺവെ നിയമം ലംഘിക്കുന്ന വാഹനങ്ങളുടെ മേൽ കർശനമായി നിയമ നടപടികൾ സ്വീകരിക്കുക.

9. ചരക്ക് കയറ്റി ഇറക്കുന്നതിന് നിലവിൽ അനുവദിച്ചിട്ടുള്ള സമയം കൃത്യമായി പാലിക്കുക. ടൗണിന്റെ ഹൃദയ ഭാഗത്തുള്ള ഗോഡൗണുകൾ മാറ്റി സ്ഥാപിക്കുക.

10. മാനന്തവാടി തലശ്ശേരി റോഡിലെ ഗാന്ധി പാർക്കിന്റെ സമീപമുള്ള കലുങ്കിന്റെ ഇടതുവശത്തുള്ള ഓടയുടെ മുകളിൽ സ്ലാബ് നിർമ്മിച്ച് ഇരു ചക്ര വാഹനങ്ങൾക്ക് പാർക്കിങ്ങ് സൗകര്യം ഏർപ്പെടുത്തേണ്ടതാണ്.

11. റോഡുകളുടെ അറ്റകുറ്റ പണികളിൽപ്പെട്ട ചാലുകീറലും കാടു വെട്ടലും കാല വർഷത്തിന് മുമ്പ് മാർച്ച്, ഏപ്രിൽ മാസത്തിലും, കാലവർഷത്തിന് ശേഷം സപ്താംബർ ഒക്ടോബർ മാസങ്ങളിലും കൃത്യമായി ചെയ്തിരിക്കണം.

12. താഴെങ്ങാടി ചുട്ടക്കടവ് റോഡ് പുഴരിക്ക് കരിങ്കല്ലു കൊണ്ട് കെട്ടി സംരക്ഷിക്കുകയും വീതി കൂട്ടി ടാർ ചെയ്ത് ഗതാഗതമാക്കുകയും ചെയ്യുക.

13. പോസ്റ്റോഫീസ്- ആശുപത്രി റോഡിന്റെ ഇരുവശത്തും നടപ്പാത നിർമ്മിക്കുക.

14. തലശ്ശേരി ഭാഗത്തേക്ക് പോകുന്ന ബസ്സുകൾ പോസ്റ്റാഫീസ് ചുട്ടക്കടവ് വഴി പോകണം.

### നഗര വികസനത്തിന് സ്വീകരിക്കേണ്ട അടിയന്തിര നടപടികൾ

1. താഴെങ്ങാടി റോഡ് പാങ്ങിക്കടവ് പാലത്തിന്റെ അപ്രോച്ച് റോഡ് ഗതാഗത യോഗ്യമാക്കി കോഴിക്കോട് ഭാഗത്തേക്കുള്ള വാഹനങ്ങൾ അത് വഴി തിരിച്ചു വിടുക.

2. അംബേദ്ക്കർ റോഡ് ഗതാഗത യോഗ്യമാക്കി തലശ്ശേരി ഭാഗത്ത് നിന്നുള്ള വാഹനങ്ങൾ അതി വഴി തിരിച്ചു വിടുക.

3. മൈസൂർ റോഡും വള്ളിയൂർക്കാവ് റോഡും തമ്മിൽ ബന്ധിപ്പിക്കുന്ന മുനീശ്വരൻ കോവിൽ റോഡ് ഗതാഗത യോഗ്യമാക്കുക.

4. തലശ്ശേരി ഭാഗത്തു നിന്ന് കോഴിക്കോട് ഭാഗത്തേക്ക് ടൗണുമായി ബന്ധപ്പെടാതെ പോകുന്ന വാഹനങ്ങൾ കണിയാരം-ചൂട്ടക്കടവ്-ഹനുമാൻ കോവിൽ വഴി തിരിച്ചു വിടുന്നതിന് പുതിയ ബൈപാസ് റോഡ് നിർമ്മിക്കുക.

5. മാനന്തവാടി പോസ്റ്റാഫീസ്, ജില്ലാ ആശുപത്രി വഴി താഴെ അങ്ങാടിക്ക് പോകുന്ന റോഡ് ഗതാഗത യോഗ്യമാക്കണം.

6. ടൗണിന്റെ മദ്ധ്യ ഭാഗങ്ങളിൽ സ്ഥിതി ചെയ്യുന്ന വൈദ്യുതി പോസ്റ്റുകളും, ടെലഫോൺ പോസ്റ്റുകളും ഗതാഗത തടസ്സത്തിന് ഇട നല്കാത്ത വിധം മാറ്റി സ്ഥാപിക്കുകയും ദീർഘ വീക്ഷണത്തോടു കൂടി കേബിൾ സൗകര്യം ഉണ്ടാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുകയും വേണം.

7. മൈസൂർ റോഡിലെ മേലെ പെട്രോൾ പമ്പിന്റെ പരിസരത്തുള്ള ഗതാഗത കുരുക്ക് ഒഴിവാക്കുന്നതിന് ഗാന്ധി പാർക്കിൽ സ്റ്റോപ്പ് അനുവദിക്കുക.

8. ടൗണിലും പരിസരത്തും ഗതാഗതക്കുരുക്ക് ഒഴിവാക്കാൻ നിയമ പാലകരെ നിശ്ചിത സ്ഥലങ്ങളിൽ നിയമിക്കുക.

9. ടൗണിൽ ട്രാഫിക്ക് തടസ്സം സൃഷിടിക്കുന്ന അലഞ്ഞു തിരിയുന്നതും മറ്റുമായ കന്നുകാലികളെ നിയന്ത്രക്കുന്നതിന് നിലവിലുള്ള സംവിധാനം ശക്തിപ്പെടുത്തുക.

10. മാനന്തവാടി തലശ്ശേരി റോഡിൽ എരുമത്തെരു മത്സ്യ-മാംസ്-മാർക്കറ്റിൽ രാവിലെ റോഡിൽ വെച്ചു നടത്തുന്ന മത്സ്യ വിൽപ്പന,മാർക്കറ്റിനകത്തേക്ക് മാറ്റണം. ഈ

വില്പനയിൽ ബാക്കി വരുന്ന അവശിഷ്ടങ്ങൾ റോഡിരികിൽ തന്നെ നിക്ഷേപിക്കുന്നത് കൊണ്ടുണ്ടാകുന്ന ദുർഗന്ധം ആ വഴിയുള്ള യാത്രതന്നെ ദുഷ്ക്കരമാക്കുന്നു. ഈ അവസ്ഥ അടിയന്തിരമായി പരിഹരിക്കണം.

11. പോലീസ് ട്രാഫിക്ക് യൂണിറ്റ് ആരംഭിക്കുക.

12. വയനാട് ജില്ലയുടെ പൊതു വികസനത്തിന് പര്യാപ്തമാകും വിധം വടകര-മാനന്തവാടി വഴി മൈസൂരിലേക്ക് റെയിൽവെ ലൈൻ സ്ഥാപിക്കുക.

13. ബ്രിട്ടീഷുകാരുടെ കാലത്ത് തന്നെ സർവ്വെ നടത്തിയ തലശ്ശേരി- മാന്തവാടി-മൈസൂർ-റെയിൽവെ ലൈൻ സ്ഥാപിക്കണം.

**ഊർജം**

രാത്രികാലങ്ങളിൽ സോഡിയം വേപ്പർ ലാംബിന്റെ വർണ്ണശോഭയിൽ മുങ്ങി നിൽക്കുന്ന നഗരം കാണുമ്പോൾ തെരുവു വിളക്കിന്റെ മുതുമുത്തച്ഛന്റെ രൂപത്തെക്കുറിച്ചോർക്കുന്നത് രസാവഹമായിരിക്കും. 1937 നു മുമ്പ് പുഴയുടെ മലബാർ ഡിസ്ട്രിക്റ്റ് ബോർഡിന്റെ ഭരണകാലത്ത് മാന്തവാടിയിൽ മണ്ണെണ്ണ ഉപയോഗിച്ചുള്ള കൽവിളക്കുകൾ സ്ഥാപിച്ചിരുന്നു. എരുമത്തെരുവ് പത്തി മുതലാളി എന്ന് സാധാരണ അറിയപ്പെട്ടിരുന്ന പെരുമാൾ എന്നയാളിന്റെ വീടിന്റെ സമീപത്ത്, മാരുതി ജംഗ്ഷൻ, ആറാട്ടുതറ താഴെയങ്ങാടി, പോസ്റ്റാഫീസ് ജംഗഷൻ ചാത്തു ഡ്രൈവറുടെ വീടു ജംഗ്ഷൻ, ലക്ഷ്മി ടാക്കീസ് ജംഗ്ഷൻ എന്നിവിടങ്ങളിൽ കുടിവെള്ളത്തിനുവേണ്ടി നിർമ്മിച്ച കിണറുകൾക്ക് സമീപമായിരുന്നു ആദ്യമായി എട്ടു ക്കാൽ വിളക്കുകൾ സ്ഥാപിച്ചിരുന്നത്. തുടർന്ന് വള്ളിയൂർകാവ് ജംഗ്ഷൻ, കോഴിക്കോട് ജംഗ്ഷൻ ലക്ഷ്മി തിയേറ്ററിനു സമീപം, മുനീശ്വരൻ കോവിലുനു മുന്നിൽ, താഴെ അങ്ങാടി, എരുമത്തെരുവിലുണ്ടായിരുന്ന പൊതു കക്കുസിനു മുന്നിൽ എന്നിവിടങ്ങളിൽ ഒരോ കാൽവിളക്കുകൾകൂടി സ്ഥാപിക്കപ്പെട്ടു.

ഉയരങ്ങളിൽ നാട്ടിയ സ്തംഭത്തിനു മുകളിൽ നിർമ്മിച്ച കണ്ണാടികൂട്ടിനുള്ളൽ അന്ന് 14ാം നമ്പർ എന്നറിയപ്പെട്ടിരുന്ന വിളക്കായിരുന്നു ഉപയോഗിച്ചിരുന്നത്. വൈകുന്നേരം മണ്ണെണ്ണ പ്പാട്ടയും ഏണിയും ഏന്തി വരുന്ന ജീവനക്കാരൻ ഒരോ കാൽ വിളക്കിലും കയറി ഗ്ലാസ് തുടച്ച് വിളക്കിൽ മണ്ണെണ്ണ നിറച്ച് വിളക്കുകൾ കത്തി നിൽക്കുമായിരുന്നു. രണ്ടാം ലോക മഹായുദ്ധകാലത്ത് ഇന്ധനങ്ങൾക്ക് ക്ഷാമം അനുഭവപ്പെട്ടപ്പോൾ ചിലർ കാൽ വിളക്കുകളിൽ നിന്നും മണ്ണെണ്ണ കവർന്നെടുക്കുകയും, സാമൂഹ്യവിരുദ്ധർ ചില സ്ഥലങ്ങളിൽ സ്ഥാപിച്ചിരുന്ന വിളക്കുകൾ തല്ലിതകർക്കുകയും ചെയ്തിരുന്നു. 1936 ൽ ആദ്യമായി ഐ.സി.വി. നായിഡു അദ്ധ്യക്ഷനായുള്ള മാനന്തവാടി പഞ്ചായത്ത് രൂപികൃതമായ സന്ദർഭത്തിൽ വഴിവിളക്കുകൾ പഞ്ചായത്തിനും കൈമാറപ്പെട്ടു. പഴയ കാൽ വിളക്കുകളുടെ അവശിഷ്ടം ഒന്നു പോലും അന്നു കാണാനില്ലെങ്കിലും അവയുടെ രൂപീകരണത്തിന് പ്രചോദനമായ കിണറുകളിൽ അഞ്ചെണ്ണം ഇപ്പോഴും ഉപയോഗ്യമാണ്. 1956 വരെ തെരുവു വിളക്കിന്റെ കാര്യത്തിൽ പഴയ സ്ഥിതി തുടരുകയായിരുന്നു. പഞ്ചായത്തിൽ വൈദ്യുതി എത്തിയതിനുശേഷം തെരുവു വിളക്കിന്റെ രംഗത്ത് പടിപടിയായി വന്ന പുരോഗതിയുടെ ഫലമായി ഈ ഇനത്തിൽ 212 ബൾബും 137 ട്യൂബും 33 സോഡിയം വേപ്പർ ലാംബും സ്ഥാപിച്ചിട്ടുണ്ട്. ഇനിയും ഒട്ടനവധി പ്രദേശങ്ങളിൽ തെരുവു വിളക്കുകൾ സ്ഥാപിക്കുവാനുണ്ട്. പഞ്ചായത്തിന്റെ മൊത്തം വരുമാനത്തിന്റെ 1% ഏകദേശം 9290 രൂപ പ്രതിമാസം തെരുവു വിളക്കിന്റെ ചാർജിനത്തിൽ പഞ്ചായത്ത് വൈദ്യുതി ബോർഡിന് നൽകികൊണ്ടിരിക്കുന്നു.

നമ്മുടെ ജില്ലയിൽ സ്വാതന്ത്ര്യം കിട്ടുന്നതിനുമുമ്പുതന്നെ പഴയ ബ്രിട്ടീഷ് നേതൃത്വത്തിലുള്ള മദിരാശി സർക്കാറിന്റെ കാലത്ത് തമിഴ്നാട്ടിലെ ശിങ്കാറ പവ്വർ ഹൗസിൽ നിന്നും ഉൽപാദിപ്പിച്ചിരുന്ന വൈദ്യുതി ഉപ്പട്ടി വഴി കൂട്ടുമുണ്ട 66 KV സബ്സ്റ്റേഷൻ മുഖേന കണ്ണൂരേക്കും കോഴിക്കോട്ടേക്കും കൊണ്ടുപോകാൻ തുടങ്ങിയിരുന്നു. പിന്നീട് 1948 ഓട് കൂടിയാണ് മാനന്തവാടി പഞ്ചായത്ത് ഉൾക്കൊള്ളുന്ന പ്രദേശങ്ങളിൽ വൈദ്യുതി വിതരണത്തിനുവേണ്ടി മാനന്തവാടി 66KV സബ്സ്റ്റേഷന്റെ പണി പൂർത്തിയാക്കിയത്. എന്നാൽ 1955 ലാണ് വൈദ്യുതി വിതരണം തുടങ്ങിയത് കണ്ണൂർ സബ്സ്റ്റേഷൻ വഴി ലഭിക്കുന്ന വൈദ്യുതിയാണ് മാനന്തവാടി സെക്ക്ഷന്റെ പരിധിയിൽ വരുന്ന പഞ്ചായത്തിലെ ഉപഭോക്താകൾക്ക് വിതരണം ചെയ്തുകൊണ്ടിരിക്കുന്നത്. മാനന്തവാടി, തലപ്പുഴ, വെള്ളമുണ്ട എന്നീ 11KV ഫീഡറുകൾ വഴിയാണ് ഈ പ്രദേശങ്ങളിലൊക്കെ വൈദ്യുതി എത്തിക്കുന്നത്. നിലവിലുള്ള ഉപഭോക്താക്കളുടെ കണക്റ്റഡ് ലോഡ് പ്രകാരം ഈ മേഖലയിൽ വിതരണം ചെയ്യുന്നതിന് മെഗാവാട്ട് വൈദ്യുതി ആവശ്യമായിരിക്കെ പ്രതിദിനം സബ്സ്റ്റേഷനിൽ നിന്നും ലഭിക്കുന്നത് 2.5 മെഗാവാട്ട് വൈദ്യുതി മാത്രമാണ്. വൈദ്യുതിയുടെ ലഭ്യതക്കുറവാണ് മാനന്തവാടി പ്രദേശങ്ങളിലൊക്കെ അനുഭവപ്പെടുന്ന വോൾട്ടേജ്കുറവിനു പ്രധാന കാരണം. വയനാട് ജില്ലയിലെ മാനന്തവാടി ജല വൈദ്യുത പദ്ധതി നടപ്പിലാക്കാൻ കഴിഞ്ഞിരുന്നുവെങ്കിൽ 83 മില്ല്യൻ യൂണിറ്റ് വൈദ്യുതിയും അതുവഴി 12500 ഹെക്ടർ സ്ഥലത്ത് ജലസേചനത്തിനും കഴിയുമായിരുന്നു. അതുണ്ടാകാതെ പോയതും മാനന്തവാടി പഞ്ചായത്ത് ഉൾക്കൊള്ളുന്ന പ്രദേശങ്ങളിലെ വൈദ്യുതി വികസനത്തിന് മുഖ്യ തടസ്സം സൃഷ്ടിച്ച ഘടകമാണ്. ഉത്തര മലബാറിൽ പുതിയ വൈദ്യുത പദ്ധതികൾ ഇതുവരെ സ്ഥാപിക്കാൻ കഴിയാതെ പോയതും ഈ മേഖലയിലെ വൈദ്യുത വികസനത്തിന് മുഖ്യ തടസ്സമായി ഭവിച്ചു.

1969 വരെ കൂത്തുപറമ്പ് സെക്ഷൻ മുഖേനയായിരുന്നു മാനന്തവാടിയിൽ വൈദ്യുതി വിതരണം നടത്തിയിരുന്നത്.

അന്നു വരെ തലശ്ശേരി റോഡിൽ റഹ്മത്ത് ഫ്ളവർ മില്ലിന്റെ മികളിൽ ഒരു കാഷ് കളക്ഷൻ സെന്റർ മാത്രമാണ് വൈദ്യുത ഓഫീസ് എന്ന നിലയിൽ ഉണ്ടായിരുന്നത്. 1969 ആയപ്പോ ഴേക്കും മാരുതി ടാക്കീസിന്റെ സമീപം പുതിയ വൈദ്യുതി ആപ്പിസ് വാടക കെടടത്തിൽ പ്രവർത്തനം ആരംഭിച്ചു. 1955 ൽ ജെ.എം. ഡിക്രൂസ് എന്ന വ്യക്തിയാണ് ആദ്യമായി ഗാർഹിക കണക്ഷൻ എടുത്തത് തുടർന്ന് പൊന്നോത്ത് ഉസ്മാൻ എന്ന വ്യക്തി 1956 ൽ ആദ്യത്തെ ചെറുകിട വ്യവസായ ഉപഭോ ക്താവ് ആയി. വയലിന്റെ നാടായ വയനാട്ടിൽ കാർഷിക വിക സനത്തിനായി ആദ്യമായി സർവ്വീസ് കണക്ഷൻ എടുത്തത് 1967 ൽ മാത്രമാണ്. അതിനുശേഷം പടപടിയായി ഈ രംഗത്തു വന്ന വൈദ്യുതി വികസനത്തിന്റെ ഭാഗമായി 1996 ആയപ്പഴെക്കും ഈ പഞ്ചായത്തിലൊട്ടാകെ 4040 ഗാർഹ്ക ഉപ ഭോക്താക്കളും 2128 വ്യാപാര ഉപഭോക്താക്കളും 71 ചെറുകിട വ്യവസായ ഉപഭോക്താക്കളും 2 വലിയ വൻകിട വ്യവസായ ഉപഭോക്താക്കളും 208 കാർഷിക ഉപഭോക്താക്കളും ആയി വർദ്ധിച്ചു.

വൈദ്യുതി കണക്ഷൻ ലഭിക്കാൻ അപേക്ഷ നൽകിയവ രുടെ കൂട്ടത്തിൽ സാധാരണ ഇനത്തിൽ 175 ഉം, ഒ.ടി.പി. ഇന ത്തിൽ 1 ഉം ഒ.വൈ.ഇ.സി. ഇനത്തിൽ പണം അടച്ചവരുമായ കൂട്ടത്തിൽ 54 പേർക്ക് ഇനിയും വൈദ്യുതി കണക്ഷൻ ലഭി ക്കാൻ ബാക്കി നിൽക്കുന്നു. ആകെ 10 ഹരിജൻ കോളനികൾ ആണ് ഈ പഞ്ചായത്തിൽ പൂർണ്ണമായി വൈദ്യുതീകരിച്ചിട്ടു ള്ളത്. 1996 ആരംഭം മുതൽ ഇന്നേ വരെയുള്ള കാലയളവിൽ ഓർഡിനറി ഇനത്തിൽ 10 ഉം, ഒ.വൈ.ഇ.സി. ഇനത്തിൽ 154 കണക്ക്ഷനുകളും ഈ പഞ്ചായത്തിൽ ലഭിച്ചിട്ടുണ്ട് ഈ പഞ്ചാ യത്തിലെ 14 വാർഡുക്ളിലും ഉൾനാടൻ പ്രദേശങ്ങൾ ഒഴിച്ച് 42 ട്രാൻസ്ഫോമറുകളിൽ കൂടി വൈദ്യുതി വിതരണം നടത്തി ക്കൊണ്ടിരിക്കുന്നു. അതു കൂടാതെ പഞ്ചായത്തിലെ പ്രധാന സ്ഥലങ്ങളിൽ എല്ലാം ഭാഗികമായി തെരുവു വിളക്കുകൾ എത്തി യിട്ടുണ്ട്. 1987 ഓടുകൂടി വൈദ്യുതി ഉപഭോക്താകൾക്ക് സൗക ര്യപ്രദമായ ഒരു വൈദ്യുതി വിതരണ ആപ്പീസ് ഈ പഞ്ചാ യത്ത് അതിർത്തിയിൽ തന്നെ നിലവിൽ വന്നു.

ഈ പഞ്ചായത്ത് അതിർത്തിയിൽ പാരമ്പര്യേതര ഊർജ്ജ ശ്രോതസ് ഉപയോഗിച്ച് രണ്ട് സൗരോർജ്ജ വിളക്കുകൾ ആണ് കത്തുന്നത്. ആളുകളുടെ മുഖ്യമായ ഊർജ്ജ ശ്രോതസ് വിറ കാണ്. 14 വാർഡുകളിലും ഗ്രാമസഭകൾ പുകയില്ലാത്ത അടു പ്പുകൾ ലഭ്യമാക്കണമെന്ന് ആവശ്യം ഉന്നയിച്ചിട്ടുണ്ട്. വിശാല മായി സൂര്യപ്രകാശം ലഭിക്കുന്ന സ്ഥലത്ത് വികസിച്ചുവരുന്ന സാങ്കേതിക വിദ്യകളും സിദ്ധികൾ ഉപയോഗിച്ച് അനർട്ടിന്റെ സഹായത്തോടുകൂടി കൂടുതൽ സൗരോർജ വിളക്കുകൾ സ്ഥാപിക്കണമെന്ന് ഗ്രാമ സഭകളിലൂടെ ജനങ്ങൾ ആവശ്യപ്പെ ട്ടിട്ടുണ്ട്. അത്തരം സാദ്ധ്യതകൾ പ്രയോജനപ്പെടുത്തിയും അന്ന് വൈദ്യുതി ലൈൻ കടന്നു പോയ്ക്കൊണ്ടിരിക്കുന്ന 318 കിലോ മീറ്റർ നീളത്തിനുള്ളിൽ ഇനിയും തെരുവു വിളക്കുകൾ ആവ ശ്യമായ സ്ഥലത്ത് അവ സ്ഥാപിച്ചും പ്രധാനപ്പെട്ട സ്ഥലങ്ങ ളിൽ കൂടുതൽ സോഡിയം വേപ്പർ ലാംബുകൾ സ്ഥാപിച്ചും മാന്തവാടി പഞ്ചായത്തിനെ പ്രകാശ പൂരിതമാക്കുവൻ കൂട്ടമായ ശ്രമം ആവശ്യമാണ്.

**പ്രശ്നങ്ങളും നിർദ്ദേശങ്ങളും**

കേരള സംസ്ഥാനത്തിന്റെ കാർഷിക വ്യവസായയിക വിക സന പുരോഗതിയെ തടസ്സപ്പെടുത്തുന്ന തരത്തിൽ ഊർജ്ജ മേഖല കഴിഞ്ഞ ഒരു പതിറ്റാണ്ടിലേറെയായി അതി രൂക്ഷമായ പ്രതിസന്ധിയെ നേരിടുകയാണ്. ജനങ്ങൾക്ക് സാമ്പത്തികമായി താങ്ങാവുന്ന വിധത്തിൽ അനുസ്തമായി വൈദ്യുതി വിതരണം ഉറപ്പു വരുത്താൻ കൂടുതൽ മുതൽമുടക്കി വഴി ശക്തമായി ഇട പെടേണ്ടിയിരിക്കുന്നു. നിലവിലുള്ള ശ്രോതസ്സുകൾ ശക്തിപ്പെ ടുത്തുകയുമ, പുതിയവ കണ്ടെത്തി പ്രയോജനപ്പെടുത്തുകയും വേണം. പാരമ്പര്യേതരവും പുനർ നിർമ്മാണ യോഗ്യവുമായ ഊർജ്ജ ശ്രോതസ്സുകൾ വികസിപ്പിക്കുകയും പരമ്പരാഗത വിറ കുകളുടെ സാങ്കേതിക വിദ്യ മെച്ചപ്പെടുത്തി ഊർജ്ജ സംര ക്ഷണം നടത്തുകയും വൈദ്യുതി പ്രതിസന്ധി പരിഹരിക്കു ന്നതിനായി ദീർഘ വീക്ഷണത്തോടെ നടത്തേണ്ട ആസൂത്ര ണവും ഇല്ലാതെ ഈ മേഖലയെ തകർച്ചയിൽ നിന്നും രക്ഷി ക്കാനാവില്ല.

1990 മുതൽ 1996 വരെയുള്ള കാലയളവിൽ ഊർജ്ജ മേഖല രൂക്ഷമായ പ്രതിസന്ധി നേരിടുകയാണ്. വൈദ്യുതി കമ്മി നേരിടുമ്പോൾ വോൾട്ടേജ് കുറച്ചും ഫ്രീക്വൻസിയിൽ വ്യതിയാനം ഉണ്ടാക്കിയും നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയു മാണ് നാം കാര്യങ്ങൾ നടത്തിപ്പോന്നത്. 1996 ജനുവരി മുതൽ ആകട്ടെ 40% മുതൽ 100 % വരെ ഹൈടെൻഷൻ ഉപഭോക്താ ക്കൾക്ക് പവർകട്ടും 3 മണിക്കൂർ പകൽ സമയലോഡ് ഷെഡ്ഡിംങ്ങും നടപ്പാക്കേണ്ടിവന്നു. അരമണിക്കൂർ രാത്രികാല ലോഡ് ഷെഡിംഗ് ഇപ്പോഴും തുടരുകയാണ്. ദീർഘകാല വീക്ഷണത്തോടെ ആവിഷ്കരിക്കുന്ന പരിഹാര മാർഗങ്ങൾ കണ്ടെത്തേണ്ടിയിരിക്കുന്നു. പരമ്പരാഗത ഊർജ്ജ സ്രോതസ്സു കളെ പരമാവധി ഉപയോഗപ്പെടുത്തുകയും, പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകളെ ഉപയോഗം വർദ്ധിപ്പിക്കുകയും ചെയ്താൽ ഒരു പരിധിവരെ ഈ പ്രതിസന്ധി പരിഹരിക്കാം. വോൾട്ടേജ്ക്ഷാമം പരിഹരിക്കുന്നതിനും പുതിയ കണക്ഷനു കൾ അനുവദിക്കുന്നതിനുമുള്ള നടപടികൾ ത്വരിതപ്പെടുത്തു ന്നതിനും അടിയന്തിരശ്രദ്ധ പതിക്കേണ്ടതുണ്ട്. ഗ്രാമസഭയിൽ നിന്നും ഉയർന്നുവന്ന പ്രശ്നങ്ങളും പരിഹാരങ്ങളും ചുവടെ ചേർക്കുന്നു.

1. വൈദ്യുതി ലൈൻ എത്തിയ വാർഡുകളിൽ ദൂരത്തിന്റെ അടിസ്ഥാനത്തിൽ മുൻഗണനാ ക്രമം നിശ്ചയിച്ച് മുഴുവൻ പട്ടികജാതി പട്ടിക-വർഗ കോളനികളും വൈദ്യുതീകരി ക്കണം.

2. 9-ാം പദ്ധതിയിൽ തന്നെ ഈ പഞ്ചായത്ത് അതിർത്തി

യിൽ താമസിക്കുന്ന മുഴുവൻ വികലാംഗർക്കും ഒ.ടി.പി. പ്രകാരം വൈദ്യുതി കണക്ഷൻ ലഭിക്കാൻവേണ്ട നടപടികൾ സ്വീകരിക്കണം.

3. പഞ്ചായത്തതിർത്തിയിൽ അധിവസിക്കുന്ന ദാരിദ്ര്യരേഖക്ക് താഴെയുള്ള മുഴുവൻ ജനങ്ങൾക്കും 'കുടിർജ്യോതി' പ്രകാരം വൈദ്യുതിലഭിക്കുവാൻഡ 'കുടിർജ്യോതി കണക്ഷനുകളുടെ എണ്ണം വർദ്ധിപ്പിക്കണം.

4. അധികാര വികേന്ദ്രീകരണം വഴി നടപ്പിലാക്കുന്ന ജനകീയാസൂത്രണ പരിപാടി അനുസരിച്ച് തെരുവുവിളക്കുകൾ സ്ഥാപിക്കലും, അറ്റകുറ്റ പണി നടത്താനുള്ള അധികാരവും ഗ്രാമപഞ്ചായത്ത് ഏറ്റെടുക്കണം. എന്നാൽ ഈ രംഗത്ത് ഇന്ന് നിലനില്ക്കുന്ന അപാകതകളും പരാതികളും പരിഹരിക്കാൻ കഴിയും.

5. താഴെപറയുന്ന വാർഡുകളിൽ പുതുതായി തെരുവുവിളക്കുകൾ സ്ഥാപിക്കണം. (ഗ്രാമസഭാ നിർദ്ദേശം)

വാർഡ് ഒന്ന്:

പിലാക്കാവ് മുതൽ പ്രിയദർശിനിവരെ

വാർഡ് രണ്ട്:

1. ജെസ്സിമുതൽ കല്ല്യോട്ട് വരെ
2. സെന്റ് കാമില്ലസ് മുതൽ കല്ലിയോട്ട് IHDP കോളനി വഴി ജെസ്സി എസ്റ്റേറ്റ് വരെ.
4. കുമാരമല എസ്.എസി. കോളനിയിൽ സോളാർ പവർ പ്ലാന്റ് സ്ഥാപിക്കണം.

വാർഡ് മൂന്ന്:

1. കണിയാരം മുതൽ പാലാക്കുളിവഴി തവിഞ്ഞാൽ വരെ
2. കുറ്റിമൂല മുതൽ പിലാക്കാവ് വരെ
3. കണിയാരം മുതൽ ചൂട്ടക്കടവ് വരെ
4. കണിയാരം മുതൽ തവിഞ്ഞാൽ വരെ ലക്ഷം വീടുവഴി.
5. കണിയാരം മുതൽ പുത്തൻപുര കോളനി വഴി തവിഞ്ഞാൽവരെ.

വാർഡ് നാല്:

1 ചൂടക്കടവ് മുതൽ ഒഴക്കോടിവരെ.
2. കുഴിനിലം മുതൽ തവിഞ്ഞാൽവരെ.

വാർഡ് അഞ്ച്

1. ചൂടക്കാവ് മുതൽ താഴെ അങ്ങാടി വരെ ഹനുമാൻ കോവിൽവഴി.
2. മാനന്തവാടി ടൗൺമുതൽ സബ്ജയിൽക്കുന്നു വരെ പച്ചക്കറി മാർക്കറ്റു വഴി.
3. മാനന്തവാടി മുതൽ പോസ്റ്റോഫീസ് ജംഗ്ഷൻവരെ എൻ.ജി.ഒ. യൂണിയൻ ഓഫീസ് റോഡുവഴി.

വാർഡ് ആറ്:

അംബേദ്കർ റോഡുവഴി ട്രാൻസ്പോർട്ട് ഗാരേജ് വരെ

2. പെരുവക മുതൽ കരിന്തിരിക്കാവുവരെ.
3. വട്ടേരിമുതൽ ചെറ്റപ്പാലംവരെ.

വാർഡ് ഏഴ്:

1. ഒണ്ടയങ്ങാടി മുതൽ തൃശ്ശിലേരി മൊട്ടവരെ.
2, ഒണ്ടയങ്ങാടി മുതൽ മേലെ 54 വരെ കൈതക്കൊല്ലി.

വാർഡ് എട്ട്:

1. പെരുവക മുതൽ കൂവളമൊട്ടക്കുന്ന് വരെ.
2. ആറാട്ടുതറ മുതൽ ഇല്ലത്തുവയൽ വരെ.
3. പടച്ചിക്കുന്ന് കോളനി റോഡിൽ.

വാർഡ് ഒൻപത്:

1. ചെറ്റപ്പാലം മുതൽ വരടിമൂല വരെ.
2. വിൻസെന്റ് ഗിരിമുതൽ പാട്ടവയൽവരെ.
3. വള്ളിയൂർക്കാവ് മുതൽ കൊയിലേരി വരെ.

വാർഡ് പത്ത്:

1. പയ്യമ്പള്ളി മുതൽ പാൽവെളിച്ചം വരെ.
(കുറുക്കൻമൂല എം.എൽ.എ. റോഡുവഴി)
2. മേലേ 54 മുതൽ പയ്യമ്പള്ളി വരെ (ചെറൂർവഴി)

വാർഡ് പതിനൊന്ന്:

1. പയ്യമ്പള്ളി മുതൽ കൂടൽക്കടവ് വരെ.
2. പയ്യമ്പള്ളി മുതൽ മുട്ടങ്കര വരെ.

വാർഡ് പന്ത്രണ്ട്:

1. കൊയിലേരി മുതൽ പയ്യമ്പള്ളി വരെ

വാർഡ് പതിമൂന്ന്

1. കുറ്റിമൂല മുതൽ താഴെ ചിറക്കരവരെ വൈദ്യുത ലൈൻ വലിച്ച് തെരുവുവിളക്ക് സ്ഥാപിക്കണം.
2. പിലാക്കാവു മുതൽ മണിയൻകുന്ന് വരെ
3. പിലാക്കാവ് മുതൽ മേലേ ചിറക്കര വരെ.
4. കണിയാരം -വെളിനിലം.

വാർഡ് പതിനാല്:

1. കണിയാരം മുതൽ ചൂടക്കടവ് വരെ പരിയാരം കുന്നുവഴി.
2. എരുമതെരുവുമുതൽ അടുവാൻകുന്നുവരെ പാൽ സൊസൈറ്റി.
3. ഗോരിമൂലമുതൽ പുലമട്ടൻകുന്ന് വരെ.
6. അടുത്ത അഞ്ചുവർഷത്തിനുള്ളിൽ വൈദ്യുതി എത്താൻ സാദ്ധ്യതയില്ലാത്ത പട്ടികജാതി-പട്ടികവർഗ കോളനികളിൽ അനർട്ടിന്റെ സഹായത്തോടുകൂടി ഡൊമസ്റ്റിക് ലൈറ്റ് സിസ്റ്റം സ്ഥാപിക്കണം.
7. 1991 സെൻസസ് പ്രകാരം മാനന്തവാടി പഞ്ചായത്തിലുള്ള 7362 വീടുകളിൽ 2140 വീടുകൾക്കും അനർട്ട് പുകയില്ലാത്ത അടുപ്പുകൾ സ്ഥാപിച്ചിട്ടുണ്ട്. ശേഷിക്കുന്ന വീടുകളിൽ 9-ാംപദ്ധതിക്കാലത്ത് പുകയില്ലാത്ത അടുപ്പുകൾ സ്ഥാപിക്കണം.
8. പഞ്ചായത്തിൽ താഴെപറയുന്ന പത്ത് പട്ടികവർഗ കോളനികളിൽ വൈദ്യുതി എത്തിച്ചിട്ടുണ്ട്. വീടുകളിൽ വൈദ്യുതി കണക്ഷൻ പൂർണമായി നൽകിയട്ടില്ല. ഇക്കാര്യത്തിൽ വിദ്യുഛക്തി ഓഫീസും മൊബൈൽ ഡിപ്പാർട്ടുമായി ബന്ധപ്പെട്ട് വൈദ്യുതി നൽകാൻ വേണ്ട നടപടികൾ സ്വീകരിക്കണം.

1. പഞ്ചാരക്കൊല്ലിയിലെ പ്രിയദർശിനി കോളനിയിൽ ഒരു വീടിനു മാത്രമേ കണക്ഷൻ നൽകിയിട്ടുള്ളു.
2. കുറ്റിമൂല കോളനി
3. ഒഴക്കൊടികോളനി- ഇവിടെ ഒരു വീട് മാത്രമേ വൈദ്യുതീകരിച്ചിട്ടുള്ളൂ.
4. കോൺവെന്റ് കുന്നു കോളനി
5. മുരുക്കാം തേരി കോളനി
6. ആറാട്ടുതറ അടിയകോളനി
7. പയ്യമ്പള്ളി അടിയകോളനി
8. വരട്ടിമൂല കോളനി
9. പുതിയടം കോളനി.
10. കല്ലുമൊട്ടംകുന്ന് ഒറ്റവീടുപോലും വൈദ്യുതീകരിച്ചിട്ടില്ല. ട്രൈബൽ ഡിപ്പാർട് മെന്റിൽ നിന്നും വയറിങ്ങ് പൂർത്തിയാക്കി കണക്ഷൻ ലഭിക്കുന്നതിനുവേണ്ട സർവ്വീസ് കണക്ഷൻ പേപ്പറുകൾ വിദ്യുച്ഛക്തി ഓഫീസിൽ ഇനിയും നൽകിയിട്ടില്ല. അതുകാരണമാണ് വൈദ്യുതി നൽകാൻ കഴിയാതിരുന്നത്. 92-ൽ വയറിങ്ങ് നടത്തിയതാണിത്. നിലവിൽ ഇവ നശിചുപോയി.

9. മാനന്തവാടിയിലും പരിസരങ്ങളിലും വൈദ്യുതി സ്തംഭനം ഉണ്ടായാൽ പകരം വൈദ്യുതി എത്തിച്ച് സപ്ലൈ പുനഃസ്ഥാപിക്കാൻ ഇന്റേണൽ ഫീഡിങ്ങ് സമ്പ്രദായത്തിനുവേണ്ട നടപടികൾ സ്വീകരിക്കാൻ വൈദ്യുതി ബോർഡ് ആഫീസുമായി ബന്ധപ്പെട്ട് സ്വീകരിക്കണം.

### മാർക്കറ്റ്

മാനന്തവാടി-എരുമത്തെരു മാരുതി ടാക്കീസിനു സമീപം പ്രവർത്തിക്കുന്ന മത്സ്യ മാംസമാർക്കറ്റ്, പച്ചക്കറി മാർക്കറ്റ് എന്നിവയാണ്. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന മാർക്കറ്റുകൾ. ഇതിൽ മത്സ്യ-മാംസ മാർക്കറ്റുകൾ പരിമിതമായ സൗകര്യങ്ങളോടെയാണ് പ്രവർത്തിക്കുന്നത്. പച്ചക്കറി മാർക്കറ്റാവട്ടെ പ്രവർത്തന രഹിതവുമാണ്.

ഈ പഞ്ചായത്തിലെ പ്രധാന കാർഷിക ഉല്പന്നങ്ങളാണ് നെല്ല്, കാപ്പി, കുരുമുളക്, വാഴക്കുല, തേയില, ഇഞ്ചി, ചേന, മത്തൻ, ഏലം, പച്ചക്കറികൾ തുടങ്ങിയവ. ഇവ വിറ്റഴിക്കുന്നതിന് കർഷകരെ സഹായിക്കുന്ന വിധത്തിൽ മാർക്കറ്റ് ശക്തമല്ല. കാർഷിക മേഖല വളരുന്നതോടൊപ്പം മാർക്കറ്റും ശക്തമായാൽ മാത്രമേ ഇന്ന് നേരിടുന്ന പ്രതിസന്ധിക്ക് പരിഹാരം കാണാൻ കഴിയൂ.

**ഗ്രാമസഭാ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിലുള്ള നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.**

1. ഓരോ വാർഡിലും അന്തിച്ചന്തകൾ ആരംഭിക്കണം.
2. മാനന്തവാടി-എരുമത്തെരുവിൽ കാർഷിക, ചെറുകിട വ്യാവസായിക ഉല്പന്നങ്ങൾ വിപണനം ചെയ്യാൻ ആഴ്ച ചന്ത തുടങ്ങണം.
3. വള്ളിയൂർക്കാവിൽ ആഴ്ചയിലൊരിക്കൽ കന്നുകാലിച്ചന്ത ആരംഭിക്കണം.
4. ശാസ്ത്രീയമായ രീതിയിൽ മത്സ്യമാംസ മാർക്കറ്റുകൾ നവീനവൽക്കരിക്കണം.

## മാനന്തവാടി ഗ്രാമ പഞ്ചായത്തിൽ നിലവിലുള്ള റോഡുകളുടെ എണ്ണം

### ഗ്രാമസഭാ റിപ്പോർട്ടുകളുടെയും സ്ഥിതിവിവരക്കണക്കുകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത്.

| ക്രമ.ന. | റോഡിന്റെ പേര് | റോഡിന്റെ സ്വഭാവം | | | | |
|---|---|---|---|---|---|---|
| | | ടാറിങ്ങ് | മെറ്റലിങ്ങ് | സോളിങ്ങ് | മണ്ണ് | ചെയ്യേണ്ട പ്രവർത്തിയുടെ സ്വഭാവം. |
| **PWD റോഡുകൾ** | | | | | | |
| 1. | മാന്തവാടി-തലശ്ശേരി (എസ് വളവുവരെ) | 6.500 | - | - | - | ഡ്രെയിനേജ് നിർമ്മിക്കണം. |
| 2. | മാന്തവാടി- മൈസൂർ റോഡ് | 6.400 | | | | റീ ടാറിങ്ങ് |
| 3. | മാനന്തവാടി-കോഴിക്കോട് റോഡ് | 2.000 | | | | ചങ്ങാടക്കടവ് പാലത്തിലേക്കുള്ള അപ്രോച്ച് റോഡ് വീതികൂട്ടണം. ഡ്രയിനേജ് നിർമ്മിക്കണം. |
| 4. | മാനന്തവാടി-കൈതക്കൽ റോഡ് | 7.500 | | | | റീ-ടാർ ചെയ്യണം. ഡ്രെയിനേജ് നിർമ്മിക്കണം. |
| 5. | മാനന്തവാടി- കുളത്തുവയൽ റോഡ് | 0.800 | | | | റീ-ടാർ ചെയ്യണം. ട്രെയിനേജ് നിർമ്മിക്കണം. |
| 6. | കണിയാരം - പിലാക്കാവ് റോഡ് | 3.000 | | | | ഡ്രെയിനേജ് നിർമ്മിക്കണം. |
| 7. | ജില്ലാ ആശുപത്രി റോഡ് | 0.400 | | | | റീ-ടാർചെയ്യണം., ഫുട്പാത്ത് നിർമ്മിക്കണം. |
| 8. | കാട്ടിക്കുളം - പുഞ്ചവയൽ എം.എൽ.എ.റോഡ് | 11.5000 | | | | പാച്ച് റിപ്പേർ ചെയ്യണം. കൂടൽ കടവിൽ പാലം നിർമ്മിക്കണം. |
| 9. | കണിയാരം- തൃശ്ശിലേരി റോഡ് | | | | 2.309 | റോഡ് വീതികൂട്ടി അഭിവൃദ്ധിപ്പെടുത്തലും കൾവർട്ട് നിർമ്മിക്കലും. |
| 10. | ഒണ്ടയങ്ങാടി-തൃശ്ശ്ലേരി റോഡ് | 3.000 | | | | റീ ടാറിങ്ങും ഡ്രെയിനേജ് നിർമ്മിക്കലും. |
| 11. | ബ്ലോക്ക് ആഫീസ് റോഡ് | 0.154 | | | | റീ ടാറിങ്ങും ഡ്രെയിനേജ് നിർമ്മിക്കലും. |
| 12. | കുണ്ടംകുന്ന് റോഡ് | 0.240 | | | | റീ ടാറിങ്ങ് നടത്തണം, ഡ്രയിനേജ് നിർമ്മിക്കണം. |
| 13. | താഴെയങ്ങാടി-ഹൈസ്കൂൾ റോഡ് | 0.450 | | | | സോളിങ്ങ്, മെറ്റലിങ്ങ്, ടാറിങ്ങ്. |
| 14. | പ്രിയദർശിനി റോഡ് പിലാകാവ് | 1.500 | | | | റീ-ടാറിങ്ങ് |
| | | **42.994** | | | **2.759** | |
| | **പഞ്ചായത്ത് റോഡുകൾ** | | | | | |
| 1. | കണിയാരം-ചൂട്ടക്കാവ് റോഡ് | 1.400 | | | | പാച്ച് വർക്ക് ചെയ്യണം. |
| 2. | പോസ്റ്റാഫീസ്-ചൂട്ടക്കടവ് -തവിഞ്ഞാൽ റോഡ് | 4.600 | | | | റീ ടാർ ചെയ്യണം. |
| 3. | മാനന്തവാടി-കമ്മന റോഡ് | 2.400 | | | | ഡ്രെയിനേജ് നിർമ്മിക്കണം. |
| 4. | കൊയിലേരി- പയ്യമ്പള്ളി റോഡ് | 3.700 | - | - | - | - |

INSTITUTE OF LOCAL ADMINIST...
1326

| | | | | | |
|---|---|---|---|---|---|
| 5. | ഓലിയോട്-കുറുക്കൻമൂല റോഡ് | 1.100 | | | റീ ടാറിങ്ങ് നടത്തണം. |
| 6. | ഓണ്ടയങ്ങാടി-പയ്യമ്പള്ളി റോഡ് | 2.700 | | | റീ ടാറിങ്ങ് നടത്തണം. |
| 7. | എരുമത്തെരു ജെസ്സി-പിലാക്കാവ് റോഡ് | 4.225 | 1.530 | | സോളിങ്ങ് ചെയ്തഭാഗം മെറ്റലിങ്ങും ടാറിങ്ങും, 0.550 കി.മീ. റീ ടാർ ചെയ്യണം. |
| 8. | വള്ളിയൂർക്കാവ് - പയ്യം പള്ളി റോഡ് | 2.000 | 0.850 | | 0.850 കി.മീ. മെറ്റലിങ്ങും, ടാറിങ്ങും. |
| 9. | ചെറ്റപ്പാലം-പയ്യമ്പള്ളി | 2.000 | | | — |
| 10. | ചെറ്റപ്പാലം - വള്ളിയൂർക്കാവ് | 0.700 | | | റോഡ് ഉയർത്തി വീണ്ടും ടാർ ചെയ്യണം. ഡ്രെയിനേജ് നിർമ്മിക്കണം. |
| 11. | പൂട്ടക്കടവ്- താഴെയങ്ങാടി റോഡ് | 0.350 | | | റീ-ടാറിങ്ങും സംരക്ഷണ ഭിത്തി നിർമ്മാണം. |
| 12. | കുഴിനിലം-തവിഞ്ഞാൽ റോഡ് | 1.000 | 1.650 | | 1.650 കി.മീ. മെറ്റലിങ്ങ് - ടാറിങ്ങ്. |
| 13. | 54 മൈൽ-പയ്യമ്പള്ളി റോഡ് | 1.000 | 1.700 | | സോളിങ്ങ് ഭാഗം മെറ്റലിങ്ങും ടാറിങ്ങും ചെയ്യണം. |
| 14. | ചെറൂർ-കുറുക്കൻമൂല റോഡ് | 0.700 | | 1.3000 | സോളിങ്ങ്, മെറ്റലിങ്ങ്, ടാറിങ്ങ്, കൾവർട്ട് നിർമ്മാണം. |
| 15. | ആറാട്ടുതറ ഇല്ലത്ത് വയൽ പെരുവക റോഡ് | 2.000 | | | മെറ്റലിങ്ങ്, ടാറിങ്ങ്, കലുങ്ക് പുനർനിർമ്മാണം. |
| 16. | അമ്പുകുത്തി-കല്ലുമൊട്ടം കുന്ന് | 2.800 | | | പാച്ച് റിപ്പേർ ചെയ്യണം. |
| 17. | കണിയാരം - ഒഴക്കോടി റോഡ് | 0.900 | 1.000 | 1.300 | സോളിങ്ങ്, മെറ്റലിങ്ങ്, ടാറിങ്ങ്, പൂർത്തിയാക്കണം, പാലാകുളിപ്പുഴ പാലം നിർമ്മാണം. |
| 18. | കണിയാരം ചെറുപുഴ കനാൽ റോഡ് | | 1.420 | | മെറ്റലിങ്ങ്, ടാറിങ്ങ്, കൾവർട്ട് നിർമ്മാണം. |
| 19. | ഒണ്ടയങ്ങാടി - എടപ്പടിക്കുന്ന് റോഡ് | 1.000 | 1.500 | | ടാർഭാഗം പാച്ച് വർക്ക്, ബാക്കിഭാഗം, സോളിങ്ങ്, മെറ്റലിങ്ങ്, ടാറിങ്ങ്. |
| 20. | ഒണ്ടയങ്ങാടി-എടപ്പടികുന്ന് റോഡ് | 1.000 | | 1.500 | ടാർഭാഗം |
| 21. | 52ാം മൈൽ ചെന്നലായി റോഡ് | 0.800 | | | - |
| 22. | പയ്യമ്പള്ളി മുട്ടങ്കര റോഡ് | | 2.800 | | മെറ്റലിങ്ങ്,ടാറിങ്ങ്, കൾവർട്ട് നിർമ്മാണം. |
| 23. | ഗോരിമൂല-പരിയാരം കുന്ന് ആദിവാസി | | | | |
| | കോളനിറോഡ് | 0.700 | | | റീ- ടാറിങ്ങും ഡ്രെയിനേജ് നിർമ്മാണം. |
| 24. | പുതിയിടം-താന്നിക്കൽ റോഡ് | 0.600 | 0.760 | | ടാറിങ്ങ് ഭാഗം റീ ടാറിങ്ങ്, ബാക്കി സോളിങ്ങ് മെറ്റലിങ്ങ്, ടാറിങ്ങ്. |
| 25. | എരുമത്തെരുവ് - അടുവാൻകുന്ന് | 0.800 | | | - |
| 26. | കണിയാരം വാളോലിൽ റോഡ് | | 0.650 | | മെറ്റലിങ്ങും ടാറിങ്ങും |
| 27. | ടൗൺ ഹാൾ റോഡ് | 3.000 | | | - |

| | | | | | | |
|---|---|---|---|---|---|---|
| 28. | വടേരി-പടച്ചിക്കുന്ന് | 0.800 | | | | - |
| 29. | ഗോരിമൂല-കണിയാരം | | | | | |
| | ട്രെയിനിങ്ങ് സ്കൂൾ ലിങ്ക് റോഡ് | 0.450 | | | | - |
| 30. | അംബേദ്കർ റോഡ് | 0.232 | 0.210 | | | ടാറിങ്ങ് പൂർത്തിയാക്കണം |
| 31. | വടേരി പെറ്റപ്പാലം റോഡ് | 1.000 | | | | |
| 32. | പെരുവക മുത്തപ്പൻ കാവ് റോഡ് | 1.000 | | | - | |
| 33. | ജില്ലാ ആശുപത്രി- താഴെയങ്ങാടി റോഡ് | | | 0.150 | | കോൺക്രീറ്റ് ചെയ്യണം |
| 34. | മുദ്രമൂല-പള്ളിയറകൊല്ലി റോഡ് | | | | 0.600 | വീതികൂട്ടി സോളിങ്ങ് ചെയ്യണം. |
| 35. | എടപ്പടി-കല്യോട്ട് കുന്ന് റോഡ് | | | | 1.000 | സോളിങ്ങും കൾവർട്ട് നിർമാണവും. |
| 36. | ഒണ്ടയങ്ങാടി വരടിമൂല റോഡ് | | | | 1.000 | സോളിങ്ങും മെറ്റലിങ്ങും, ടാറിങ്ങും. |
| 37. | താന്നിക്കൽ -പയ്യംപള്ളി റോഡ് | | | | 1.380 | സോളിങ്ങ്, മെറ്റലിങ്ങ്, ടാറിങ്ങും. |
| 38. | എരുമതെരു - കൂനാർ വയൽ | | | | | |
| | ചെറ്റപ്പാലം റോഡ് | | | | 1.300 | റോഡ് ഫോർമേഷൻ, സംരക്ഷണഭിത്തി നിർമ്മാണം, സോളിങ്ങ് |
| 39. | കുറക്കൻമൂല - ചെറൂർ | | | | | |
| | ആദിവാസി കോളനിറോഡ് | | | | 0.700 | വീതികൂട്ടി സോളിങ്ങ് നടത്തണം. |
| 40. | ഒണ്ടയങ്ങാടി മുദ്രമൂല | | | | | |
| | ആദിവാസി കോളനി റോഡ് | | | 1.350 | | മെറ്റലിങ്ങ്, ടാറിങ്ങ്. |
| 41. | ചെറുപുഴ-മുതിശേരി റോഡ് | | | | 2.500 | സോളിങ്ങും, കൾവർട്ട് നിർമ്മിക്കലും, 1.250 8 cm വീതിയിൽ മൺപണി തീർത്തിട്ടുണ്ട്. |
| 42. | ചെറ്റപ്പാലം-വരടിമൂല റോഡ് | 0.600 | | | 0.800 | 800 മീറ്റർ മെറ്റലിങ്ങ് - ടാറിങ്ങ്. |
| 43. | കൊയിലേരി-പാലക്കടവ് അപ്രോച്ച് റോഡ് | 0.078 | | | - | |
| 44. | കൊയിലേരി പൊട്ടൻ കൊല്ലി | | | | | |
| | ആദിവാസി കോളനി റോഡ് | 0.750 | | | 1.050 | സോളിങ്ങ്, മെറ്റലിങ്ങ്, ടാറിങ്ങ്. |
| 45. | ചെറ്റപ്പാലം-പാട്ടവയൽ 52-ാം മൈൽ റോഡ് | | | 2.000 | 0.160 | "" |
| 46. | അമ്പുകുത്തി-കോട്ടക്കുന്ന് റോഡ് | | | | 0.800 | വീതി കൂട്ടി സോളിങ്ങ് നടത്തണം. |
| 47. | പുതിയിടം - പുളിക്കൽ മുദ്രക്കൊല്ലി റോഡ് | | | 1.000 | 2.100 | സോളിങ്ങ് ഭാഗം ടാറിങ്ങ്, ബാക്കി സോളിങ്ങ്, കൾവർട്ട് |
| 48. | മക്കിക്കൊല്ലി-ഒഴക്കോടി റോഡ് | | | 1.580 | | മെറ്റലിങ്ങും ടാറിങ്ങും. |

| | | | | | | |
|---|---|---|---|---|---|---|
| 49. | താന്നിക്കൽ-നടവയൽ കോളനി റോഡ് | | | 1.232 | | “ |
| 50. | പാൽവെളിച്ചം-പുഴക്കര ഭഗവതി ക്ഷേത്രംറോഡ് | | | 1.000 | ” | “ |
| 51. | ആറാട്ടുതറ - പച്ചടിക്കുന്ന് റോഡ് | | | 1.000 | | മെറ്റലിങ്ങും ടാറിങ്ങും. |
| 52. | താഴെയങ്ങാടി- താലൂക്ക് ആഫീസ് ജംഗ്ഷൻ റോഡ് | | | 0.250 | | റോഡുപണി പൂർത്തിയാക്കൽ സർക്കാർ ഭൂമി ലഭ്യമാക്കണം. |
| 53. | പിലാക്കാവ് -വാളാട് കുന്ന് റോഡ് | | | | 0.630 | വീതികൂട്ടി സോളിങ്ങ് നടത്തണം. |
| 54. | കല്യോട്ട് -എടപ്പടി (വഴി ചോയിമൂല) റോഡ് | | | | 1.000 | വീതികൂട്ടി സോളിങ്ങ് നടത്തണം, കൾവർട്ട് നിർമ്മിക്കണം. |
| 55. | ആറാട്ടുതറ-മണ്ഡപക്കുന്ന്- പടച്ചിക്കുന്ന് റോഡ് | | | | 0.450 | “ |
| 56. | വടേരി-പരടിമൂല റോഡ് | | | 0.500 | | ബാക്കി ഭാഗം പണിതീർക്കണം. |
| 57. | കുഴിനിലം - പണിയക്കോളനിറോഡ് | | | 0.400 | | മെറ്റലിങ്ങും ടാറിങ്ങും. |
| 58. | കുഴിനിലം-പണിയക്കോളനി റോഡ് | | | 1.000 | | |
| 59. | കുഴിനിലം ആടുവാൻകുന്ന്-പുത്തൻ പുര റോഡ് | | | | 1.000 | വീതികൂട്ടി സോളിങ്ങ് നടത്തണം. |
| 60. | കൈതക്കൊല്ലി മുദ്രമൂല റോഡ് | | | | 1000 | “ |
| 61. | ചെമ്മാട് കോളനി റോഡ് | | | | 2.000 | റോഡ് ഫോർമേഷൻ, കൾവർട്ട് നിർമ്മാണം. |
| 62. | എരുമത്തെരുവ്-കാമാക്ഷിയമ്മൻകോവിൽ റോഡ് | | | | 0.200 | സോളിങ്ങ്, മെറ്റലിങ്ങ്, ടാറിങ്ങ്. |
| 63. | ചോലവയൽ -പൊട്ടൻ കൊല്ലി റോഡ് | | | | 0.650 | സോളിങ്ങ് നടത്തണം. |
| 64. | ആറാട്ടുതറ കുന്ന് റോഡ് | | | | 0.800 | വീതി കൂട്ടി സോളിങ്ങ് നടത്തണം. |
| 65. | കണിയരം കല്ലുമൊട്ടം കുന്ന് | | | | 1.8000 | - - |
| 66. | മക്കിക്കൊല്ലി-തവിഞ്ഞാൽ റോഡ് | | | | 1.300 | സോളിങ്ങ് നടത്തണം. |
| 67. | പെരുവക- കൂവളമൊട്ടും കുന്ന് പാണിവയൽ റോഡ് | | | | 1.000 | വീതികൂട്ടി സോളിങ്ങ് നടത്തണം. |
| 68. | കൂവളമൊട്ടും കുന്ന് റോഡ് | | | | 1.000 | “ |
| 69. | മാനന്തവാടി പത്തിയവയൽ റോഡ് | | | 0.600 | | മെറ്റലിങ്ങും ടാറിങ്ങും. |
| 70. | കണിയാരം-വിളനിലം റോഡ് | | | | 1.800 | റോഡ് ഫോർമേഷൻ, ,സംരക്ഷണഭിത്തി നിർമ്മാണം |
| 71. | പുതിയിടം -ആടുമാറി- ആറാട്ടുതറ റോഡ് | | | | 0.800 | വീതികൂട്ടലും സോളിങ്ങും. |
| 72. | പാലാക്കുളി- കൂളികാവ് -കണിയാരം റോഡ് | | | | 1.800 | ” |
| 73. | ” പിലാക്കാവ് - അടിവാരം-നമ്പൂരിക്കുന്ന് റോഡ് | | | | 2.000 | അഭിവൃദ്ധിപ്പെടുത്തലും കലുങ്കുനിർമ്മാണവും |
| 74. | പിലാക്കാവ് വട്ടർകുന്ന്, നമ്പൂരിക്കുന്ന് റോഡ് | | | | 2.000 | ” |
| | | 40.685 | 0.210 | 27.122 | 40.020 | |

പഞ്ചായത്ത് പുതുതായി ഏറ്റെടുക്കേണ്ട റോഡും അവയ്ക്ക് ചെയ്യേണ്ട ജോലികളും ഗ്രാമസഭ നിർദ്ദേശങ്ങളിൽ നിന്നും പട്ടികപ്പെടുത്തുന്നു.

പഞ്ചായത്ത് പുതുതായി ഏറ്റെടുത്ത് നടപ്പിലാക്കേണ്ട റോഡുകൾ, നടപ്പാതകൾ, പാലങ്ങൾ എന്നിവ

അവലംബം: ഗ്രാമസഭാ റിപ്പോർട്ട്.

| ക്രമനമ്പർ | വാർഡ് | റോഡിന്റെ പേര് | ദൂരം കി.മീ. | ചെയ്യേണ്ട പ്രവൃത്തികളുടെ വിവരം |
|---|---|---|---|---|
| 1. | I | പിലാക്കാവ് ചിറക്കര-തലപ്പുഴ റോഡ് | 5.000 | പഞ്ചായത്ത് ഏറ്റെടുത്ത് സോളിങ്ങ്, മെറ്റലിങ്ങ്, ടാറിങ്ങ് നടത്തണം. |
| 2. | | പണിച്ചിപ്പാലം മുതൽ 26 വരെയുള്ള റോഡ് | 1.500 | പഞ്ചായത്ത് ഏറ്റെടുത്ത് വീതികൂട്ടി അഭിവൃദ്ധിപ്പെടുത്തലും പാലം നിർമ്മിക്കലും. |
| 3. | | കണ്ണോത്ത് വയൽ - പഞ്ചാരക്കൊല്ലി റോഡ് | 4.000 | അഭിവൃദ്ധിപ്പെടുത്തലും കലുങ്കുകൾ നിർമ്മിക്കലും. |
| 4. | | പണിച്ചിപ്പാലം-പുതിയിടം റോഡ് | 1.000 | വീതികൂട്ടി ഗതാഗതയോഗ്യമാക്കണം. |
| 5. | | വട്ടർകുന്ന്-കുറ്റിമൂല റോഡ് | 1.000 | അഭിവൃദ്ധിപ്പെടുത്തി ഗതാഗത യോഗ്യമാക്കുക. കലുങ്കുകൾ നിർമ്മിക്കുക. |
| 6. | | പ്രിയദർശിനി- തറാട്ടുകോളനി റോഡ് | 2.000 | അഭിവൃദ്ധിപ്പെടുത്തി ഗതാഗതയോഗ്യമാക്കുക, തോടിന് നടപ്പാലം പണിയുക. |
| 7. | | താഴെ ചിറക്കര- 24 റോഡ് | 1.000 | ടാർ ചെയ്യണം. |
| 8. | | മൂച്ചിക്കൽ നടപ്പാത | 0.200 | കല്ലു പതിക്കണം. |
| 9. | | മുരിങ്ങേക്കൽ നടപ്പാട | 0.200 | കല്ലുപതിക്കണം. |
| 10. | | പള്ളിത്തൊടി നടപ്പാത | 0.150 | do |
| 11. | | 24 ൽ നിന്ന് കണ്ണോത്ത് വയലിലേക്ക് നടപ്പാത | 0.200 | do |
| 12. | | E.C. സ്റ്റോർ റോഡിന് കൾവർട്ട് | - | വാഹനം പോകുന്ന വീതിയിൽ നിർമ്മിക്കണം. |
| 13. | | പഞ്ചാരക്കൊല്ലി നടപ്പാലം | - | മരപ്പാലം മാറ്റി കോൺക്രീറ്റ് നടപ്പാതയാക്കണം. |
| 14. | | അമ്പുകുത്തി-ഇല്ലത്തുമൂല റോഡ് വേണം. | 1.200 | റോഡ് വീതികൂട്ടി ഗതാഗതയോഗ്യമാക്കണം. |
| 15. | | കല്ലുമൊട്ടം കുന്ന് | - | കണിയാരം റോഡ് |
| 16. | | ജെസ്സി - കല്ല്യോട്ട് കുന്ന് റോഡ് | 0.900. | വെള്ളോട്ടിൽ റോഡിന് മരപ്പാലം മാറ്റി കോൺക്രീറ്റ് പാലമാക്കണം, സോളിങ്ങ്, മെറ്റലിങ്ങ് ടാറിങ്ങ്. |
| 17. | | അമ്പുകുത്തി - ചെന്നലായി റോഡ് | 0.700 | അഭിവൃദ്ധിപ്പെടുത്തലും കലുങ്ക് നിർമ്മാണവും. |
| 18. | | അമ്പുകുത്തി കല്യാട്ട് കുന്ന് റോഡ് | 1.500 | വീതികൂട്ടി അഭിവൃദ്ധിപ്പെടുത്തൽ. |
| 19. | | അമ്പുകുത്തി-കോളിമൊട്ടൻകുന്ന് I.H.R.D.P.C. കോളനി | 1.500 | പഞ്ചായത്ത് ഏറ്റെടുത്ത് ഗതാഗതയോഗ്യമാക്കണം. |
| 20. | | ജെസ്സി എസ്റ്റേറ്റ് - കുമാരമല റോഡ് | 2.00 | പഞ്ചായത്ത് ഏറ്റെടുത്ത് ഗതാഗതയോഗ്യമാക്കണം |
| 21. | | നിർമ്മല റൈസ് മിൽ ചൂരിയാറ്റിൽ റോഡ് | 1.000 | പഞ്ചായത്ത് ഏറ്റെടുത്ത് ഗതാഗത യോഗ്യമാക്കണം. |
| 22. | | കല്ലുമൊട്ടാംകുന്ന് കണിയാരം കനാൽ റോഡ് | 0.600 | do |

| | | | | |
|---|---|---|---|---|
| 23. | | സെമിനാരി - ഗോരിമൂല റോഡ് | 1.000 | do |
| 24. | | അമ്പുകുത്തി-പള്ളിക്കുന്ന് റോഡ്, ക്രോസ് റോഡ് | 0.500 | do |
| 25. | | അമ്പുകുത്തി-പള്ളിക്കുന്ന് റോഡ് ക്രോസ്റോഡ് | 0.500 | do |
| | III | | | |
| 26. | | കണിയാരം-പാണൻകുന്ന് റോഡ് | 1.00 | ഗതാഗതയോഗ്യമാക്കണം. |
| 27. | | അണക്കെട്ട് -കനാൽ റോഡ് | 0.600 | do |
| 28. | | കുഴിനിലം-കുളമ്പാട്ട് റോഡ് | 1.00 | സോളിങ്ങ് നടത്തണംയ |
| 29. | | കുഴിനിലം- കുളിരേരിക്കുന്ന് ഫുട്ട്പാത്ത് | 1.000 | ഫുട്ട്പാത്താത്തി കല്ലുപതിക്കണം. |
| | IV | | | |
| 31. | | കുഴിനിലം-ആനിക്കുഴി പാലാക്കുളിറോഡ് | 1.000 | വീതികൂട്ടി സോളിങ്ങ് ചെയ്യണം. |
| 32. | | ഒഴക്കൊടി ശ്രീകൃഷ്ണക്ഷേത്രം റോഡ് | 2.500 | വീതികൂട്ടി സോളിങ്ങ് ചെയ്യണം. കലുങ്ക് നിർമ്മിക്കണം. |
| 33. | | ചെറുപുഴ പാലം | - | നിലവിലുള്ള പാലം ഉയർത്തി വീണ്ടും പണിയണം. |
| 34. | | കുഴിനിലം-പാലാക്കുളി റോഡ് | 0.800 | റോഡ് പുതുതായി നിർമ്മിച്ച് ഗതാഗതയോഗ്യമാക്കണം. |
| 35. | | തവിഞ്ഞാൽ പത്തിൻ റോഡ് | 1.000 | do |
| 36. | | ഒഴക്കൊടി - പാലാക്കുളി റോഡ് | 1.000 | do |
| 37. | | നിരവത്ത് - പൊൻകുന്നം റോഡ് . | 400 | do |
| 38. | | ശ്രീനാരായണ ലോഡ്ജ് ക്ലബ് കുന്ന് റോഡ് | 0.500 | ഫോർമേഷൻ, കലുങ്കുകൾ നിർമ്മിക്കുക. |
| 39. | | ബസ്റ്റാന്റ് - കോൺസെന്റ് കുന്ന് നടപ്പാത | 0.300 | കല്ല് പതിക്കണം. |
| 40. | | പെരുവക-പാത്തിവയൽ പടച്ചിക്കുന്ന് റോഡ് | 1.800 | വീതികൂട്ടി സൈഡ് കെട്ടണം, കലുങ്ക് നിർമ്മാണം സോളിങ്ങ്. |
| 41. | | മേച്ചേരിക്കുന്ന് താഴ്ഭാഗം റോഡ് | 1.000 | do |
| 42. | | ഡി.എം. കോൺവെന്റ് ആനപ്പാത്തിവയൽ റോഡ് | 1.500 | |
| 43. | | ചെറ്റപ്പാലം ആടുവാൻകുന്ന് റോഡ് | 0.60 | റോഡുനിർമ്മാണം. |
| 44. | | ബസ്സ്റ്റാന്റ് - നമ്പിടിക്കുന്ന് നടപ്പാത | 0.200 | do |
| 45. | | കെ.എസ്.ഇ.ബി.യുടെ മുൻവശത്തുനിന്നുള്ള നടപ്പാത | 0.150 | d0 |
| 46. | | വീണ തിയേറ്റർ, ഡയാനാ ഇൻഡോർ സ്റ്റേഡിയം<br>പെരുവക റോഡ് | | |
| | VII | | | |
| 47. | | 52-ാം മൈൽ അമ്പുകുത്തി റോഡ് | 2.00 | കൾവർട്ട് നിർമ്മാണം. സോളിങ്ങ്. സംരക്ഷണഭിത്തി. |

| | | | | |
|---|---|---|---|---|
| 48. | | എടപ്പെടി ചോയിമൂല-ജെസ്സിറോഡ് | 3.00 | കലുങ്കുകൾ നിർമ്മാണം,വീതികൂട്ടൽ, സോളിങ്ങ് |
| 49. | | എടപ്പടി കോളനിറോഡ് | 0.200 | സോളിങ്ങ് നടത്തണം. |
| 50. | | ജെസ്സി റോഡിൽ ആലിഹാജിയുടെ കടയുടെ | | |
| | | അടുത്ത് നിന്നുള്ള നടപ്പാത | 0.750 | കല്ലുപതിക്കണം. |
| 51. | VII | ചെന്നലായി കോറി റോഡ് | 0.300 | റോഡ് പുതുതായി നിർമ്മിച്ച് ഗതാഗതയോഗ്യമാക്കണം. |
| 52. | | തൃശ്ശിലേരി-മൊട്ട എടപ്പടി റോഡ് | 0700. | d0 |
| 53. | | പടച്ചിക്കുന്ന്- ഇല്ലത്തുൽ റോഡ് | 1.000 | d0 |
| 54. | | മണ്ഡവം കുന്ന്, പടച്ചിക്കുന്ന് റോഡ് | 0.800 | |
| 55. | | കോട്ടക്കുന്ന് ഫൂട്ട്പാത്ത് - | | |
| 56. | VIII | | | |
| 57. | | മുത്തപ്പൻകാവ് ഇല്ലത്തുവയൽ റോഡ് | 1.000 | കലുങ്കുനിർമ്മാണം, സംരക്ഷണഭിത്തിനിർമ്മിച്ച് റോഡ് ഉയർത്തൽ |
| 58. | | പടച്ചിക്കുന്ന് കുളങ്ങരക്കുന്ന് റോഡ് | 2.000 | do |
| 59. | | ഒരപ്പുകുന്ന് ആറാട്ടുകര റോഡ് | 1.000 | do |
| 60. | | ആറാട്ടുതറ- നാഗത്താൻകാവ് റോഡ് | 1.500 | do |
| 61. | | പെരുവക-പുലിക്കടവ് റോഡ് | 0.500 | വീതികൂട്ടി സോളിങ്ങ് നടത്തണം. |
| 62. | | ചങ്ങാടക്കടവ് കള്ളംകൊല്ലി റോഡ് | 0.700 | സോളിങ്ങ് നടത്തണം. |
| 63. | | പെരുവക-ലക്ഷംവീട് കോളനിറോഡ് | 0.300 | വീതികൂട്ടി സോളിങ്ങ് നടത്തണം. |
| 64. | | കരിന്തിരിക്കടവ് പാലം | | പാലം നിർമ്മിക്കാൻ നടപടി സ്വീകരിക്കണം. |
| 65. | | ഒരപ്പുകുന്ന് കുളങ്ങരക്കുന്ന് റോഡജ് | 0.700 | റോഡ് നിർമ്മിച്ച് ഗതാഗതയോഗ്യമാക്കണം. |
| | IX | പാട്ടവയൽ -കോളനിറോഡ് | 0.800 | വീതികൂട്ടി കയറ്റം കുറച്ച് സോളിങ്ങ് നടത്തണം. |
| 67. | | വരടിമൂല-ചെറ്റപ്പാലം റോഡ് | 1.500 | റോഡും കൾവർട്ടും നിർമ്മിക്കണം. |
| 68. | | തോണിക്കടവ് - വള്ളിയൂർക്കാവ് റോഡ് | 0.500 | റോഡ് ഉയർത്തണം. |
| 69. | | കണ്ണിവയൽ -നടവയൽ കോളനി റോഡ് | 2.000 | വീതി കൂട്ടി സോളിങ്ങ് നടത്തണം. |
| | X | | | |
| 70. | | മേലെ 54-കോതമംഗലം കുറുക്കൻമൂല റോഡ് | 2.50 | വീതികൂട്ടി,കൾവർട്ട് നിർമ്മിച്ച് സോളിങ്ങ് നടത്തണം. |
| 71. | | കുറുക്കൻമൂല - ചെറൂർ കോതമ്പാറ്റക്കുന്ന്, റോഡ് | 1.500 | do |
| 72. | | പടമല-ദേവവട്ടം റോഡ് | 1.000 | do |
| 73. | | കുറുക്കൻമൂല - കാവേരിപൊയിൽ റോഡ് | 1.00 | " |

| | | | | |
|---|---|---|---|---|
| 74. | | മുണ്ടകപ്പാളി- പയ്യംപള്ളി റോഡ് | 1.500 | " |
| 75. | | കൂടൽക്കടവ് - ചാലിഗദ്ധറോഡ് | 3.00 | റോഡ് പുതുതായി നിർമ്മിച്ച് കൾവർട്ട് നിർമ്മിക്കണം. |
| 76. | | നെല്ല്യാട്ടു കോളനിറോഡ് | 1.500 | വീതികൂട്ടി സോളിങ്ങ് നടത്തണം. |
| 77. | | താഴെ നെല്ല്യാട്ടുകോളനിറോഡ് | 2.000 | |
| | XI | | | |
| 78. | | മണിമുട്ടിൽ കോളനി റോഡ് | 1.000 | സോളിങ്ങ് നടത്തണം. |
| 79. | | മുട്ടംങ്കര പയ്യമ്പള്ളി റോഡിൽ നിന്ന് | | |
| | | പുഴയിലേക്കുള്ള റോഡ് | 1.50 | വീതികൂട്ടി ഗതാഗതയോഗ്യമാക്കണം. |
| 80. | | നെല്ല്യാട്ടുകോളനി ശ്മശാനം രോഡ് | 0.500 | റോഡ് നിർമ്മിക്കണം. |
| 81. | XII | പയ്യമ്പള്ളി കോളനി റോഡ് | 0.80 | വീതികൂട്ടു സോളിംങ്ങ് നടത്തണം. |
| 82. | | ആറാട്ടുതറ അംഗൻവാടി റോഡ് | 1.000 | do |
| 83. | XIII | കുറ്റിമൂല കോളനി- വട്ടർകുന്ന് റോഡ് | 1.500 | റോഡ് നിർമ്മിച്ച് ഗതാഗതയോഗ്യമാക്കണം. |
| 84. | | കുറ്റിമൂല ജഡ്ജിക്കുന്ന് ഫുട്ട്പാത്ത് | 0.200 | നന്നാക്കണം. |
| 85. | | പിലാക്കാവ് അടിവാരം ഫുട്പാത്ത് | 0.400 | do |
| 86. | | കുറ്റിമൂല - വെള്ളാട്ടിൽ റോഡ് | 0.800 | do |
| 87. | | വെള്ളിനിലം - ജെസ്സി റോഡ് | 1.500 | do |
| 88. | | വാളാട് കുന്ന് -മണിയൻകുന്ന് റോഡ് | 1.000 | do |
| 89. | | അടിവാരം-വട്ടർകുന്ന് ഫുട്പാത്ത് | - | അഭിവൃദ്ധിപ്പെടുത്തണം. |
| 90. | | അടിവാരം പിലാമൂലക്കുന്ന് ഫുട്ട്പാത്ത് | - | do |
| 91. | | കക്കുന്ന് വാട്ടർകുന്ന് ഫൂട്ട്പാത്ത് | - | do |
| 92. | | മണിയൻകുന്ന് - ജെസ്സി ഫൂട്ട്പാത്ത് | - | do |
| | XIV | | | |
| 93. | | എരുമത്തെരുവ് അംബേദ്കർ റോഡ് | | |
| | | ജംഗ്ഷൻ-പൊലമൊട്ടം കുന്ന് റോഡ് | 1.000 | റോഡ് ഏറ്റെടുത്ത് വീതികൂട്ടി ഗതാഗതയോഗ്യമാക്കണം. |
| 94. | | പൊലമട്ടം കുന്ന് -ക്ലബ്ബ് ജംഗ്ഷൻ ചൂട്ടക്കടവ് റോഡ് | 1.000 | do |
| 95. | | പരിയാരംകുന്ന്-ജംഗ്ഷൻ- ചൂട്ടക്കടവ് റോഡ് | 0.800 | do |
| 96. | | പരിയാരം കുന്ന് സബ് സ്റ്റേഷൻ റോഡ് | 1.000 | do |
| 97. | | എരുമത്തെരുവ് വനിതോ പോസ്റ്റൽ റോഡ് | 0.400 | do |
| | | | 101.450 | |

# 5(7) പാർപ്പിടം സാമൂഹ്യക്ഷേമം



മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങളിലൊന്നാണ് പാർപ്പിടം. ആദിമ മനുഷ്യന്റെ വാസസ്ഥലമായിരുന്ന ഗുഹക്ളിൽ തുടങ്ങി മരങ്ങളും പച്ചിലകളും ഉപയോഗിച്ച് നിർമ്മിച്ച കുടിലുകളിലൂടെ ആധുനിക സൗകര്യങ്ങളോടുകൂടിയ ബഹുനില കോൺക്രീറ്റ് മന്ദിരങ്ങൾവരെ എത്തിനിൽക്കുന്നതാണ് മനുഷ്യന്റെ പാർപ്പിട സൗകര്യങ്ങൾ.

മാനന്തവാടി പഞ്ചായത്തിൽ ബ്രിട്ടീഷ് ഭരണകാലത്തു തന്നെ ഏതാനും ഓടുമേഞ്ഞ വീടുകൾ നിലവിലുണ്ടായിരുന്നു. ആദ്യകാലങ്ങളിൽ ഇന്നു നിലവിലുള്ള ഓടുകൾക്ക് പകരം പാത്തി ഓടുകളായിരുന്നു (ചിരട്ട ഓട്) ഉപയോഗിച്ചിരുന്നത്. അക്കാലത്ത് സാമ്പത്തികമായി പിന്നോക്കം നിന്നവരും ആദിവാസി വിഭാഗവും മുളകൊണ്ട് മെടഞ്ഞ് (മെടല) മണ്ണു തേച്ച ചുവരുകളും, വൈക്കോൽ പുതച്ച മേൽക്കൂരയും ചാണകം മെഴുകിയ തറകളോടുകൂടിയതുമായ വീടുകളായിരുന്നു ഉപയോഗിച്ചചിരുന്നത്. കഠിനമായ തണുപ്പ്, മഞ്ഞ് എന്നിവയിൽനിന്നും രക്ഷമേടുന്നതിനുപയുക്തമായ രീതിയിൽ ജനലുകളില്ലാതെ ഉയരം കുറഞ്ഞ വാതിലുകളും താഴ്ന്ന ഇറകളും അക്കാലത്തെ വീടുകളുടെ പ്രത്യേകതയായിരുന്നു.

1940 കളിൽ കേരളത്തിന്റെ ഇതര ജില്ലകളിൽനിന്നും ഈ പ്രദേശത്തേക്ക് വൻതോതിലുണ്ടായ കുടിയേറ്റത്തോടുകൂടിയാണ് ഇവിടെ വീടുകളുടെ എണ്ണം വർദ്ധിച്ചത്. ഈ വീടുകളും പുല്ലുമേഞ്ഞവ തന്നെയായിരുന്നു. അക്കാലത്ത് ധാരാളമായി ലഭ്യമായിരുന്ന മുളയും വൈക്കോലും ഇത്തരം വീടുകളുടെ നിർമ്മാണത്തിനുപയോഗിച്ചു. 1960 മുതലാണ് ഓടുമേഞ്ഞ വീടുകൾ വ്യാപകമായത്. ഇക്കാലത്ത് ധാരാളം മരം ലഭ്യമായിരുന്നതിനാൽ വീടുകൾക്ക് തണുപ്പിൽ നിന്നും ചൂടിൽ നിന്നും

രക്ഷനേടുന്നതിന് ഇത് സഹായിച്ചു. ഇക്കാലത്ത് ചുവരുകൾ നിർമ്മിക്കുന്നതിന് ഇഷ്ടിക ഉപയോഗിച്ചിരുന്നു. ഒരു ചെറിയ ശതമാനം വീടുകൾക്ക് സിമന്റുതറയും ഉണ്ടായിരുന്നു. എങ്കിലും ഓടുമേഞ്ഞ വീടുകളുടെ എണ്ണം വളരെയധികം വർദ്ധിച്ചത് 70 കളിലാണ്. വയലുകളിൽ നെൽകൃഷി ചുരുങ്ങുകയും, മുള ആവശ്യത്തിന് ലഭ്യമല്ലാതാവുകയും ചെയ്തതോടെ ഓട്, ഓല, തുടങ്ങിയവ ഉപയോഗിച്ച് വീടുകൾ മേയാൻ ജനങ്ങൾ നിർബന്ധിതരായി. എൺപതുകളിലാണ് ഈ പ്രദേശത്ത് കോൺക്രീറ്റ് വീടുകൾ വ്യാപകമാവാൻ തുടങ്ങിയത്. ഇതോടൊപ്പം വീടുകളുടെ തറ മൊസൈക്, കടപ്പ തുടങ്ങിയവകൊണ്ട് നിർമ്മിക്കുവാനും തുടങ്ങി.

താലൂക്കാസ്ഥാനമായ മാനന്തവാടി പഞ്ചായത്തിൽ 1991 ലെ സെൻസസുപ്രകാരം 37836 ആണ് ജനസംഖ്യ പഞ്ചായത്തിലിപ്പോൾ 8361 വീടുകളാണുള്ളത്. ഇവയിൽ ഓടുമേഞ്ഞ തറ, കോൺക്രീറ്റ് മേൽകൂരകളോടുകൂടിയതുമായ വീടുകൾ 5063 ആണ്. 2532 വീടുകൾ ഓലയോ, പുല്ലോ മേഞ്ഞതാണ്. കൂടാതെ 766 കുടിലുകളുമുണ്ട്. ഇവയുടെ വാർഡു തിരിച്ചുള്ള വിവരങ്ങൾ പട്ടിക ഒന്നിലും (ജനറൽ) രണ്ടിലും (പട്ടിക ജാതി പട്ടികവർഗ്ഗം) അനുബന്ധമായി ചേർത്തിരിക്കുന്നു. ഈ വീടുകളിൽ 854 എണ്ണം താമസയോഗ്യല്ലാത്തതാണ് എന്ന് പ്രാഥമിക വിവര റിപ്പോർട്ടുകളിൽ നിന്നും വ്യക്തമായിട്ടുണ്ട്. കൂടാതെ ഈ പഞ്ചായത്തിൽ ഭവനരഹിതരായ ആകെ 1286 കുടുംബങ്ങളുണ്ട്. കണക്കുകൾ പട്ടിക ഒന്ന്, രണ്ട് എന്നിവയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

വീടുകളുടെ തരംതിരിച്ച പട്ടിക (ജനറൽ)

പട്ടിക 1

| | |
|---|---|
| ഓട്/ കോൺക്രീറ്റ് | 4250 |
| ഓല/ പുല്ല് | 2235 |
| കുടിൽ | 569 |
| ആകെ | 7054 |
| താമസ യോഗ്യമല്ലാത്തത് | 549 |
| കക്കൂസ് ഇല്ലാത്തത് | 3415 |
| ഭവനരഹിതർ | 748 |

പട്ടിക – 2

മാനന്തവാടി ഗ്രാമ പഞ്ചായത്തിലെ വീടുകളുടെ തരംതിരിച്ചുള്ള പട്ടിക (പട്ടക്ജാതി – പട്ടികവർഗ്ഗം)

| | |
|---|---|
| ഓട്/കോൺഗ്രീറ്റ് | 813 |
| പുല്ല്/ഓല | 297 |
| കുടിൽ | 197 |
| ആകെ | 107 |
| താമസയോഗ്യമല്ലാത്തത് | 305 |
| കക്കൂസില്ലാത്തത് | 1207 |
| ഭവനരഹിതർ | 538 |

ഈ പഞ്ചായത്തിലെ ഭൂരിഭാഗം ജീവനക്കാരും കച്ചവടക്കാരും പുറംജില്ലകളിൽ നിന്നുള്ളവരാണ്. അതുകൊണ്ടുതന്നെ വാടക വീടുകളെയാണ് ഇവരിൽ ഭൂരിഭാഗവും ആശ്രയിക്കുന്നത്. ഉള്ളവയിൽതന്നെ സൗകര്യങ്ങൾ വളരെ പരിമിതമാണ്. വാടകവീടുകളുടെ അപര്യാപ്തതമൂലം വളരെയധികം പ്രയാസങ്ങൾ അനുഭവപ്പെടുന്നുണ്ട്. ദാരിദ്ര്യരേഖക്ക് താഴെയുള്ളവർക്കായി ഗ്രാമപഞ്ചായത്തുവഴിയും ബ്ലോക്കുവഴിയും വീടുനിർമ്മിച്ചു നൽകുന്ന പദ്ധതികളാണ് ജെ. ആർ. വൈ, ഐ. എ. വൈ, തുടങ്ങിയവ. ഇത് കൂടാതെ റവന്യു വകുപ്പുമുഖേന നടപ്പിലാക്കുന്ന ദുർബല വിഭാഗ പുനരധിവാസ ഭവനനിർമ്മാണ പദ്ധതിമുഖേനയും വീട് അനുവദിക്കുന്നുണ്ട്. എന്നാൽ ഈ പദ്ധതികൾകൊണ്ട് യഥാർത്ഥ ആവശ്യക്കാരിൽ ചെറിയൊരു ശതമാനത്തിനു മാത്രമേ പ്രയോജനം കിട്ടുന്നുള്ളു. വിശദവിവരം പട്ടിക 3,4,5 എന്നിവയിൽ നൽകിയിരിക്കുന്നു. കൂടാതെ ഇതിനായി ലഭിക്കുന്ന തുക യഥാക്രമം 15050 രൂപയും 18500 രൂപയുമാണ് ഇന്നത്തെ നിർമ്മാണച്ചിലവുകളുമായി തട്ടിച്ചുനോക്കുമ്പോൾ ഈ തുക വളരെ അപര്യപ്തമാണ്. ഏതാനും വർഷത്തിലെ നിർമ്മാണച്ചിലവിന്റെ വർദ്ധനതോത് പട്ടിക 6 ൽ കാണിച്ചിരിക്കുന്നു.

മാനന്തവാടി ആസ്ഥാനമായി പ്രവർത്തിക്കുന്ന ഹൗസിങ്ങ് സൊസൈറ്റിയും കൽപ്പറ്റയിലുള്ള കേരളഹൗസിങ്ങ് ബോർഡിന്റെ ജില്ലാ ആഫീസും ഇവിടുത്തെ ജനങ്ങൾക്ക് ഭവന വായ്പ അനുവദിക്കുന്ന സ്ഥാപനങ്ങളാണ്. കൂടാതെ ചുരുക്കം ചില ആളുകൾക്ക് ദേശസാൽകൃതബാങ്കുകൾ വഴിയും വായ്പ ലഭിക്കാറുണ്ട്. ആവശ്യക്കാരിൽ ചെറിയൊരു ശതമാനത്തിനു മാത്രമേ ഇതിന്റെ പ്രയോജനം ലഭിക്കുന്നുള്ളു. ബാക്കിയുള്ളവർക്ക് വായ്പ ലഭിക്കുന്നതിനുള്ള സംവിധാനം ഇവിടെയില്ല. വായ്പാ നിബന്ധനകളിലെ കാർക്കശ്യവും, താങ്ങാനാവാത്ത പലിശനിരക്കും ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടക്കുന്നു.

പഞ്ചായത്തിൽ ഇന്ന് നിർമ്മാണ സാമഗ്രികൾ പലതും ലഭ്യമാണ്. പന്ത്രണ്ട് ഇഷ്ടിക കളങ്ങളും ഏതാനും കരിങ്കൽ ക്വാറികളും ഇവിടെ പ്രവർത്തിക്കുന്നുണ്ട്. അതുപോലെതന്നെ മാനന്തവാടി പുഴയിൽനിന്നും ധാരാളം മണലും ലഭ്യമാണ്. ഇത്തരം നിർമ്മാണ വസ്തുക്കൾ ലഭിക്കുന്നത് സൗകര്യപ്രദമാണെങ്കിലും അശാസ്ത്രീയ രീതിയിലുള്ള കൈകാര്യം ചെയ്യാൻ പരിസ്ഥിതി പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. വൻമതിലുകൾ പണിയുന്ന പ്രവണത കൂടിവരുന്നത് കെട്ടിട നിർമ്മാണ വസ്തുക്കളുടെ വിലയിൽ വർദ്ധനവിന് കാരണമാകുന്നു.

### പട്ടിക - 3

### കഴിഞ്ഞ വർഷങ്ങളിൽ ഗ്രാമപഞ്ചായത്ത് അനുവദിച്ച JRY വീടുകളുടെ വിശദവിവരം

| വർഷം | വീടുകളുടെ എണ്ണം | വീടൊന്നിനനുവദിച്ച തുക | ആകെ ചെലവഴിച്ച തുക |
|---|---|---|---|
| 1990-91 | 40 | 8000 | 320000 |
| 1991-92 | 60 | 9800 | 5888000 |
| 1992-93 | | - | - - |
| 1993-94 | 31 | 13100 | 4,06100 |
| 1994-95 | 30 | 15050 | 4,51500 |
| 1995-96 | 24 | 15050 | 3,61200 |
| 1996-97 | 42 | 15050 | 6,32100 |

### പട്ടിക - 4

### അൺടൈഡ്ഡ് ഫണ്ടുപയോഗിച്ച് നിർമ്മിച്ച വീടുകളുടെ വിവരം

| വർഷം | വീടുകളുടെ എണ്ണം | വീടൊന്നിനനുവദിച്ച തുക | ആകെ ചെലവഴിച്ച തുക |
|---|---|---|---|
| 1991-92 | 2Scp | 9754 | 19508 |
| 1992-93 | 5scp | | 59973 |
| 1993-94 | TsP 8+5(scp) | | 1070891 |
| | **ആകെ 20** | | **1151372** |

### പട്ടിക - 5

### ബ്ലോക്കു മുഖേന അനുവദിച്ച വീടുകളുടെ വിവരം

### (മാനന്തവാടി ഗ്രാമപഞ്ചായത്തിന് )

| വർഷം | അനുവദിച്ച വീടുകൾ | പൂർത്തീകരിച്ചവ | ബാക്കി |
|---|---|---|---|
| 1992-93 | 37 | 37 | - |
| 1993-94 | 36 | 25 | 11 |
| 1994-95 | 58 | 20 | 13 |
| 1995-96 | 43 | 30 | 13 |
| 1996-97 | 55 | ലഭ്യമല്ല | ലഭ്യമല്ല |

### പട്ടിക - 6

### ഭവന നിർമ്മാണച്ചിലവുകളിൽ ഉണ്ടായ വർദ്ധനവിന്റെ വിവരം

| വർഷം | കൂലിനിരക്ക് | | സിമന്റ് (ചാക്ക്) | കമ്പി Kg | മണൽ ലോഡ് | ഓട് 1000 |
|---|---|---|---|---|---|---|
| | പു | സ്ത്രീ | | | | |
| 1980 | 50 | 35 | 50 | 8.00 രൂപ | 1,50 | 2600 |
| 1985 | 75 | 50 | 72 | 10.00 | 250 | 2900 |
| 1990 | 110 | 60 | 110 | 11.50 | 350 | 3800 |
| 1995 | 125 | 70 | 160 | 13.00 | 500 | 4350 |
| 1996 | 150 | 80 | 80 | 16.50 | 800 | 4600 |

ചിലവു കുറഞ്ഞ രീതിയിലുള്ള കെട്ടിട നിർമ്മാണ ശൈലി ഇവിടെ വ്യാപകമായിട്ടില്ല. അതുകൊണ്ടുതന്നെ വരുമാനത്തിന്റെ നല്ലൊരുഭാഗം വീടുനിർമ്മാണത്തിനായി മാറ്റിവെക്കേണ്ടി വരുന്നു. ഇടക്കാലത്ത് നിർമ്മിതി വീടുകളോടുണ്ടായിരുന്ന താൽപര്യവും പിന്നീട് കുറഞ്ഞുവരികയാണുണ്ടായത്. നിർമ്മിതി കേന്ദ്രത്തിൽനിന്ന് ഗൃഹനിർമ്മാണ സാമഗ്രികൾ യഥാവസരം ലഭിക്കാത്തതു കാര്യക്ഷമതയില്ലാത്തതും ആണ് ഇതിനു കാരണം. ഇവിടുത്തെ കെട്ടിട നിർമ്മാണ തൊഴിലാളികളിൽ ഭൂരിഭാഗവും തമിഴ് നാട്ടുകാരും, ഇതരജില്ലക്കാരുമാണ്. ഇന്നാട്ടിലെ ആളുകൾ ഈ മേഖലയിലേക്ക് കടന്നുവരുവാൻ മടികാണിക്കുകയാണ്. ഇപ്പോഴുള്ള കെട്ടിട നിർമ്മാണതൊഴിലാളികൾ ആധുനിക നിർമ്മാണതൊഴിലുകളിൽ വൈദഗ്ദ്യമുള്ളവരല്ല; എണ്ണം വളരെ കുറവുമാണ്. ഇത്തരത്തിലുള്ള അനേകം പ്രശ്നങ്ങൾ നിറഞ്ഞതാണ് ഈ പഞ്ചായത്തിലെ ഭവനനിർമ്മാണ രംഗം

**നിർദ്ദേശങ്ങൾ**

1 ദരിദ്രവിഭാഗക്കാർക്കായി നടപ്പിലാക്കുന്ന ഭവനനിർമ്മാണ പദ്ധതികളുടെ തുക കുറഞ്ഞത് 35000 രൂപയെങ്കിലും ആയി വർദ്ധിപ്പിക്കേണ്ടതാണ്.

2 ഹൗസിങ്ങ് സൊസൈറ്റിയുടേയും, ഹൗസിങ്ങ് ബോഡ് ജില്ലാ ആഫീസിന്റെയും വായ്പാ നിബന്ധനകൾ ലളിതമാക്കുകയും കുറഞ്ഞ പരിശനിരക്കിൽ വായ്പ ലഭ്യമാക്കുകയും ചെയ്യുക.

3 കൂടുതൽ ആളുകൾക്ക് വായ്പ ലഭ്യമാക്കുക

4 ഹൗസിങ്ങ് ബോർഡിന്റെ ശാഖ മാനന്തവാടിയിൽ ആരംഭിക്കുക

5 ഹൗസിങ്ങ് ബോർഡ് മുൻകൈയെടുത്ത് ഫ്ളാറ്റുകൾ നിർമ്മിച്ച് ആവശ്യക്കാർക്ക് നൽകുകയും, തവണവ്യവസ്ഥയിൽ പണമടക്കാനുള്ള സൗകര്യം ഏർപ്പെടുത്തുകയും ചെയ്യുക.

6 നിലവിലുള്ള സർക്കാർ ക്വാർട്ടേഴ്സുകളുടേയും, മറ്റ് കോളനികളുടേയും അറ്റകുറ്റപ്പണികൾ അടിയന്തിരമായി നടത്തുക

7 ചിലവുകുറഞ്ഞ നിർമ്മാണ പ്രവർത്തനങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണം ഈ മേഖലയിൽ നടത്തേണ്ടതാണ്.

8 ആധുനിക രീതിയിലുള്ള ഒരു ഭവനനിർമ്മാണ പരിശീലന കേന്ദ്രം ഇവിടെ ആരംഭിക്കുക

9 കെട്ടിടങ്ങളുടെ നികുതിനിർണ്ണയം എസ്റ്റിമേറ്റ് തുകയെ അടിസ്ഥാനമാക്കിയായിരിക്കണം. ഈ തുക ദരിദ്രവിഭാഗങ്ങളുടെ ഭവനനിർമ്മാണാവശ്യത്തിന് വിനിയോഗിക്കണം.

10. ജെ. ആർ. വൈ, ഐ. എ. വൈ തുടങ്ങിയ പദ്ധതികൾ പ്രകാരമുള്ള വീടുകൾ അർഹരായവർക്കുതന്നെ ലഭിക്കുന്നു എന്നുറപ്പുവരുത്തേണ്ടതാണ്.

11 ഭവനരഹിതർക്കും, താമസയോഗ്യമല്ലാത്ത വീടുകളിൽ വസിക്കുന്നവർക്കും വീടുനിർമ്മിച്ചു നൽകുന്നതിന് ഒരു ബൃഹത് പദ്ധതി ആരംഭിക്കേണ്ടതാണ്.

12 പുറംപോക്കിൽ താമസിക്കുന്നവരെ ഒഴിപ്പിച്ച് പകരം സ്ഥലം നൽകി വീടുനിർമ്മിച്ചു കൊടുക്കുകയും, കൈമാറ്റം ചെയ്യാതിരിക്കാൻ നിബന്ധനകൾ ഏർപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

13 എസ്റ്റേറ്റ് പാടികളുടെ അടിയന്തിര റിപ്പേർപണികൾ നടത്തുന്നതിനും, പ്രാഥമിക സൗകര്യങ്ങൾ ഉറപ്പുവരുത്തുന്നതിനും സർക്കാർ ഇടപെടേണ്ടതാണ്.

14 ഭവന നിർമ്മാണത്തിനുള്ള ദുർവ്യയം ഒഴിവാക്കുന്നതിന് ബോധവൽക്കരണം നടത്തേണ്ടതാണ്.

15 നമുക്കാവശ്യം കാലാവസ്ഥക്കനുയോജ്യമായ ഭവനങ്ങളാണ്. മരത്തിന്റെ ദൗർലഭ്യം, ഓടുപയോഗിച്ചുള്ള കെട്ടിട നിർമ്മാണത്തിൽനിന്നു വ്യതിചലിക്കുവാൻ കാരണമായി. വരും തലമുറക്കെങ്കിലും പ്രയോജനകരമാകുന്ന വിധത്തിൽ വനവൽക്കരണം നടത്തുന്നതിനും, കോൺക്രീറ്റു മതിലുകൾക്കു പകരം സസ്യവേലികൾ പ്രചരിപ്പിക്കുന്നതിനും ബോധവൽക്കരണം നടത്തേണ്ടതാണ്. ഇതുമൂലം വലിയൊരു പരിസ്ഥിതി പ്രശ്നവും പരിഹൃതമാവും.

**ഗ്രാമസഭാ നിർദ്ദേശങ്ങൾ**

വാർഡ് 2

– അമ്പകുത്തി, ജസ്സി, 105, വാളാട് കുന്ന്, കല്ലിയോട്ട് കുന്ന്, കല്ലുമൊട്ടം കുന്ന് തുടങ്ങിയ സ്ഥലങ്ങളിൽ 400 – ഓളം കുടുംബങ്ങൾക്ക് ഭൂമിക്ക് കൈവശരേഖ ലഭ്യമാക്കുക.

വാർഡ് 3

– സ്വന്തമായി വീടില്ലാത്ത 50 കുടുംബങ്ങൾക്ക് വീടു വെച്ചുനൽകുക

വാർഡ് 4

– ഒഴക്കോടി ലക്ഷം വീട് കോളനി, കൊളങ്ങരക്കുന്ന് കോളനി എന്നിവയിലെ വീടുകൾ റിപ്പയർ ചെയ്യണം

വാർഡ് 5

- പുറമ്പോക്കിൽ കുടിൽകെട്ടി താമസിക്കുന്ന വരെ മാറ്റിപ്പാർപ്പിക്കണം. ഭവന നിർമ്മാണ രംഗത്തെ ഏജൻസിക ളുടെ പ്രവർത്തനം ഏകോപിപ്പിക്കണം.

വാർഡ് - 6

- കൂനാർവയൽ, പാത്തിവയൽ തുടങ്ങിയ കോളനി കളിലെ വീടുകൾ അറ്റക്കുറ്റപണി നടത്തുക

വാർഡ് 7

- ലക്ഷം വീട് കോളനി ഈ വാർഡിൽ അനുവദി ക്കണം.

വാർഡ് 8

- കബനി നദിക്കരയിലെ 80 കുടുംബങ്ങളെ പുനര ധിവസിപ്പിക്കണം. കൃഷിയോഗ്യമല്ലാത്ത പാടങ്ങൾ നികത്തി വീടുവെക്കുന്നതിന് അനുവദിക്കണം.

വാർഡ് -10

- ഗുണഭോക്താക്കളെ ഗ്രാമസഭയിൽ നിന്നും തിര ഞ്ഞെടുത്ത സമിതികൾ കണ്ടെത്തണം.

**സാമൂഹ്യ ക്ഷേമം**

മാനന്തവാടി പയ്യാംപള്ളി വില്ലേജുകൾ ഉൾപ്പെടുന്ന മാന ന്തവാടി പഞ്ചായത്തിൽ 19776 പുരുഷൻമാരും 18670 സ്ത്രീകളും ഉൾപ്പെടെ 37836 ജനങ്ങളാണുള്ളത്. ഇതിൽ 1374 പേർ പട്ടികജാതിക്കാരും 5514 പേർ പട്ടികവർഗ്ഗക്കാരുമാണ്. 6 വയസ്സിനു താഴെ പ്രായമുള്ള 5440 കുട്ടികളാണുള്ളത്. പഞ്ചാ യത്തിൽ 32 അംഗൺവാടികൾ പ്രവർത്തിക്കുന്നുണ്ട്. (പട്ടിക1)

പഞ്ചായത്ത് മെമ്പർ ചെയർമാനായി രൂപീകരിച്ചിട്ടുള്ള ഉപ ദേശകസമിതിയുടെ മേൽനോട്ടത്തിലാണ് ഓരോ അംഗൺവാ ടിയും പ്രവർത്തിക്കുന്നത്. പഞ്ചായത്തിലെ താഴ്ന്ന വരുമാന ക്കാരായ ഭൂരിപക്ഷം ആളുകളുടെ കുട്ടികൾക്കും അംഗൺവാ ടികളുടെ സൗ കര്യം ലഭിക്കുന്നുണ്ട്. മിക്ക അംഗൺവാടി കൾക്കും പ്രാഥമിക സൗകര്യങ്ങളുടെ അഭാവവും മേശ, കസേര, ബഞ്ച്. പായ, ഭക്ഷണം പാകം ചെയ്യുന്ന പാത്രങ്ങൾ, കളിപ്പാട്ട ങ്ങൾ എന്നിവയുടെ കുറവും അനുഭവപ്പെടുന്നുണ്ട്. രണ്ട് അംഗൺവാടികൾക്ക് മാത്രം ഒരു സന്നദ്ധസംഘടന അടുത്ത കാലത്ത് കളിപ്പാട്ടങ്ങൾ വിതരണം നടത്തിയിട്ടുണ്ട്. പഞ്ചായ ത്തിലെ 152 മുലയൂട്ടുന്ന അമ്മമാർക്കും ഗർഭിണികളായ 157 പേർക്കും 2181 കുട്ടികൾക്കും അംഗൺവാടികളുടെ സേവനം ലഭിക്കുന്നുണ്ട്. പോഷകാഹാരങ്ങൾ പേരിനു മാത്രമായിട്ടാണ് ഇപ്പോൾ നൽകുന്നത്. മുൻകാലങ്ങളിൽ നൽകി വന്നിരുന്ന വിറ്റാമിൻ ഗുളികകൾ, മുട്ട തുടങ്ങിയവ ഇപ്പോൾ നൽകുന്നില്ല. പാചകാവശ്യത്തിനായി നൽകിവരുന്ന എണ്ണയുടെ അളവും വളരെ പരിമിതമാണ്. ഒരു കുട്ടിക്ക് 5 പൈസ എന്നതോതിലാണ് വിറകിന് അനുവദിക്കുന്ന തുക. ഇത് തികച്ചും അപര്യാപ്ത മാണ്. (പട്ടിക 2, 2 A)

മാനന്തവാടി പഞ്ചായത്തിലെ അംഗൺവാടികളിൽ 29 എണ്ണത്തിനും സ്വന്തമായി കെട്ടിടമുണ്ടെങ്കിലും പലതും പുതു ക്കിപ്പണിയേണ്ട അവസ്ഥയിലാണ്. പടച്ചിക്കുന്ന്, പാലിഗദ്ദ, ജസ്സി എന്നീ അംഗൺവാടികൾക്കാണ് സ്വന്തമായി കെട്ടിടമില്ലാത്തത്. അംഗൺവാടികളുടെ ഉപദേശക സമിതികളുടെ യോഗം മാസ ത്തിൽ ഒരു തവണയെങ്കിലും കൂടുകയും പ്രവർത്തനം വിലയി രുത്തുകയും വേണം.

**വികസന ബ്ലോക്കിന്റെ പ്രവർത്തനം**

മാനന്തവാടി, പയ്യമ്പള്ളി എന്നീരണ്ടു വില്ലേജുകൾ ഉൾപ്പെ ടുന്ന രണ്ട് വി. ഇ. ഒ സർക്കിളുകളാണ് മാനന്തവാടി പഞ്ചായ ത്തിലുള്ളത്. ദാരിദ്ര്യരേഖക്ക് താഴെയുള്ളവരെ ഉദ്ധരിക്കുന്നതി നുവേണ്ടി കേന്ദ്ര, കേരള സർക്കാരുകൾ നടപ്പിലാക്കി വരുന്ന വിവിധ ക്ഷേമപദ്ധതികൾ ഇവിടെയും പ്രവൃത്തി പഥത്തിലുണ്ട്.

**പട്ടിക 3**

**ഐ. ആർ. ഡി. പി. സർവ്വേ**

| വർഷം | ആകെ കുടും | പട്ടിക ജാതി | പട്ടിക വർഗ്ഗം | ഇതുവരെ സഹായം ലഭിച്ചവർ | പട്ടിക ജാതി | പട്ടിക വർഗ്ഗം | ദാരിദ്ര്യ രേഖക്ക് മുകളി ലെത്തിയ |
|---|---|---|---|---|---|---|---|
| 1992-93 | 4764 | 211 | 937 | 160 | 24 | 118 | 140 |

അവലംബം - സെക്കണ്ടറി ഡേറ്റാ.

പഞ്ചായത്തിൽ 1992 - 93 വർഷത്തിൽ നടത്തിയ സർവ്വേ അനുസരിച്ച് 211 പട്ടികജാതി കുടുംബങ്ങളും 957 പട്ടിക വർഗ്ഗ കുടംബങ്ങളും ഉൾപ്പെടെ 4764 കുടുംബങ്ങൾ ഐ. ആർ ഡി. പി. ഗുണഭോക്താക്കളായുണ്ട്. ഈ കാലയളവിൽ 118 പട്ടിക വർഗ്ഗ കുടുംബങ്ങളും 24 പട്ടികജാതി കുടുംബങ്ങളുമടക്കം ആകെ സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങളുടെ എണ്ണം 160 മാത്രമാണ്. 1992-93 വർഷത്തിൽ ഒരു കുടുംബത്തിന് 9000 രൂപ നൽകിയപ്പോൾ 3000 രൂപ സബ്സിഡിയായിരുന്നു. 95-96 വർഷത്തിൽ 4000 രൂപ സബ്സിഡിയടക്കം 14450 രൂപ യാണ് നൽകിയത്. കഴിഞ്ഞകാലങ്ങളിൽ പ്രധാനമായും നൽകി വന്നിരുന്ന സാമ്പത്തിക സഹായങ്ങൾ കറവമാട്, ഉഴവുകാള തുടങ്ങിയവ വാങ്ങുന്നതിനും, പെട്ടിക്കടകൾ കല്ലുടക്കൽ യൂണിറ്റ്, ആടുവളർത്തൽ യൂണിറ്റ് തുടങ്ങിയവ ആരംഭിക്കുന്ന തിനുമായിരുന്നു. സ്കീമുകൾ നടപ്പിലാക്കുന്നതിന് ആവശ്യമായ യഥാർത്ഥ ചിലവുമായി താരതമ്യം ചെയ്യുമ്പോൾ നൽകിവരുന്ന സാമ്പത്തിക സഹായം വളരെ തുച്ഛമാണ്. അതുകൊണ്ടുതന്നെ അൻപതുശതമാനം പേർക്കുപോലും ഉദ്ദേശിച്ച നേട്ടം കൈവ രിക്കാൻ കഴിഞ്ഞിട്ടില്ല. ഉദാഹരണത്തിന് ഒരു കറവപ്പശുവിന് 3700 - 4500 രൂപ ഈ പദ്ധതി മുഖേന നൽകുമ്പോൾ പത്ത് ലിറ്റർ പാൽ ലഭിക്കുന്ന ഒരു പശുവിന്റെ മാർക്കറ്റ് വില 12000 രൂപയിൽ കൂടുതലാണ്. ഒരു ജോഡി ഉഴവു കാളകൾക്ക് മാർക്കാ

റ്റിൽ 14000 ലധികം രൂപ വിലയുള്ളപ്പോൾ 3500/4000 രൂപ യാണ് ഈ പദ്ധതിയിലൂടെ ലഭിക്കുന്നത്.

### DWCRA

വനിതകൾക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിനുവേണ്ടി പത്തോ അതിലധികമോ പേർചേർന്ന് നടത്തുന്ന തൊഴിൽ സംരംഭമാണ് D.W.C.R.A യൂണിറ്റുകൾ. കഴിഞ്ഞ പദ്ധതികാല യളവിൽ പഞ്ചായത്തിലാകെ ആറ് DWCRA യൂണിറ്റുകളാണ് ആരംഭിച്ചത്. ഇതുവഴി 61 കുടുംബങ്ങൾക്ക് സഹായം ലഭിച്ചു. ഒറ്റപ്പെട്ട IRDP യൂണിറ്റുകളേക്കാൾ സഹകരണാടിസ്ഥാനത്തിൽ ആരംഭിക്കുന്ന ഇത്തരം യൂണിറ്റുകൾക്ക് വിജയസാധ്യത ഏറെ യുണ്ട്.

പട്ടിക - 4

DWCRA യൂണിറ്റുകൾ - വിശദവിവരം

| വാർഡ് | തൊഴിൽ സംരംഭത്തിന്റെ ഇനം | ആരംഭിച്ച വർഷം | പ്രവർത്തിക്കുന്ന അംഗങ്ങളുടെ എണ്ണം |
|---|---|---|---|
| 9 | കറവമാട് | 1992-93 | 10 |
| 4 | കറവമാട് | 1993-94 | 10 |
| 8 | ആട് വളർത്തൽ | 1993-94 | 11 |
| 9 | കല്ല് പൊട്ടിക്കൽ | 93-94 | 10 |
| 12 | കല്ല് പൊട്ടിക്കൽ | 94-95 | 10 |
| 9 | കല്ല് പൊട്ടിക്കൽ | 96-97 | 10 |

പട്ടിക - 5

ട്രൈസം

| പരിശീലന വിഷയത്തിന്റെ പേര് | പരിശീലനം ലഭിച്ചവരുടെ എണ്ണം | സ്വയംതൊഴിൽ കണ്ടെത്തിയവരുടെ എണ്ണം | ഇതരതൊഴിലുകൾ |
|---|---|---|---|
| ടെയിലറിംഗ് | 4 | 2 | 2 |
| ടൈപ്പ് റൈറ്റിംഗ് | 3 | 1 | 2 |
| ഓട്ടോറിക്ഷാ | | | |
| ഡ്രൈവിംഗ് | 2 | 1 | 1 |
| പ്രിന്റിങ്ങ് | 1 | 1 | - |

1994-95 ൽ 12-ാം വാർഡിൽ ആരംഭിച്ച കല്ല്പൊട്ടിക്കൽ യൂണിറ്റൊഴികെ, മറ്റെല്ലാ യൂണിറ്റുകളും ഏറെക്കുറെ തൃപ്തി കരമായി പ്രവർത്തിക്കുന്നുണ്ട്.

### ട്രൈസം

18 നും 35 നും ഇടയിൽ പ്രായമുള്ള യുവതീയുവാക്കൾക്ക് താൽപര്യമുള്ള തൊഴിലിൽ പരിശീലനം നൽകുക എന്നതാണ് ട്രൈസം പദ്ധതിയുടെ ലക്ഷ്യം 1992 - 93 മുതൽ 95-96 വരെ 11 പേർക്ക് മാത്രമേ പരിശീലനം ലഭിച്ചിട്ടുള്ളു. പരിശീലനം ലഭിച്ചവരിൽത്തന്നെ താൽപര്യമുള്ള വിഷയങ്ങളിൽ പരിശീലനം ലഭിക്കാത്തതിനാലും, സാമ്പത്തിക സഹായവും അടി സ്ഥാന സൗകര്യങ്ങളും ലഭ്യമാകാത്തതിനാലും ആറുപേർ മാത്രമേ പരിശീലനം നേടിയ മേഖലകളിൽ സ്വയം തൊഴിൽ കണ്ടെത്തിയിട്ടുള്ളു.

### ടൂൾകിറ്റ് (RAP)

പരമ്പരാഗതതൊഴിലുകളിൽ ഏർപ്പെട്ട വിദഗ്ദഗ്രാമീണ തൊഴിലാളികൾക്ക് ആവശ്യമായ പണിയായുധങ്ങൾ വിതരണം ചെയ്യുന്ന പദ്ധതിയാണ് RAP 1994-95 ൽ 24 പേർക്ക് ടൂൾകിറ്റ് വിതരണം ചെയ്തിട്ടുണ്ട്.

### ത്രിഫ്റ്റ് & ക്രെഡിറ്റ്

1996-97 വർഷത്തിൽ വനികകൾക്കുമാത്രമായി ആരംഭി ച്ചതാണ് ഈ പദ്ധതി. ഇതുപ്രകാരം പഞ്ചായത്തിൽ 2 യൂണി റ്റുകൾ ആരംഭിച്ചിട്ടുണ്ട്. വള്ളിയൂർക്കാവിൽ ഒരു കല്ലുടക്കൽ യൂണിറ്റും, വരടിമൂലയിൽ ഒരു ഡയറിയൂണിറ്റും രണ്ടും സാമാന്യം തൃപ്തികരമായി പ്രവർത്തിക്കുന്നു. IRDP ഗുണഭോ ക്താക്കളായ 10 പേർ അടങ്ങുന്നതാണ് ഒരു യൂണിറ്റ് ഗുണഭോ ക്താക്കളുടെ വിഹിതമായ 500 രൂപ (ഒരാൾക്ക്) ഉൾപ്പെടെ 15000 രൂപയുടെ പദ്ധതികളാണ് ആവിഷ്കരിക്കുക.

### മഹിളാ സമൃദ് യോജന

വനിതകളിൽ സമ്പാദ്യശീലം വളർത്തിയെടുക്കുന്നതിന് വിഭാവനം ചെയ്തിട്ടുള്ള ഈ പദ്ധതി ഇപ്പോൾ അംഗൺവാടി കൾ, മഹിളാസമാജങ്ങൾ എന്നിവ കേന്ദ്രീകരിച്ചാണ് നടപ്പാക്കു ന്നത്. ഒരു വ്യക്തി 4 രൂപയോ അതിന്റെ ഗുണിതങ്ങളോ ഓരോ മാസവും നിക്ഷേപിക്കുകയും ഒരു വർഷം ഒരു വർഷം കഴിഞ്ഞ് 300 രൂപ തികഞ്ഞാൽ 375 രൂപയായി തിരിച്ചുകൊടുക്കുന്ന താണ് പദ്ധതി. ഇതിൽ 300 വനിതകൾ ഇതുവരെ അംഗങ്ങളാ യിട്ടുണ്ട്.

### CRSP

ഒരു കുടുംബത്തിന് കക്കൂസ് നിർമ്മിക്കുന്നതിന് 2000 രൂപ നൽകുന്ന പദ്ധതിയാണ് CRSP വടക്കെയിന്ത്യൻ സാഹചര്യ ങ്ങൾക്കനുസൃതമായി വിഭാവനം ചെയ്തിട്ടുള്ള ഈ പദ്ധതി കേളീയ ഗ്രാമങ്ങൾക്ക് അനുകരിക്കാവുന്നതാണെങ്കിലും പദ്ധതി നിർദ്ദേശിക്കുന്ന രീതിയിൽ ആധുനിക കക്കൂസ് നിർമ്മിക്കുന്ന തിന് ഈ തുക തികച്ചും അപര്യാപ്തമാണ്.

## പട്ടിക - 1

| വാർഡ് | അങ്കൺവാടി | കെട്ടിടമുള്ളത് | മൂത്രപ്പുര ഉള്ളത് | കളിസ്ഥലമുള്ളത് | സ്വന്തമായി സ്ഥലമുള്ളത് | കുടിവെള്ള മുള്ളത്. |
|---|---|---|---|---|---|---|
| 1 | 2 | 2 | 1 | – | – | – |
| 2 | 2 | 2 | 2 | 1 | 2 | – |
| 3 | 2 | 2 | 2 | – | 2 | 1 |
| 4 | 4 | 4 | 1 | – | 4 | 2 |
| 5 | 3 | 3 | 3 | 1 | 3 | 2 |
| 6 | 1 | 1 | 1 | – | 1 | 1 |
| 7 | 2 | 2 | 2 | – | 2 | 2 |
| 8 | 3 | 2 | 2 | – | 2 | 1 |
| 9 | 3 | 3 | 3 | – | 3 | 1 |
| 10 | 4 | 3 | – | – | 3 | – |
| 11 | 3 | 3 | 1 | – | 2 | – |
| 12 | 2 | 2 | – | – | 2 | 1 |
| 13 | 1 | 1 | 1 | – | 1 | – |
| 14 | – | – | – | – | – | – |
| ആകെ | 32 | 30 | 19 | 2 | 27 | 11 |

## പട്ടിക - 2

### കുട്ടികളുടെ ആരോഗ്യപോഷണ നിലവാരം

| പ്രായം | നോർമൽ | | ഒന്നാം ഗ്രേഡ് | | രണ്ടാം ഗ്രേഡ് | | മൂന്നാം ഗ്രേഡ്. | |
|---|---|---|---|---|---|---|---|---|
| | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ |
| 1 വയസ്സിൽ താഴെ | 163 | 166 | 126 | 123 | 90 | 87 | – | – |
| 1-3 വയസ്സ് | 247 | 263 | 189 | 205 | 69 | 68 | – | 1 |
| 3-6 വയസ്സ് | 298 | 274 | 232 | 219 | 79 | 81 | – | 1 |

1-ാം ഗ്രേഡ് ലഘുവായ പോഷണകുറവുള്ളവർ.

2-ാം ഗ്രേഡ് മിതമായ പോഷണകുറവുള്ളവർ

3-ാം ഗ്രേഡ് ഗുരുതരമായ പോഷണക്കുറവുള്ളത്.

## പട്ടിക 2 - എ

### കുട്ടികളുടെയും ഗർഭിണികളുടെയും പ്രതിരോധ കുത്തിവയ്പ്

| കുട്ടികൾ | ബി. സി. ജി | ഡി. പി. റ്റി | | | | പോളിയോ | | | | ഡി.റ്റി. | | | | മീസ്ൽസ് |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | 1D | 2D | 3D | BD | 1D | 2D | 3D | BD | 1D | 2D | 3D | BD | |
| 1 വയസ്സിൽ താഴെ | 860 | 614 | 564 | 625 | – | 620 | 551 | 623 | – | – | – | – | - | 447 |
| 1-3 വയസ്സ് | 896 | 955 | 924 | 899 | 630 | 920 | 905 | 1003 | 740 | 37 | 30 | 17 | - | 817 |
| 3-6 വയസ്സ് | 1074 | 562 | 583 | 524 | 357 | 974 | 993 | 968 | 651 | 80 | 78 | 54 | 3 | 905 |

### മഹിളാ സമാജങ്ങൾ

പഞ്ചായത്തിൽ ആകെ രജിസ്റ്റർചെയ്ത 24 മഹിളാസമാജങ്ങൾ ഉണ്ട്. ഇവയിൽ ചിലതെല്ലാം നല്ലരീതിയിൽ പ്രവർത്തിക്കുന്നുണ്ട്. 1992-93 കാലയളവിൽ നിർജ്ജീവമായിക്കിടന്ന മഹിളാസമാജങ്ങളെ പുനരുദ്ധരിച്ച് പ്രവർത്തിപഥത്തിൽ കൊണ്ടുവരാൻ ബ്ലോക്കുതലത്തിൽ നിലവിൽവന്ന മഹിളായൂണിറ്റ് ഒരു പരിധിവരെ സാധിച്ചിട്ടുണ്ട്. മഹിളാസമാജങ്ങളുടെ നേതൃത്വത്തിൽ വനിതാക്യാമ്പുകൾ IRDP മേളകൾ ഗാന്ധിയജന്തി വാരാഘോഷങ്ങൾ എന്നിവ സംഘടിപ്പിച്ചിട്ടുണ്ട്. കാലാകാലങ്ങളിൽ സംഘടിപ്പിക്കുന്ന പരിശീലന പരിപാടികളിലും, ബോധവൽക്കരണ സെമിനാറുകളിലും സമാജം പ്രവർത്തകർ സജീവമായി പങ്കെടുക്കാറുണ്ട്. സോഷ്യൽ ഫോറസ്ട്രി സ്കീം അനുസരിച്ച് തൈകൾ ഉൽപ്പാദിപ്പിക്കുക, കൂൺകൃഷിയിൽ പരിശീലനം നൽകുക തുടങ്ങിയ പരിപാടികളും ഏറ്റെടുത്തു നടത്തുന്നുണ്ട്.

### പെൻഷനുകൾ ആനുകൂല്യങ്ങൾ

വിധവകൾ, അഗതികൾ, വികലാംഗർ, 65 വയസ്സുകഴിഞ്ഞവർ, അവശകലാകാരന്മാർ അവശകായികതാരങ്ങൾ, ക്ഷയം, കുഷ്ഠം, ക്യാൻസർ, തുടങ്ങിയ രോഗങ്ങൾ ബാധിച്ചവർ, 60 വയസ്സുകഴിഞ്ഞ കർഷകതൊഴിലാളികൾ, അഭ്യസ്തവിദ്യരായ തൊഴിൽ രഹിതർ എന്നിവർക്ക് പെൻഷൻ, സാമ്പത്തിക സഹായം എന്നിവ നൽകുന്നുണ്ട്.

മാനന്തവാടി പഞ്ചായത്തിൽ, സ്ഥിതിവിവരക്കണക്കനുസരിച്ച് പെൻഷന് അർഹരായവരുടേയും പെൻഷൻ ലഭിക്കുന്നവരുടേയും പട്ടിക 6,7 -ൽ കൊടുത്തിരിക്കുന്നു.

| | |
|---|---|
| വിധവ | 680 |
| പെൻഷൻ | 113 |
| വികലാംഗർ | 439 |
| പെൻഷൻ | 59 |
| വാർദ്ധക്യകാല | 92 |
| കർഷക | 77 |
| ടി. ബി | 76 |
| കുഷ്ഠം | 1 |
| ക്യാൻസർ | 34 |
| അജ്ഞാത രോഗം | 22 |
| മാറാവ്യാധി | 137 |

വിവിധപെൻഷൻ പദ്ധതികളെകുറിച്ച് വേണ്ടത്ര അറിവ് പലർക്കുമില്ല. അർഹരായ പലരും പെൻഷന് അപേക്ഷിച്ചിട്ടില്ല.

### പൊതുനിർദ്ദേശങ്ങൾ

അംഗൺവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുക

അംഗൺവാടികളുടെ പ്രവർത്തനമേഖലകളിൽ ഗുണഭോക്താക്കളുടെ പ്രതിമാസയോഗങ്ങൾ വിളിച്ച് ചേർത്ത് സർക്കാർ ക്ഷേമപദ്ധതികളെകുറിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും വിലയിരുത്തുകയും ചെയ്യുക

ഐ. ആർ. ഡി. പി. മുഖേന നൽകുന്ന സാമ്പത്തിക സഹായത്തിന്റെ തുക പദ്ധതിക്കനുസൃതമായി വർദ്ധിപ്പിക്കുക. സബ്സിഡി ഉയർത്തുക. ഉപഭോക്താക്കളുടെ അഭിരുചിക്കനുസരിച്ച് പദ്ധതി വൈവിധ്യവൽക്കരിക്കുക

ഐ. ആർ. ഡി പി ലോണുകൾ അനുവദിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ ലഘൂകരിക്കുക. കാലതാമസം ഒഴിവാക്കുക

സ്വയം തൊഴിൽ സംരംഭകരായ വനിതകൾക്ക് ഇറച്ചിക്കോഴി, പന്നിവളർത്തൽ, നേഴ്സറികൾ, ആയുർവേദ മരുന്ന് ചെടി വളർത്തൽ എന്നിവയിൽ പരിശീലനം നൽകുകയും DWCRA പദ്ധതിയിൽപ്പെടുത്തി യൂണിറ്റുകൾ ആരംഭിക്കുന്നതിന് സാമ്പത്തിക സഹായം നൽകുകയും ചെയ്യുക

എല്ലാവാർഡുകളിലും DWCRA യൂണിറ്റുകൾ ആരംഭിക്കുക

ട്രൈസം പദ്ധതിയനുസരിച്ച് തൊഴിൽ പരിശീലനം നൽകുമ്പോൾ തെരഞ്ഞെടുക്കപ്പെടുന്നവർക്ക് അഭിരുചിയുള്ള തൊഴിലിൽ പരിശീലനം നൽകുക.

പരിശീലനം ലഭിച്ചവർക്ക് ഉപകരണങ്ങളും സാമ്പത്തിക സഹായവും നൽകുക

കക്കൂസുകൾ നിർമ്മിക്കുന്നതിന് സി. ആർ. എസ്. പി. പദ്ധതി പ്രകാരം നൽകുന്ന ധനസഹായം വർദ്ധിപ്പിക്കുക. പദ്ധതി വയനാടൻ ഭൂപ്രകൃതിക്കനുസരിച്ച് പുനഃസംവിധാനം ചെയ്യുക

നല്ലരീതിയിൽ പ്രവർത്തിക്കുന്ന മഹിളാ സാമാജങ്ങൾക്ക് പഞ്ചായത്ത് തലത്തിൽ പ്രോത്സാഹനം നൽകുക. അംഗൺവാടികളോടനുബന്ധമായി മഹിളാ സമാജങ്ങൾക്ക് ഓഫീസ് നിർമ്മിക്കുക.

ടൗൺ പരിസരത്ത് ശിശുമന്ദിരം ആരംഭിക്കുക. പിലാക്കാവിലുള്ള ശിശുമന്ദിരത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ ജനകീയ കമ്മിറ്റി രൂപീകരിച്ച് പ്രവർത്തിക്കുക

പഞ്ചായത്തിൽ വികലാംഗമന്ദിരം വൃദ്ധമന്ദിരം എന്നിവ സ്ഥാപിക്കുക

വിവിധ പദ്ധതികളുടെ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിലും പദ്ധതി നടത്തിപ്പിലും ജനകീയ സമിതികളുടെ പങ്കാളിത്തം ഉറപ്പാക്കുക.

**ഗ്രാമസഭാ നിർദ്ദേശങ്ങൾ**

ഒന്നാം വാർഡിൽ പഞ്ചാരക്കൊല്ലിഭാഗത്ത് അംഗൺവാടി അനുവദിക്കണം

രണ്ടാം വാർഡിൽ കല്ല്മൊട്ടം കുന്നിൽ പുതിയ അംഗൺവാടി അനുവദിക്കണം. കുമാരമല അംഗൺവാടിക്ക് കെട്ടിടം നിർമ്മിക്കണം.

മൂന്നാം വാർഡിൽ പുത്തൻപുര കോളനിയിൽ അംഗൺവാടി ആവശ്യമാണ്.

നാലാം വാർഡിൽ അംഗൺവാടിയിൽ പ്രാഥമിക ആവശ്യങ്ങൾക്ക് വേണ്ട സൗകര്യങ്ങൾ വേണം

ആറാംവാർഡിൽ മാനന്തവാടി ടൗണിൽ പൊതു മൂത്രപ്പുര, കക്കൂസ് തുടങ്ങിയവ നിർമ്മിക്കണം.

ഏഴാംവാർഡിൽ അംഗൺവാടികളും മഹിളാ സമാജങ്ങളുമില്ല. സ്ഥാപിക്കണം.

എട്ടാം വാർഡിൽ പടച്ചിക്കുന്ന് അംഗൺവാടിക്ക് കെട്ടിടം, കുടിവെള്ളം, എന്നിവ ആവശ്യമാണ്.

ഒമ്പാതം വാർഡിൽ ഒരു അംഗൺവാടി കൂടി അനുവദിക്കണം.

പത്താംവാർഡിൽ പാൽവെളിച്ചം കിഴക്കും ഭാഗത്ത് അംഗൺവാടി അനുവദിക്കണം. ചാലിഗദ്ദ അംഗൺവാടിക്ക് കെട്ടിടവും മറ്റ് അംഗൺവാടികളിൽ പ്രാഥമിക സൗകര്യങ്ങളും വേണം.

പതിനൊന്നാം വാർഡിൽ മൂന്ന് അംഗൺവാടികെട്ടിടങ്ങൾക്ക് സൗകര്യമില്ല. വീട്ടുനമ്പർ കിട്ടിയിട്ടില്ലാത്തതുകൊണ്ട് റേഷൻ കാർഡ് ലഭിച്ചിട്ടില്ല.

പന്ത്രണ്ടാം വാർഡിൽ അംഗൺവാടിയുടെ കെട്ടിടങ്ങൾ അപകടസ്ഥിതിയിലാണ്. അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തണം.

പതിമൂന്നാം വാർഡിൽ പിലാക്കാവ് അംഗൺവാടിയിലേക്ക് വഴി സൗകര്യം ഇല്ല. അടിസ്ഥാന സൗകര്യങ്ങളും ഏർപ്പെടുത്തണം.

5(8)
സംസ്കാരം

സംഭവ ബഹുലമായ ചരിത്രപശ്ചാത്തലവും വൈവിധ്യമാർന്ന സാംസ്കാരിക പ്രവണതകളും നിലനിൽക്കുന്ന ഒരു പഞ്ചായത്താണിത്. വനാന്തരങ്ങളിൽ കാട്ടുമൃഗങ്ങളോട് പോരാടി നിലനിർത്തിയ ജീവിതത്തിന്റെ പിൻതലമുറക്കാരായ ആദിവാസി വിഭാഗവും, മറ്റിടങ്ങളിൽ നിന്നും കുടിയേറിപ്പാർത്ത് പ്രതികൂല സാഹചര്യങ്ങളുമായി പോരടിച്ച് സമ്പന്നമായ ഒരു കാർഷിക മേഖലക്ക് രൂപം നൽകിയ കുടിയേറ്റക്കാരും വിദേശാധിപത്യത്തിന്റെ ഭരണരീതികളും ദുഷ്ചെയ്തികളും അവർക്കെതിരെയുള്ള പോരാട്ടവും സ്വാതന്ത്ര്യാനന്തര സമൂഹത്തിൽ വന്നുകൊണ്ടിരിക്കുന്ന മാറ്റങ്ങളുമെല്ലാം സംഭവ ബഹുലമായ ഒരു ചരിത്ര പശ്ചാത്തലത്തിന് രൂപം നല്കുന്നു.

ഗ്രാമീണ ജനതയുടെ ജീവിതരീതിയിൽ നിന്നും രൂപം കൊണ്ട സാംസ്കാരിക പൈതൃകവും കുടിയേറ്റക്കാരുമായും പാശ്ചാത്യസംസ്കാരവുമായുള്ള ഇടപെടൽ മൂലം അവക്കു സംഭവിച്ച വ്യതിയാനവും സമ്മിശ്ര രീതിയുമെല്ലാം നിലവിലുള്ള സാംസ്കാരിക വൈവിധ്യത്തിന് ഹേതുവാണ്.

ഹിന്ദു മുസ്ലീം ക്രസ്ത്യൻ ജൈനമത വിശ്വാസികൾ സൗഹാർദ്ദത്തോടെ ഇവിടെ ജീവിക്കുന്നു. വിവിധ മത വിഭാഗങ്ങളിൽ വിശ്വസിക്കുന്നവരുടെയിടയിൽ നാനാതരം ആചാരങ്ങൾ നിലനിൽക്കുന്നു. ജൈനമത വിശ്വാസികൾ സൂര്യാസ്തമയത്തിനുശേഷം ആഹാരം കഴിക്കാറില്ല.



എരുമത്തെരുവിലെ യാദവ സമുദായാംഗങ്ങളുടെയിടയിൽ അനവധി ആചാരങ്ങൾ നിലനിൽക്കുന്നു. ആന്ധ്രപ്രദേശിൽ നിന്നും കുടിയേറിപ്പാർത്ത ഇവരുടെ പ്രധാനതൊഴിൽ കാലി വളർത്തലാണ്. വർമ്മഗോത്രം, വങ്കരഗോത്രം

എന്നിങ്ങനെ രണ്ട് ഗോത്രങ്ങളിലുള്ളവരിൽ ഒരു ഗോത്രത്തിലുള്ളവർ മറുഗോത്രത്തിലെ ആളുകളെ മാത്രമേ വിവാഹം കഴിക്കൂ. സ്വന്തം ഗോത്രത്തിൽനിന്നും വിവാഹം കഴിക്കുന്നവരെ സമൂഹത്തിൽ നിന്നും ഭ്രഷ്ട് കൽപ്പിച്ച് പുറത്താക്കും. ഗോത്രമായി കണക്കാക്കുന്നത് പിതാവിന്റെ ഗോത്രമാണ്. വിവാഹം 7 ദിവസത്തോളം നീണ്ടുനിൽക്കുന്ന ഒരു ചടങ്ങായിരുന്നു. ഇപ്പോൾ 3 ദിവസങ്ങളിലായി ചുരുങ്ങി. ഇതിൽ രണ്ടു ദിവസങ്ങൾ പ്രാധാന്യമുള്ളവയാണ്. ഇതിൽ വിവാഹത്തിന്റെ രണ്ടുദിവസം മുമ്പ് നടക്കുന്ന ചടങ്ങാണ് മൊലക്കൽ (മുളപ്പിക്കൽ) വധു നവധാന്യങ്ങൾ ഒരു ചട്ടിയിൽ മുളപ്പിക്കുന്നു. ഒമ്പതും മുളച്ചാൽ നല്ല ദാമ്പത്യമായിരിക്കുമെന്നാണ് അവരുടെ വിശ്വാസം. മുളക്കുന്ന ധാന്യങ്ങളുടെ എണ്ണം കുറയുന്നതിനനുസരിച്ച് ദാമ്പത്യഭാവി അനുമാനിക്കുന്നു. കുളിച്ചു വന്നതിനുശേഷമാണ് താലികെട്ടൽ. കല്യാണമണ്ഡപത്തിനുള്ള മണ്ണ് വധൂവരന്മാർ ചുമന്നുകൊണ്ടുവരണം. ആദ്യകാലങ്ങളിൽ പുരുഷൻ സ്ത്രീക്കായിരുന്നു സ്ത്രീധനം നൽകിയിരുന്നത്. കേരളസംസ്കാരത്തിന്റെ ഭാഗമായതിനുശേഷം ഈ അവസ്ഥക്ക് മാറ്റം വന്നു. ഇപ്പോൾ വധുവിന്റെ രക്ഷിതാക്കൾ വരന് കുടുംബജീവിതത്തിനാവശ്യമായ പാത്രങ്ങൾ, പായ, കണ്ണാടി, വിളക്ക്, നെല്ല്, പഴം, വെറ്റില എന്നിവയെല്ലാം വിവാഹപ്പന്തലിൽ വെച്ച് നൽകുന്നു. പരസ്യമായ ഈ സ്ത്രീധനം ഒരു ദ്രോഹമായി പെൺവീട്ടുകാർക്ക് തോന്നാറില്ല. അതൊരു കടമയാണെന്ന് കരുതുന്നു. പെൺകുട്ടികൾ ഋതുമതികളായാൽ നടത്താറുള്ള തിരണ്ടുകല്യാണം പത്തു ദിവസത്തോളം നീണ്ടുനിൽക്കുന്ന ചടങ്ങാണ്. പ്രത്യേകമായ അറയിൽ കുട്ടിയെ പാർപ്പിച്ച് ആവശ്യമായ ചികിത്സയും, പരിചരണവും നൽകുന്നു. ഒരു കുടുംബം ഒരു ദിവസമെങ്കിലും പെൺകുട്ടിക്കാവശ്യമായ സമീകൃത സദ്യയൊരുക്കുന്നതോടൊപ്പം വസ്ത്രങ്ങൾ, പാത്രങ്ങൾ എന്നിവയും നൽകുന്നു. മരിച്ചു കഴിഞ്ഞാൽ മക്കൾ രണ്ടുതവണ തല മുണ്ഡനം ചെയ്യും. ദീപാവലി, ആടി 18, നവരാത്രി തുടങ്ങിയ ഉത്സവങ്ങൾ ഗംഭീരമായി ആഘോഷിക്കുന്നു. നാൽക്കാലികളെ പൂജിക്കുന്ന മാടുപൊങ്കൽ (മകരപൊങ്കൽ) ഒരു സവിശേഷ ആഘോഷമാണ്. ചാണകം കൊണ്ടുണ്ടാക്കിയ ഉണ്ടകളിൽ പൂവ് വെച്ച് കളപ്പൊടി ഉപയോഗിച്ച് വരച്ച കളത്തിനു ചുറ്റും വയ്ക്കുന്നു. അവസാനദിവസം നാൽക്കാലികളെ കുളിപ്പിച്ച് കൊമ്പിന് ചായം പൂശി പൂജ നടത്തുന്നു. മൃഗങ്ങൾക്കായി സദ്യയൊരുക്കുകയും ചെയ്യുന്നു. ഇത്തരം സവിശേഷതയാർന്ന ആചാരങ്ങൾ നിലനിൽക്കുന്ന യാദവ സമുദായാംഗങ്ങൾ വയനാട്ടിൽ മാനന്തവാടിയിലും വൈത്തിരിയിലും മാത്രമേയുള്ളു.

ഈ പ്രദേശത്തെ ആദിവാസി വിഭാഗങ്ങളായ കുറിച്യ, കുറുമ, അടിയ, പണിയ സമുദായാംഗങ്ങളുടെയിടയിലും വിവാഹം, മരണാനന്തരചടങ്ങുകൾ എന്നിവയുമായി ബന്ധപ്പെട്ട് സവിശേഷതയാർന്ന ആചാരങ്ങൾ നിലനിൽക്കുന്നു. പണിയസമുദായാംഗങ്ങൾ രാത്രി വാദ്യമേളങ്ങളോടെ വിവാഹങ്ങൾ നടത്തുന്നു. മരണശേഷം ശവക്കുഴിയിൽ അടക്ക, വെറ്റില, ആഹാരപദാർത്ഥങ്ങൾ തുടങ്ങിയവ് വെയ്ക്കുന്ന പതിവും ഉണ്ട്. അടിയ സമുദായാംഗങ്ങൾ അസുഖം വന്നാൽ ഗദ്ദിക നടത്തുന്നു. കുറിച്യ സമുദായാംഗങ്ങൾ ആദിവാസി ബ്രാഹ്മണർ എന്നപേരിലാണ് അറിയപ്പെടുന്നത്. അയിത്തം നിലനിർത്തുന്നതിന് അവർ ശ്രമിച്ചുവരുന്നു. പ്രധാന കാര്യങ്ങൾ തുടങ്ങുന്നതിനുമുമ്പ് ദൈവം കാണൽ ചടങ്ങും നടത്താറുണ്ട്.

വയനാട്ടിലെ ആദിവാസി വിഭാഗമായ കുറിച്യപ്പടയുടെ സഹായത്തോടെ വനാന്തരങ്ങളിൽ ബ്രിട്ടീഷുകാർക്കെതിരെ പോരാടി വീരചരമമടഞ്ഞ വീര കേരളവർമ്മ പഴശ്ശി രാജാവിന്റെ ചരമദിനമായ നവംബർ 30 നോടനുബന്ധിച്ച് ചരിത്ര സിമ്പോസിയം, കവിയരങ്ങ്, അമ്പെയ്ത്ത് മത്സരം എന്നിവ സംഘടിപ്പിക്കാറുണ്ട്. പഴശ്ശികുടീരത്തിൽ ഒരു സ്മാരകവും, നാശോന്മുഖമായ പൂന്തോട്ടവും ഉണ്ട്.

വയനാടിന്റെ ദേശീയോത്സവമായ വള്ളിയൂർക്കാവ് ഭഗവതി ക്ഷേത്രോത്സവം മീനം 1-ാം തിയ്യതി മുതൽ 14 ദിവസം നീണ്ടുനിൽക്കുന്നു. ആദിവാസികളുടെ ജീവിതവുമായി കെട്ടിപിണഞ്ഞുക്കിടക്കുന്ന ചരിത്രപശ്ചാത്തലമാണ് വള്ളിയൂർക്കാവ് ഉത്സവത്തിനുള്ളത് ആദിവാസികളുടെ തൊഴിൽപരമായ കരാറുകൾ, വിവാഹങ്ങൾ എന്നിവ ആദ്യകാലങ്ങളിൽ ഉത്സവപറമ്പിനോടനുബന്ധിച്ച് നിശ്ചയിക്കപ്പെട്ടിരുന്നു. പണ്ടുകാലത്ത് ഒരു വർഷത്തേക്കാവശ്യമായ മുഴുവൻ സാധനങ്ങളും ശേഖരിച്ചത് വള്ളിയൂർക്കാവ് ഉത്സവത്തോടനുബന്ധിച്ചായിരുന്നു. വ്യാപാരസ്ഥാപനങ്ങൾ വ്യാപകമായതോടെ ഈ അവസ്ഥക്ക് മാറ്റം വന്നു. 14 ദിവസം അന്നദാനം നടത്തുന്ന ചടങ്ങ് ഉത്സവത്തിന്റെ ഒരു സവിശേഷതയാണ്. പണ്ട് വിവിധ സർക്കാർ വകുപ്പുകളും, വ്യക്തികളുമാണ് അന്നദാന ചുമതല വഹിച്ചിരുന്നത്. റവന്യൂവകുപ്പും, വനം വകുപ്പും ഇപ്പോഴും ഇത് തുടരുന്നുണ്ട്. വയനാടിന്റെ വിവിധ ഭാഗങ്ങളായ തേറ്റമല, ജെസ്സി, എള്ളുമന്ദം, ചിറക്കര, തലപ്പുഴ, തവിഞ്ഞാൽ, പെരുവക, തോണിച്ചാൽ എന്നിവിടങ്ങളിൽ നിന്നും അടിയറ എഴുന്നള്ളത്ത് വരാറുണ്ട്. ചേരാങ്കോട്ട് ഇല്ലത്തുനിന്നും ഒപ്പന വരവും, പള്ളിയറക്ഷേത്രത്തിൽ നിന്നും വാൾ എഴുന്നള്ളത്തും ഉത്സവത്തിന്റെ പ്രധാന ചടങ്ങാണ്. വിവിധ സംസ്കാരങ്ങളുടെ സമന്വയ വേദിയാണ് വള്ളിയൂർക്കാവ്. ഉത്സവത്തോടനുബന്ധിച്ച് അടുത്തകാലത്തായി വയനാട് എക്സിബിഷൻ & ട്രെയ്ഡ്ഫെയർ സംഘടിപ്പിക്കാറുണ്ട്. വിവിധ സ്ഥാനങ്ങളിലെ വാണിജ്യ ഉല്പന്നങ്ങൾ ഇവിടെ വിറ്റഴിക്കപ്പെടുന്നു. കവിയരങ്ങ് ഏകാങ്കനാടമത്സരം വിവിധ കലാ പരിപാടികൾ എന്നിവ സംഘടിപ്പിക്കുന്നു. വള്ളിയൂർക്കാവ് ക്ഷേത്രത്തിലെ മതിലിൽ ശ്രീ. തമ്പിമാസ്റ്ററും, ശ്രീ. കെ. എം. ശശിമാസ്റ്ററും പണിത ശിലപ്ങ്ങൾ ആകർഷകങ്ങളാണ്.

ഈ പ്രദേശത്തെ ഏറ്റവും പഴക്കമുള്ള കൃസ്തീയ ദേവാലയങ്ങൾ ലത്തീൻപള്ളി, സി. എസ്. ഐ പള്ളി എന്നിവ

യാണ്. ഗോറിമൂലയിലെ പുരാതന സെമിത്തേരിയും, അവിടത്തെ ചവോക്കുമരങ്ങളും അപൂർവ്വ സവിശേഷതകളാണ്.

വടേരി ശിവക്ഷേത്രത്തിലെ ശിവരാത്രി ആഘോഷം, കാഞ്ചികാമാക്ഷിയമ്മൻ ക്ഷേത്രത്തിലെ നവരാത്രി ആഘോഷം, തിടങ്ങഴിക്കുന്നിലെ ശിവരാത്രി ആഘോഷം, പുതിയടം ജൈന ക്ഷേത്രോത്സവം, ഒഴക്കോടി ശ്രീകൃഷ്ണ ക്ഷേത്രത്തിലെ മണ്ഡലോത്സവം പെരുവക, താഴയങ്ങാടി മുത്തപ്പൻ മാപ്പുരകളിലെ ഉത്സവം, മാനന്തവാടി അമലോൽ അവമാതാ ദേവാലയത്തിലെയും, അമ്പുകുത്തിയാക്കോബ പള്ളിയിലേയും, കാണിയാരം സെന്റ് ജോസഫ്സ് കത്തീഡ്രലിലെയും തിരുനാളുകൾ, നബിദിനത്തോടനുബന്ധിച്ച് നടത്തുന്ന ആഘോഷങ്ങൾ പ്രത്യേകിച്ച് എരുമത്തെരുവിലെ നബിദിനാഘോഷം എന്നിവ പ്രധാനപ്പെട്ടവയാണ്. മാനന്തവാടി രൂപതയുടെ ആസ്ഥാനമായ ബിഷപ്പ്സ് ഹൗസ് മാനന്തവാടിയിൽ സ്ഥിതിചെയ്യുന്നു.

ആദിവാസി വിഭാഗങ്ങളും, കുടിയേറ്റക്കാരും ഇടകലർന്നു ജീവിക്കുന്നതിനാൽ സമ്മിശ്ര സംസ്കാരമാണ് നിലനിൽക്കുന്നത്. ഗ്രാമീണരുടെ ഇടയിൽ നിരവധി കലാരൂപങ്ങൾ നിലവിലുണ്ടായിരുന്നു. വയലിൽ വേല ചെയ്തിരുന്ന തൊഴിലാളികളുടെയിടയിൽ പ്രചാരത്തിലുണ്ടായിരുന്ന കൊയ്ത്തുപാട്ടുകൾ, വയൽ ഉഴുതുമറിക്കുമ്പോൾ ചൊല്ലാറുള്ള വായ്ത്താരികൾ എന്നിവ ഇന്ന് അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു. പണ്ട് പ്രചാരത്തിലുണ്ടായിരുന്ന 'കമ്പളം അടി' കൃഷിയുമായി ബന്ധപ്പെട്ടതാണ്.

വയലിൽ ഒരു സംഘം ആളുകൾ വേലചെയ്യുമ്പോൾ മറ്റൊരുസംഘം ചുറ്റും നിന്ന് താളമേളത്തോടെ ആടുന്നതാണ് 'കമ്പളം അടി' ഇന്ന് ഈ കാഴ്ച അദൃശ്യമായി. വള്ളിയൂർക്കാവ് ക്ഷേത്രത്തിലെ തോറ്റം മറ്റ് ക്ഷേത്രങ്ങളിലെ തെയ്യം, തിറ എന്നിവ ക്ഷേത്രകലകളാണ്. പണിയ, കാവടിച്ചിന്ത്, ദൈവം കാണൽ, തുടിനാദം, ചീനി ഊത്ത് എന്നിവയും ആദിവാസികളുടെയിടയിൽ പ്രചാരത്തിലുള്ള കലാരൂപങ്ങളാണ്. മുസ്ലീങ്ങളുടെ വിവാഹവുമായി ബന്ധപ്പെട്ട ഒപ്പന, കോൽക്കളി, മാപ്പിളപ്പാട്ട് ദഫ്മുട്ട് എന്നിവയും ഒരു ആയോധന കലയായ പരിചമുട്ടും, ക്രിസ്ത്യാനി സ്ത്രീകളുടെ ഇടയിൽ പ്രചാരത്തിലുള്ള മാർഗ്ഗം കളിയും ഗ്രാമീണ ജനതയുടെയിടയിൽ നില നിൽക്കുന്ന കലാരൂപങ്ങളാണ്. ഈ കലാരൂപങ്ങളിൽ ചിലത് ഇന്ന് ജീർണ്ണാവസ്ഥയിലാണ്. ജീവിത രീതിയിൽ വന്ന മാറ്റമാണ് ഇതിന് പ്രധാന കാരണം. ഉദാഹരണം പണ്ടു കലാലത്ത് കൂലിയായി നെല്ലായിരുന്നു നൽകിയിരുന്നത്. രാത്രി നെല്ലുകുത്തുന്ന സന്ദർഭങ്ങളിൽ ആദിവാസികൾ ചുറ്റും നൃത്തം ചവിട്ടുകയും, ഒരു പ്രത്യേക താളത്തിൽ നെല്ലുകുത്തുകയും ചെയ്യുമായിരുന്നു. ഇന്നു നെല്ലിനു പകരം കൂലി പണമായി മാറിയപ്പോൾ അരി കടയിൽനിന്നും വാങ്ങുന്നതിനാൽ നെല്ലുകുത്തും, നൃത്തവും അപ്രത്യക്ഷമായി.

പുരുഷന്മാരുടെ മദ്യപാനം, അപകർഷതാബോധം ആസ്വാദനത്തിൽ സമീപകാലത്തുവന്ന മാറ്റം എന്നിവയും നാടൻ കലാരൂപങ്ങളുടെ ജീർണ്ണാവസ്ഥക്കു കാരണമായി.

### ഗ്രന്ഥശാലകൾ

ഈ പ്രദേശത്തെ ഏറ്റവും പുരാതനമായതും മാനന്തവാടിയുടെ സംസ്കാരിക ചരിത്രത്തിൽ നിർണ്ണായക സ്വാധീനമുള്ളതുമായ ഗ്രന്ഥശാലയാണ് പഴശ്ശി വായനശാല. 1918 ൽ വളപ്പായി കുടുംബത്തിന്റെ സ്ഥലത്ത് മാനന്തവാടി പബ്ലിക് റീഡിംഗ്റൂം പ്രവർത്തിച്ചിരുന്നു. 1942 ൽ ഒ. ടി. നാരായണൻ നമ്പ്യാർ, പി. സി. ബാലകൃഷ്ണൻ നമ്പ്യാർ എന്നിവരുടെ നേതൃത്വത്തിൽ പഴശ്ശിവായനശാല രൂപീകരിച്ചു. ഇതിനാവശ്യമായ ധനം സ്വരൂപിച്ചത് വയനാട് താലൂക്ക് (ഇന്നത്തെ വയനാട് ജില്ല) മുഴുവൻ നടന്ന് പണം പിരിച്ചാണ്. ഈ വായനശാല പ്രവർത്തിച്ചത് മാധവൻ വൈദ്യരുടെ പീടികയിലായിരുന്നു. പിന്നീട് ഈ വായനശാല പ്രവർത്തനത്തിനാവശ്യമായ സൗകര്യമില്ലാത്തതിനാൽ മാനന്തവാടി പബ്ലിക് റീഡിംഗ്റൂമായി ലയിപ്പിക്കുകയാണുണ്ടായത്. ഇതാണ് നിലവിലുള്ള പഴശ്ശി ഗ്രന്ഥാലയം. ഇതുവരെ 1926 ൽ പണിത ഒരു കെട്ടിടത്തിലായിരുന്നു പ്രവർത്തിച്ചിരുന്നത്. ഇന്ന് അതു പുതുക്കിപ്പണിയുന്നതിനുവേണ്ടിയുള്ള പ്രവർത്തികൾ നടന്നുകൊണ്ടിരിക്കുന്നു. ഒരുലക്ഷം രൂപ വിലവരുന്ന ഒമ്പതിനായിരത്തിൽ പരം പുസ്തകങ്ങളും 272 സജീവ അംഗങ്ങളും ഈ ഗ്രന്ഥാലയത്തിലുണ്ട്. ഗ്രന്ധശാല സംഘത്തിന്റെ കീഴിലാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. വനപ്രസൂനം കയ്യെഴുത്തുമാസിക വളരെ മുമ്പുതന്നെ ഈ ഗ്രന്ഥശാലയിൽ നിന്ന് പ്രസിദ്ധീകരിച്ചിരുന്നു. ഗ്രന്ഥശാലയുടെ കീഴിൽ ഒരു ആർട്സ് & സ്പോർട്ട്സ് ക്ലബ്ബ് പ്രവർത്തിച്ചു വരുന്നു.

1952 ൽ സ്ഥാപിച്ച ഒഴക്കോടി നാഷണൻ വായനശാല ആദ്യകാലങ്ങളിൽ സഞ്ചരിക്കുന്ന ഗ്രന്ഥാലയമായിരുന്നു. പെട്ടികളിൽ തലച്ചുമടായി പുസ്തകങ്ങൾ വിതരണം നടത്തിയ ചരിത്രമാണ് ഈ ഗ്രന്ഥശാലക്കുള്ളത്. സർവ്വശ്രീ. ടി. കെ ഗോപാലൻ നായർ, എ. കെ. ചാത്തു, കെ. ബാലഗോപാലൻ മാസ്റ്റർ, അനന്തൻ നമ്പ്യാർ, ടി. ഇ. കുറുപ്പുമാസ്റ്റർ കെ. കരുണാകരൻ നമ്പ്യാർ എന്നിവരാണ് സ്ഥാപക നേതാക്കൾ, പീടികത്തിണ്ണകളിലും വീടുകളിലും പ്രവർത്തിച്ചിരുന്ന ഗ്രന്ഥശാലയ്ക്ക് ഇന്ന് സ്വന്തമായ സ്ഥലവും കെട്ടിടവുമുണ്ട്. കാൽലക്ഷം രൂപ വിലയ്ക്കുള്ള നാലായിരത്തി ഒരുന്നൂറ്റി മുപ്പത് ഗ്രന്ഥങ്ങളുണ്ട്. 120 അംഗങ്ങളുമുണ്ട് കയ്യെഴുത്തുമാസികകൾ പ്രസിദ്ധീകരിച്ചുവെങ്കിലും ഇപ്പോൾ പ്രസിദ്ധീകരിക്കുന്നില്ല.

സ്വന്തമായി രചനകൾ നടത്തി അവതരിപ്പിച്ചിരുന്ന ഒരു നാടകട്രൂപ്പും, കോൽക്കളിസംഘവുമുണ്ടായിരുന്നു. ഗ്രന്ഥശാലാ സംഘത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഗ്രന്ഥാലയത്തോടനുബന്ധിച്ച് ഒരു ആർട്സ് & സ്പോർട്സ് ക്ലബ്ബും പ്രവർത്തിക്കുന്നു. ഒരു ബ്ലാക്ക് & വൈറ്റ് ടി. വി. പഞ്ചായ

ത്തിൽ നിന്നും ലഭിച്ചുവെങ്കിലും ഇപ്പോൾ പ്രവർത്തന രഹിതമാണ്. ദീർഘകാലം ലൈബ്രേറിയനായി പ്രവർത്തിച്ചിരുന്ന ടി. ഇ. കുഞ്ഞിരാമക്കുറുപ്പ് മാസ്റ്ററുടെ സേവനം അവിസ്മരണീയമാണ്.

1979 ൽ ആരംഭിച്ച പയ്യമ്പള്ളി ഐക്യദീപം വയനശാലയിൽ 17,970 രൂപ മുഖവിലയുള്ള 2075 പുസ്തകങ്ങൾ ഉണ്ട്. 40 അംഗങ്ങളുണ്ട്. ബ്ലാക് ആന്റ് വൈറ്റ് ടി. വി. പ്രവർത്തനക്ഷമമാണ്. ലൈബ്രറിയോടനുബന്ധിച്ച് ഒരു ജനശിക്ഷൺ നിലയവും റിക്രിയേഷൻ ക്ലബ്ബും പ്രവർത്തിക്കുന്നു.

25 വർഷങ്ങൾക്കു മുമ്പ് ആരംഭിച്ച കണിയാരം പ്രഭാത് വായനശാലയിൽ 2300 പുസ്തകങ്ങളും 60 അംഗങ്ങളുമുണ്ട്. ബ്ലാക് ആന്റ് വൈറ്റ് ടി. വി. യുണ്ടെങ്കിലും പ്രവർത്തന രഹിതമാണ്.

കുറുക്കൻമൂല പബ്ലിക് ലൈബ്രറിയിൽ 1600 പുസ്തകങ്ങൾ ഉണ്ട്.

എരുമത്തെരുവിൽ ചുരുങ്ങിയ വർഷം പ്രവർത്തിച്ച ലോക്കൽ ലൈബ്രറി ഇപ്പോൾ കണ്ണൂർ ജില്ലയിലേക്ക് മാറ്റപ്പെട്ടു.

1985 മുതൽ മാനന്തവാടിയിൽ പ്രവർത്തിക്കുന്ന സോളിഡാരിറ്റി ലൈബ്രറി വയനാട്ടിലെതന്നെ ഒരു പ്രമുഖ ഗ്രന്ഥാലയമാണ് പത്തുലക്ഷം രൂപ വിലവരുന്ന പതിനായിരത്തിൽ പരം പുസ്തകങ്ങളും 2100 അംഗങ്ങളും ഉണ്ട്. ഗ്രന്ഥശാലാ സംഘത്തിന്റെ സഹായമില്ലാതെ പ്രവർത്തിക്കുന്ന ഗ്രന്ഥാലയത്തിന് സ്വന്തമായി ഭൂമിയും കെട്ടിടവുമുണ്ട്. 'ഇന്ന്' എന്ന കയ്യെഴുത്തുമാസിക മൂന്നുമാസത്തിലൊരിക്കൽ പ്രസിദ്ധീകരിച്ചുവരുന്നു. സാഹിത്യകാരന്മാർ പങ്കെടുക്കുന്ന സെമിനാറുകൾ, ചിത്രകലാക്യാമ്പ്, നേതൃത്വ പരിശീലന ക്യാമ്പ്, കലാമൂല്യമുള്ള സിനിമാ പ്രദർശനം പ്രകൃതി പഠനം എന്നിവ സംഘടിപ്പിക്കാറുണ്ട്. കമ്പ്യൂട്ടർ കോഴ്സ് നടത്തിയിരുന്നുവെങ്കിലും ഇപ്പോൾ നിലവിലില്ല. ഒരു ദിവസം ശരാശരി 75 പുസ്തകങ്ങൾ വിതരണം നടത്തുന്നു.

ചെറ്റപ്പാലത്ത് പ്രവർത്തിക്കുന്ന പഞ്ചായത്ത് സാംസ്കാരിക നിലയത്തിൽ 1100 പുസ്തകങ്ങളും 118 അംഗങ്ങളുമുണ്ട്. പുസ്തകങ്ങളുടെ ഗുണനിലവാരവും പ്രവർത്തനവും തൃപ്തികരമല്ല.

സ്കൂൾ ലൈബ്രറികൾ മിക്ക വിദ്യാലയങ്ങളിലുമുണ്ട്. എന്നാൽ കൃത്യമായി വിതരണം നടത്തുന്നതിനും കൂടുതൽ പുസ്തകങ്ങൾ ലഭ്യമാക്കുന്നതിനും ശ്രദ്ധപതിയാറില്ല. 1979 മുതൽ 82 വരെയുള്ള കാലഘട്ടങ്ങളിൽ പ്രവർത്തിച്ച മാനന്തവാടി ഡവലെപ്മെൻറ് യൂത്ത് മൂവ്മെന്റ് മാനന്തവാടിയുടെ വികസനത്തിനുവേണ്ടി ശബ്ദിക്കുകയുണ്ടായി.

**വായനശാലകളും ക്ലബ്ബുകളും**

1958 ൽ ഒരു കലാസമിതിയായി പ്രവർത്തനമാരംഭിച്ച കൊയിലേരി ഉദയ വായനശാല 92 ലാണ് ഒരു വായനശാലയായി ഉയർന്നത്. സർവ്വശ്രീ. എ. കെ. ഗോപിനായർ, ഭാസ്കരൻ, ബാലകൃഷ്ണൻ മാസ്റ്റർ, കുഞ്ഞികൃഷ്ണൻ, തങ്കച്ചൻ തുടങ്ങിയ കലാസ്നേഹികൾ സ്വന്തം രചനകളെ ആസ്പദമാക്കി അവതരിപ്പിച്ച നാടകങ്ങളും മറ്റു കലാപരിപാടികളും ഗ്രാമീണ ജനതയുടെ മനസ്സിൽ ഇന്നും മായാത്ത സ്മരണകളായി നിലനിൽക്കുന്നു. 33 അംഗങ്ങളും ആയിരത്തോളം പുസ്തകങ്ങളുമുള്ള ഉദയാ വായനശാല ഗ്രന്ഥശാലാ സംഘത്തിന്റെ അഫിലിയേഷനുവേണ്ടി ശ്രമം നടത്തുന്നുണ്ട്.

മുദ്രമൂല ഉദയ വായനശാല, ജെസ്സിയിലെ റിക്രിയേഷൻ ക്ലബ്ബ്, മാനിഷാദ വായനശാല, താന്നിക്കൽ, പ്രണവം വായനശാല എന്നിവയാണ് മറ്റു പ്രധാന വായനശാലകൾ.

മാനന്തവാടിയിൽ ബ്രിട്ടീഷുകാരുടെ ഭരണ കാലത്തു തന്നെ ക്ലബ്ബുകൾ പ്രവർത്തിച്ചിരുന്നു എന്നതിന് തെളിവാണ് 'ക്ലബ്ബ്കുന്ന്' എന്ന നാമം.

അക്ഷര ഗ്രാമവേദി, അൽഫോൻസ കലാസമിതി, നയന, യുവതാര, ചാണക്യ ഹിൽസ്റ്റാർ, സിൽവർ സ്റ്റാർ, ശ്രേയസ് എന്നിവ ഗ്രാമീണ ജനതയുടെ വിനോദ കേന്ദ്രങ്ങളായി മാറിയ ക്ലബ്ബുകളാണ്. രാഗതരംഗ് മ്യൂസിക് അക്കാദമിയിൽ സംഗീത ക്ലാസ്സുകൾ നടത്താറുണ്ട്. കൂടാതെ ഒരു ഗാനമേള ട്രൂപ്പും പ്രവർത്തിക്കുന്നു. വരദ ചിത്രവിദ്യാലയം, ആർട്ടോൺ ചിത്രാലയം എന്നിവ ചിത്രകലയിൽ എന്നിവ ചിത്രകലയിൽ അഭ്യസനം നൽകുന്നു. നിരവധി ബാലചിത്രകാരന്മാരാൽ ശ്രദ്ധേയമാണ്. മാനന്തവാടി, രണ്ടുതവണ രാഷ്ട്രപതിയുടെ ശങ്കേഴ്സ് ഇന്റർനാഷണൽ വെള്ളിമെഡലിന് അർഹനായ മാസ്റ്റർ അനീഷ്, 1993 ൽ ശിശുദിന സ്റ്റാമ്പിനുവേണ്ടി നടത്തിയ ചിത്രരചനയിൽ വിജയിയായ ധ്യാന, നിരവധി അവാർഡുകൾക്ക് അർഹരായ ജൊവാബ് ജോഫ്രി, സൂര്യാസനൽകുമാർ, ഡോൺപോൾ തുടങ്ങിയ നിരവധി ചിത്രകാരന്മാരാൽ അനുഗ്രഹീതമാണ് മാനന്തവാടി. വരദ ചിത്രകലാവിദ്യാലത്തിലെ സിൽവെസ്റ്റർ ബാലചിത്രകാരന്മാരെ വളർത്തിയെടുക്കുന്നതിൽ മികച്ച പങ്കു വഹിച്ചുകൊണ്ടിരിക്കുന്നു.

പുഷ്പാഞ്ജലി നൃത്താലയം നൃത്തകലയിൽ അഭ്യസനം നൽകുന്നു. പ്രശസ്ത ബാലനർത്തകിമാരായ നിഷ, രസ്ന രാജൻ എന്നിവരും ശ്രദ്ധേയരാണ്. പഴശ്ശികലാകേന്ദ്രത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന നാടകട്രൂപ്പ് 'ഇത് ഭാരത രാജ്യം ' എന്ന നാടകം അവതരിപ്പിച്ചുവരുന്നു. കണിയരം സെന്റ് ജോസഫ്സ് കത്തീഡ്രൽ ചർച്ച് കേന്ദ്രമാക്കി MPAC എന്ന നാടകഗ്രൂപ്പ് പ്രവർത്തിച്ചുവരുന്നു. വ്യത്യസ്ത കലാരൂപങ്ങൾ പരിചയപ്പെടുത്തുന്നതിനുവേണ്ടി രൂപീകരിച്ച മാനന്തവാടി ആർട്സ് & കൾച്ചറൽ സൊസൈറ്റി ഓരോമാസവും

ഓരോ കലാപരിപാടികൾ സംഘടിപ്പിക്കാറുണ്ടായിരുന്നു. വായനശാല, ക്ലബ്ബുകൾ, സ്കൂളുകൾ എന്നിവയുടെ നേതൃത്വത്തിലുള്ള വാർഷികാഘോഷങ്ങൾ ഗ്രാമീണരുടെ കലാപ്രകടനങ്ങൾക്ക് അവസരമൊരുക്കുന്നു. മാനന്തവാടി മർച്ചന്റ്സ് യൂത്ത് ക്ലബ്ബ്, മാനന്തവാടി യൂത്ത് വിംഗ് എന്നിവയുടെ നേതൃത്വത്തിൽ കലാപരിപാടികൾ സംഘടിപ്പിക്കാറുണ്ട്. യൂത്ത് ക്ലബ്ബ് നടത്തുന്ന സംസ്ഥാനതല ചിത്രരചനാമത്സരം ശ്രദ്ധേയമായ ഒരു പരിപാടിയായി മാറിയിരിക്കുന്നു. ശ്രീ. പി. ബേബി, ശ്രീ. കെ. പി. തോമസ് എന്നിവരുടെ നേതൃത്വത്തിൽ വർണ്ണ ക്ഷേത്ര കൾച്ചറൽ ഫോറത്തിന്റെ ആഭിമുഖ്യത്തിൽ അഖില വയനാട് ചിത്രരചനാമത്സരം നടത്തിയിരുന്നു.

മാനന്തവാടിയിൽ പ്രവർത്തിക്കുന്ന വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി 1974 ൽ സ്ഥാപിതമായി. തയ്യൽ പരിശീലനം, വീടു നിർമ്മാണത്തിനുള്ള സാമ്പത്തിക സഹായം, ആരോഗ്യപരിപാടികൾ, കാർഷിക-വനിതാ സെമിനാറുകൾ തുടങ്ങിയവ സംഘടിപ്പിക്കുന്ന ഈ സൊസൈറ്റിയുടെ പ്രവർത്തന പരിധി വയനാട്, മലപ്പുറം, കണ്ണൂർ ജില്ലകളിൽ വ്യാപിച്ചുകിടക്കുന്നു. കാർഷിക വിജ്ഞാന വ്യാപന പരിപാടിയനുസരിച്ച് ലഘുലേഖകൾ പ്രസിദ്ധീകരിച്ചു വരുന്നു. ഇത് ബിഷപ്പ് ഹൗസിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഒരു സംഘടനയാണ്.

കേരളശാസ്ത്ര സാഹിത്യപരിഷത്തിന്റെ മാനന്തവാടി മേഖലാ ആസ്ഥാനവും ഇവിടെയാണ് പ്രവർത്തിക്കുന്നത്. പരിഷത്ത് സംഘടിപ്പിക്കുന്ന സെമിനാറുകൾ, പഠനങ്ങൾ, വിജ്ഞാനോത്സവങ്ങൾ, ശാസ്ത്രകലാജാഥകൾ എന്നിവ ശ്രദ്ധേയമാണ്.

**കായിക സംസ്കാരം**

കേരളത്തിലെ പ്രശസ്തരായ ജിംനേഷ്യങ്ങളിലൊന്നായ ഗോൾഡൻ ജിംനേഷ്യം മാനന്തവാടിയിൽ പ്രവർത്തിക്കുന്നു. മിസ്റ്റർ ഇന്ത്യൻ യൂണിവേഴ്സിറ്റിയായി തെരഞ്ഞെടുക്കപ്പെട്ട ഏകമലയാളിയും, നേഷണൽ സിൽവർമെഡൽ ജേതാവുമായ എം. കെ. കൃഷ്ണകുമാർ 16 വർഷങ്ങൾക്കു മുമ്പ് സ്ഥാപിച്ചതാണ് ഈ ജിംനേഷ്യം. ഇപ്പോൾ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിൽ 60 പേർ പരിശീലനം നേടുന്നു. ബിന്ദുതോമസ്, എം. ആർ. മണി, ശെൽവരാജ്, സനൽകുമാർ, ഏലി, വി. എസ്. തുടങ്ങിയ നിരവധി ദേശീയ സംസ്ഥാനപവർലിഫ്റ്റിംഗ് താരങ്ങളെ സംഭാവന ചെയ്ത സ്ഥാപനമാണ് ഇത്. സ്പോർട്സ് ക്വാട്ടയിലൂടെ ജോലിയും, ഉപരിപഠനത്തിന് യോഗ്യതയും നേടിയ അനവധി ആളുകളെ സംഭാവനചെയ്യാൻ ഈ സ്ഥാപത്തിന് കഴിഞ്ഞു.

മാനന്തവാടിയിലെ ഒരു പ്രമുഖ സ്പോർട്സ് ക്ലബ്ബാണ് ഡയാന. ഇതിന്റെ നേതൃത്വത്തിൽ വർഷം തോറും ഷട്ടിൽ ടൂർണമെന്റ് സംഘടിപ്പിച്ചുവരുന്നു. ജെസി ലേബർ റിക്രിയേഷൻ ക്ലബ്ബിന്റെ നേതൃത്വത്തിൽ ഫുട്ബോൾ ടൂർണ്ണമെന്റ് സംഘടിപ്പിച്ചുവരുന്നു. മാനന്തവാടിയിൽ നടത്താറുണ്ടായിരുന്ന ഹമീദ് മെമ്മോറിയൽ സെവൻസ് ഫുട്ബോളിൽ ഇന്ത്യയിലെ പ്രമുഖ ഫുട്ബോൾ ടീമുകൾ പങ്കെടുക്കാറുണ്ടായിരുന്നു. എന്നാൽ ഈ ടൂർണ്ണമെന്റ് ഇപ്പോൾ നടത്താറില്ല. 1994 മാർച്ചിൽ SMASH നടത്തിയ അഖിലേന്ത്യ, വോളിബോൾ ടൂർണ്ണമെന്റ് ശ്രദ്ധേയമായിരുന്നു. വള്ളിയൂർക്കാവ് ഗ്രൗണ്ടിൽ നടത്താറുള്ള രാമൻനായർ മെമ്മോറിയൽ ഫുട്ബോൾ ടൂർണ്ണമെന്റ് ശ്രദ്ധേയമാണ്. രണ്ട് പ്രമുഖ കരാട്ടേ സ്കൂളുകളുടെ നേതൃത്വത്തിൽ കരാട്ടേ പരിശീലനം നടത്തിവരുന്നു.

448 അംഗങ്ങൾ ഉണ്ടായിരുന്ന സിത്താര ഫിലിം സൊസൈറ്റി അന്താരാഷ്ട്രനിലവാരമുള്ള സിനിമകൾ പ്രദർശിപ്പിച്ചുവെങ്കിലും ഇപ്പോൾ പ്രവർത്തനരഹിതമാണ്. ഈ പ്രദേശത്ത് 4 സിനിമാ പ്രദർശനശാലകൾ ഉണ്ടെങ്കിലും കലാമൂല്യമുള്ള സിനിമകൾ അപൂർവ്വമായേ വരാറുള്ളൂ.

ഇന്ത്യൻ നാഷണൽ കോൺഗ്രസ് (ഐ), സി. പി. ഐ. സി. പി. ഐ (എം) സി. പി. ഐ (എം. എൽ) മുസ്ലീംലീഗ്, കേരള കോൺഗ്രസ് (ജെ) കേരള കോൺഗ്രസ് (എം) കേരള കോൺഗ്രസ് (ജേക്കബ്) ഇന്ത്യൻ നാഷണൽ ലീഗ്, ജനതാദൾ, ബി. ജെ. പി. ജെ. എസ്. എസ് തുടങ്ങിയ രാഷ്ട്രീയ പാർട്ടികൾ പ്രവർത്തിക്കുന്നു. യുവജന, മഹിള, ട്രേഡ് യൂണിയൻ സർവ്വീസ് അദ്ധ്യാപക സംഘടനകളും പ്രവർത്തിക്കുന്നുണ്ട്.

രണ്ട് കേബിൾ നെറ്റ്വർക്ക് ടി. വി. ശൃംഗല പ്രവർത്തിക്കുന്നു.

**പ്രസിദ്ധീകരണങ്ങൾ**

ശ്രീ. എം. ആർ പങ്കജാക്ഷൻ മാസ്റ്റർ എഴുതിയ വയനാട്ടിലെ ആദിവാസി പാട്ടുകൾ എന്ന കൃതി ഒരു ആധികാരിക ഗ്രന്ഥമാണ്. ശ്രീ. സലീം വാണമ്പറം എഴുതിയ ഏകാങ്കനാടകങ്ങളായ 'മർദ്ദിതതരുടെ നാട്' കഴുത, ശ്രീ. രാജേന്ദ്രൻ ചെറുപൊയ്ക എഴുതിയ കവിതാ സമാഹാരമായ 'ഗരുഡ സ്തുതി' എന്നിവയാണ് അച്ചടിച്ച് പ്രസിദ്ധീകരിച്ച മറ്റു ഗ്രന്ഥങ്ങൾ. മാനന്തവാടിയിൽ നിന്നും 'മോബ്' എന്ന ഒരു ദ്വൈമാസിക പ്രസിദ്ധീകരിച്ചിരുന്നു. കടാങ്കോട്ട് പ്രഭാകരൻ മാസ്റ്ററുടെ പത്രാധിപത്യത്തിലായിരുന്നു ഈ ദ്വൈമാസിക പ്രസിദ്ധീകരിച്ചിരുന്നത്. തലശ്ശേരി രൂപതയുടെ മുഖപത്രമായിരുന്ന 'ഗിരിദീപം' മാസിക കണിയാരം സെന്റ് ജോസഫ്സ് പ്രസ്സിൽ നിന്നും പ്രസിദ്ധീകരിച്ചിരുന്നു. ഫാ. ജേക്കബ് നരിക്കുഴിയായിരുന്നു അതിന്റെ ആദ്യ എഡിറ്റർ. സാഹിത്യ അക്കാദമി അവാർഡ് നേടിയ 'മാവേലി മന്റ'ത്തിന്റെ കർത്താവായ ശ്രീ. കെ. ജെ. ബേബിയുടെ ആദ്യകാല പ്രവർത്തന കേന്ദ്രം താന്നിക്കൽ സീറോമ്യൂസിക് ക്ലബ്ബ് ആയിരുന്നു. മാനന്തവാടിയിൽ നിന്നും 'സ്വാഭിമാനി' എന്ന ഒരു പത്രവും പ്രസിദ്ധീകരിച്ചിരുന്നു. കൂടാതെ 'സോളിഡാരിറ്റി ന്യൂസ് ലെറ്റർ' സ്നേഹദീപം തുടങ്ങിയ പ്രസിദ്ധീകരണങ്ങളും ഒട്ടേറെ സ്മരണികകളും പ്രസി

ഢീകൃതമായിട്ടുണ്ട്. മാനന്തവാടിയിലെ ഫീനിക്സ് ബുക്ക് സ്റ്റാൾ കാലിക പ്രധാന്യമുള്ള വിഷയങ്ങളെ ആധാരമാക്കി പുസ്തകങ്ങൾ പ്രസാദനം ചെയ്യാറുണ്ട്.

മാനന്തവാടിയിലെ പ്രസിദ്ധമായ സ്റ്റുഡിയോ ഉടമയായ ശ്രീ. ബേബിതങ്കപ്പൻ 'നെല്ല്' എന്ന സിനിമയുടെ നിശ്ചല ഛായാഗ്രാഹകൻ കൂടിയായിരുന്നു.

**ഗ്രാമസഭാചർച്ചയുടെ ക്രോഡീകരണം**

**പ്രശ്നങ്ങൾ**

1. നിലവിലുള്ള ഗ്രന്ഥശാലകളുടെ പ്രവർത്തനം തൃപ്തികരമല്ല. ഗ്രാമീണ ജനതയുടെ വായനാശീലം വളർത്തു ന്നതിൽ സുപ്രധാന പങ്കുവഹിച്ചിരുന്ന ഗ്രന്ഥശാലകളുടെ അപചയം മൂലം സാംസ്കാരിക ജീർണ്ണതയും അനാശാസ്യ പ്രവണതകളും വളർന്നുവരുന്നു. വായിച്ചുവളർന്ന് വിളയുന്ന സമൂഹത്തിന് പകരം വായിക്കാതെ വളർന്ന് വളയുന്ന യുവജനത സഹൂത്തിന് ഒരു ബാദ്ധ്യതയായി മാറുന്നു.

2. കായിക സംസ്കാരം വളർത്തുന്നതിന് അനിവാര്യമായ കളിസ്ഥലങ്ങളുടെ അപര്യാപ്തത മൂലം കായിതാരങ്ങളെ വളർത്തിയെടുക്കാൻ സാധിക്കുന്നില്ല.

3. പഞ്ചായത്തിന്റെ നേതൃത്വത്തിൽ നടത്താറുള്ള കേരളോത്സവം ഒരു ചടങ്ങായി മാറിക്കൊണ്ടിരിക്കുന്നു. ജനപങ്കാളിത്തത്തിന്റെ അഭാവം മൂലമാണ് ഇത്തരം മേളകൾ ശുഷ്കരമായി മാറിക്കൊണ്ടിരിക്കുന്നത്.

4. നിരവധി നാടൻ കലാരൂപങ്ങൾ പ്രചാരത്തിലുണ്ടെങ്കിലും അവയ്ക്ക് പ്രോത്സാഹനം ലഭിക്കാത്തതിനാൽ ജീർണ്ണാവസ്ഥയിലാണ്.

5. കലാസമിതികളും, നാടകട്രൂപ്പുകളും രൂപം കൊള്ളുന്നുവെങ്കിലും സാമ്പത്തിക പ്രശ്നങ്ങളാൽ അപ്രത്യക്ഷമാവുന്നു.

6. വളരെയേറെ സാദ്ധ്യതകളുള്ള ടൂറിസം മേഖല ശരിയായ ആസൂത്രണത്തിന്റെ അഭാവം മൂലം ശരിയായ വികസനം നടക്കുന്നില്ല.

7. ആധുനിക സംവിധാനങ്ങളോടുകൂടിയ കായിക പരിശീലനകേന്ദ്രവും സ്റ്റേഡിയവും ഇല്ലാത്തതിനാൽ കായിക താരങ്ങളുടെ വളർച്ച മുരടിക്കുന്നു.

**നിർദ്ദേശങ്ങൾ**

1. വീരകേരളവർമ്മ പഴശ്ശിരാജാവ് അന്തിയുറങ്ങുന്ന സ്ഥലവും, സമീപപ്രദേശവും ഏതാണ്ട് അനാഥമായ അവസ്ഥയിലാണ്. ഇവിടെ സ്ഥാപിച്ച സ്മാരകമന്ദിരം ഒരു ചരിത്രമ്യൂസിയവും ഗവേഷണ സ്ഥാപനവുമാക്കി മാറ്റണം. ചിത്രകാരന്മാരെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി ഒരു ആർട്ട് ഗ്യാലറി സ്ഥാപിക്കുക. ചരിത്രവുമായി ബന്ധപ്പെട്ട ലൈറ്റ് ആന്റ് സൗണ്ട് ഷോ സംഘടിപ്പിക്കുക, ആകർഷകമായ പൂന്തോട്ടം നിർമ്മിക്കുക എന്നിവയിലൂടെ സജീവത നിലനിർത്താവുന്നതാണ്.

2. നവംമ്പർ 30 ന് നടക്കുന്ന 'പഴശ്ശി അനുസ്മരണം' സാംസ്കാരിക വകുപ്പ് ഏറ്റെടുത്ത് ജനപങ്കാളിത്തത്തോടെ നടത്തുക.

3. നിലവിലുള്ള ഗ്രന്ഥശാലകളുടെയും വായനശാലകളുടെയും ക്ലബ്ബുകളുടെയും പ്രവർത്തനം മെച്ചപ്പെടുത്തുന്നിതിന് ജനപങ്കാളിത്തത്തോടെ പുനഃസംഘടിപ്പിക്കുക. ഗുണനിലവാരമുള്ള പുസ്തകങ്ങൾ ലഭ്യമാക്കുന്നതിന് വേണ്ടി ഒരു ഗ്രന്ഥശാലയിൽ ആവശ്യം ഉണ്ടായിരിക്കേണ്ട പുസ്തകങ്ങളുടെ ലിസ്റ്റ് തയ്യാറാക്കുക. അവലഭ്യമാക്കുക. വിതരണത്തിന് കൃത്യത പാലിക്കുക.

4. പഞ്ചായത്തിന്റെ കീഴിൽ ലൈബ്രറികളെ സഹായിക്കുന്നതിനുവേണ്ടി ഒരു ബുക്ക് ബാങ്ക് സ്ഥാപിക്കുക

5. ഗ്രാമീണ ഗ്രന്ഥശാലകളിലെ ലൈബ്രേറിയൻമാർക്ക് പഞ്ചായത്തിന്റെ നേതൃത്വത്തിൽ പരിശീലനം നല്കുക.

6. ഗ്രന്ഥശാല നിലവിലില്ലാത്ത ചിറക്കര, ജെസി, പാലാക്കുളി, മില്ല്മുക്ക്, ഒണ്ടയങ്ങാടി, പിലാക്കാവ് എന്നിവിടങ്ങളിൽ ഗ്രന്ഥശാലകൾ സ്ഥാപിക്കുക.

7. പഴശ്ശിഗ്രന്ഥശാലയുടെ പ്രവർത്തനം മെച്ചപ്പെടുത്തുകയും, പഠനത്തിനും, ഗവേഷണത്തിനും പ്രാധാന്യം നൽകുന്ന പുസ്തകങ്ങൾ ലഭ്യമാക്കുന്ന ഒരു മാതൃകാ ഗ്രന്ഥാലയമായി ഉയർത്തുകയും വേണം. താലൂക് ലൈബ്രറിയായി ഉയർത്തുവാനാവശ്യമായ നിലവാരം ഉണ്ടാക്കുക.

8. പഞ്ചായത്തിന്റെ നേതൃത്വത്തിൽ നടത്താറുള്ള കേരളോത്സവത്തിൽ ജനപങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനു വേണ്ടി വാർഡുതല മേളകൾ സംഘടിപ്പിക്കുയും അതിൽ വിജയിക്കുന്നവരെ പഞ്ചായത്ത് തലത്തിൽ പങ്കെടുപ്പിക്കുകയും ചെയ്യുക.

9. ഇന്ന് അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്ന ആദിവാസി കലാരൂപങ്ങൾ, നാടൻ കലാരൂപങ്ങൾ വിനോദങ്ങൾ എന്നിവയെക്കുറിച്ച് ശാസ്ത്രീയ പഠനം നടത്തുകയും തനിമ നഷ്ടപ്പെടാത്ത രീതിയിൽ ആധുനികവൽക്കരിച്ച് പ്രോത്സാഹനം നൽകുകയും വേണം. ഈ കലാരൂപ

ങ്ങൾ ആഭ്യസിപ്പിക്കുന്നതിനും, അവതരിപ്പിക്കുന്നതിനും ഒരു കലാകേന്ദ്രം സ്ഥാപിക്കുക.

10. അമ്പെയ്ത്ത് മത്സരം പരിശീലിപ്പിക്കുന്നതിന് വേണ്ടി ആധുനിക സൗകര്യങ്ങളോടു കൂടിയ ഒരു പരിശീലന കേന്ദ്രം ആരംഭിക്കുക.

11. കളിസ്ഥലങ്ങളുടെ അപര്യാപ്തത നിലനിൽക്കുന്ന പ്രദേശങ്ങളായ ഒഴക്കോടി, ചിറക്കര, ജെസി. ഒണ്ടയങ്ങാടി. കൊയിലേരി, കുറുക്കൻമൂല, കണിയാരം തുടങ്ങിയ സ്ഥലങ്ങളിൽ മിനിസ്റ്റേഡിയങ്ങൾ നിർമ്മിക്കുക.

12. വ്യത്യസ്ത കലാരൂപങ്ങൾ അവതരിപ്പിക്കുന്ന കലാസമിതികളെയും നാടക സമിതികളെയും, നാടൻ കലാരൂപങ്ങൾ അവതരിപ്പിക്കുന്ന കലാകാരന്മാരെയും പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി അവരെ വിനോദനികുതിയിൽ നിന്ന് ഒഴിവാക്കുകയും, സൗജന്യമായി ടൗൺഹാൾ അനുവദിക്കുകയും ചെയ്യുക.

13. പഴശ്ശിരാജാവിന്റെ ഓർമ്മനിലനിർത്തുന്നതിനുവേണ്ടി മാനന്തവാടി ഗവ: യു. പി സ്കൂളിന് പഴശ്ശിരാജാ മെമ്മോരിയൽ ഗവ:യു. പി. സ്കൂളെന്നും പോസ്റ്റാഫീസ് റോഡിന് പഴശ്ശിരാജാ റോഡെന്നും പുനർനാമകരണം നടത്തുകയും വേണം.

14. മാനന്തവാടി GHS ഗ്രൗണ്ട് ആധുനിക സൗകര്യങ്ങളോടുകൂടി സ്റ്റേഡിയമാക്കി മാറ്റുക

15. താഴയങ്ങാടി സർക്കാർ സ്ഥലത്ത് സ്റ്റേഡിയം പണിയുക.

16. മാനന്തവാടി പട്ടണം സൗന്ദര്യവൽക്കരിക്കണം. ഗാന്ധി പാർക്ക് നിരപ്പാക്കുകയും ട്രാഫിക് ഐലന്റ് ചെടികളോടുകൂടിയ വൃത്തമാക്കുകയും ഇരുവശങ്ങളിലും ചെടിച്ചട്ടികൾ സ്ഥാപിക്കുകയും ചെയ്യുക. മാനന്തവാടിയിലെ വിവിധ റോഡുകളിൽ ഭംഗിയുള്ള മരങ്ങൾ നട്ടുവളർത്തുക.

17. വള്ളിയൂർ പ്രദർശനത്തോടനുബന്ധിച്ച് ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനുവേണ്ടി വിവിധ സംസ്ഥാനങ്ങളിലെ കലാരൂപങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് ഭാരതോത്സവം സംഘടിപ്പിക്കുകയും പ്രചരണം നടത്തുകയും ചെയ്യുക. ഇത് മാനന്തവാടിയിൽ നടത്താവുന്നതാണ്.

18. പഴശ്ശിപാർക്ക് നവീകരിക്കുക

19. കുറുവ ദ്വീപിനു മുകളിലായി ഒരു ചെക്ഡാം കെട്ടിയാൽ ഒരു കൃത്രിമ തടാകം നിർമ്മിക്കാം. കുറുവയുടെ പരിസ്ഥിതിക്ക് കോട്ടം തട്ടാത്ത രീതിയിൽ ബോട്ടിംഗ് സൗകര്യം ഏർപ്പെടുത്തുക. കൂടൽക്കടവ് - ദാസനക്കര–കുറുവദ്വീപ് വഴി ബോട്ടിംഗ് നടത്താം –കൂടാതെ ചെക് ഡാം നിർമ്മിച്ചാൽ 15 ഓളം പമ്പ്സെറ്റുകൾ സ്ഥാപിച്ച് ജലസേചനം നടത്താം.

20. ടൂറിസം വകുപ്പിന്റെ സഹായത്തോടെ തെക്കൻ കാശി യെന്നറിയപ്പെടുന്ന തിരുനെല്ലിയെയും, കുറുവദ്വീപിനെയും ബന്ധിപ്പിച്ച് ഗതാഗത സൗകര്യം ഏർപ്പെടുത്തുക.

21. വായനയെ പ്രോത്സാഹിപ്പിക്കുന്നതിനും, മാധ്യമരംഗത്തെ ദുഷ്പ്രവണതകൾ തടയുന്നതിനും ജനപങ്കാളിത്തത്തോടെ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ബോധവൽക്കരണം നടത്തുക

22. പഞ്ചായത്ത് സാംസ്കാരിക നിലയത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുവേണ്ടി ജനകീയ കമ്മറ്റികൾ രൂപീകരിക്കുകയും ലൈബ്രേറിയൻ അലവൻസ് വർദ്ധിപ്പിക്കുകയും, പുതിയ പുസ്തകങ്ങൾ ലഭ്യമാക്കുകയും വേണം.

23. വയനാടിന്റെ ചരിത്ര പഠനത്തിനുള്ള ശ്രമം ഇതുവരെ നടന്നിട്ടില്ല. സമഗ്രമായ ഒരു പഠനം നടത്തി ചരിത്രവസ്തുതകൾ പുറത്തുകൊണ്ടുവരുന്നതിനുള്ള ആത്മാർത്ഥമായ ശ്രമം നടത്തുക.

24. നിലവാരമുള്ള ചലച്ചിത്രങ്ങൾ പ്രദർശിപ്പിക്കുവാൻ പഞ്ചായത്ത് തലത്തിൽ ഫിലീം സൊസൈറ്റി രൂപീകരിക്കുകയും, ചലച്ചിത്രങ്ങൾ ഉൾപ്രദേശങ്ങളിൽ പ്രദർശിപ്പിക്കുവാൻ, പഞ്ചായത്ത് ഒരു 16 എം. എം. പ്രോജക്റും 35 എം. എം. പോർട്ടബിൾ പ്രോജക്ടറും ലഭ്യമാക്കുക.

## ഗ്രന്ഥശാലകൾ

| പേര് | സ്ഥാപിച്ച വർഷം | ഗ്രേഡ് | പുസ്തകങ്ങളുടെ എണ്ണം | ഉടമസ്ഥത | അഫിലിയേഷൻ | അംഗങ്ങൾ |
|---|---|---|---|---|---|---|
| പഴശ്ശിഗ്രന്ഥാലയം | 1918 | B | 9000 | സ്വന്തം | ഗ്രന്ഥശാലാ സംഘം | 272 |
| ഒഴക്കോടി നേഷനൽ വായനശാല & ലൈബ്രറി | 1952 | C | 4130 | സ്വന്തം | " | 120 |
| ഐക്യദീപം വായനശാല പയ്യാംപള്ളി | 1979 | E | 2075 | സ്വന്തം | " | 40 |
| പ്രഭാത് വായനശാല കണിയാരം | | F | 2300 | സ്വന്തം | " | 60 |
| കുറുക്കൻ മൂല പബ്ലിക് ലൈബ്രറി | 1964 | | 1600 | സ്വന്തം | " | |
| പഞ്ചായത്ത് സാംസ്കാരിക നിലയം | | | 1100 | പഞ്ചായത്ത് | ഇല്ല | 118 |
| സോളിഡാരിറ്റി ലൈബ്രറി | 1985 | | 10000 | സ്വകാര്യം | ഇല്ല | 2100 |

പട്ടിക - 20

**സാംസ്കാരികരംഗത്തെ പ്രശ്നങ്ങളും പരിഹാരനിർദ്ദേശങ്ങളും - ഗ്രാമസഭാറിപ്പോർട്ടുകളുടെ സംഗ്രഹം**

| വാർഡ് | സംസ്കാരിക സ്ഥാപനങ്ങൾ | പ്രശ്നങ്ങൾ | നിർദ്ദേശങ്ങൾ |
|---|---|---|---|
| ഒന്ന് | ചിറക്കര വായനശാല (എസ്റ്റേറ്റ്) ഹിൽസ്റ്റാർ ക്ലബ്ബ് | വായനശാലയുടെ പ്രവർവർത്തനം തൃപ്തികരമല്ല. സാംസ്കാരിക നിലയം ഇല്ല. വായനശാലയുടെ ടി. വി. പൊതുജനങ്ങൾക്ക് പ്രയോജനപ്പെടുന്നില്ല. കളിസ്ഥലം അപര്യാപ്തം | പഞ്ചായത്ത് സാംസ്കാരിക നിലയം സ്ഥാപിക്കുക. മിനിസ്റ്റേഡിയം പണിയുക. ടി. വി. പൊതുജനോപകാരപ്രദമാക്കുക, ജനകീയ സഹകരണത്തോടെ സാംസ്കാരിക സ്ഥാപനങ്ങളും, ക്ലബ്ബുകളും ആരംഭിക്കുക. |
| രണ്ട് | നയന ആർട്സ് & സ്പോർട്സ് ക്ലബ്ബ് ലാബർ റിക്രിയേഷൻ ക്ലബ്ബ് (എസ്റ്റേറ്റ്) | ബ്ലാക് ആന്റ് വൈറ്റ് ടി.വി പഞ്ചായത്തിൽ നിന്നും ലഭിച്ചെങ്കിലും പ്രവർത്തനക്ഷമമല്ല. | പഞ്ചായത്ത് സാംസ്കാരിക നിലയം ആരംഭിക്കുക. ടി. വി. പ്രവർത്തനക്ഷമമാക്കുക, വനിതാ റിക്രിയേഷൻ ക്ലബ്ബുകൾ, കുട്ടികൾക്കുവേണ്ടി പാർക്കുകൾ സ്ഥാപിക്കുക. നാടൻ കലകളുടെ പുനരുദ്ധാരണം |
| മൂന്ന് | പ്രഭാത് വായനശാല, പ്രതിധ്വനി ആർട്സ്, അക്ഷര ഗ്രാമവേദി | സാംസ്കാരിക സ്ഥാപനങ്ങളുടെ പ്രവർത്തനം തൃപ്തികരമല്ല. കലാരൂപങ്ങൾ ജീർണാവസ്ഥയിലാണ്. കളിസ്ഥലം അപര്യാപ്തം ടി. വി. ഉണ്ടെങ്കിലും പ്രവർത്തനക്ഷമമല്ല. | ക്ലബ്ബുകൾ വായനശാലകളായി ഉയർത്തണം. റേഡിയോ .ടി. വി. അനുവദിക്കണം ഗ്രാമോത്സവം വർഷംതോറും സംഘടിപ്പിക്കണം. കലാരൂപങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് മത്സരവേദികൾ സംഘടിപ്പിക്കുക പാലാക്കുളി - മില്ലുമുണ്ട് ഭാഗത്ത് വായനശാല സ്ഥാപിക്കുക. മിനിസ്റ്റേഡിയം ആരംഭിക്കുക. ടി. വി. പ്രവർത്തനക്ഷമമാക്കുക |
| നാല് | ഒഴക്കോടി നാഷണൽ വായനശാല & ലൈബ്രറി സിൽവർസ്റ്റാർ ആർട്സ് & ക്ലബ്ബ് പാലാക്കുളി വായനശാല | കളിസ്ഥലം ഇല്ല<br>മഹിളാസമാജത്തിന്റെ പ്രവർത്തനം തൃപ്തികരമല്ല.<br>ടി. വി. ഉണ്ടെങ്കിലും പ്രവർത്തനക്ഷമമല്ല. | വായനശാലകൾക്ക് ധനസഹായം വർദ്ധിപ്പിക്കുക. മിനിസ്റ്റേഡിയം പണിയുക ജനപങ്കാളിത്തത്തോടെ സാംസ്കാരിക സ്ഥാപനങ്ങളുടെ പ്രവർത്തനം പുനഃസംഘടിപ്പിക്കുക. ടി. വി. പ്രവർത്തനക്ഷമമാക്കുക |

| | | | |
|---|---|---|---|
| അഞ്ച് | പഴശ്ശിഗ്രന്ഥാലയം രാഗതരംഗ് മ്യൂസിക് അക്കാദമി വരദ ചിത്രാലയം പുഷ്പാഞ്ജലി നൃത്താലയം ടൗൺ ഹാൾ | ഗ്രന്ഥശാലകൾ അപര്യാപ്തം പഞ്ചായത്ത് മേളകൾ ശുഷ്കരമാണ് | പഞ്ചായത്ത് സാംസ്കാരിക നിലയം സ്ഥാപിക്കുക. പഴശ്ശി ഗ്രന്ഥാലയം ഗവേഷണത്തിന് ഉപയുക്തമാക്കണം. ചൂട്ടക്കടവിൽ ഒരു വായനശാലയും, ഗ്രന്ഥശാലയും സ്ഥാപിക്കുക. പഴശ്ശികുടീരത്തിൽ ടെലിവിഷൻ സെറ്റ് സ്ഥാപിക്കണം. അമച്ച്വർ നാടകസംഘം സ്ഥാപിക്കണം. കലാസംഘടനകൾക്ക് സർക്കാർ ധനസഹായം നൽകണം. പഞ്ചായത്ത് മേളകൾ വാർഡുതലം മുതൽ സംഘടിപ്പിക്കണം. ചൂട്ടക്കടവിലെ ടിപ്പുസുൽത്താൻ 'മരുന്നറ' ചരിത്രസ്മാരകമാക്കണം. ടൗൺഹാൾ നവീകരിക്കുക. ശബ്ദനിയന്ത്രണം ഏർപ്പെടുത്തുക |
| ആറ് | സോളിഡാരിറ്റി ലൈബ്രറി ഡയാനാ സ്പോർട്സ് ക്ലബ്ബ്, പഴശ്ശി കലാകേന്ദ്രം | കളിസ്ഥലം അപര്യാപ്തം<br>അശ്ലീല പോസ്റ്ററുകളുടെ ബാഹുല്യമുണ്ട്. | സ്റ്റേഡിയം ആരംഭിക്കുക<br>അശ്ലീല പോസ്റ്ററുകൾ നിരോധിക്കണം |
| ഏഴ് | വായനശാല മദ്രമൂല ഉദയ വായനശാല | കളിസ്ഥലം അപര്യാപ്തം, സാംസ്കാരിക സ്ഥാപനങ്ങൾ തൃപ്തികരമല്ല | മിനിസ്റ്റേഡിയം പണിയണം. ജനപങ്കാളിത്തത്തോടെ സാംസ്കാരിക സ്ഥാപനങ്ങൾ ആരംഭിക്കുക |
| എട്ട് | | നിരക്ഷരരുടെ എണ്ണം ധാരാളം. പെരുവക, പടച്ചിക്കുന്ന്, ഇല്ലത്തുവയൽ എന്നീ സ്ഥലങ്ങളിൽ ഗ്രന്ഥശാല ഇല്ല. മഹിളാസമാജങ്ങൾ പ്രവർത്തനക്ഷമമല്ല. | സാക്ഷരതാ പ്രവർത്തനം ജനപങ്കാളിത്തത്തോടെ പുരാരംഭിക്കുക- ആറാട്ടുതറ പഞ്ചായത്ത് കിണറിനു സമീപം പഞ്ചായത്ത് സ്ഥലത്ത് വായനശാല സ്ഥാപിക്കണം. GVHSS ഗ്രൗണ്ട് ആധുനിക സൗകര്യങ്ങളോടുകൂടിയ സ്റ്റേഡിയമാക്കുക. |
| ഒമ്പത് | പഞ്ചായത്ത് സാംസ്കാരിക നിലയം മാനിഷാദ വായനശാല, പ്രണവം വായനശാല, യുവരചന | സാംസ്കാരിക നിലയത്തിന്റെ പ്രവർത്തനം തൃപ്തികരമല്ല. | സാംസ്കാരിക നിലയത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുക. വായനശാലകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുക. |
| പത്ത് | യുവതാര ക്ലബ്ബ്, അൽഫോൻസ കലാസമിതി ശ്രേയസ് | സാംസ്കാരിക സ്ഥാപനങ്ങളുടെ ഭൗതികസാഹചര്യം അപര്യാപ്തം | സാംസ്കാരിക സ്ഥപനങ്ങൾക്ക് ടി. വി. അനുവദിക്കുക. സ്ത്രീകളെ വായനശാലയുമായി ബന്ധിപ്പിച്ച് വായനാശീലം പ്രോത്സാഹിപ്പിക്കണം |

| | | | |
|---|---|---|---|
| പതിനൊന്ന് | ഐക്യദീപം വായനശാല, സംസ്കൃതി വായനശാല-കുറുക്കൻമൂല പബ്ലിക് ലൈബ്രറി | വായനശാലകളുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുക | ജനകീയ പങ്കാളിത്തത്തോടെ സാംസ്കാരിക സ്ഥാപനങ്ങൾ പുനഃസംഘടിപ്പിക്കുക |
| പന്ത്രണ്ട് | ഉദയവായനശാല | വായനശാലയിൽ വൈദ്യുതി ഇല്ല. ആദിവാസികോളനികളിൽ ടി.വി. ഇല്ല | വൈദ്യുതി ലഭ്യമാക്കി ടി. വി. അനുവദിക്കുക വനിതകളുടെ വായനശീലം മെച്ചപ്പെടുത്തുന്നതിന് പുസ്തകങ്ങൾ വീടുകളിലെത്തിക്കുക. പുതിയിടം മഹിളാസാജം പുനഃസംഘടിപ്പിക്കുക<br>ആദിവാസി കോളനികളിൽ T.V സ്ഥാപിക്കുക. |
| പതിമൂന്ന് | ചാണക്യ ക്ലബ്ബ് | വായനശാലക്ക് സ്വന്തമായ സ്ഥലം ഉണ്ട്. കേരളോത്സവം ആകർഷകമല്ല. കെട്ടിടം ഇല്ല. മഹിളാസമാജത്തിന്റെ പ്രവർത്തനം തൃപ്തികരമല്ല. | പിലാക്കാവിൽ സാംസ്കാരികനിലയം സ്ഥാപിക്കുക കുറ്റിമൂലയിൽ സാംസ്കാരികകേന്ദ്രം ആരംഭിക്കുക. കേരളോത്സവം വാർഡ് തലം മുതൽ നടത്തുക. മഹിളാസമാജങ്ങളുടെ നേതൃത്വത്തിൽ കുടുംബയോഗങ്ങൾ നടത്തിസ്ത്രീകളുടെ വായനാശീലം വളർത്തുക. ആദിവാസികലാമേളകൾ സംഘടിപ്പിക്കുക. |
| പതിനാല് | | സാംസ്കാരിക സ്ഥാപനങ്ങൾ ഒന്നുമില്ല. മഹിളാസമാജം പ്രവർത്തനക്ഷമമല്ല. | എരുമത്തെരുവിൽ സാംസ്കാരിക നിലയവും കണിയാരം കുന്നിൽ വായനശാലയും ആരംഭിക്കുക. ഝാൻസിറാണി മഹിളാ സമാജം പുനസംഘടിപ്പിക്കുക. വനിതകളുടെ പഠനക്ലാസ് സംഘടിപ്പിക്കുക. |

# 5(ഉ)
# വനിത

സമൂഹത്തിന്റെ സർവ്വതോന്മുഖമായ വളർച്ചയ്ക്ക് സ്ത്രീകൾക്കുംപുരുഷന്മാർക്കും തുല്യ പങ്കാളിത്തമുള്ള ഒരു സാമൂഹ്യ വ്യവസ്ഥ രൂപപ്പെടുത്തേണ്ടതുണ്ട്. വർത്തമാന കാല ചിത്രം പരിശോധിച്ചാൽ സ്ത്രീകളെ ഉപഭോഗ വസ്തുക്കൾ വിറ്റഴിക്കുന്നതിനുള്ള പരസ്യ ഉപാധികളാക്കി തരം താഴ്ത്തുന്ന പ്രവണത വർദ്ധിച്ചു വരുന്നതായാണ് കാണുന്നത്. അന്ധമായ അനുകരണഭ്രമം ഈ വിപത്ത് തിരിച്ചറിയുവാൻ ഒരു ന്യൂന പക്ഷത്തെയെങ്കിലും അനുവദിക്കുന്നില്ല. കേരളീയ സാമൂഹ്യ ജീവതത്തിൽ സ്ത്രീകളുടെ സമൂഹ്യ പദവി ഉയർത്തുന്നതിനുള്ള നിരവധി പരിശ്രമങ്ങൾ 20-ാം നൂറ്റാണ്ടിന്റെ ആരംഭദശകങ്ങളിൽ തന്നെ കണ്ടെത്തിയിട്ടുണ്ട്. അടുക്കളയിലെ സ്ത്രീകളെ അരങ്ങത്തെത്തിക്കുന്നതിന് വി.ടി. ഭട്ടതിരിപ്പാടിന്റെ നേതൃത്വത്തിൽ നടന്ന ശ്രമങ്ങളും വിധവാ വിവാഹം വിലക്കപ്പെട്ടിരുന്ന കാലത്ത് അതിനെതിരെ നടന്ന പ്രവർത്തനങ്ങളും ശ്രദ്ധേയങ്ങളായിരുന്നു. നമ്മുടെ ഗ്രാമ പഞ്ചായത്തിന്റെ ചരിത്രം പരിശോധിച്ചാൽ 20ാം നൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങൾ വരെ പൊതു രംഗത്ത് സ്ത്രീകളുടെ പങ്കാളിത്തം ദൃശ്യമായിരുന്നില്ല. വിദ്യാഭ്യാസ രംഗത്തും ഈ പ്രവണത നിലനിന്നിരുന്നു. അന്നത്തെ സാമൂഹ്യ വ്യവസ്ഥിതിയിൽ ഭൂപ്രമാണി മാരും ജന്മിമാരും വൻകിട കർഷകന്മാരും ബ്രാഹ്മണരും ഉൾപ്പെടെയുള്ള പ്രമാണിക വിഭാഗത്തിലെ സ്ത്രീകൾ വീട്ടിനുള്ളിലൊതുങ്ങി നിന്നപ്പോൾ ഇവരുടെ പണിയാളന്മാരായിരുന്ന ആദിവാസികളും മറ്റു പിന്നോക്കം വിഭാഗങ്ങളിലും പെട്ട സ്ത്രീകൾ കാർഷിക തൊഴിൽ മേഖലയിൽ പുരുഷന്മാർക്കൊപ്പം തുല്യ പങ്കാളിത്തം വഹിച്ചിരുന്നു. ഇക്കാലത്തു തന്നെ പഞ്ചായത്തിന്റെ വടക്കു കിഴക്കൻ പ്രദേശങ്ങളിലെ എസ്റ്റേറ്റുകളിൽ കങ്കാണികൾ അന്യ പ്രദേശങ്ങളിൽ നിന്നും തോട്ടം പണിക്കായി കൊണ്ടുവന്ന തൊഴിലാളികളിൽ സ്ത്രീകളും പുരുഷന്മാരോടൊപ്പം ജോലി കളിലേർപ്പെട്ടിരുന്നു. അതുകൊണ്ടുതന്നെ ഈ രണ്ടു



തുറകളിലും സ്ത്രീകൾക്കു പുരുഷന്മാരോടൊപ്പം ഏറെക്കുറെ തുല്യ സാമൂഹ്യ പദവി ലഭിച്ചിരുന്നു. എന്നാൽ സ്ത്രീകൾക്കും പുരുഷന്മാർക്കും വേതനത്തിൽ ഗണ്യനീയമായ അന്തരം ഉണ്ടായിരുന്നു.

നാൽപ്പതുകളിലാരംഭിച്ച കുടിയേറ്റം സാമൂഹ്യ ജീവിത്തിൽ പ്രകടമായ മാറ്റം വരുത്തി. കാർഷിക മേഖല വികസിച്ചു. പ്രധാന തൊഴിൽ മേഖലകൾ കാർഷിക മേഖല തന്നെയായിരുന്നു. കാർഷിക തൊ ഴിലുകളിൽ സ്ത്രീകൾ തുല്യ പങ്കാളിത്തം തുലോം തുച്ഛമായിരുന്നു. 1957 -ലെ ഭൂപരിഷ്കരണ നിയമം വിപ്ലവ കരമായ മാറ്റംമാണ് നമ്മുടെ സമൂഹത്തിൽ വരുത്തിയത്. അതുവരെ കൃഷി ചെയ്തിരുന്ന ഭൂമി സ്വന്തമായ കർഷകരിൽ വന്ന മാറ്റം സാമൂഹ്യ പ്രവർത്തന മേഖളയിലും ദൃശ്യമായി. സ്വന്തം നാടിന്റെ വികസനത്തിനായി നടന്ന ശ്രമങ്ങളിൽ സ്ത്രീകളുടെ പങ്കാളിത്തം പ്രകടമായിരുന്നു. എങ്കിലും സാമൂഹ്യ പദവി, തൊഴിൽ എന്നിവയിൽ വിവേചനം നിലനിന്നു. കുടുംബ ജോലികളും, വീട്ടു ജോലികളും കൂടുതലായി സ്ത്രീകളിലേൽപ്പിക്കപ്പെട്ടത് സ്ത്രീകളുടെ വിദ്യാഭ്യാസ സാമൂഹ്യ മേഖലകളിലെ പങ്കാളിത്തം കുറയാൻ കാരണമായി.

1964 -ൽ മാനന്തവാടിയിൽ ആരംഭിച്ച ത്ധാൻസീ റാണി മഹിളാ സമാജം വനിതകളുടെ കൂട്ടായ്മക്കായി ഇക്കാലത്ത് നടന്ന ശ്രമങ്ങളിൽ ഒന്നാണ്. പരേതനായ മീനാക്ഷി അമ്മ പ്രസിഡണ്ടും സിസിറോക്കി വൈ. പ്രസിഡണ്ടും ആയ സമാജത്തിന്റെ പ്രധാന പ്രവർത്തകർ തങ്കമ്മ ജോക്കബ്ബ്, കാർത്ത്യായനി ടീച്ചർ വെറോണിക്ക എന്നിവരായിരുന്നു. കുറെക്കാലം സജീവമായിരുന്ന സമാജത്തിന്റെ പ്രവർത്തനം ഇപ്പോൾ നിർജീവമാണ്. 1991 -ലെ സെൻസസ് രേഖകളനുസരിച്ച് പഞ്ചായത്തിൽ 18760 സ്ത്രീകളുണ്ട്. പുരുഷ ജന സംഖ്യയെക്കാൾ 316 കുറവാണിത്. പട്ടിക വർഗ വിഭാഗത്തിൽ 2836 ഉം പട്ടിക ജാതിയിൽപ്പെട്ട 680 തും സ്ത്രീകളാണുള്ളത്. വിദ്യാഭ്യാസ ആരോഗ്യ കാര്യങ്ങളിൽ നേരിയ വ്യത്യാസം നിലനിൽക്കുന്നു.

വിദ്യാർത്ഥികളിൽ കാര്യമായ അന്തരം പ്രകടമല്ല. പുരുഷന്മാരെ അപേക്ഷിച്ച് ആരോഗ്യ നിലവാരത്തിൽ സ്ത്രീകൾ താഴെയാണ്. കഴിഞ്ഞ അഞ്ചുവർഷത്തെ ശരാശരി ജനന നിരക്ക് 1000 ന് 19 ആണ്.

കാർഷിക മേഖലതന്നെയാണ് സ്ത്രീകളുടെയും പ്രധാന തൊഴിൽ മേഖല. മറ്റു തൊഴിൽ മേഖലകളിൽ സ്ത്രീകളുടെ പങ്കാളിത്തം പുരുഷന്മാരെക്കാൾ കുറവാണ്. സ്ത്രീ പങ്കാളിത്തം കാർഷിക മേഖലയിൽ കുറഞ്ഞു വരുന്നതായാണ് കാണുന്നത്. കാർഷിക മേഖല നഷ്ടത്തിലാവുന്നതും കൃഷിയിലുണ്ടായ മാറ്റവും ഇതിനു കാരണമാണ്. മൃഗ പരിപാലനം വസ്ത്ര നിർമ്മാണം കരകൗശല വസ്തു നിർമ്മാണം എന്നിവയാണ് സ്ത്രീകളുടെ മറ്റു പ്രധാന തൊഴിൽ മേഖലകൾ. സ്ത്രീകൾക്കിടയിലെ തൊഴിലില്ലായ്മ വർദ്ധിച്ചു വരുന്നു എന്നു മാത്രമല്ല; ഒരേ തൊഴിലെടുക്കുന്ന സ്ത്രീ- പുരുഷന്മാരിൽ കൂലി നിരക്കിൽ അന്തരം നിലനിൽക്കുന്നു.

തൊഴിലില്ലാത്ത സ്ത്രീകളിൽ നല്ലൊരു പങ്ക് ആടുമാടുകളെ നോക്കുക, കൃഷിപ്പണി കളുമായി ബന്ധപ്പെട്ട തൊഴിലുകളിലേർപ്പെടുക തുടങ്ങിയ പ്രവൃത്തികൾ ചെയ്യുന്നു. ഒരു വിഭാഗം ഭക്ഷണം പാകം ചെയ്യുക, കുട്ടികളെ പരിപാലിക്കുക തുടങ്ങിയവയിലൊതുങ്ങുന്നു.

പഞ്ചായത്തിലെ 9647 കുടുംബങ്ങളിൽ (സെക്കന്ററി ഡാറ്റ) 25 ശതമാനത്തോളം കുടുംബാംഗങ്ങൾ സ്ത്രീ നേതൃത്വത്തിലുള്ളതാണ്. സ്ത്രീകളുടെയും കുട്ടികളുടെയും ആരോഗ്യ സാമൂഹ്യ ഉന്നതി ലാക്കാക്കി 33 അംഗൺ വാടികൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. നിലവിൽ 243 മുലയൂട്ടുന്ന അമ്മമാരിൽ 182 പേരെയും ഗർഭിണികളായ 254 പേരിൽ 157 പേരെയും ആറു വയസ്സിൽ താഴെയുള്ള 3630 കുട്ടികളിൽ 2181 പേർക്കും അനുപൂരക പോഷകാഹാര വിതരണം നടത്തുന്നുണ്ട്. കൂടാതെ അംഗൺവാടികളുടെ ഭാഗമായി പ്രീസ്കൂൾ വിദ്യാഭ്യാസം നൽകുന്ന 836 കുട്ടികൾക്ക് ഉച്ചഭക്ഷണവും നൽകുന്നുണ്ട്. സ്ത്രീകൾക്ക് ബോധവൽക്കരണ ക്ലാസ്സുകൾ പ്രതിരോധ കുത്തിവെയ്പ് എന്നിവയും അംഗൺ വാടികൾ മുഖേന നടത്തുന്നു. സ്ത്രകൾക്ക് പ്രാധമികാവശ്യങ്ങൾ നിർവ്വഹിക്കാൻ പൊതു സ്ഥലങ്ങളിൽ സൗകര്യമില്ലായ്മ, കെട്ടിടങ്ങളുടെ അസൗകര്യം അംഗൺ വാടി ജീവനക്കാരുടെ ജോലി കൂടുതൽ തുച്ഛമായ വേതനം തുടങ്ങിയ പ്രശ്നങ്ങളുണ്ട്. അംഗൺ വാടകളോടനുബന്ധിച്ച് മഹിളാ സമാജങ്ങൾ രൂപീകരിച്ചെങ്കിലും ഭൂരിപക്ഷത്തിന്റെയും പ്രവർത്തനം സജീവമല്ല.

മാനന്തവാടി കോൺവെന്റ് കുന്നിൽ അംഗൺവാടിയുമായി ബന്ധപ്പെട്ട മഹിളാ സമാജം പെരുവ കേന്ദ്രമായ ശ്രീരാമ കൃഷ്ണമിഷൻ മഹിളാ സമാജം, എൻ.എസ്.എസ് നേതൃത്വത്തിൽ എരുമത്തെരുവിലുള്ള പരിശീലന കേന്ദ്രം ജെസ്സിയിലെ തയ്യൽ പരിശീലന കേന്ദ്രം എന്നിവ വനിതകൾക്കു തൊ ഴിൽ പരിശീലനം നൽകിവരുന്നു.

പിലാക്കാവിൽ പഞ്ചായത്ത് ശിശുമന്ദിരം ഉണ്ടെങ്കിലും കുട്ടികൾ കുറവാണ്. ഭക്ഷണം നൽകാത്തതാണ് കാരണം. വിവിധ മഹിളാ സംഘ

ടനയൂണിറ്റുകൾ മാനന്തവാടിയിൽ പ്രവർത്തിക്കുന്നു. ഇതര ബഹുജന പ്രസ്ഥാനങ്ങളിൽ സ്ത്രീകളുടെ പങ്കാളിത്തം നാമമാത്രമാണ്. തെരെഞ്ഞെടുക്കപ്പെടുന്ന ജനാധിപത്യ വേദികളിൽ സംവരണാനുകൂല്യം ഉപയോഗിച്ച് വനിതകൾ കടന്നു വരുന്നുണ്ട്. പൊതു രംഗത്ത് സ്ത്രീകൾ കടുന്നു വരാതിരിക്കുന്നതിന് കാരണം അപകർഷതാ ബോധം, ആത്മവിശ്വാസക്കുറവ്, പുരുഷ മേധാവിത്വം, അപവാദ പ്രചാരണം തുടങ്ങിയ കാരണങ്ങളാണ്. ഉള്ളത്. ഗാർഹികമായ ജോലികളും കുടുംബ പരിപാലന ഉത്തരവാദിത്വവും മറ്റൊരു പ്രധാന കാരണമാണ്.

സത്രീകൾക്കെതിരായ അതിക്രമങ്ങളും ചൂഷണങ്ങളും ഇന്നും നിലനിൽക്കുന്നു. സത്രീധന നിരോധന നിയമം ഫലപ്രദമായി നടപ്പിലാക്കാനായിട്ടില്ല. ബോധവൽക്കരണ പ്രവർത്തനങ്ങൾ ആവശ്യമാണ്. ചുരുക്കത്തിൽ വനിതാ മേഖലയിലെ പ്രശ്നങ്ങളെ ഇങ്ങനെ ക്രോഡീകരിക്കാം.

## പ്രശ്നങ്ങൾ

1. സാമൂഹിക അസമത്വം
2. തൊഴിലിലെ അസമത്വം
3. സ്ഥിര വരുമാനമുള്ള തൊഴിലുകളുടെ അഭാവം
4. സ്വയം തൊഴിൽ ആരംഭിക്കാൻ തയ്യാറാവാത്ത സ്ഥിതി.
5. മൂലധനം കണ്ടെത്താൻ കഴിയാത്തതും, സാമ്പത്തിക സഹായം, സർക്കാർ പദ്ധതികൾ ഇവയെക്കുറിച്ചുള്ള അറിവില്ലായ്മ, സർക്കാർ പദ്ധതി നടത്തിപ്പിലെ അപാകതകൾ
6. അംഗൺവാടി ജീവനക്കാരുടെ തുച്ഛമായ വേതനം
7. വനിതകൾക്കാവശ്യമായ പ്രാഥമിക സൗകര്യങ്ങളുടെ കുറവ്
8. നേതൃത്വ പരിശീലനങ്ങളുടെ കുറവ്.
9. ആരോഗ്യ പ്രവർത്തകരുടെ സേവനം വേണ്ടത്ര ലഭ്യമല്ല
10. സ്ത്രീധന നിരോധന നിയമം കർക്കശമല്ല
11. അനാചാരങ്ങളും അന്ധവിശ്വാസങ്ങളും നിലനിൽക്കുന്നു.
12. ദൃശ്യമാധ്യമങ്ങൾ സ്ത്രീകളുടെ നഗ്നത കച്ചവട താത്പര്യങ്ങൾക്കായി ഉപയോഗിക്കുന്നു.
13. വ്യാജമദ്യം, മയക്കുമരുന്നുകൾ എന്നിവയുടെ വർദ്ധിച്ചു വരുന്ന ഉപയോഗം.
14. പൊതു രംഗത്തെ പങ്കാളിത്തക്കുറവ്
15. വിധേയത്വ മനോഭാവം , ആത്മവിശ്വാസക്കുറവ്.

## നിർദ്ദേശങ്ങൾ

1. സ്ത്രീകൾക്ക് തൊഴിൽ പരിശീലനവും നേതൃത്വ പരിശീലനവും നൽകാൻ സംവിധാനം ഏർപ്പെടുത്തുക.
2. സ്വയം തൊഴിൽ നേടുന്നതിന് സാമ്പത്തിക സഹായവും പരിജ്ഞാനവും നൽകുക.
3. അംഗൺ വാടികളുടെ സൗകര്യം വർദ്ധിപ്പിക്കുക. ജീവനക്കാരുടെ വേതനം പരിഷ്കരിക്കുക ജോലി നിജപ്പെടുത്തുക. ആവശ്യമായ വിദഗ്ധ പരിശീലനം നൽകുക.
4. ആരോഗ്യ പ്രവർത്തകരുടെ സേവനം കൂടുതൽ ലഭ്യമാക്കുക.
5. ആരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുക.
6. അനാചാരങ്ങൾക്കെതിരെ ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.
7. ജില്ലയിൽ കുടുംബക്കോടതി സ്ഥാപിക്കുക
8. പ്രീ-പ്രൈമറി തലത്തിൽ സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾ നിയന്ത്രിക്കുക
9. സമത്വ ബോധം വളർത്താൻ ഉതകുന്ന ഇടപെടലുകൾ വിദ്യാഭ്യാസ മേഖലയിൽ തന്നെ ആരംഭിക്കുക.
10. വ്യാജമദ്യത്തിന്റെയും മയക്കുമരുന്നുകളുടെയും ഉപയോഗം കർശനമായി തടയുക. സമ്പൂർണ്ണ മദ്യ നിരോധനത്തിന് ബോധവൽക്കരണം ആരംഭിക്കുക
11. സ്ത്രീധന നിരോധന നിയമം കർക്കശമാക്കുക
12 കച്ചവട ആവശ്യത്തിന് സ്ത്രീകളുടെ നഗ്നത പ്രദർശിപ്പിക്കുന്നത് തടയുക. സ്വകാര്യ ടി. വി. ചാനലുകളിൽ നിയന്ത്രണം ഏർപ്പെടുത്തുക,
13. അംഗൺ വാടികളുമായി ബന്ധപ്പെട്ട മഹിളാ സമാജങ്ങളുടെ പ്രവർത്തനം സജീവമാക്കുക.
14. പഞ്ചായത്തിലെ മുഴുവൻ വനിതകളും അംഗങ്ങളായ പഞ്ചായത്തു തല വനിതാ വികസന സമിതി രൂപീകരിക്കുക
15. പുരയിടകൃഷിയുടെ വികസനവുമായി ബന്ധപ്പെട്ട് സഹകരണ സംഘങ്ങൾ സ്ത്രീ നേതൃത്വത്തിൽ ആരംഭിക്കുക.

# 5(10)
# സഹകരണം

ആവശ്യത്തിന്റെ സന്തതിയായിട്ടാണ് സഹകരണ പ്രസ്ഥാനം രൂപം കൊള്ളേണ്ടത്. എന്നാൽ ബ്രിട്ടീഷ് കോളനി വാഴ്ചയുടെ ഫലമായി ഋണബാധ്യതകൊണ്ട് പൊറുതിമുട്ടിയ ഗ്രാമീണ കർഷകരുടെ പ്രതിഷേധം ഇല്ലായ്മ ചെയ്യുന്നതിനായി അവർക്ക് സമാശ്വാസം പകരുന്ന ഒരു നടപടിയെന്ന നിലയിലാണ് ബ്രിട്ടീഷ് ഭരണകൂടം ഇന്ത്യയിൽ സഹകരണ പ്രസ്ഥാന നിയമം വഴി നടപ്പിലാക്കിയത്. തുടക്കത്തിൽ വായ്പാ സൗകര്യം മാത്രം ലക്ഷ്യമാക്കി രൂപം കൊണ്ട ഈ പ്രസ്താനം ഇന്ന് സാമൂഹിക സാമ്പത്തിക മേഖലകളിൽ സർവ്വതല സ്പർശിയായി എശക്തി പ്രാപിച്ചു കഴിഞ്ഞു. തിരുവിതാംകൂർ, കൊച്ചി, മദിരാശി എന്നീ പ്രവശ്യകളായിരുന്നപ്പോഴും വ്യത്യസ്ഥ നിയമങ്ങളിലൂടെ കേരളത്തിലും സഹകരണ പ്രസ്ഥാനങ്ങളുണ്ടായിരുന്നു. എങ്കിലും സഹകരണ പ്രസ്ഥാനത്തിന് നിറവേറ്റാനുള്ള സാമൂഹ്യ ബാദ്ധ്യത ഫലപ്രദമായി നിർവ്വഹിക്കുന്നതിന് സഹായകമായ വ്യവസ്ഥകൾ ഉൾകൊളളുന്ന സമഗ്രമായ കേരള സഹകരണ സംഘം നിയമം 1969 ലാണ് പ്രാബല്യത്തിൽ വന്നത്.



## സകഹരണ മേഖല

മാനന്തവാടി പഞ്ചായത്തിൽ ആദ്യമായി രജിസ്റ്റർ ചെയ്യപ്പെട്ട സംഘമാണ് മാനന്തവാടി ഐക്യനാണയ സഹകരണ സംഘം. 19. 11. 1919 ൽ രജിസ്റ്റർ ചെയ്യപ്പെട്ട ഈ സ്ഥാപനം 13.12 1920 മുതലാണ് പ്രവർത്തനം ആരംഭിച്ചത്. തുടക്കത്തിൽ 10 മെമ്പർമാരാണുണ്ടായിരുന്നത്. മിസ്റ്റർ ഗബ്രിയേൽ, ഷേക്ക് ദാവൂദ് സാഹിബ് , പിസി, കൃഷ്ണൻ നമ്പ്യാർ. വി. രാമൻ നമ്പ്യാർ, എ അയിസ്സാത്ത് എന്നിവരായിരുന്നു ഭരണസമിതി അംഗങ്ങൾ. മിസ്റ്റർ ഗബ്രിയേൽ പ്രസിഡണ്ടും, പി. സി. കൃഷ്ണൻ നമ്പ്യാർ സെക്രട്ടറിയുമായിരുന്നു. 1939 -ൽ ശ്രീ നാരായണൻ നമ്പ്യാർ സെക്രട്ടറിയുമായിരുന്നു. 1947 -ൽ ശ്രീ. പി. സി. ബാലകൃഷ്ണൻ നമ്പ്യാർ പ്രസി

ഡണ്ടായി. തുടർന്ന് 1973 വരെ അദ്ദേഹം തന്നെയായിരുന്നു പ്രസിഡണ്ട്. 1947 ആഗസ്റ്റ് 30 ന് ഐക്യ നാണയസംഘം അർബൻ ബാങ്കായി ഉയർത്തി. 15.11.61 മുതൽ സർവ്വീസ് സഹകരണ ബാങ്കായി പ്രവർത്തനമാരംഭിച്ചു. കേരളത്തിലെ 20 ഫാർമേഴ്സ് സർവ്വീസ് സഹകരണ ബേങ്കുകളിലൊന്നായി 1977 മാർച്ച് മുതൽ പ്രവർത്തനം തുടങ്ങി. 1973 മുതൽ 1995 വരെ ശ്രീ . ഒ.ടി. അനന്തൻ നമ്പ്യാർ, വി. എ. കുഞ്ഞിരാമൻ നമ്പ്യാർ കെ. പി. മാത്യു കെ. ടി. ഫിലിപ്പോസ് എന്നിവർ ദീർഘകാലം ബേങ്കിന്റെ സാരഥികളായിരുന്നു. ഈ സ്ഥാപനത്തിൽ ഇന്ന് 10, 000 ത്തോളം മെമ്പർമാരും 9 കോടിയിലധികം രൂപ വായ്പയായി വിതരണം ചെയ്തിട്ടുണ്ട്.

സഹകരണ സ്ഥാപനങ്ങളുടെ ഇന്നത്തെ അവസ്ഥ:

## കാർഷീക വായ്പ സംഘങ്ങൾ

കാർഷീക വായ്പാ മേഖലയിൽ മാനന്തവാടി പഞ്ചായത്തിലെ ഏക സഹകരണ സ്ഥാപനമാണ് മാനന്ത വാടി ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്ക്. ഈ പഞ്ചായത്തിലേയും എടവക വില്ലേജിലേയും കർഷകർക്ക് വളരെയധികം ഉപകാര പ്രദമായ രീതിയിൽ വായ്പാ വിതരണം നടത്തുന്നു. കാർഷീക ഹ്രസ്വ കാല വായ്പകളും , മദ്ധ്യകാല, ദീർഘകാല വായ്പകളും വിതരണം ചെയ്യുന്നു. ഇതിനു പുറമെ ഗ്രഹോപകരണങ്ങൾ, വാഹന ഭൂമി, എന്നിവ വാങ്ങുന്നതിന് കാർഷീകേതര വായ്പകളും സ്വർണ്ണ പണയ വായ്പകളും വിതരണം നടത്തുന്നുണ്ട. പമ്പുസെറ്റു സ്ഥാപിക്കുക, കിണർ, കുളംകുഴിക്കുക, സ്പ്രിംഗളർ സ്ഥാപിക്കുക, മുതലായ ആവശ്യത്തിനും വായ്പ കൊടുക്കുന്നുണ്ട്. കറവമാടുകൾ വാങ്ങുന്നതിനും വായ്പ ലഭ്യമാണ്. വയനാട് കാർഷീക വികസന ബാങ്കും, ഈ പഞ്ചായത്തിൽ ദീർഘകാല വായ്പാ വിതരണം ചെയ്യുന്നുണ്ട്. ഫാർ മേഴ്സ് ബാങ്കിന്റെ പ്രവർത്തനം പൊതുവെ നല്ലരീതിയിലാണ് ഏകദേശം 9000ൽ അധികം മെമ്പർമാർക്ക് ഈ ബാങ്കിന്റെ സേവനം ലഭിക്കുന്നുണ്ട്. വളം വിതരണ രംഗത്ത് ഫാക്ടിന്റെ മാനന്തവാടി താലൂക്കിലെ കേന്ദ്ര വളം ഡിപ്പോബാങ്കാണ് നടത്തുന്നത്. കൂടാതെ 5 റീട്ടെയിൽ ഡിപ്പോകളും നടത്തി വരുന്നുണ്ട്. വർദ്ദിച്ചു വരുന്ന അവുധി ബാങ്കിന്റെ കുടിശ്ശിക ബാങ്കിന്റെ പ്രവർത്തനത്തിന് പ്രയാസങ്ങൾ സൃഷ്ടിക്കുന്നുണ്ട്. പൊതു ജനങ്ങൾക്ക് ഉപകാര പ്രദമായ ഒരു സഹകരണ ഫാർമസിയും സഹകരണ ലാബറട്ടറിയും ബാങ്ക് നടത്തുന്നുണ്ട്. പയ്യംമ്പള്ളിയിൽ ഒരു ശാഖയും ടൗണിൽ ഒരു സായാഹ്ന കൗണ്ടറും പ്രവർത്തിക്കുന്നുണ്ട്.

## 2. കൺസ്യൂമർ സംഘങ്ങൾ

മാന്തവാടി ബ്ലോക്ക് കോ-ഓപ്പറേററീവ് സ്റ്റോർ ചിറക്കര എസ്റ്റേറ്റ് എംപ്ലോയീസ് സ്റ്റോർ, ജെസ്സി എസ്റ്റേറ്റ് എംപ്ലോയിസ് സംഘം എന്നിവ പ്രവർത്തിക്കുന്നുണ്ട്. മാന്തവാടി ബ്ലോക്ക് സ്റ്റോറിന്റെ പ്രവർത്തനം ഈ പഞ്ചായത്തിലെ ഭൂരിഭാഗം ജനങ്ങൾക്കും കിട്ടത്തക്ക വിധത്തിലല്ലാ ഒരു സഹകരണ കൺസ്യൂമർ സ്റ്റോറിന്റേതായ സേവനം ജനങ്ങൾക്ക് ലഭ്യമാകണമെങ്കിൽ ഒന്നോ രണ്ടോ ബ്രാഞ്ചുകൾ കൂടി തുറന്നു പ്രവർത്തനം വിപുലമാക്കേണ്ടതുണ്ട്. മറ്റു രണ്ടു സംഘങ്ങളും എസ്റ്റേറ്റിലെതൊഴിലാളികൾക്ക് വളരെയധികം പ്രയോജനം ചെയ്യുന്നവയാണ്. ഈ തൊഴിലാളികൾക്ക് ടൗണിനെ ആശ്രയിക്കാതെ തന്നെ നിത്യോപയോഗ സാധനങ്ങൾ മിതമായ വിലയ്ക്ക് ഈ സഹകരണ സ്ഥാപനങ്ങൾ വഴി ലഭിക്കുന്നുണ്ട്.

## 3. മാർക്കറ്റിംഗ് സഹകരണ സംഘങ്ങൾ

പഞ്ചായത്തിൽ 5 മാർക്കറ്റിംഗ് സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ടെങ്കിലും നോർത്ത് വയനാട് റബർ ആന്റ് അഗ്രക്കൾച്ചറൽ സഹകരണ മാർക്കറ്റിംഗ് സംഘം ഒഴിച്ച് ബാക്കി എല്ലാ പ്രവർത്തന രഹിതമാണ്. മാർക്കറ്റിംഗ് സൊസൈറ്റി നല്ല നിലയിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും എല്ലാ വിഭാഗം അംഗങ്ങൾക്കും പ്രയോജനപ്പെടുന്ന വിധത്തിൽ എല്ലാ കാർഷീക ഉൽപ്പന്നങ്ങൾക്കും ന്യായമായ വില നേടികൊടുക്കുന്ന വിധത്തിൽ പ്രവർത്തിക്കുവാൻ സംഘത്തിന് സാധിക്കുന്നില്ല. കുരമുളകും റബ്ബറുമാണ് സംഘത്തിന്റെ പ്രധാന വ്യാപാരം. പഞ്ചായത്തിനുപുറത്തും ബ്രാഞ്ചുകൾ പ്രവർത്തിക്കുന്നുണ്ട്. രാസവള വിതരണവും കാർഷീകോപകരണങ്ങളുടെ വിതരണവും സംഘം നടത്തുന്നുണ്ട്. അംഗസംഖ്യ 4545 ആണ്.

## 4. ക്ഷീരോത്പാദന സഹകരണ സംഘങ്ങൾ

പഞ്ചായത്തിൽ ആകെ ഒരു ക്ഷീരോൽപാദക സഹകരണ സംഘം മാത്രമാണ് പ്രവർത്തിക്കുന്നത്. 1963 -ൽ സ്ഥാപിച്ച ഈ സംഘം ഇടയ്ക്ക് പ്രവർത്തനം നിലച്ചുപോയിരുന്നു. 1973 ൽ വീണ്ടും പുന:രുന്ധീകരിക്കപ്പെട്ട ഈ സംഘം നല്ല നിലയിൽ പ്രവർത്തിച്ചു വരുന്നു. ഇന്ന് 1705 മെമ്പർമാരുണ്ട്. പ്രതിദിനം ശരാശരി 2800 ലിറ്റർ പാൽ ശേഖരിക്കുന്ന സംഘത്തിന്റെ പ്രവർത്തനം കൂടുതൽ പാൽ ഉൽപാദകർക്ക് കൂടി ഗുണം ചെയ്യേണ്ടിയിരിക്കുന്നു.

## 5. ഹൗസിംഗ് സഹകരണ സംഘം

പഞ്ചായത്തിൽ രണ്ടു ഭവന നിർമ്മാണ സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും ഒന്നു മാത്രമെ പ്രവർത്തന ക്ഷമമായിട്ടുള്ളൂ. മാനന്തവാടി താലൂക്ക് ഹൗസിംഗ് സഹകരണ സംഘം 1974 ൽ പ്രവർത്തനം ആരംഭിച്ചു. 500 മെമ്പർമാരുണ്ട്. വീട് നിർമ്മിക്കുന്ന വർക്കു മാത്രമെ അംഗത്വം ലഭിക്കുകയുള്ളൂ. എന്നതാണ് സംഘത്തിന്റെ പ്രത്യേകത. ഒരംഗത്തിന് പരമാവധി 5 . ലക്ഷം രൂപ വരെ കൊടുക്കാമെങ്കിലും നിയമത്തിന്റെ ഊരാക്കുടുക്കുകൾ പ്രവർത്തനം ജനങ്ങൾക്ക് ഉപയുക്തമാകുന്നില്ല. ഈ പഞ്ചായത്തിലെ ഭവനരഹിതരായ ആവശ്യക്കാർക്ക് ലഭിക്കത്തക്ക വിധത്തിൽ സംഘത്തിന്റെ പ്രവർത്തനം വിപുലീകരിച്ചിട്ടില്ല.

## 6. ജീവനക്കാരുടെ സഹകരണ സംഘങ്ങൾ

ഈ താലൂക്കിലെ സഹകരണ ജീവനക്കാർക്കായി മാത്രം രജിസ്റ്റർ ചെയ്യപ്പെട്ട് പ്രവർത്തിച്ചു വരുന്ന സ്ഥാപനമാണ് മാനന്തവാടി താലൂക്ക് കോ-ഓപ് റേറ്റീവ് എംപ്ലോയീസ് സഹകരണ സംഘം. ആവശ്യത്തിനനുസരിച്ച് വായ്പ കൊടുക്കുവാൻ വേണ്ടത്ര ഫണ്ടിന്റെ അപര്യാപ്തതയാണ് ഈ സംഘത്തിന്റെ സുഗമമായ പ്രവർത്തനത്തനു തടസ്സം നിൽക്കുന്നത്. എങ്കിലും 200 ഓളം മെമ്പർമാരുള്ള സംഘത്തിന്റെ പ്രവർത്തനം പച്ച പിടിച്ചുവരുന്നു. നാമമാത്രമായി പ്രവർത്തിക്കുന്ന സർക്കാർ ജീവനക്കാരുടെ 3 സംഘങ്ങളും ഈ പഞ്ചായത്തിലുണ്ട്യ

## 7. എജ്യുക്കേഷണൽ കോ- ഓപ്പറേറ്റീവ് സൊസൈറ്റി

ഉന്നത വിദ്യാഭ്യാസ സൗകര്യമില്ലാത്ത മാനന്തവാടിയിലെ വിദ്യാർത്ഥികളെ ഉദ്ദേശിച്ചും, പാരലൽ കോളേജുകളിലെ അമിതമായ ഫീസിൽ നിന്നും വിദ്യാർത്ഥികൾക്ക് പരിരക്ഷ നൽകുന്നതിനു വേണ്ടി, അഭ്യസ്ത വിദ്യരായ ചെറുപ്പക്കാർ മുൻകൈ എടുത്ത് ആരംഭിച്ചതാണീ സ്ഥാപനം.

## 8. പ്രിന്റിം സഹകരണ സംഘങ്ങൾ

ഈ മേഖലയിൽ ഒരു ജില്ലാ പ്രിന്റിംഗ് പ്രസ്സും, ഒരു വ്യവസായിക സഹകരണ സംഘവും പ്രവർത്തിക്കുന്നുണ്ട്. മാനന്തവാടി താലൂക്കിലെ 50% അച്ചടി ജോലികളും ഈ സഹകരണ പ്രസ്സുകളാണ് നിർവ്വഹിക്കുന്നത്.

ഇൻഡസ്ട്രിയൽ മേഖലയിൽ രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്ന മാനന്തവാടി പ്രിന്റിംഗ് വർക്കേഴ്സ് ഇൻഡസ്ട്രീയൽ സഹകരണ സംഘവും ജില്ലാ തലത്തിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന വയനാട് ജില്ലാ സഹകരണ പരിന്റിംഗ് സംഘവും പ്രവർത്തനത്തിൽ ഒപ്പത്തിനൊപ്പം നിൽക്കുന്നു. ഓഫ് സെറ്റു മാത്രമെ രണ്ട് സംഘങ്ങളുടെയും പ്രവർത്തനം കുറ്റമറ്റതാവൂ. കൂടുതൽ പേർക്ക് തൊഴിലവസരം നേടികൊടുക്കുവാൻ വളരെയധികം സാധ്യതകളുള്ള രണ്ടു സംഘങ്ങളാണിവ

## 9. ആശുപത്രി സഹകരണ സംഘങ്ങൾ

വളരെയധികം പ്രവർത്തിക്കേണ്ട ഈ സഹകരണ ഡിസ്പെൻസറി സൊസൈറ്റിയുടെ പ്രവർത്തനം ഇന്ന് സമാപ്തികരിച്ചിരിക്കുകയാണ്.

## 10. വനിത ക്ഷേമ സഹകരണ സംഘങ്ങൾ

വനിതകളുടെ ഉന്നമനത്തിന് ക്ഷേമത്തിനും തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിനായി രൂപീകരിച്ച മാനന്തവാടി ബ്ലോക്ക് സഹകരണ സംഘത്തിന്റെയും മാനന്തവാടി താലൂക്ക് സഹകരണ സംഘത്തിന്റെയും പ്രവർത്തനം നിലച്ചരിക്കകയാണ്.

## 11. ആദിവാസി, സഹകരണ സംഘങ്ങൾ

അടിമ വേലയിൽ നിന്നും മോചനം ലഭിച്ചവരെ പുനരധിവസിപ്പിക്കുന്നതിനു വേണ്ടി കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സഹായ സഹകരണത്തോടെ സ്ഥാപിച്ചിട്ടുള്ളതാണ്. പഞ്ചാരകൊല്ലിയിലെ പ്രയദർശിനി ട്രൈബൽ പ്ലന്റേഷൻ സഹകരണ സംഘം ഇവിടെ നൂറ്റിയമ്പത്തി മൂന്ന് (153) കുടുംബങ്ങളെയാണ് പുനരധിവസിപ്പിച്ചിട്ടുള്ളത്. ഈ സ്ഥാപനം പൊതുവെ മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിച്ചു വരുന്നുണ്ട്. മാനന്തവാടി പ്രിയദർശിനി ട്രാൻസ്പോർട്ട് സഹകരണ സംഘം, ആദിവാസികൾക്ക് ജോലി നേടിക്കൊടുക്കുന്നതിനുവേണ്ടി രൂപീകരിച്ചിട്ടുള്ളതാണ്. പ്രസ്തുത സംഘത്തിന്റെ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നില്ല. ഇതേ മേഖലയിൽ പ്രവർത്തിക്കുന്ന മാനന്തവാടി പട്ടിക ജാതി സഹകരണസംഘം, മാന്തവാടി sc/st ലേബർ കോൺട്രാക്ട് സഹഗരണ സംഘം എന്നിവ നല്ല നിലയിൽപ്രവർത്തിച്ചു വരുന്നു. വേമം ഗിരിജൻ സർവ്വീസ് സഹകരണ സംഘത്തിന്റെ പ്രവർത്തനം ഇപ്പോൾ ഏതാണ്ട് നിലച്ചരീതിയിലാണ്.

## 12. സ്ക്കൂൾ സഹകരണ സംഘങ്ങൾ

മാന്തവാടി പഞ്ചായത്തിൽ 6 സ്ക്കൂൾ സഹ

കരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. വിദ്യാർത്ഥികൾക്കാവശ്യമായ പാഠ്യപുസ്തകങ്ങളും മറ്റ പഠനോപാധികളും വിതരണം ചെയ്യുന്നതിൽ ഈ സംഘങ്ങളുടെ പ്രവർത്തനം പൊതുവെ തൃപതികരമാണ്. എന്നാൽ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും ആവശ്യമായ എല്ലാ ഉപഭോക്ത വസ്തുക്കുളും വിതരണം ചെയ്യുന്ന നിലയിലേക്ക് ഉയരാൻ ഈ സംഘങ്ങൾക്ക് ഇനിയും കഴിഞ്ഞിട്ടില്ല.

## 13. വ്യവസായിക സംഘങ്ങൾ

വ്യാവസായിക മേഖലയിൽ രജിസ്റ്റർ ചെയ്യപ്പെട്ട സംഘങ്ങളിൽ മാനന്തവാടി പ്രിന്റിംഗ് വർക്കേഴ്സ് ഇന്റസ്ട്രിയൽ (വർക്ക്ഷേപ്പ്) സഹകരണ സംഘം ഒഴികെ പ്രവർത്തന ക്ഷമമമാക്കാൻ കഴിഞ്ഞിട്ടില്ല.

## 14. ലേബർ കോൺട്രാക്ട് സൊസൈറ്റി

പഴശ്ശി ലേബർകോൺട്രാക്ട് സൊസൈറ്റി എന്ന പേരിൽ ഒരു സ്ഥാപനം നിലവിലുണ്ട്. 104 അംഗങ്ങളുണ്ട്. കരിങ്കല്ല് ഉടയ്ക്കൽ, ക്വാറി ലേഖലയിൽ പ്രവർത്തിക്കുന്നു. കൂടാതെ രജിസ്റ്റർ ചെയ്ത 4 ലേബർ കോൺട്രാക്ട സഹകരണ സംഘങ്ങൾ ഉണ്ടെങ്കിലും പ്രവർത്തനം നാമമാത്രമാണ്.

## 15. മറ്റ് സഹകരണ സംഘങ്ങൾ

വയനാട് ജില്ലാ സഹകരണ ബേങ്കിന്റെ രണ്ട് ശാഖകൾ, കണ്ണൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന താലൂക്ക് കോഫി ഹൗസിന്റെ ഒരു ശാഖയും, ഹാൻടെക്സിന്റെ ഒരു ഷോറൂമും മാനന്തവാടിയിൽ പ്രവർത്തിക്കുന്നുണ്ട്

## പൊതു നിർദ്ദേശങ്ങൾ

1.പഞ്ചായത്തിലെ മുഴുൻ കാർഷകരേയും ഫാർവേഴ്സ് സാർവ്വീസ് സഹകരണ ബാങ്കിൽ അംഗങ്ങളാക്കണം.

2. ഭൂമി ഉള്ളവരും ഇല്ലാത്തവരുമായ എല്ലാവർക്കും കുറഞ്ഞ പലിശ നിരക്കിൽ ഹ്രസ്വകാല ദീർഘകാല വായ്പകൾ നൽകുക.

3. നിലവിലുള്ള സായാഹ്ന കൗണ്ടറുകൾ ബ്രാഞ്ചുകളായി ഉയർത്തി വായ്പകൾ ഉൾപ്പെടെയുള്ള ബാങ്കിങ് സൗകര്യം ഏർപ്പെടുത്തുക.

4. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ വളം ഡിപ്പോകൾ ആരംഭിക്കുക.

5. ഗ്രൂപ്പ് ഡെപ്പോസിറ്റ് സ്കീം തുടങ്ങുക.

6. സഹകരണ ഫാർമസി/ലബോറട്ടറിയുടെ പ്രവർത്തന സ്ഥിതിമെച്ചപ്പെടുത്തുക.

7. വായ്പ നൽകുമ്പോൾ ഷെയറിനത്തിൽ വൻതുകപിടിച്ചു വയ്ക്കുന്നതും ഒഴിവാക്കാൻ നിയമം കൊണ്ടു വരിക.

8. കാർഷിക വായ്പകൾക്ക് പലിശ നിരക്ക് കുറക്കുക. 9.ക്ഷീര കർഷകർക്ക് സൗകര്യപ്രദമായ രീതിയിൽ ആവശ്യമായ സ്ഥലങ്ങളിൽ കളക്ഷൻ ഡിപ്പോകൾ സ്ഥാപിക്കുക.

10. ക്ഷീരോൽപാദക സംഘത്തിന്റെ നേതൃത്വത്തിൽ കാലി തീറ്റ ഫാക്ടറി സാധ്യതകൾ പരിശോധിച്ച് സ്ഥാപിക്കുക. വിതരണ സംവിധാനം വിപുലമാക്കുക. കാലിതീറ്റയ്ക്ക് സബ്സിഡി അനുവദിക്കുക.

11. പാലിന്റെ ഗുണനിലവാര പരിശോധന ലളിതമാക്കുക.

12. കറവമാടുകളെ വാങ്ങുന്നതിന് ക്ഷീരോപാദക സഹകരണ സംഘം വഴി വായ്പ അനുവദിക്കുക.

13. പുൽവിത്ത് വിതരണം ചെയ്യുക. പുൽകൃഷി പ്രോത്സാഹിപ്പിക്കുക. കായ്യാലകളിൽ വച്ച് പിടിപ്പിക്കാവുന്ന പുല്ലിനങ്ങൾക്ക് പ്രോത്സാഹനം നൽകുക.

14. അഗ്രികൾച്ചർ കോ-ഓപ്പറേറ്റീവ് മാർക്കറ്റിംഗ് സൊസൈറ്റി പ്രവർത്തനം വിപുലീകരിക്കുക എല്ലാ കാർഷിക കോൽപന്നങ്ങളും വാങ്ങുന്നതിന് സംവിധാനമേർപ്പെടുത്തുക.

15. നിലവിലുള്ള ലേബർ കോൺട്രാക്ട സൊസൈറ്റി പ്രവർത്തനം കാര്യക്ഷമമാക്കുക. ഭവന നിർമാണത്തിനാവശ്യമായ വസ്തുക്കൾ ഉൽപാദിപ്പിക്കുന്നതിൽ ശ്രദ്ധിക്കുക. ഇന്നുള്ള ക്ലാസിഫിക്കേഷൻ വ്യവസ്ഥകൾ ഉദാരമാക്കി പൊതുമാരാമത്ത് വകുപ്പ്, പഞ്ചായത്തുകൾ, എന്നിവ മുഖേന നടപ്പാക്കുന്ന വികസന. മരാമത്ത് ജോലികൾ ഈ സംഘങ്ങൾ വഴി നടപ്പാക്കുക.

16. ഹ്രസ്വകാല കാർഷിക വായ്പകളുടെ ഭാഗമായി നിശ്ചിത ശതമാനം (രാസവളം വാങ്ങുന്ന നിബന്ധന നിഷ്കർഷ ഒഴിവാക്കുക.

17. നെല്ല് സംഭരണത്തിന്, സംസ്ക്കരണത്തിനും ഉതകുന്ന സംവിധാനം സഹകരണ മേഖലയിൽ ഏർപ്പെടുത്തുന്നതിനുള്ള സാധ്യത പരിശോധിക്കുക.

18.പന്നി കോഴി താറാവ് ആട് ഫാമുകൾ സഹകരണ മേഖലയിൽ ആരംഭിക്കുക.

19. വനിതാ വ്യവസായ സഹകരണ സംഘങ്ങൾ സജീവമാക്കുക റെഡിമെയ്ഡ് വസ്ത്ര നിർമാണം, തുന്നൽ പരിശീലനം ബേക്കറി ഇനങ്ങൾ, അച്ചാറുകൾ തുടങ്ങിവയുടെ ഉൽപാദനം വിപണന മേഖലയിൽ ഇടപെടുക.

21. പാഞ്ചായത്തിന്റെ പ്രധാന മേഖലയിൽ കൺസ്യൂമർ സ്റ്റോറുകളുടെ പ്രവർത്തനം ആരംഭിക്കുക.

22. സഹകരണ സ്ഥാപനങ്ങളെ ആദായനികുതിയിൽനിന്നും ഒഴിവാക്കുക.

ഗ്രാമസഭയിൽനിന്ന് വന്ന മറ്റു നിർദ്ദേശങ്ങൾ

1. ഫാർമേഴ്സ് ബാങ്കിന്റെ ശാഖ ചിറക്കരയിൽ ആരംഭിക്കുക.

സഹകരണ ബാങ്കിന്റെ ആഭിമുഖ്യത്തിൽ ഒണ്ടായങ്ങാടിയിൽ റേഷൻ ഷാപ്പ് ആരംഭിക്കുക വളം ഡിപ്പോ ആരംഭിക്കുക.

2. സഹകരണ മേഖലയിൽ വെറ്ററിനറി ക്ലീനിക്ക് സ്ഥാപിക്കുക.

3. ഉല്പാദനക്ഷമതയുള്ള കറവ മാടുകളെ ക്ഷിരസഹകരണ സംഘം മുഖേന വിതരണം ചെയ്യുക.

4. തയ്യൽ സഹകരണ സംഘം സ്ഥാപിക്കുക.

5. സഹകരണ മേഖലയിൽ പ്രകൃതി ചികിത്സാകേന്ദ്രം ആരംഭിക്കുക.

6. ഫാർമേഴ്സ് ബാങ്ക് അംഗങ്ങൾക്ക് ഇൻഷൂറൻസ് ഏർപ്പെടുത്തുക.

7. കാർഷിക വിളകൾ ബാങ്ക് ഇൻഷൂർ ചെയ്യുക.

8. കാർഷീകകോപകരണങ്ങൾ ലോൺ അനുവദിക്കുക.

10. വിദ്യാഭ്യാസത്തിനു ലോൺ അനുവദിക്കുക.

11. പങ്ക് കൃഷി വാഴ ,കൃഷി എന്നിവയ്ക്ക് ലോൺ അനുവദിക്കുക.

12. ഹൗസിംഗ് സൊസൈറ്റി പ്രവർത്തനം വിപുലമാക്കുക. ലോൺ തുക മുൻകൂർ കൊടുക്കുക പലിശ കുറക്കുക.

13. കരകൗശല സഹ.സംഘം സ്ഥാപിക്കുക.

14. പയ്യംമ്പള്ളിയിൽ സഹകരണ ബാങ്ക് സ്ഥാപിക്കുക.

15. സഹകരണ ആശുപത്രി ആരംഭിക്കുക.

16. സഹകരണാടിസ്ഥാനത്തിൽ നെല്ല് സംസ്കരണ വിപണന സംഘം ആരംഭിക്കുക.

17. സഹകരണ മേഖലയിൽ തേനീച്ച വളർത്തു കേന്ദ്രം ആരംഭിക്കുക.

18. ലേബർ കോൺട്രാക്ട് സൊസൈറ്റി സ്വകാരയ്മരാമത്ത് ജോലികളും ഏറ്റെടുക്കുക.

19. ലോൺ അനുവദിക്കുന്നതിലുള്ള വിവേചനം ഒഴിവാക്കുക ഗുണഭോക്താക്കളെ മാത്രം അംഗങ്ങളാക്കുക.

20. കൽപക സ്റ്റോറിൻരെ പ്രവർത്തനം മെച്ചപ്പെടുത്തുക. കൂടുതൽ ബ്രാഞ്ചുകൾ ആരംഭിക്കുക.

21. മോട്ടോർ സഹകരണസംഘം രൂപീകരിക്കുക.

|  | സംഘത്തിന്റെ പേര് വർഷം | പ്രവർത്തനം ആരംഭിച്ച | പ്രവർത്തന പരിധി | വ്യക്തി അംഗത്വം | ഓഹരി മൂലധനം | കടം | നിക്ഷേപം | വായ്പകൾ കാർഷികം | കാർഷി കേതരം | പ്രവർത്തനമൂലധനം |
|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
| 1. | മാനന്തവാടി ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം എഫ്.4034 | 1920 | മാനന്തവാടി പയ്യംപള്ളി എടവക വില്ലേജുകൾ | 9389 | 3359660 | 8175560 | 85621138 | 13680086 | 42751575 | 96215974 |
| 2. | വേമം ഗിരിജൻ സർവ്വീസ് സഹകരണ ക്ലിപ്തം സി.812 മാനന്തവാടി പി.ഒ. | 1976 |  |  |  |  | ലിക്വിഡേഷൻ |  |  |  |
| 3. | മാനന്തവാടി താലൂക്ക് പട്ടികജാതി സർവ്വീസ് സഹകരണ ക്ലിപ്തം നമ്പർ W.23 മാനന്തവാടി പി.ഒ. | 1984 | മാനന്തവാടി താലൂക്ക് | 233 | 30170 | - | - | - | - | 230170 |
| 4. | മാനന്തവാടി ബ്ലോക്ക് സഹകരണ സ്റ്റോർ ക്ലിപ്തം നമ്പർ ഡി.278 മാനന്തവാടി പി.ഒ. 1964 |  | മാനന്തവാടി വികസന ബ്ലോക്ക് താലൂക്ക് | 944 | 208176 | 200000 | 30200 | - | - | 800860 |
| 5. | മാനന്തവാടി താലൂക്ക് കണ്സ്യൂമർ കോ-ഓപ്പറേറ്റീവ് കാന്റീൻ സൊസൈറ്റി ക്ലിപ്തം നമ്പർ W.59 | 1989 | മാനന്തവാടി താലൂക്ക് | 96 |  |  | പ്രവർത്തനരഹിതം |  |  |  |
| 6. | നോർത്ത് വായനാട് സഹകരണ റബ്ബർ ആരന്റ് അഗ്രികൾച്ചർ മാർക്കറ്റിംഗ് സൊസൈറ്റി ക്ലിപ്തം നമ്പർ സി.348 | 1971 | മാനന്തവാടി താലൂക്ക് | 4545 | 1384950 | - | - | - | - | - |
| 7. | മാനന്തവാടി അഗ്രികൾച്ചറൽ ആന്റ് ഹോർട്ടികൾച്ചറൽ പ്രൊഡ്യൂസേഴ്സ് സഹകരണ സംഘം നമ്പർ W166 മാനന്തവാടി പി.ഒ | 1971 | മാനന്തവാടി താലൂക്ക് | 4545 | 1384950 |  | പ്രവർത്തന രഹിതം |  |  |  |
| 8. | മാനന്തവാടി ബ്ലോക്ക് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് W.824 | 1978 | മാനന്തവാടി താലൂക്ക് | 413 | - |  | പ്രവർത്തന രഹിതം |  |  |  |
| 9. | മാനന്തവാടി പഞ്ചായത്ത് ലേബർ കോൺട്രാക്ട് സഹകരണ |  |  |  |  |  |  |  |  |  |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| | സംഘം ക്ലിപ്തം നമ്പർ W 96 മാനന്തവാടി | 1992 | | | | | പ്രവർത്തന രഹിതം | | | |
| 10 | പഴശ്ശി ലേബർ കോൺട്രാക്ട് സഹകരണ സംഘം ക്ലിപ്തം W.92 പി.ഒ. മാനന്തവാടി | 1992 | മാനന്തവാടി താലൂക്ക് | 104 | | | വിവരങ്ങൾ ലഭിച്ചിട്ടില്ല. | | | |
| 11. | മാനന്തവാടി പഞ്ചായത്ത് പൂഴിതൊഴിലാളി സഹകരണ സംഘം ക്ലിപ്തം നമ്പർ W 103 മാനന്തവാടി പി.ഒ. | 1992 | | | | | പ്രവർത്തന രഹിതം. | | | |
| 12. | മാനന്തവാടി ഇഷ്ടിക മണൽ തൊഴിലാളി സഹകരണ സംഘം നമ്പർ W 95 | 1992 | മാനന്തവാടി പഞ്ചായത്ത് | 26 | | | വിവരണം ലഭ്യമല്ല | | | |
| 13. | ചെറ്റപ്പാലം ലേബർ കോൺട്രാക്ട് സഹകരണ സംഘം ക്ലിപ്തം W.172 | 1992 | മാനന്തവാടി പഞ്ചായത്ത് | 26 | | | വിവരണം ലഭ്യമല്ല. | | | |
| 14. | മാനന്തവാടി പട്ടികജാതി പട്ടികവർഗ്ഗ ലേബർ കോൺട്രാക്ട് സഹകരണ സംഘം ക്ലിപ്തം നമ്പർ സി.397 | 1974 | മാനന്താവടി താലൂക്ക് | 432 | 83800 | - | - | - | - | - |
| 15. | വയനാട് ജില്ലാ പ്രിന്റിംഗ് പബ്ലിഷിങ്ങ് സഹകരണ സംഘം ക്ലിപ്തം W.55 മാനന്തവാടി | 1988 | വയനാട് ജില്ല | 364 | 158100 | | | | | |
| 16. | മാനന്തവാടി ട്രൈബൽ പ്ലാന്റേഷൻ കോ-ഓ.സൊസൈറ്റി ലിമിറ്റഡ് നമ്പർ W.26 | 1984 | പ്രോജക്ട് പ്രദേശം | 193 | 263000 | 1222400 | - | - | - | 2530000 |
| 17. | മാനന്തവാടി താലൂക്ക് കോ.ഓ. എംപ്ലോയീസ് കോ.ഓ. സൊസൈറ്റി | 1974 | താലൂക്ക് | 202 | 68000 | 370961/19 | - | 418703 | - | 461909/74 |
| 18. | മാനന്തവാടി താലൂക്ക് ഹൗസിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ സി.411 | 1974 | - | 504 | 1104330 | 7269141/60 | - | - | - | 8411418/48 profit 149546/77 |
| 19. | വയനാട് ഗവ.സർവന്റ്സ് ഹൗസ് കൺസ്യൂമർ സഹകരണ സംഘം നമ്പർ W.54 | 1988 | - | 134 | 33400 | - | - | - | - | 33400 |
| 20. | വയനാട് ജില്ലാ Sc/St മോട്ടോർ | | | | | | | | | |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | ട്രാൻസ്പോർട്ട് സഹകരണ സംഘം - ക്ലിപ്തം W 37 | 1985 | - | 139 | 127030 | 1207000 | - | - | - | - | |
| 21. | മാനന്തവാടി താലൂക്ക് മോട്ടോർ ട്രാൻസ്പോർട്ട് കോ.ഓ.സൊസൈറ്റി ക്ലിപ്തം W188 | 1994 - | | പ്രവർത്തന രഹിതം | | | | | | | |
| 22. | മാനന്തവാടി താലൂക്ക് ഓട്ടോറിക്ഷാ ഡ്രൈവേഴ്സ് കോ.ഓ.സൊസൈറ്റി W 1B | 1984 | - | പ്രവർത്തന രഹിതം | | | | | | | |
| 23. | മാനന്തവാടി ബ്ലോക്ക് വനിതാ സഹകരണ സംഘം ക്ലിപ്തം W 20 | 1984 | - | - പ്രവർത്തന രഹിതം | | | | | | | |
| 24. | മാനന്തവാടി താലൂക്ക് മോട്ടോർ ആന്റ് എഞ്ചിനിയറിംഗ് വർക്കേഴ്സ് സഹകരണ സംഘം ക്ലിപ്തം W58 | 1989 | | പ്രവർത്തന രഹിതം | | | | | | | |
| 25. | മാനന്തവാടി താലൂക്ക് എഡുക്കേഷനൽ സഹകരണ സംഘം ക്ലിപ്തം നമ്പർ സി. 826 | 1976 | മാനന്തവാടി താലൂക്ക് | 137 | 442600 | 15000 | - | - | - | - | 42600 |
| 26. | വയനാട് ഹൈയർ എഡ്യുക്കേഷൻ സഹകരണ സംഘം W 182 | 1994 | | - പ്രവർത്തിക്കുന്നില്ല. | | | | | | | |
| 27. | മാനന്താവടി താലൂക്ക് തയ്യൽ തൊഴിലാളി സഹകരണ സംഘം ക്ലിപ്തം W 193 | 1995 | - | പ്രവർത്തിച്ചിട്ടില്ല വിവരം ലഭ്യമല്ല. | | | | | | | |
| 28. | മാനന്തവാടി യൂണിറ്റ് പ്രൈമറി സ്ക്കൂൾ കോ.ഓ.സൊസൈറ്റി ലി. നമ്പർ സി. 605 | 1976 | - | 428 | 12218 | - | - | - | - | | |
| 29. | മാനന്തവാടി ഗവ. ഹൈസ്ക്കൂൾ സഹകരണ സംഘം നമ്പർ സി. 218 | 1976 | | - | - | - | - | | | | |
| 30. | സെന്റ് കാതറിൻസ് ഹൈസ്ക്കൂൾ സഹകരണ സംഘം ക്ലിപ്തം സി. 468 | 1975 | - | | | | | | | | |
| 31. | സെന്റ് ജോസഫ്സ് ബേയ്സിക് ട്രെയിനിംഗ് സ്ക്കൂൾ സഹകരണ സംഘം ക്ലിപ്തം നമ്പർ W 47 | 1987 | | | | | | | | | |
| 32. | ആറാട്ടു തറ ഗവ. ഹൈ സ്ക്കൂൾ സഹകരണ സംഘം നമ്പർ w 47 | 1987 - | | | | | | | | | |
| 33. | ഫാ. ജി.കെ.എം.ഹൈസ്ക്കൂൾ സഹകരണ സംഘം നമ്പർ W 164 | 1993 | - | | | | | | | | |

# 5(11)
# പട്ടികജാതി പട്ടികവർഗ്ഗം

തലമുറകളായി സാമൂഹിക ജീവിതത്തിന്റെ മുഖ്യധാരയിൽ നിന്ന് ഒഴിഞ്ഞുമാറി വനാന്തരങ്ങളിൽ അധിവസിച്ചിരുന്നവരാണ് നമ്മുടെ പ്രദേശത്തെ പട്ടിക വർഗ്ഗക്കാർ. ചരിത്ര പരമായിത്തന്നെ സാമൂഹിക- സാമ്പത്തിക മേഖലകളിൽ പിന്തള്ളപ്പെട്ടുപോയ ഈ കാടിന്റെ മക്കൾക്ക് ഭരണഘടനയിൽ തന്നെ പ്രത്യേക പരിരക്ഷ നൽകിയിട്ടുണ്ടെങ്കിലും ലക്ഷ്യത്തിലെത്താൻ ഇനിയും ഏറെ മുന്നോട്ട് പോകേണ്ടതുണ്ട്. ഈ വിഭാഗത്തിന്റെ ക്ഷേമം ലക്ഷ്യമാക്കി സംസ്ഥാന സർക്കാർ ഹരിജന ക്ഷേമ വകുപ്പ് വിഭജിച്ച് 1975 ൽ ഗിരിജന ക്ഷേമ വകുപ്പ് രൂപീകരിച്ച് പിന്നീട് 1980 ൽ ഈ വകുപ്പ് പട്ടിക വർഗ്ഗ വികസന വകുപ്പായി പുനഃസംഘടിപ്പിച്ചു. ഇവരുടെ സമഗ്ര വികസനത്തിനായി നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നട്പ്പാക്കിയെങ്കിലും കർമ്മ രംഗത്തുണ്ടായ പാളിച്ചകളും, മധ്യവർത്തികളുടെ ചൂഷണവും ലക്ഷ്യം നേടുന്നതിന് വിഘാതമായിട്ടുണ്ട്.



